# വനാവകാശ നിയമപ്രകാരമുള്ള സാമൂഹിക അവകാശങ്ങൾ

## ഗോത്ര വിഭാഗങ്ങളിലെ യുവജനങ്ങൾക്കായുള്ള പരിശീലനം


Azim Premji University

അസീം പ്രേംജി യൂണിവേഴ്സിറ്റി

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ




കൈ പുസ്തകം

ഏപ്രിൽ 2024

FRA Handbook inner_New_V6.indd 1 02-09-2024 17:25:53

# വനാവകാശ നിയമപ്രകാരമുള്ള സാമൂഹിക അവകാശങ്ങൾ

## ഗോത്ര വിഭാഗങ്ങളിലെ യുവജനങ്ങൾക്കായുള്ള പരിശീലനം

**കൈ പുസ്തകം**

**ഏപ്രിൽ 2024**

**അസീം പ്രേംജി യൂണിവേഴ്സിറ്റി**

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**

FRA Handbook inner_New_V6.indd 1 02-09-2024 17:25:54

## പരിശീലന കൈ പുസ്തകം തയ്യാറാക്കിയത്

**അസിം പ്രേംജി യൂണിവേഴ്സിറ്റി:** സീമ പുരുഷോത്തമൻ, വി. ശാന്തകുമാർ, അമൃത സി.

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ:** ജിബിനി വി കുര്യൻ, നേഹ കുര്യൻ, എബി ജോർജ്ജ്, സുനിൽ സി. പി., ഉമേഷ് എസ്.,ദിവ്യ ഹരിദാസ്

## യൂണിറ്റുകൾ തയ്യാറാക്കുന്നതിൽ പങ്കെടുത്തവർ

പി. ഒ. അപ്പച്ചൻ, ജേക്കബ് മാത്യൂ (വനം വകുപ്പിൽ നിന്നും വിരമിച്ചവർ) രാജേന്ദ്ര ബാബു, ദിലീപ് കുമാർ (വനം വകുപ്പ്), ടിജ്ജു സി തോമസ് (വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ (WWF), എം. അമൃത് (വന ഗവേഷണ സ്ഥാപനം),സീത കക്കോത്ത് (കണ്ണൂർ സർവ്വകലാശാല), ആനന്ദ് സെബാസ്റ്റ്യൻ (സംയോജിത ഗ്രാമീണ സാങ്കേതിക വിദ്യാ കേന്ദ്രം, പാലക്കാട് (IRTC), സുബാഷ് വി. എസ്. (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിങ്ങ് ആൻറ്റ് ഡെവലപ്മെൻറ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻ്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (KIRTADS))



FRA Handbook inner_New_V6.indd 2 02-09-2024 17:25:54



## പ്രസാധക കുറിപ്പ്

ഇന്ത്യയിൽ ഭരണഘടനാപരമായി ഗോത്ര വിഭാഗങ്ങളെ പട്ടിക വർഗ്ഗ ഗോത്രങ്ങൾ എന്നാണ് സംബോധന ചെയ്യുന്നത്. ഇന്ത്യൻ ഭരണഘടന അനുഛേദം 342 പ്രകാരം ഓരോ സംസ്ഥാനത്തും പിന്നോക്കം നിൽക്കുന്ന ഗോത്ര വർഗ്ഗങ്ങൾക്ക് സംരക്ഷണവും മറ്റ് ആനുകൂല്യങ്ങളും നൽകാനായാണ് പട്ടിക വർഗ്ഗ ഗോത്രങ്ങൾ എന്ന ഗണത്തിൽപ്പെടുത്തുന്നത്. അത് കൊണ്ട് തന്നെ ഒരു സംസ്ഥാനത്ത് പട്ടികവർഗ്ഗമായി പ്രഖ്യാപിക്കപ്പെട്ട ഒരു ഗോത്ര സമൂഹം മറ്റൊരു സംസ്ഥാനത്ത് പട്ടിക വർഗ്ഗ ഗോത്രം ആയിരിക്കണമെന്നില്ല. ഇക്കാരണത്താൽ പട്ടിക വർഗ്ഗ ഗോത്രങ്ങൾ എന്ന പദം ഇന്ത്യയിലെ എല്ലാ ഗോത്രങ്ങളെയും പ്രതിനിധീകരിക്കുന്ന ഒന്നല്ല.

2021ൽ പ്രദാൻ എന്ന സംഘടന 'ആദിവാസികളുടെ ജീവനോപാധികളുടെ അവസ്ഥ' എന്ന പഠനം നടത്തിയപ്പോൾ അവരെ സംബോധന ചെയ്യാൻ ഏത് പദം ഉപയോഗിക്കണം എന്നതിനെ സംബന്ധിച്ച് പഠനത്തിന് വിധേയരായ ഗോത്ര വർഗ്ഗ വിഭാഗങ്ങളായ ആളുകളുടെ കാഴ്ചപ്പാടുകൾ പരിഗണിച്ചിരുന്നു. പട്ടിക ഗോത്രം, ഗോത്രം, ആദിവാസി എന്നീ പദങ്ങളിൽ നിന്ന് തങ്ങളെ സംബോധന ചെയ്യാനായി അവർ തെരഞ്ഞെടുത്തത് ആദിവാസി എന്ന പദമാണ്[1].

മദ്ധ്യ ഇന്ത്യയിലെന്ന പോലെ കേരളത്തിലെ ഗോത്ര വിഭാഗങ്ങൾക്കും 'ആദിവാസി' എന്ന വിശേഷണത്തോടാണ്

---

[1] https://www.pradan.net/sampark/adivasi-tribe-or-st-the-debate-on-the-status-of-adivasi-livelihoods



FRA Handbook inner_New_V6.indd 3 02-09-2024 17:25:54

കൂടുതൽ താത്പര്യം[2]. അത് കൊണ്ട് തന്നെ കൈപുസ്തകത്തിൽ ‘ആദിവാസി’ എന്ന പദപ്രയോഗവും പലയിടത്തായി ഉപയോഗിച്ചിട്ടുണ്ട്. കൈപ്പുസ്തകത്തിലെ ‘I.2 .C- മാറി വന്ന സംബോധനകൾ’ എന്ന പാഠഭാഗത്തിൽ കാലാകാലങ്ങളിൽ ഗോത്ര വർഗ്ഗങ്ങളെ സംബോധന ചെയ്തു വന്ന പദങ്ങളിൽ മാറ്റങ്ങൾ എങ്ങനെ സംഭവിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട്.

[2] Burman, J. J. R. (2009, July 25). Adivasi: a contentious term to denote tribes as indigenous peoples of India. Mainstream Weekly, XLVII(32)



FRA Handbook inner_New_V6.indd 4 02-09-2024 17:25:54



# Message (Registrar, APU)

The Scheduled Tribes and other Traditional Forest Dwellers (Recognition of Forest Rights) Act (FRA, 2006) is a landmark legislation with proven potential to support holistic development of tribal communities. Azim Premji University's (APU) Forest Rights Initiative has been evolving strategies to aid the implementation of FRA since 2019. Studies conducted by APU revealed contextual challenges, even in Kerala – a state ahead of others in most development indicators. These appeared more pronounced in the case of the community rights envisioned in the Act. The absence of a forum available at the grassroots for informed conversations among the various actors reinforced the implementation challenge.

This realization led APU to collaborate with Kerala Institute of Local Administration (KILA) in March 2022 to jointly launch orientation programs for various frontline actors involved in implementation of FRA. The key takeaway from the orientation programs was that active involvement of young community members is essential for effective implementation. There was inadequate participation from even formally educated youth. Effectively channelizing young people needed intensive, comprehensive, and contextually relevant orientation and exposure to the Act.

Thus, APU and KILA together designed a two month long residential course. The curriculum covered historical, developmental, cultural-institutional, scientific, and procedural aspects that are relevant for effective implementation of



FRA Handbook inner_New_V6.indd 5 02-09-2024 17:25:54

community rights. Resource materials were gathered, and workshops conducted with experienced people in the domain to ensure rigour and suitable pedagogic processes.The first edition of the course was offered in May 2023 for students from Attappady and Nilambur. The program was successful in preparing a cadre of tribal youth from forest areas who are working proactively with their communities towards effective implementation. The measurable impact among the first batch of participants encouraged APU and KILA to offer it again in 2024.

This handbook is a result of putting together the learnings from the first edition of the course. It will be the basic course material explaining why the Act is important to be implemented, why should young forest dependent people take leadership and how to systematically work towards vesting and implementing the rights. It is designed with interactive and field-based sessions led by experienced and committed resource personnel. I hope that the course informs and accelerates meaningful implementation of FRA in Kerala. This handbook will serve as a critical resource in achieving this laudable purpose.

This handbook has been prepared keeping in mind the possibility of being used as a reference material by anyone engaged in guiding and orienting forest dwelling communities of community rights. The chapters in the handbook carry updated information after the first edition of the course. We sincerely hope that this reference material will be put to good use by those who are engaged in implementing this progressive legislation in Kerala.

**Sharad Sure, Ph.D.**
**Registrar, APU**
**April 2024**



## സന്ദേശം

ഗോത്രവർഗ്ഗ യുവജനങ്ങൾക്കായി കിലയും ബാംഗ്ലൂരു അസിം പ്രേംജി സർവ്വകലാശാലയും ചേർന്ന സംയുക്തമായി 2006ലെ വനാവകാശ നിയമം സംബന്ധിച്ച് "സാമൂഹിക വനാവകാശങ്ങൾ" എന്ന ഹ്രസ്വകാല കോഴ്സ് നടത്തുകയാണ്. കാലാകാലങ്ങളായി ഗോത്രവർഗ്ഗങ്ങൾ നേരിട്ട അവഗണനകൾക്ക് പരിഹാരം എന്ന രീതിയിലാണ് 2006-ൽ വനാവകാശ നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നത്. അതിന്റെ തുടർച്ചയായി നിയമപരമായുള്ള അവകാശങ്ങൾ ഗോത്രവർഗ്ഗത്തിന് ലഭ്യമാക്കുവാൻ വേണ്ട പല നടപടികളും സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുണ്ട്. എന്നാൽ വ്യക്തിഗത അവകാശങ്ങളുടെ കാര്യത്തിൽ ഇന്നും കേരളത്തിൽ സ്ഥിതി മോശമാണ്. അത് പോലെ തന്നെ സാമൂഹിക അവകാശങ്ങളുടെ കാര്യത്തിലും സ്ഥിതി പരിതാപകരമാണ്. വ്യക്തിഗത അവകാശങ്ങൾ എന്ന പോലെ തന്നെ സാമൂഹിക അവകാശങ്ങളും ഊരുകൾക്ക് നേടുവാൻ സാധിച്ചുവെങ്കിൽ മാത്രമേ ഈ നിയമത്തെയും അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പരോമന്നത ഉദ്ദേശ്യത്തെയും അതിന്റെ പൂർണ്ണതയിലേക്ക് എത്തിക്കുവാൻ സാധിക്കുകയുള്ളൂ.

ഈ ഒരു പ്രധാനപ്പെട്ട ഉദ്ദേശ്യത്തിലേക്ക് എത്തുവാൻ ഗോത്രവർഗ്ഗ യുവജനങ്ങൾക്ക് ഈ കോഴ്സ് സഹായകമാകും എന്ന് വിശ്വസിക്കുന്നു. ഈ കോഴ്സിന്റെ പ്രധാന ഉദ്ദേശ്യം വനാവകാശ നിയമത്തെ കുറിച്ച് അവബോധം നല്കുകയും, സാമൂഹിക വനാവകാശത്തിന്റെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുക എന്നതാണ്. അതോടൊപ്പം വനപരിപാലന നടപടികൾ രൂപകല്പന ചെയ്യുവാനും നടപ്പിലാക്കുവാനും



FRA Handbook inner_New_V6.indd 7 02-09-2024 17:25:54

അവരെ ശാക്തീകരിക്കുകയുമെന്നതുമാണ് ലക്ഷ്യമാക്കുന്നത്. ഈ പ്രക്രിയകളിലൂടെ ആദിവാസി സമൂഹത്തെ വന സംരക്ഷണത്തിലും വനത്തെ ഉപജീവിച്ചുള്ള അവരുടെ ജീവന സാധ്യതകൾ വികസിപ്പിക്കുന്നതിലും പ്രാപ്തരാക്കുവാൻ സഹായകമാകുമെന്ന് വിശ്വസിക്കുന്നു.

ഈ കോഴ്സ് വികസിപ്പിക്കുന്നതിന് പ്രായോഗിക നിർദ്ദേശങ്ങൾ നൽകിയ എല്ലാവർക്കും, പ്രത്യേകിച്ച് വനം, പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് അകൈതവമായ നന്ദി രേഖപ്പെടുത്തുവാനും ഈ അവസരം വിനിയോഗിക്കുന്നു.

**ഡോ. ജോയ് ഇളമൺ**
**ഡയറക്ടർ ജനറൽ, കില**
**ഏപ്രിൽ 2024**



FRA Handbook inner_New_V6.indd 8 02-09-2024 17:25:55



# ഉള്ളടക്കം


**യൂണിറ്റ് I: ആദിവാസികളും വനങ്ങളും – ഒരു ചരിത്ര വീക്ഷണം**

**വിഷയം 1: ആദിവാസി സമൂഹങ്ങളും വികസനവും**

| | | |
|---|---|---|
| I.1.A | ആരാണ് ആദിവാസികൾ? | 001 |
| I.1.B | മറ്റ് ജന വിഭാഗങ്ങളുമായുള്ള ഇടപെടലുകൾ | 002 |
| I.1.C | ആദിവാസികളുടെ ജീവിതത്തിൽ വരുന്ന മാറ്റങ്ങളും പ്രതിസന്ധികളും | 003 |
| I.1.D | ആദിവാസികളുടെ ജീവിത നിലവാരം | 004 |
| I.1.E | ആദിവാസികളുടെ വികസനം : നിലവിലുള്ള സമീപനം | 004 |
| I.1.F | ആദിവാസി വികസനം-അവലംബിക്കാവുന്ന സമീപനങ്ങൾ | 005 |
| I.1.G | ഇക്കാര്യത്തിൽ മറ്റ് രാജ്യങ്ങളിലെ അനുഭവങ്ങൾ എന്താണ് ? | 006 |
| I.1.H | വനാവകാശ നിയമം നല്കുന്ന അവസരം | 007 |

**യൂണിറ്റ് I: ആദിവാസികളും വനങ്ങളും – ഒരു ചരിത്ര വീക്ഷണം**

**വിഷയം 2: പശ്ചിമഘട്ട മേഖലയിലെ ഗോത്ര വർഗ്ഗക്കാരുടെ സാമൂഹികവും സാംസ്കാരികവും പാരിസ്ഥിതികവുമായ ചരിത്ര പശ്ചാത്തലം**

| | | |
|---|---|---|
| I.2.A | പശ്ചിമഘട്ട മേഖലയിലെ ഗോത്ര വർഗ്ഗക്കാർ | 009 |




FRA Handbook inner_New_V6.indd 9 02-09-2024 17:25:55

| | | |
|---|---|---|
| I.2.B | സാംസ്കാരികമായ മാറ്റങ്ങൾ | 010 |
| I.2.C | മാറി വന്ന സംബോധനകൾ | 010 |
| I.2.D | ആദിവാസികളും പ്രകൃതിയുമായുള്ള ബന്ധത്തിലും, ഇവരുടെ വനോപയോഗ രീതികളിലും വനോപയോഗ ക്രമങ്ങളിലും വന്ന മാറ്റങ്ങൾ | 014 |
| I.2.E | ഗോത്ര വർഗ്ഗക്കാരുടെ ചരിത്രപരമായുമുള്ള പ്രാധാന്യം | 017 |
| 1.2.F | കാലാവസ്ഥാ വ്യതിയാനവും പശ്ചിമഘട്ടത്തിലെ വനവാസികളുടെ ജീവിതവും | 018 |

**യൂണിറ്റ് I: ആദിവാസികളും വനങ്ങളും – ഒരു ചരിത്ര വീക്ഷണം**

**വിഷയം 3: കേരളത്തിലെ വന പരിപാലന സംവിധാനങ്ങൾ –ബ്രിട്ടീഷ് ഭരണകാലം മുതൽ 1990 വരെ**

| | | |
|---|---|---|
| I.3.A | മലബാർ | 021 |
| I.3.B | കൊച്ചി | 024 |
| I.3.C | തിരുവിതാംകൂർ | 026 |
| I.3.D | ഐക്യ കേരളം | 028 |

**യൂണിറ്റ് I: ആദിവാസികളും വനങ്ങളും – ഒരു ചരിത്ര വീക്ഷണം**

**വിഷയം 4: 1990–ൽ തുടങ്ങിയ പങ്കാളിത്ത വനപരിപാലന പദ്ധതികൾ**

| | | |
|---|---|---|
| I.4.A | ആദ്യ കാലത്തെ വന നയങ്ങൾ | 031 |
| I.4.B | വന പരിപാലനത്തിൽ വന്ന മാറ്റങ്ങൾ | 032 |
| I.4.C | കേരളത്തിലെ പങ്കാളിത്ത വനപരിപാലനം | 034 |

**യൂണിറ്റ് I: ആദിവാസികളും വനങ്ങളും – ഒരു ചരിത്ര വീക്ഷണം**

**വിഷയം 5: വനാവകാശ നിയമം പ്രാബല്യത്തിൽ വരാനിടയായ പശ്ചാത്തലം**


| | | |
|---|---|---|
| I.5.A | ആമുഖം | 037 |
| I.5.B | കുടിയൊഴിപ്പിക്കൽ നീക്കങ്ങളും അനന്തര ഫലങ്ങളും | 040 |
| I.5.C | അനുകൂല സാഹചര്യങ്ങളും ചില അപ്രതീക്ഷിത തിരിച്ചടികളും | 041 |
| I.5.D | ആദിവാസി സമൂഹങ്ങളുടെ വികസനത്തിനായുള്ള സർക്കാർ നയങ്ങൾ എന്ത് കൊണ്ട് പൂർണമായി ഫലവത്തായില്ല? | 044 |


**യൂണിറ്റ് II: വനാവകാശ നിയമം – ഒരു പരിചയപ്പെടുത്തൽ**

**വിഷയം 1: വനാവകാശ നിയമവും ചട്ടങ്ങളും**


| | | |
|---|---|---|
| II.1.A | വനാവകാശ നിയമം- ആമുഖം | 049 |
| II.1.B | വനാവകാശ നിയമ പ്രകാരമുള്ള വിവിധ അവകാശങ്ങൾ | 052 |
| II.1.C | വനാവകാശ നിയമ പ്രകാരമുള്ള ചുമതലകൾ | 062 |
| II.1.D | വനാവകാശ നിയമം നിർദേശിക്കുന്ന കമ്മറ്റികൾ | 063 |
| II.1.E | നടപടിക്രമങ്ങൾ | 078 |
| II.1.F | പരാതി പരിഹാര സംവിധാനങ്ങൾ | 092 |
| II.1.G | വനാവകാശവും പ്രസക്തമായ മറ്റ് നിയമങ്ങളും | 095 |




FRA Handbook inner_New_V6.indd 11 02-09-2024 17:25:55

**യൂണിറ്റ് II: വനാവകാശ നിയമം – ഒരു പരിചയപ്പെടുത്തൽ**

**വിഷയം 2: വനാവകാശ നിയമം നടപ്പാക്കുന്നതിലെ വെല്ലുവിളികൾ**


| | | |
|---|---|---|
| II.2.A | വനാവകാശ നിയമം (2006) നടപ്പിലാക്കിയതിന്റെ സ്ഥിതി വിവരം | 103 |
| II.2.B | ദേശീയ തലത്തിലുള്ള വെല്ലുവിളികൾ | 105 |
| II.2.C | കേരള സംസ്ഥാനത്തിൽ കണ്ടുവരുന്ന ചില വെല്ലുവിളികൾ | 107 |


**യൂണിറ്റ് II: വനാവകാശ നിയമം – ഒരു പരിചയപ്പെടുത്തൽ**

**വിഷയം 3: വനാവകാശ നിയമ നിർവ്വഹണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്**


| | | |
|---|---|---|
| II.3.A | ആമുഖം | 109 |
| II.3.B | അധികാര വികേന്ദ്രീകരണം | 110 |
| II.3.C | വികേന്ദ്രീകൃതാസൂത്രണം | 112 |
| II.3.D | വനാവകാശ നിയമവും പഞ്ചായത്ത് സംവിധാനവും | 112 |
| II.3.E | വനാവകാശ നിയമവും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും | 119 |


**യൂണിറ്റ് III: സമൂഹവനവിഭവ മേഖല പരിപാലനത്തിനാവശ്യമായ നൈപുണ്യ പരിശീലനം (ഭാഗം–1)**

**വിഷയം 1: ആശയവിനിമയം,ഏകോപന–സംഘാടക നൈപുണ്യം**


| | | |
|---|---|---|
| III.1.A | വ്യക്തിത്വം | 121 |
| III.1.B | ആശയ വിനിമയം | 125 |
| III.1.C | കമ്മ്യൂണിറ്റി മൊബിലൈസേഷൻ/ ജനങ്ങളെ ഏകോപ്പിച്ച് അണിനിരത്തൽ | 130 |




FRA Handbook inner_New_V6.indd 12 02-09-2024 17:25:55

### യൂണിറ്റ് III: സമൂഹവനവിഭവ മേഖല പരിപാലനത്തിനാവശ്യമായ നൈപുണ്യ പരിശീലനം (ഭാഗം-1)

### വിഷയം 2: GIS ഉപയോഗം


| | | |
|---|---|---|
| III.2.A | ആമുഖം | 148 |
| III.2.B | എന്താണ് ഭൂപടം ? | 148 |
| III.2.C | മാപ്പിന്റെ സവിശേഷതകൾ | 149 |
| III.2.D | കഡസ്റ്റൽ മാപ് (Cadastral Map) | 158 |
| III.2.E | ജി. ഐ. എസ് (GIS) | 159 |
| III.2.F | ഗ്ലോബൽ പൊസിഷനിങ്ങ് സിസ്റ്റം (GPS) | 160 |
| III.2.G | വിദൂര സംവേദനം (Remote Sensing) | 161 |
| III.2.H | ജിയോ ടാഗിംഗ് (Geo-tagging) | 162 |
| III.2.I | GIS-ന്റെ വനാവകാശ നിയമത്തിലുള്ള സാധ്യതകൾ | 162 |


### യൂണിറ്റ് III: സമൂഹവനവിഭവ മേഖല പരിപാലനത്തിനാവശ്യമായ നൈപുണ്യ പരിശീലനം (ഭാഗം-1)

### വിഷയം 3: അക്കൗണ്ടൻസി- അത്യാവശ്യമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ


| | | |
|---|---|---|
| III.3.A | അക്കൗണ്ടിംഗ് എന്താണ് | 165 |
| III.3.B | അക്കൗണ്ടിങ്ങുമായി ബന്ധപ്പെട്ട ചില പ്രധാന പദങ്ങൾ | 165 |


### യൂണിറ്റ് III: സമൂഹവനവിഭവ മേഖല പരിപാലനത്തിനാവശ്യമായ നൈപുണ്യ പരിശീലനം (ഭാഗം-1)

### വിഷയം 4: മീറ്റിംഗുകൾ


| | | |
|---|---|---|
| III.4.A | നോട്ടീസ് | 169 |
| III.4.B | ക്വാറം | 169 |




FRA Handbook inner_New_V6.indd 13 02-09-2024 17:25:55

| | | |
|---|---|---|
| III.4.C | അജണ്ട | 169 |
| III.4.D | യോഗങ്ങൾ | 169 |


**യൂണിറ്റ് III: സമൂഹവനവിഭവ മേഖല പരിപാലനത്തിനാവശ്യമായ നൈപുണ്യ പരിശീലനം (ഭാഗം-1)**

**വിഷയം 5: പ്ലാനിന് ആവശ്യമായ ജൈവ വൈവിധ്യ നിരീക്ഷണവും വിലയിരുത്തലും**


| | | |
|---|---|---|
| III.5.A | ജൈവവൈവിധ്യം – സൂക്ഷ്മനിരീക്ഷണം, പരിപാലനം: ആശയവും പ്രായോഗിക വിധികളും | 173 |
| III.5.B | സുസ്ഥിരമായ വനവിഭവ ഉപയോഗവും പരിപാലനവും – ആശയങ്ങളും പ്രവർത്തി പരിചയവും | 175 |
| III.5.C | വനം-വന്യജീവി പരിപാലനവുമായി ബന്ധപ്പെട്ട ചില സാങ്കേതിക പദങ്ങളും അവയുടെ വിശദീകരണവും | 196 |
| III.5.D | ആവാസവ്യവസ്ഥ (Ecosystem) | 202 |
| III.5.E | ജൈവവൈവിധ്യം (Biodiversity) | 208 |
| III.5.F | സംരക്ഷിത മേഖലകളും അവയുടെ പരിപാലനവും | 214 |
| III.5.G | വന മേഖലകളുടെ പരിപാലനം | 221 |


**യൂണിറ്റ് III: സമൂഹവനവിഭവ മേഖല പരിപാലനത്തിനാവശ്യമായ നൈപുണ്യ പരിശീലനം (ഭാഗം-2)**

**വിഷയം 1: പഠിതാക്കളുടെ വാതിൽപ്പുറ പരിശീലനം**


| | | |
|---|---|---|
| III.1.A- (ഭാഗം-2) | പഠന യാത്രകൾ | 227 |

| | | |
|---|---|---|
| III.1.B- (ഭാഗം-2) | ജൈവവൈവിധ്യം-സൂക്ഷ്മനിരീക്ഷണം, പരിപാലനം: ആശയവും പ്രായോഗിക വിധികളും | 230 |
| III.1.C- (ഭാഗം-2) | GIS ഉപയോഗം | 230 |
| III.1.D- (ഭാഗം-2) | വ്യക്തിഗത ഫീൽഡ് പ്രോജക്റ്റ് | 230 |

**കൈ പുസ്തകത്തിൽ ഉൾപ്പെടുത്തിയ പട്ടികകൾ**

പട്ടിക 1: പൊതു ജീവിത നിലവാരം - പൊതുസമൂഹവും ആദിവാസികളും

പട്ടിക 2: 1871 മുതൽ 1941 വരെയുള്ള സെൻസസ് റിപ്പോർട്ടുകളിലെ ഗോത്ര വർഗ്ഗ പരാമർശം

പട്ടിക 3: വികസന പദ്ധതികളുടെ പരിണതഫലമായി കണ്ടു വരാറുള്ള ഗുണ നഷ്ടങ്ങളും ബല ദൗർബല്യങ്ങളും

പട്ടിക 4: കേരളത്തിലെ എലിഫന്റ് റിസർവ്വുകളെ കുറിച്ചുള്ള വിശദാംശങ്ങൾ

**കൈ പുസ്തകത്തിൽ ഉൾപ്പെടുത്തിയ ചിത്രങ്ങൾ**

ചിത്രം 1: വനാശ്രിത മേഖലയിലെ വികസന പശ്ചാത്തലം

ചിത്രം 2: വ്യക്തിഗത അവകാശത്തിനായി അവലംബിക്കേണ്ട നടപടിക്രമങ്ങൾ

ചിത്രം 3: CFR അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് ചെയ്യാവുന്ന കാര്യങ്ങൾ

ചിത്രം 4 : CFR അവകാശത്തിനായി അവലംബിക്കേണ്ട നടപടിക്രമങ്ങൾ

ചിത്രം 5: സബ് ഡിവിഷൻ തല സമിതിക്കുള്ള പരാതികൾ: നടപടിക്രമം

ചിത്രം 6: ജില്ലാ തല സമിതിക്കുള്ള പരാതികൾ: നടപടിക്രമം



FRA Handbook inner_New_V6.indd 15 02-09-2024 17:25:55

ചിത്രം 7: ഇന്ത്യയിൽ വനാവകാശ രേഖകൾ അനുവദിച്ചതിന്റെ കണക്ക്

ചിത്രം 8: വനാവകാശം നടപ്പാക്കുന്നതിൽ മുൻപന്തിയിലുള്ള സംസ്ഥാനങ്ങളിൽ വനാവകാശ രേഖകൾ നല്കിയ കണക്ക്

ചിത്രം 9 : വിവിധ തരത്തിലുള്ള ഭൂപടങ്ങൾ

ചിത്രം 10: ഭൂപടത്തിലെ ശീർഷകം

ചിത്രം 11: ഭൂപടത്തിലെ ദിശ

ചിത്രം 12: ഭൂപടത്തിലെ സ്കെയിൽ

ചിത്രം 13: ഭൂപടത്തിലെ സൂചികകൾ

ചിത്രം 14: ഭൂമിയുടെ ചരിവ് സൂചിപ്പിക്കുന്ന ഭൂപടം

ചിത്രം 15: പ്രദേശത്തെ ഭൂവിനിയോഗം സൂചിപ്പിക്കുന്ന ഭൂപടം

ചിത്രം 16: പ്രദേശത്തെ മണ്ണിനെ കുറിച്ചുള്ള ഭൂപടം

ചിത്രം 17: അട്ടപ്പാടിയുടെ പഞ്ചായത്ത് ഭൂപടം

ചിത്രം 18: ജില്ലാ ഭൂപടത്തിൽ അട്ടപ്പാടി

ചിത്രം 19: കഡസ്ട്രൽ ഭൂപടം

ചിത്രം 20: വിദൂര സംവേദനം

ചിത്രം 21: ജിയോ ടാഗിങ്ങ്

ചിത്രം 22: പ്രകൃതി വിഭവ മാപ്പിങ്ങ്

ചിത്രം 23: ഭക്ഷ്യശൃംഖല

ചിത്രം 24: ഇക്കോളജിക്കൽ പിരമിഡ്

**കൈ പുസ്തകത്തിൽ ഉൾപ്പെടുത്തിയ മാതൃകാ ഫോറങ്ങൾ**

മാതൃക 1: വിവരാവകാശ നിയമത്തിന് കീഴിൽ സമാർപ്പിക്കാവുന്ന അപേക്ഷ

മാതൃക 2: മിനിട്ട്സ് എഴുതാനുള്ള മാതൃക

മാതൃക 3: വന്യജീവി നിരീക്ഷണ രജിസ്റ്റർ

മാതൃക 4: മലഞ്ചരക്ക് ശേഖരണ രജിസ്റ്റർ



# യൂണിറ്റ് 1: ആദിവാസികളും വനങ്ങളും – ഒരു ചരിത്ര വീക്ഷണം

## വിഷയം 1: ആദിവാസി സമൂഹങ്ങളും വികസനവും

### I.1.A ആരാണ് ആദിവാസികൾ?

“ആദിവാസി” എന്ന പദം ഒരു കൂട്ടം മനുഷ്യർ ഒരു പ്രത്യേക സ്ഥലത്ത് തുടക്കം മുതൽ ജീവിച്ചിരുന്നു എന്ന ധാരണ സൃഷ്ടിക്കാൻ ഇടയുണ്ട്. എന്നാൽ മിക്കവാറും എല്ലാ മനുഷ്യ സമൂഹങ്ങളും (അല്ലെങ്കിൽ അവരുടെ മുൻ തലമുറക്കാർ) വിവിധ പ്രദേശങ്ങളിൽ മാറി മാറി താമസിച്ചിട്ടുണ്ട്. ഉദാഹരണം: ഇന്ന് തനത് ദേശക്കാർ (indigenous people) എന്നു അമേരിക്കൻ ഭൂഖണ്ഡത്തിൽ വിളിക്കപ്പെടുന്ന ആൾക്കാർ ആയിരക്കണക്കിന് വർഷങ്ങൾക്ക് മുൻപ് ഏഷ്യ ഭൂഖണ്ഡത്തിൽ നിന്ന് കുടിയേറിയവർ ആണ്. ഇന്ന് ആൻഡമാൻ ദ്വീപ് സമൂഹങ്ങളിൽ ജീവിക്കുന്ന ആദിവാസികളുടെ മുൻ തലമുറക്കാർ ആഫ്രിക്കയിൽ നിന്നും വന്നവരാണ് എന്നു കരുതപ്പെടുന്നു. ഈ സാഹചര്യത്തിൽ ആദിവാസികൾ എന്ന പദത്തിന്റെ അർത്ഥമെന്താണ്?

വിവിധ ഭാഗങ്ങളിലേക്ക് കുടിയേറുന്നവർ പുതിയ തരം കൃഷി, വ്യവസായം മറ്റ് ഉപജീവന മാർഗ്ഗങ്ങൾ എന്നിവയിൽ ഏർപ്പെട്ട് പ്രത്യേക തരം സാമൂഹ്യ മാറ്റങ്ങൾക്ക് വിധേയരാകുന്നു. എന്നാൽ മറ്റ് ചില ജനവിഭാഗങ്ങളാകട്ടെ, താമസ സ്ഥലങ്ങൾ മാറിയെങ്കിലും അധികം വ്യത്യാസങ്ങളില്ലാതെ ഭൂമിയെയും വനത്തിനെയും ആശ്രയിച്ച് ദീർഘകാലം ജീവിക്കുന്നു. ഇക്കൂട്ടർ, മുൻപേ സൂചിപ്പിച്ച ജന വിഭാഗങ്ങളെ പോലെ സാമൂഹ്യ മാറ്റങ്ങൾക്ക് വിധേയരാകപ്പെട്ടിട്ടില്ല. “ആദിവാസി” എന്നു



FRA Handbook inner_New_V6.indd 1 02-09-2024 17:25:55

സംബോധന ചെയ്യുമ്പോൾ നാം സാധാരണ ഉദ്ദേശിക്കുന്ന സാമൂഹ്യ പ്രതിഭാസം ഇതാണ്.

എത്ര താമസ സ്ഥലങ്ങൾ മാറിക്കൊണ്ടിരുന്നാലും ആദിവാസികളുടെ ജീവിതം ഇതര സമൂഹങ്ങളെക്കാൾ പ്രകൃതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. അത് കൊണ്ട് തന്നെ അവരുടെ കൃഷി രീതികൾ ഭൂമിയെ വല്ലാതെ മാറ്റി മറിച്ചിട്ടില്ല. കാടും കൃഷിയും ഉപജീവന മാർഗ്ഗങ്ങളും തമ്മിലുള്ള ഇഴചേർന്ന ബന്ധം നിലനിൽക്കുന്നതാണ് ആദിവാസികളുടെ ജീവിതം.

### I.1.B മറ്റ് ജന വിഭാഗങ്ങളുമായുള്ള ഇടപെടലുകൾ

ആദിവാസികൾ നൂറ്റാണ്ടുകളായി മറ്റ് ജന വിഭാഗങ്ങളുമായി ഇടപഴകിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ:

- സിന്ധു നദീതട സംസ്കാരത്തിന്റെ ഭാഗമായിട്ടുള്ള മനുഷ്യ സമൂഹങ്ങളും മദ്ധ്യേഷ്യയിൽ നിന്ന് കുടിയേറിയവരും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വ്യാപിച്ചപ്പോൾ ആ പ്രദേശങ്ങളിലെ ആദിവാസികളുമായി ഇടപഴകി. ഈ ആദിവാസികളിൽ ചിലരെ കുടിയേറ്റക്കാരുടെ തന്നെ ഭാഗമാക്കി മാറ്റി. മറ്റ് ചിലരെ പൂർണ്ണമായും ഭാഗമാക്കാതെ, എന്നാൽ നിരന്തരം ഇടപെടുന്ന വിഭാഗങ്ങളായി മാറ്റി നിർത്തി.
- യൂറോപ്പ്യന്മാർ മറ്റ് ഭൂഖണ്ഡങ്ങളിൽ എത്തി ചേർന്നപ്പോൾ അവിടെയുള്ള ആദിവാസികളുമായി ഇടപഴകുകയും അത് ചില ആദിവാസി സമൂഹങ്ങളുടെ നിർമ്മാർജനത്തിന് ഇടയാകുകയും ചെയ്തു. അസുഖങ്ങളുടെ വ്യാപനം മൂലമോ യൂറോപ്യന്മാരുടെ അടിച്ചമർത്തൽ കാരണമോ സംഭവിച്ചതാണ് ഇത്തരം ഇല്ലാതാകൽ. മറ്റ് ചില ആദിവാസി വിഭാഗങ്ങൾ യൂറോപ്പ്യൻ കുടിയേറ്റക്കാരുമായി കൊടുക്കൽ വാങ്ങലിൽ ഏർപ്പെട്ടുവെങ്കിലും തനത് സ്വഭാവങ്ങളിൽ പലതും നിലനിർത്തി തുടർന്ന് പോന്നു.
- കൃഷിയിൽ പ്രാവീണ്യം നേടിയ സമൂഹങ്ങൾ തങ്ങളുടെ കൃഷി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ആദിവാസികളെ നേരിടുന്ന സ്ഥിതി പല ദിക്കിലും



FRA Handbook inner_New_V6.indd 2 02-09-2024 17:25:55

ഉണ്ടായി. ആദിവാസികൾ ഉപയോഗിച്ചിരുന്ന ഭൂമി ബലപ്രയോഗത്തിലൂടെയോ അല്ലാതെയോ ഇതര സമൂഹങ്ങളുടെ കൈകളിൽ എത്തിച്ചേർന്നു.

- സർക്കാരുകൾ വികസന പ്രവർത്തനങ്ങൾക്കായി വനഭൂമി ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ അതിനെ ആശ്രയിച്ചു കഴിഞ്ഞിരുന്ന ആദിവാസികളിൽ പലരും നഗര പ്രദേശങ്ങളിലും മറ്റും ദരിദ്രരായി കഴിയേണ്ട അവസ്ഥ വന്നു ചേർന്നു.
- ആഗോളവൽക്കരണത്തിന്റെ ഭാഗമായി ലോക കമ്പോളത്തിൽ വന വിഭവങ്ങൾക്കും ആദിവാസികൾ ഉപയോഗിച്ചിരുന്ന ഭൂമിക്കും ആവശ്യക്കാർ ഏറി. ഇത് പൊതു മേഖലാ സ്ഥാപനങ്ങളെയും സ്വകാര്യ കമ്പനികളെയും ആദിവാസികളുടെ വിഭവങ്ങളെ കൂടുതൽ ചൂഷണം ചെയ്യാൻ പ്രേരിപ്പിച്ചു. ഇത് ആദിവാസികളുടെ ജീവിത സന്തുലിതാവസ്ഥ മാറ്റി മറിക്കാൻ ഇടയാക്കുന്നു.

### I.1.C ആദിവാസികളുടെ ജീവിതത്തിൽ വരുന്ന മാറ്റങ്ങളും പ്രതിസന്ധികളും

മറ്റുള്ളവരുമായിട്ടുള്ള ഇടപഴലുകൾ മാത്രമല്ല അവരുടെ ഇടയിൽ തന്നെയുള്ള ആന്തരിക സാഹചര്യങ്ങളും ആദിവാസികളുടെ ജീവിതത്തിൽ മാറ്റങ്ങളും പ്രതിസന്ധികളും സൃഷ്ടിക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ:

- വർദ്ധിച്ച് വരുന്ന ജനസംഖ്യ ആദിവാസികൾക്ക് മാന്യമായ ജീവിത നിലവാരം പുലർത്താനായി കൂടുതൽ കൂടുതൽ വിഭവങ്ങൾ ശേഖരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നു. ഇത് സാധ്യമല്ലാതെ വരുമ്പോൾ ദാരിദ്ര്യം വർദ്ധിക്കാൻ കാരണമാകുന്നു.
- മറ്റ് ജന വിഭാഗങ്ങളുടെ ജീവിത രീതി സ്വീകരിക്കാനുള്ള താല്പര്യം. വനാശ്രിതർ മാത്രമായി ജീവിച്ചാൽ നൂതന ജീവിത ശൈലികൾ സ്വായത്തമാക്കാനാകാതെ വരാം. അല്ലെങ്കിൽ അത്തരം ജീവിത ശൈലികൾ വനവിഭവങ്ങളുടെ അമിത ചൂഷണത്തിന് ഇടയാക്കുകയും ചെയ്യാം.



FRA Handbook inner_New_V6.indd 3 02-09-2024 17:25:55

### I.1.D. ആദിവാസികളുടെ ജീവിത നിലവാരം

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ഇന്ന് ഇന്ത്യയിലും പൊതു ജീവിത നിലവാരവുമായി തട്ടിച്ചു നോക്കുമ്പോൾ ആദിവാസികൾ പിന്നോക്കം നിൽക്കുന്നു. ഉദാഹരണം:

| സൂചിക | പൊതുസമൂഹം | ആദിവാസികൾ |
|---|---|---|
| ദാരിദ്ര്യം | 12-13% | 40% |
| വേണ്ടത്ര ശാരീരിക ഭാരം ഇല്ലാത്തവർ | 21% | 33% |
| നിരക്ഷരത | 25% | 59% |
| ആയുർ ദൈർഘ്യം | 67 വയസ്സ് | 63.9 വയസ്സ് |
| ശിശു മരണ നിരക്ക് | 27. 7/ 1000 | 61/ 1000 |

പട്ടിക 1: ജീവിത നിലവാരം - പൊതുസമൂഹവും ആദിവാസികളും

കണക്കുകൾ എടുത്തത്: കേന്ദ്ര സർക്കാറിൽ നിന്നും പൊതുവായി ലഭ്യമായിട്ടുള്ള വിവിധ സ്ഥിതി വിവര കണക്കുകൾ

### I.1.E ആദിവാസികളുടെ വികസനം : നിലവിലുള്ള സമീപനം

ആദിവാസികളുടെ വികസനം മുൻനിർത്തി വ്യത്യസ്ത സമീപനങ്ങൾ കഴിഞ്ഞ അമ്പത് - എഴുപത് വർഷങ്ങളായി നിലവിലുണ്ട്.

ഒന്ന്, ആദിവാസികളെ വിദ്യാഭ്യാസത്തിലൂടെയും മറ്റ് മാർഗ്ഗങ്ങളിലൂടെയും (തൊഴിൽ, ഭക്ഷണം, ആരോഗ്യം എന്നീ തുറകളിൽ എല്ലാം തന്നെ) മുഖ്യധാരാ സമൂഹത്തിന്റെ ഭാഗമാക്കുക. ഇതിനായി ആദിവാസി വിദ്യാർത്ഥികളെ അവരുടെ തനത് സാഹചര്യങ്ങളിൽ നിന്ന് മാറ്റി നിർത്തി കൊണ്ട് മുഖ്യധാരാ വിദ്യാഭ്യാസം നൽകാനുള്ള ശ്രമമുണ്ടാകുന്നു. ഊരിൽ നിന്നും മാറി ഹോസ്റ്റലിൽ താമസിച്ചുള്ള വിദ്യാഭ്യാസം ഇവർക്ക് നല്കുന്നു. അതിലൂടെ സാമൂഹ്യ വേരുകൾ ദുർബലമാക്കപ്പെട്ട ആദിവാസി യുവജനതയ്ക്ക് അവരുടെ സമഗ്രമായ പുരോഗതിക്ക് ആവശ്യമായ സവിശേഷ സംസ്കാര സമ്പത്തും നാട്ടറിവുകളും



FRA Handbook inner_New_V6.indd 4 02-09-2024 17:25:55

നഷ്ടമാകുന്നു. മുഖ്യധാരാ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട് തുടർന്ന ജീവിക്കുവാൻ നിർബന്ധിക്കപ്പെടുന്നു. അങ്ങനെ തങ്ങളുടെ പൈതൃകത്തെ കുറിച്ച് അറിവും അഭിമാനവും ഇല്ലാതെ അപകർഷതാ ബോധമുള്ള ഒരു സമൂഹമായി മാറി കൊണ്ടിരിക്കുന്നു.

രണ്ടാമത്തെ സമീപനം, ആദിവാസികളെ മറ്റുള്ളവരുമായി ഇടപഴകാൻ അനുവദിക്കാതെ കാട്ടിനുള്ളിൽ തന്നെ സംരക്ഷിക്കുക. ആൻഡമാനിലെ ചില ഗോത്ര വിഭാഗങ്ങളുടെ കാര്യത്തിൽ ഇന്ത്യാ സർക്കാരിന്റെ സമീപനം ഇതാണ്. മറ്റുള്ളവരുമായി ഇടപെഴകാനുള്ള കഴിവ് ആർജിക്കാത്തത് കൊണ്ട് ചൂഷണം ചെയ്യപ്പെടാനുള്ള സാധ്യത ഏറുന്നു. സ്വന്തം ജീവിതത്തിലും സമൂഹത്തിലും ആന്തരീകവും ബാഹ്യവുമായ വ്യതിയാനങ്ങൾ (ഉദാഹരണം: ജന സംഖ്യ വർദ്ധനവ്, കാലാവസ്ഥ) കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ നേരിടാനാകാതെ വരുന്നു. മറ്റ് സമൂഹങ്ങളോട് സംവാദിക്കാനായി മനുഷ്യർക്കുള്ള ആഗ്രഹവും അവകാശവും നിഷേധിക്കപ്പെടുന്നു.

### I.1.F ആദിവാസി വികസനം-അവലംബിക്കാവുന്ന സമീപനങ്ങൾ

- തങ്ങളുടെ സംസ്കാര സമ്പത്തിലും നാട്ടറിവിലും അഭിമാനം ഉണ്ടാകുക.
- മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ചൂഷണത്തിന് വിധേയരാകാതെ മറ്റുള്ളവരോട് ഇടപഴകാനുള്ള കഴിവ് ഉണ്ടാകുക.
- തങ്ങൾക്ക് ലഭ്യമായതും അറിയാൻ കഴിയാവുന്നതുമായ രീതികൾ ഉപയോഗിച്ച് ആധുനികവും പരസ്പര ബന്ധിതവുമായ ലോകത്തിൽ തനതായ രീതിയിൽ മാന്യമായ ജീവിത നിലവാരം നിലനിർത്തുക.
- തങ്ങളുടെ വിജ്ജ്ഞാന, സംസ്കാര സമ്പത്തുകൾ മറ്റുള്ളവരോട് പങ്ക് വയ്ക്കാനും, മറ്റുള്ളവരുടേത് മനസ്സിലാക്കാനും ഉതകുന്ന വിദ്യാഭ്യാസ സമ്പ്രദായം ഉണ്ടാക്കി എടുക്കുക.



FRA Handbook inner_New_V6.indd 5 02-09-2024 17:25:55

**I.1.G ഇക്കാര്യത്തിൽ മറ്റ് രാജ്യങ്ങളിലെ അനുഭവങ്ങൾ എന്താണ് ?**

തെക്കേ അമേരിക്കൻ രാജ്യങ്ങളിൽ അവിടുത്തെ ആദിവാസികളുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ കഴിഞ്ഞ മൂന്ന പതിറ്റാണ്ടുകളായി ഗുണപരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിന് സഹായിച്ച സാഹചര്യങ്ങൾ:

- തദ്ദേശീയർക്ക് സ്വാധീനമുള്ള ഭരണകൂടങ്ങളുടെ വരവ്. ഉദാ: ബൊളീവിയ, ബ്രസീൽ, കൊളമ്പിയ.
- തങ്ങൾ ഉപയോഗിക്കുന്ന കാടുകൾ കൈയ്യടക്കാൻ ബാഹ്യ ശക്തികൾ ശ്രമിക്കുമ്പോഴും തങ്ങൾക്ക് ആവശ്യമുള്ള വിഭവങ്ങൾ കാടുകളിൽ നിന്ന് ലഭിക്കാനുള്ള അവസരം. കാടുകളുടെ മേലുള്ള തങ്ങളുടെ അവകാശത്തെ കുറിച്ചുള്ള ബോധം. ഈ അവകാശം നിലനിർത്താനും/ നേടിയെടുക്കാനും ആദിവാസി സമൂഹങ്ങൾ ആർജിച്ചിട്ടുള്ള കഴിവ്.
- തങ്ങളുടെ വിദ്യാഭ്യാസ സംവിധാനം എങ്ങനെയായിരിക്കണം എന്ന നിശ്ചയിക്കാനും അത് നിയന്ത്രിക്കാനുമുള്ള കഴിവ്.

ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ ഉയർന്ന ജീവിത നിലവാരം പുലർത്തുന്ന ആദിവാസികളുണ്ട്. മിസോറാം പോലെ 80% ആദിവാസികൾ ഉള്ള സംസ്ഥാനത്തിൽ ഉയർന്ന സാക്ഷരത കാണപ്പെടുന്നു. എന്ത് കൊണ്ട്?

- സംസ്ഥാന സർക്കാരിൽ ആദിവാസികൾക്കുള്ള സ്വാധീനം.
- ഭൂമിയുടെ മേൽ, ഭൂവിനിയോഗത്തിൽ ആദിവാസി കൾക്കുള്ള സ്വാതന്ത്ര്യം.
- സ്വന്തം ഭാഷയിൽ എല്ലാവർക്കും വിദ്യാഭ്യാസം ലഭിക്കാനുള്ള സാഹചര്യം.



FRA Handbook inner_New_V6.indd 6 02-09-2024 17:25:55

### I.1.H വനാവകാശ നിയമം നല്കുന്ന അവസരം

- നിശ്ചിത അളവ് വനഭൂമിയിൽ ആദിവാസി സമൂഹത്തിന് തങ്ങളുടെ സാമൂഹ്യ- ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായ തനതായ രീതികൾ പ്രകാരം സംരക്ഷിക്കാനും, ഉപയോഗപ്പെടുത്താനുമുള്ള അവകാശം.
- സാമൂഹിക വനാവകാശങ്ങൾ സുസ്ഥിരവും കാര്യക്ഷമവുമായ രീതിയിൽ ഉപയോഗപ്പെടുത്തുന്ന ആദിവാസി ഊരുകളിൽ കുടുംബങ്ങളുടെ സാമ്പത്തിക നിലവാരം മെച്ചപ്പെടുന്നതായി കാണുന്നു.
- ഒരു സവിശേഷ ജനവിഭാഗം എന്ന രീതിയിൽ തങ്ങളുടെ സാമൂഹ്യ ബന്ധങ്ങളും വിജ്ഞാന സമ്പത്തും ആധുനിക കാലത്തിന് യോജ്യമായ രീതിയിൽ അനുരൂപപ്പെടുത്താനുള്ള അവസരം.

**അവലംബം:**

https://practiceconnect.azimpremjiuniversity.edu.in/development-path-for-indigenous-people-lessons-from-india-and-brazil/

https://practiceconnect.azimpremjiuniversity.edu.in/schooling-of-scheduled-tribes-in-india/



FRA Handbook inner_New_V6.indd 7 02-09-2024 17:25:56



# യൂണിറ്റ് I: ആദിവാസികളും വനങ്ങളും – ഒരു ചരിത്ര വീക്ഷണം

## വിഷയം 2: പശ്ചിമഘട്ടമേഖലയിലെ ഗോത്ര വർഗ്ഗക്കാരുടെ സാമൂഹികവും സാംസ്കാരികവും പാരിസ്ഥിതികവുമായ ചരിത്ര പശ്ചാത്തലം

### I.2.A പശ്ചിമഘട്ടമേഖലയിലെ ഗോത്ര വർഗ്ഗക്കാർ

ഭൗമശാസ്ത്രപരമായി നോക്കിയാൽ പശ്ചിമഘട്ട മലനിരകൾ വളരെ പ്രാചീനമാണ്. പശ്ചിമഘട്ടം എന്ന വാക്ക് "പടിഞ്ഞാറു ഭാഗത്ത് കാണുന്ന ഭൂവിഭാഗം" എന്ന സൂചിപ്പിക്കുന്നതിനാൽ, ഈ പേര് കൊടുത്തിരിക്കുന്നത് ഈ മലനിരകൾക്ക് കിഴക്ക് ഭാഗത്ത് ജീവിച്ചിരുന്നവരാണെന്ന് അനുമാനിക്കാം. സഹ്യാദ്രി എന്നറിയപ്പെടുന്ന ഈ മലനിരകൾ 500 ലക്ഷം വർഷങ്ങൾ പഴക്കമുള്ള ഹിമാലയ പർവ്വതങ്ങളെക്കാളും പഴക്കമുള്ളവയാണ്. ഉദ്ദേശം 500 ലക്ഷം വർഷം മുൻപ് വരെ ഇന്ത്യൻ ഉപഭൂഖണ്ഡം (ഹിമാലയത്തിന് തെക്ക് ഭാഗത്ത് കിടക്കുന്ന പ്രദേശം) ആഫ്രിക്കൻ ഭൂഖണ്ഡം ഉൾപ്പെടുന്ന ഭൂവിഭാഗത്തിന്റെ ഭാഗമായിരുന്നു. അതിനാൽ തന്നെ 1500 കിലോമീറ്റർ ദൈർഘ്യമുള്ള പശ്ചിമഘട്ട നിരകളിലെ സ്വാഭാവിക വനങ്ങൾക്ക് ആഫ്രിക്കയിലെയും ശ്രീലങ്കയിലേയും ജൈവ ആവാസവ്യവസ്ഥയുമായി സാമ്യതയുണ്ട്.

ഭൂപ്രകൃതിയും പാരിസ്ഥിതിക സാഹചര്യങ്ങളും പ്രാദേശിക ജനതയുടെ സാംസ്കാരിക-സാമൂഹിക പാരമ്പര്യങ്ങളെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. പശ്ചിമഘട്ട മലനിരകളിൽ നിന്നും താഴ്വരകളിൽ നിന്നും ഇന്നത്തെ കേരളമെന്ന



FRA Handbook inner_New_V6.indd 9 02-09-2024 17:25:56

ഭൂവിഭാഗത്തിൽ നിന്നും ശിലായുഗ സംസ്കാരങ്ങളുടെ [ആദി (ക്രിസ്തുവിന് 10,000 വർഷങ്ങൾക്ക് മുൻപ്), മധ്യ (ക്രിസ്തുവിന് 10,000 മുൻപ് മുതൽ 3000 വർഷം മുൻപ് വരെ), നവീന (ക്രിസ്തുവിന് 3000 വർഷം മുൻപ് മുതൽ 1000 വർഷം മുൻപ് വരെ) ശിലായുഗങ്ങൾ] അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. എന്നിരുന്നാലും ഈ സാംസ്കാരിക സൂചനകൾ അവശേഷിപ്പിച്ച് മറഞ്ഞു പോയ സമൂഹങ്ങൾ വംശീയമായി ഇന്നത്തെ ആദിവാസികളുടെ പൂർവ്വികരാണെന്ന് സമർത്ഥിക്കുന്ന പഠനങ്ങൾ ലഭ്യമല്ല.

### I.2.B സാംസ്കാരികമായ മാറ്റങ്ങൾ

കേരളമെന്ന ഭൂപ്രദേശത്ത് ജീവിച്ച വന്ന സമൂഹങ്ങളിൽ ആധുനികവൽകരണം വരുന്നത് ബ്രിട്ടീഷ് കൊളോണിയൽ ആധിപത്യത്തിൻ കീഴിലാണ്. ആധുനികതയിലൂന്നിയ ബ്രിട്ടീഷ് ഭരണ കാഴ്ചപ്പാടുകൾ കേരള ജനതയുടെ അദ്ധ്വാന ശേഷിയെ രാഷ്ട്ര സമ്പത്ത് സമാഹരിക്കാനുള്ള ഉപാധിയായി തിരിച്ചറിഞ്ഞു. ജനങ്ങളെ തരം തിരിച്ച കൊണ്ടുള്ള വംശീയ പഠനങ്ങൾ ആരംഭിച്ചത് ഇക്കാലത്താണ്. അങ്ങനെ ജാതി, ഗോത്രം എന്നിങ്ങനെയുള്ള തരംതിരിവുകൾ സ്ഥാപനവൽക്കരിക്കപ്പെട്ടു. ഈ തരംതിരിവുകൾ ഭരണ സംവിധാനങ്ങളിലും സമൂഹത്തിലും അതിലൂടെ ദീർഘകാല സമ്പദ് വ്യവസ്ഥയിലും പ്രതിഫലിച്ച വന്നു.

ഗൃഹപാഠം: സ്വന്തം ഗോത്രത്തിന്റേയും ഊരിന്റെ ചുറ്റുമുള്ള പ്രകൃതിയുടേയും ചരിത്ര പശ്ചാത്തലം കണ്ടു പിടിയ്ക്കുകയും അടുത്ത ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുക.

### I.2.C മാറി വന്ന സംബോധനകൾ

ഭൂപ്രകൃതിയിലും, മതപരമായും, ഭാഷാപരമായും, ജാതിപരമായും വൈവിധ്യം പുലർത്തുന്ന ദേശമാണ് ഇന്ത്യ. ഇവിടെ പലയിടങ്ങളിൽ, പല സമയങ്ങളിൽ പല പേരുകളിൽ അറിയപ്പെടുന്നവരായിരുന്ന ഇന്ന് നാം പട്ടിക ഗോത്ര വർഗ്ഗം എന്നു വിശേഷിപ്പിയ്ക്കുന്ന ജന വിഭാഗങ്ങൾ. പത്തൊൻപതാം നൂറ്റാണ്ടിലെ കാനേഷുമാരികളിൽ "മതം അറിയപ്പെടാത്തവർ" അഥവാ "പൂർവ്വികരെയോ പ്രകൃതിയേയോ ആരാധിക്കുന്നവർ" (സെൻസസ് 1881) എന്നാണ് ഗോത്ര വർഗ്ഗങ്ങളെ വിശേഷിപ്പിയ്ക്കുന്നത്.



FRA Handbook inner_New_V6.indd 10 02-09-2024 17:25:56

| സെൻസസ് റിപ്പോർട്ട് | ഗോത്ര വർഗ്ഗ പരാമർശം |
|---|---|
| 1871 | മതം അറിയപ്പെടാത്തവർ |
| 1881 | (Aboriginal Religion)<br>അബോറിജിനൽ മതങ്ങൾ |
| 1891 | (Forest Tribes , Jungle People)<br>കാട്ടു ജാതികൾ, വന വാസികൾ |
| 1901 | (Animists)<br>അനിമിസ്റ്റ് |
| 1911 | (Tribal Animists)<br>ട്രൈബൽ അനിമിസ്റ്റ് |
| 1921 | (Hill and Forest Tribes)<br>മല ഗോത്രങ്ങൾ, വന ഗോത്ര വർഗ്ഗം |
| 1931 | (Primitive Tribes)<br>പ്രിമിറ്റീവ് ട്രൈബ്സ് |
| 1941 | (Tribes)<br>ട്രൈബ്സ് |

പട്ടിക 2: 1871 മുതൽ 1941 വരെയുള്ള സെൻസസ്സ് റിപ്പോർട്ടുകളിലെ ഗോത്രവർഗ്ഗ പരാമർശം

ബ്രിട്ടീഷ് ഭരണകൂടം 1871-ൽ ഏകദേശം 200 ഗോത്ര സമുദായങ്ങളെ "കുറ്റവാളി ഗോത്രങ്ങളായി" മുദ്ര കുത്തി. അങ്ങിനെ പത്തൊമ്പതാം നൂറ്റാണ്ടിൽ "ക്രിമിനൽ ട്രൈബ്സ് ആക്ട്" (Criminal Tribes Act) നിലവിൽ വന്നു. പരമ്പരാഗതമായി കുറ്റവാസനയുള്ള സമൂഹ്യങ്ങളാണിവരെന്ന ഒരു അബദ്ധ ധാരണയിൽ ഊന്നിയായിരുന്നു ഈ നിയമം. സ്വതന്ത്ര ഇന്ത്യയിൽ 1952-ൽ ഈ സമൂഹങ്ങളെ "ഡീനോട്ടിഫൈഡ് ട്രൈബ്സ്" (de-notified tribes) എന്ന പുനർമനാമകരണം ചെയ്തു.

ഗോത്രവർഗ്ഗങ്ങൾക്ക് പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ഭരണഘടനയുടെ അനുഛേദം 342 പറയുന്നതിങ്ങനെ:

"രാഷ്ട്രപതിക്ക്, ഏതെങ്കിലും സംസ്ഥാനത്തെയോ യൂണിയൻ പ്രദേശത്തെയോ സംബന്ധിച്ച് (അത് ഒരു സംസ്ഥാനമാണെങ്കിൽ



FRA Handbook inner_New_V6.indd 11 02-09-2024 17:25:56

അതിലെ ഗവർണറോട് ആലോചിച്ചതിനു ശേഷം) പൊതു വിജ്ഞാപനം വഴി ആ സംസ്ഥാനത്തെയോ, യൂണിയൻ പ്രദേശത്തെയോ ഈ ഭരണഘടനയ്ക്ക് വിധേയമായി പട്ടിക ഗോത്രവർഗ്ഗങ്ങളായി കരുതേണ്ട ഗോത്രവർഗ്ഗങ്ങളെയും, ഗോത്രവർഗ്ഗ സമുദായങ്ങളെയും, അല്ലെങ്കിൽ ഗോത്രവർഗ്ഗങ്ങളുടെയോ, ഗോത്രവർഗ്ഗ സമുദായങ്ങളുടെയോ ഭാഗങ്ങളെയും അല്ലെങ്കിൽ അവയിലെ അവാന്തര വിഭാഗങ്ങളെയും നിർദ്ദേശിക്കാവുന്നതാണ്."

വടക്ക് കിഴക്കൻ ഇന്ത്യയിലൊഴിച്ചുള്ള ഗോത്ര വിഭാഗങ്ങളെ "ആദിവാസി"കൾ എന്നു കൂടുതലായും സംബോധന ചെയ്തു വരുന്നു. ഭരണഘടനയിൽ "പട്ടിക ഗോത്ര വർഗ്ഗം" എന്നു നാമകരണം ചെയ്തിരിക്കുന്ന ഈ ജനവിഭാഗങ്ങൾക്ക് തദ്ദേശീയമായ പുരാതന ചരിത്രം അവകാശപ്പെടാനുള്ള ഒരു രാഷ്ട്രീയ-സാമൂഹിക ചുവടുവെപ്പായിരുന്നു 1930-കൾ മുതൽ നിലവിൽ വന്ന "ആദിവാസി" എന്ന സംബോധന. ഛോട്ടാനാഗ്പൂർ മേഖലയിൽ നിന്ന് ഉടലെടുത്ത ഈ സംബോധന സാമൂഹ്യ പ്രവർത്തകനായ എ. വി താക്കർ (A.V Thakkar) 1940-കളിൽ ജനകീയമാക്കി. അതുവരെ ഭരണഘടന "പട്ടിക ഗോത്രം"എന്നു വിശേഷിപ്പിച്ചിരുന്ന ഈ സമൂഹങ്ങളെ പൊതുവേ "ഗിരി ജനം" എന്നാണ് സംബോധന ചെയ്തു വന്നിരുന്നത്.

ഇന്ത്യയിലെ ചില ആദിവാസി സമൂഹങ്ങൾ താമസസ്ഥലങ്ങൾ താല്ക്കാലികമായോ നിരന്തരമായോ മാറ്റി മാറ്റി ജീവിതം നയിക്കുന്നവരായിരുന്നു. കന്നുകാലി മേച്ചും, മാറ്റകൃഷിയിലേർപ്പെട്ടും ചെയ്തിരുന്ന ഇക്കൂട്ടരെ "നാടോടി ഗോത്ര"ങ്ങളെന്ന് വിളിച്ചു വരുന്നു. 1975-ൽ നിലവിൽ വന്ന 75 വിഭാഗങ്ങൾക്ക് അംഗീകരിച്ച് കിട്ടിയ വിശേഷണമാണ് "പ്രാക്തന ഗോത്ര വർഗ്ഗം" എന്നത്. ജനസംഖ്യ കുറഞ്ഞ് വരുന്ന, സാമൂഹ്യ സാമ്പത്തിക മാനദണ്ഡങ്ങളിൽ പിന്നോക്കം നിൽക്കുന്ന പ്രത്യേകിച്ചും വനാശ്രിതത്വം കൂടുതലും കാർഷിക നൈപുണ്യം കുറവുമായി കണ്ടുവന്നിരുന്ന ഈ സമുദായങ്ങളെ 2006 മുതൽ "പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങൾ" (PVTG) ആയി കണക്കാക്കി വരുന്നു.



FRA Handbook inner_New_V6.indd 12 02-09-2024 17:25:56

ഇന്റർനാഷണൽ വർക്കിംഗ് ഗ്രൂപ്പ് ഫോർ ഇൻഡിജിനസ് അഫയേഴ്സ് [International Working Group for Indigenous Affairs (IWGIA)] അഭിപ്രായപ്പെടുന്നത് ഗോത്ര ജന വിഭാഗങ്ങൾ സ്വന്തം ചരിത്രത്തെ കുറിച്ച് വ്യക്തമായ ധാരണയുള്ളവരും സാംസ്കാരികമായി പ്രകൃതിയോട് ഇടകലർന്ന് ജീവിക്കുന്നവരും, സമൂഹ്യപരമായി വ്യത്യസ്തത പുലർത്തുന്നവരുമാണെന്നാണ്.

അവലംബം:


Aiyappan A (1948). Reports on the socio-economic conditions of the Aboriginal Tribes of the Province of Malabar, Madras: Government Press

Bhukya Bhangya. 2021. Featuring Adivasi/Indigenous Studies. Economic & Political Weekly Vol. No.25, june 19, (pp 13-17)

Hardiman, David (1987): The Coming of the Devi: Adivasi Assertion in Western India, New Delhi: Oxford University Press.

Scott, J. C. (1998). Seeing Like a State: How Certain Schemes to Improve Human Condition Have Failed. New Haven: Yale University Press.

Scott, J. C. (2009). The art of not being governed: An anarchist history of upland Southeast Asia. New Haven: Yale University Press.

Subhash Chandran, M.D. 1997.On the ecological history of the Western Ghats, Current Science 73(2):146-155

ദാമോദരൻ, നെട്ടൂർ. പി 1973 ആദിവാസികളുടെ കേരളം, കോഴിക്കോട് : NBS

പാന്തൂർ കെ 1990. സഹ്യന്റെ മക്കൾ . തൃശ്ശൂർ . കേരള സാഹിത്യ അക്കാഡമി

രാഘവവാര്യർ എം ആർ & രാജൻ ഗുരുക്കൾ. "കേരള ചരിത്രം" രണ്ടു ഭാഗങ്ങൾ (വള്ളത്തോൾ വിദ്യാപീഠം ശുകപുരം),മേയ് 2013.




FRA Handbook inner_New_V6.indd 13 02-09-2024 17:25:56

## I.2.D ആദിവാസികളും പ്രകൃതിയുമായുള്ള ബന്ധത്തിലും, ഇവരുടെ വനോപയോഗ രീതികളിലും വനോപയോഗ ക്രമങ്ങളിലും വന്ന മാറ്റങ്ങൾ

പരമ്പരാഗത വനവാസികൾക്ക് പരിസ്ഥിതിയോടും പ്രകൃതിയോടും ഉത്തരവാദിത്തതോടെയുള്ള പെരുമാറ്റമായിരുന്നു. ഭൂമിയുമായി ആത്മീയ ബന്ധം നിലനിർത്തിപ്പോന്നിരുന്ന ഇവർ വനത്തെ പുന:രുജ്ജീവിപ്പിക്കാനായി പ്രാർത്ഥന നടത്താറുണ്ട്.

തേൻ ശേഖരിക്കുമ്പോൾ പാടുന്ന പാട്ടുകളിൽ തേനീച്ചകളെക്കുറിച്ചും, തേനീച്ചകൾ എങ്ങനെ പല തരം പൂക്കളിൽ നിന്ന് പൂമ്പൊടി ശേഖരിക്കുന്നു എന്നും, തേൻ എടുക്കാനായി ഉപയോഗിച്ച വസ്തുക്കളെ പറ്റിയും, എത്ര ദൂരം പോയിട്ടാണ് തേനെടുക്കുന്നത് എന്നും, തേൻ ശേഖരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ പറ്റിയുമൊക്കെ വിവരിക്കുന്നു. ഒരു തലമുറയിൽ നിന്ന് അടുത്തതിലേക്ക് തദ്ദേശീയമായ അറിവ് കൈമാറ്റം ചെയ്യാനും സംരക്ഷിക്കാനും ഈ സർഗ്ഗാത്മക ശീലങ്ങൾ സഹായിച്ചു വന്നു.

അവരുടെ സാമൂഹികവും മതപരവും സാമ്പത്തികവുമായ വ്യവസ്ഥകൾ പലതും ഉണ്ടാക്കിയിട്ടുള്ളത് പ്രകൃതി സംരക്ഷണം മുൻനിർത്തിയാണ്. ഉദാഹരണത്തിന് സൂര്യൻ, മഴ, തീ എന്നിവ പ്രതിനിധീകരിക്കുന്ന ദൈവങ്ങൾ കാവുകളിൽ വസിക്കുന്നു എന്നാണ് വിശ്വാസം. അത് കൊണ്ട് തന്നെ വീണു കിടക്കുന്ന ഇലകൾ പോലും ഇത്തരം കാവുകളിൽ നിന്ന് ആരും എടുക്കാറില്ല. അത്തരം കുറ്റകൃത്യങ്ങൾക്ക് ശക്തമായ വിലക്കുകളും ഇവർക്കിടയിൽ ഉണ്ട്.

ഗോത്രവിഭാഗക്കാരുടെ കാർഷിക പരീക്ഷണങ്ങൾ യഥാർത്ഥത്തിൽ പല പ്രദേശങ്ങളുടെയും ജൈവവൈവിധ്യം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന് ഉതകുന്ന രീതിയിലായിരുന്നു അവരുടെ കൃഷി രീതികളും സാമൂഹിക ഘടനയും. മണ്ണിൽ പോഷകങ്ങളുടെ വിതരണം ഉറപ്പാക്കുന്നതിനും, ചെങ്കുത്തായ ചെരുവുകളിൽ നിന്ന് വെള്ളം ഒഴുകി പോകാനും, മണ്ണൊലിപ്പ് തടയുന്ന രീതിയിലും ആണ് ഇവർ ഇടവിള കൃഷി നടത്തിയിരുന്നത്. മിക്ക ഗോത്രവിഭാഗക്കാരും വന വിഭവങ്ങൾ ശേഖരിക്കുമ്പോൾ പുനരുൽപ്പാദനത്തിനായി വിത്തുകളോ, വേരിന്റെ നല്ലൊരു ഭാഗമോ ബാക്കിയിടും.



FRA Handbook inner_New_V6.indd 14 02-09-2024 17:25:56

അട്ടപ്പാടി ഭാഗങ്ങളിലുള്ള ഗോത്ര സമൂഹങ്ങളിൽ പൊതുവായി മൂപ്പൻ, കുരുതലൈ, ഭണ്ഡാരി, മണ്ണുക്കാരൻ എന്നിങ്ങനെ സ്ഥാനങ്ങൾ ഉണ്ടായിരുന്നു. മണ്ണുകാരൻ, അഥവാ മണ്ണ് വിദഗ്ദ്ധൻ, കൃഷിക്കായി ഭൂമി തിരഞ്ഞെടുക്കുകയും കൃഷിയുമായി ബന്ധപ്പെട്ട ആചാരങ്ങൾ നടത്തുകയും ചെയ്തിരുന്നു. ഭൂമിക്ക് സാമൂഹിക ഉടമസ്ഥതയായിരുന്ന നിലനിന്നിരുന്നത്. കുടുംബങ്ങൾക്ക് അവരുടെ അംഗ സംഖ്യ അനുസരിച്ച് ആവശ്യമുള്ള ഭൂമി കൃഷി ചെയ്യാൻ ലഭിച്ചിരുന്നു. അട്ടപ്പാടിയിൽ കൃഷിയുമായി ബന്ധപ്പെട്ട ആചാരങ്ങൾ മണ്ണുക്കാരൻ ആണ് നിർവഹിക്കാറുണ്ടായിരുന്നത്.

വനവാസികളുടെ വനപരിപാലന ക്രമങ്ങൾക്കുള്ള ചില ഉദാഹരണങ്ങൾ:

തേൻ എടുക്കാൻ വൈദഗ്ധ്യമുള്ള ആളുകൾ മാത്രമേ തേൻ ശേഖരിക്കാൻ പോകൂ. തേൻ ശേഖരിക്കുമ്പോൾ തേനീച്ചകളുടെ പുന:രുജ്ജീവനത്തിനായി ഒരു മരത്തിൽ രണ്ടോ അധിലധികമോ തേനീച്ചക്കൂടുകൾ തേൻ ശേഖരിക്കാതെ ബാക്കി വയ്ക്കുന്നത് പതിവാണ്.

കൂടാതെ, ചീവക്കാ, നെല്ലിക്ക, മാങ്ങ എന്നിവ ശേഖരിക്കുമ്പോൾ ധാരാളം പഴങ്ങൾ ഉള്ള വലിയ മരങ്ങളിൽ നിന്ന് മാത്രമേ ശേഖരണം നടത്താറുള്ളൂ. മരങ്ങളിലും ആവശ്യത്തിന് പഴങ്ങൾ ബാക്കി വെയ്ക്കുന്നത് ഒരു പതിവാണ്. ഇത് ചെടിയുടെ പുന:രുജ്ജീവനത്തിനും മറ്റ് ജീവജാലങ്ങൾക്കുള്ള ഭക്ഷണത്തിനുമായാണ്.

കുടിയേറ്റക്കാരുമായുള്ള വർദ്ധിച്ചു വരുന്ന ഇടപഴകൽ കാരണം, ഗോത്രവിഭാഗക്കാർക്ക് വിപണിയുമായി ഇടപെടേണ്ടത് ഒരു ആവശ്യമായി മാറി. ഇതവരുടെ അടിസ്ഥാന ഉപഭോഗ രീതി തന്നെ മാറ്റി. വരുമാനം നിലനിർത്താൻ പരമ്പരാഗത വിഭവ ശേഖരണ രീതികൾ ഉപേക്ഷിച്ച് വാണിജ്യ വിളവെടുപ്പ് നടത്തേണ്ടി വന്നു.

മാറി വന്ന നിയമങ്ങൾ കാരണം ആദിവാസികൾക്ക് കാട്ടിലേക്കുള്ള പ്രവേശനം പലയിടത്തും നിയന്ത്രിക്കപ്പെട്ടു. പല ആദിവാസി സമൂഹങ്ങൾക്കും ഉപജീവനത്തിനായി അവരുടെ പരമ്പരാഗത മാർഗ്ഗങ്ങൾ ഉപേക്ഷിച്ച് കൂലിപ്പണി പോലെയുള്ള ഉപജീവന മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടി വന്നു.



FRA Handbook inner_New_V6.indd 15 02-09-2024 17:25:56

അനന്തരഫലമായി ഭൂവുടമയുടെ ഭാഷ, സംസ്കാരം, മതം എന്നിവ ഇവരിൽ മാറ്റങ്ങൾ ഉണ്ടാക്കി.

ഇതെല്ലാം പരമ്പരാഗത ഗോത്രങ്ങളുടെ സ്വയംഭരണ സംവിധാനത്തെ ദുർബലപ്പെടുത്തി. പാരമ്പരികമായി ഒരേ കുടുംബത്തിൽ തന്നെ വന്നിരുന്ന സ്ഥാനങ്ങൾ ഗോത്രസമൂഹങ്ങളിലെ കുടുംബങ്ങൾ ചിതറിപ്പോവുകയും, ഓരോ സ്ഥാനത്തിനും ആവശ്യമായ വിവരസ്രോതസ്സുകൾ നഷ്ടപ്പെടുക മൂലവും, മുഖ്യധാരാ സംസ്കാരങ്ങളുടെ കടന്നു വരവു മൂലവും പലയിടങ്ങളിലും പ്രതിസന്ധിയിലാണ്. പരമ്പരാഗത സ്ഥാനങ്ങൾക്കും സംവിധാനങ്ങൾക്കുമുള്ള വിശ്വാസ്യത അങ്ങനെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വനസംബന്ധമായ പാരമ്പര്യ നിയമങ്ങളും സമ്പ്രദായങ്ങളും പരിപാലിക്കുന്നവരും അവയെപ്പറ്റി വിവരമുള്ളവരും പല വനവാസി സമൂഹങ്ങളിലും ഇപ്പോൾ വിരളമായേ കാണുന്നുള്ളൂ.

മാറിവരുന്ന വെല്ലുവിളികൾ ഈ പ്രതിസന്ധി തരണം ചെയ്യേണ്ടത് ഒരു അത്യാവശ്യമായി മാറുന്നു. കാലാവസ്ഥയിലും ആവാസവ്യവസ്ഥയിലും ഭൂപ്രകൃതിയിലും അതിവേഗം വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ, വനവാസികളുടെ വിവര സമ്പത്തും കൗശല്യങ്ങളും കാലോചിതമായി മൂല്യവർദ്ധന ചെയ്യേണ്ടതിന്റെ ആവശ്യം വെളിപ്പെടുത്തുന്നു. ഇതിനായി പരമ്പരാഗത വന വിജ്ഞാനവും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളും സമന്വയിപ്പിക്കേണ്ടിയിരിക്കുന്നു.

### 1.2.E ഗോത്ര വർഗ്ഗക്കാരുടെ ചരിത്രപരമായുള്ള പ്രാധാന്യം

ഗോത്ര വർഗ്ഗക്കാർ സാമൂഹികമായും ചരിത്രപരമായും പ്രബലമായ പങ്ക് വഹിച്ചവരാണ്. ഗോത്രരാജ്യങ്ങളിൽ പേരു കേട്ടതായിരുന്നു കർണാടകയിൽ ഇന്ന് ഷൊറപ്പൂർ എന്നറിയപ്പെടുന്ന സ്ഥലം. 1703 മുതൽ 1858 വരെ ഷൊറപ്പൂർ ഭരിച്ചിരുന്നത് ബേടരാണ്. ഭിൽ, നായക, വാൽമീകി എന്നീ ഗോത്ര സമൂഹങ്ങളെ ഒന്നടങ്കം വിശേഷിപ്പിക്കുന്ന പേരാണ് ബേടർ. അവസാനത്തെ ബേടർ രാജാവ് വനവൽക്കരണം, മണ്ണ്, ഭൂവുപയോഗം എന്നിവ സംരക്ഷിക്കാനായി ശക്തമായ നടപടികൾ എടുത്തിരുന്നു. 1857-ൽ ബേടർ രാജാവ്, തെക്ക് നിന്നുള്ള രാജാക്കന്മാരെ ഒരുമിച്ച് കൊണ്ട്



FRA Handbook inner_New_V6.indd 16 02-09-2024 17:25:56

വന്ന ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ വിജയകരമായി അണിനിരത്തി. ഇത് പോലെ തന്നെ എടുത്തു പറയേണ്ടതാണ് കേരളത്തിലെ ഗോത്രവർഗ്ഗക്കാരുടെ ചരിത്രവും. കുറിച്യരും മുള്ളുകുറുമരും മൈസൂർ രാജാവായിരുന്ന ഹൈദരാലിക്കും പിൻഗാമി, ടിപ്പുവിനെതിരെയും ഗറില്ലാ യുദ്ധം നടത്തിയവരാണ്.

കുറ-ചിയാൻ എന്ന പേര് തന്നെ അർത്ഥമാക്കുന്നത് നല്ല ലക്ഷ്യമുള്ള വെടിവെപ്പുകാരൻ എന്നാണ്. ഈ പേര് പഴശ്ശി രാജാവാണ് നൽകിയതെന്നും പറയപ്പെടുന്നു. ധീരരായ പോരാളികളാണ് കുറിച്യർ.

1793 മുതൽ 1805 വരെ കുറിച്യർ ബ്രിട്ടീഷുകാർക്ക് എതിരെ യുദ്ധത്തിൽ ഏർപ്പെട്ടു. ഏതാണ്ട് നൂറിലധികം യുദ്ധങ്ങളിൽ അവർ സജീവമായി പങ്കെടുത്തു. ഇത് കോട്ടയത്ത് യുദ്ധം എന്നാണ് അറിയപ്പെടുന്നത്. കുറിച്യരുടെയും മുള്ളുകുറുമരുടെയും വിദഗ്ധമായ ഗറില്ലാ യുദ്ധമുറകളാൽ ബ്രിട്ടീഷ് സൈന്യത്തിന് പിൻവാങ്ങേണ്ടി വന്നു.

ഇന്ത്യയിൽ വിന്യസിച്ചിരുന്ന ബ്രിട്ടീഷ് സൈന്യത്തിന്റെ മൂന്നിലൊന്നിനെയും അവരുടെ തോക്കുകളെയും ആണ് വെറും അമ്പും വില്ലും വടിവാളും ആയുധങ്ങളായി ഉണ്ടായിരുന്ന കൊച്ചു കുറിച്യർ സംഘം നേരിട്ട് വിജയിച്ചത്. “തലക്കൽ ചന്തു” എന്ന കുറിച്യ സൈനിക തലവന്റെയും ഒപ്പമുണ്ടായിരുന്ന ഗോത്ര വർഗ്ഗക്കാരുടെയും വൈദഗ്ധ്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഇന്ത്യയുടെ ചരിത്രത്തിൽ തന്നെ സമാനതകളില്ലാത്ത ഒരു ഏടാണിത്.

1805 എ. ഡി. പഴശ്ശി രാജാവ് ആത്മഹത്യ ചെയ്യുന്ന വരെയുള്ള ഒൻപത് വർഷക്കാലം കുറിച്യരാണ് പഴശ്ശി രാജാവിന് സംരക്ഷണം നൽകിയിരുന്നത്. പഴശ്ശി രാജാവിന്റെയും തലക്കൽ ചന്തുവിന്റെയും മരണ ശേഷം 1812-ൽ കുറിച്യരും മുള്ളുകുറുമരും വയനാട്ടിലെ ബ്രിട്ടീഷ് ഭരണത്തെ അട്ടിമറിക്കാൻ ഒരിക്കൽ കൂടി കലാപം നടത്തിയിരുന്നു. ഏതാനും മാസങ്ങൾ വയനാട് കുറിച്യരുടെയും മുള്ളുകുറുമരുടെയും നിയന്ത്രണത്തിലുമായി. നിർഭാഗ്യവശാൽ, ഇതിന് അധികം ആയുസ്സ് ഉണ്ടായില്ല. കാട്ടുനായ്ക്കരുടേയും പണിയരുടേയും ചരിത്രവും സമാനമായ ഉജ്ജ്വല ഭൂതകാലത്തിലേക്ക് വിരൽ ചൂണ്ടുന്നു.



FRA Handbook inner_New_V6.indd 17 02-09-2024 17:25:56

"ജെംഷെഡ്പൂരിൽ ജീവിച്ചിരുന്ന അസുര ഗോത്രം" മരക്കരി ഉപയോഗിച്ച് ഇരുമ്പയിര് വേർതിരിച്ചെടുക്കാനുള്ള ലോഹ സംസ്കരണ ശാസ്ത്രത്തിൽ പ്രഗൽഭരായിരുന്നു. ഇവർ ഉത്പാദിപ്പിച്ചിരുന്ന ഇരുമ്പ് തുരുമ്പെടുക്കാത്തതായിരുന്നുവെന്ന് പറയപ്പെടുന്നത്. അങ്ങനെയാണ് ദില്ലിയിലെ അശോക സ്തംഭം 2000 വർഷങ്ങൾക്ക് ശേഷവും തുറന്ന സ്ഥലത്ത് നിന്ന് വരുന്നതെന്ന് പറയപ്പെടുന്നു.

ചരിത്രത്തിൽ നിന്നുള്ള മേൽപ്പറഞ്ഞ ഉദാഹരണങ്ങൾ കാണിക്കുന്നത് ഇന്ന് മുഖ്യധാരയുമായി താരതമ്യപ്പെടുത്തി ദുർബലരെന്നു വിളിക്കപ്പെടുന്ന ഗോത്രവിഭാഗക്കാരുടെ ശാക്തീകരണ സാധ്യതകളാണ്.

### 1.2.F കാലാവസ്ഥാ വ്യതിയാനവും പശ്ചിമഘട്ടത്തിലെ വനവാസികളുടെ ജീവിതവും

ഹരിത, വ്യവസായ വിപ്ലവങ്ങളുടെയും മൂലധനാതിഷ്ഠിതമായ സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥകളുടെയും വേലിയേറ്റത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട പശ്ചിമഘട്ടത്തിലെ കാടുകളിലേക്ക് ഉൾവലിഞ്ഞ വനവാസി സമൂഹങ്ങൾ പരിസ്ഥിതി വ്യതിയാനങ്ങളുടെ ആദ്യത്തെ ഇരകളായി തീർന്നു. വർദ്ധിച്ചു വരുന്ന മണ്ണിടിച്ചിലിലും ഉരുൾപ്പൊട്ടലിലും വെള്ളപ്പൊക്ക കെടുതികളിലും ജീവൻ നഷ്ടപ്പെടുന്നതും പറിച്ചു മാറ്റപ്പെടുന്നതും വനവാസി സമൂഹങ്ങളാണ്.

ഐക്യരാഷ്ട്ര സഭയുടെ ഇന്റർ ഗവൺമെന്റൽ ഫോറം ഓൺ ക്ലൈമറ്റ് ചേഞ്ചിന്റെ (Inter Governmental Forum on Climate Change-IPCC) കീഴിൽ നടത്തിയ കോൺഫറൺസിൽ (COP-25) വെച്ച് വായു മലിനീകരണം കുറയ്ക്കാനായി നിലവിൽ വന്ന സമവായം കാര്യക്ഷമമായി നടപ്പാക്കിയാൽ പോലും 2050 ഓടെ പശ്ചിമഘട്ട മേഖലയിലെ 33% ജൈവവൈവിധ്യം നഷ്ടപ്പെട്ടിരിക്കുമെന്നും നിത്യ ഹരിത വനങ്ങൾ ഇല പൊഴിയുന്ന ഉഷ്ണമേഖലാ വനങ്ങളായി മാറുമെന്നും IPCC റിപ്പോർട്ട് 2021 മുന്നറിയിപ്പ് നല്കുന്നു. വായു മലിനീകരണം COP-25ൽ നിശ്ചയിച്ച പോലെ കുറയ്ക്കാനായില്ലെങ്കിൽ അന്തരീക്ഷ താപനില അടുത്ത 80 വർഷത്തിൽ ഇനിയും 4 ഡിഗ്രി സെൽഷ്യസ് കൂടാനാണ്



FRA Handbook inner_New_V6.indd 18 02-09-2024 17:25:56

സാധ്യത. താപനില 1 ഡിഗ്രി സെൽഷ്യസ് കൂടിയതിന്റെ പരിണിത ഫലങ്ങളാണ് ഇപ്പോൾ കണ്ടു വരുന്ന പെരുമഴ, വരൾച്ച, ഉരുൾ പൊട്ടൽ കെടുതികൾ. നമുക്ക് വിചാരിക്കാനാവാത്ത, ജീവിച്ച് പരിചയമില്ലാത്ത അപായ സാഹചര്യങ്ങളിലേക്കാണ് ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ പശ്ചിമഘട്ട നിവാസികൾ എത്തി ചേരുക.

**അവലംബം:**


Dudley, A. (1999). Indigenous Forest Use Practices And Sustainability: A Case Study Of The Adivasis Of The Nilgiri Biosphere Region, South India (dissertation).

Muraleedharan, P. K., Sankar, R., Pandalai, R. C., & Chacko, K. C. (1991.). (rep.). Studies On Human Ecology And Eco-Restration Of Attapady Valley.

Madegowda, C. (2009). Traditional Knowledge and Conservation Madegowda C. Economic and Political Weekly, xli(21), 65–69.

Sahay, K. N. (1998). A study of tribal self-image and identity. In Dynamics and dimensions of tribal societies: Regional and Indian perspective. essay, Commonwealth Publishers.

Thurston, E., & Rangachari, K. (1993). Castes and tribes of Southern India (Vol. IV). Asian Educational Services.

Thampan, V., & Premsai, .T. V. (2022). The Military History Of Kurichiyan And Mullukuruman Tribes Of Wayanad. Journal of Human Sciences , 1(2), 39–45.

Singh, K. S. (2006). Tribal Movements in India. Published by Ajay Kumar Jain for Manohar Publishers.

Mathur, P.R.G. (1977). Tribal situation in Kerala. Kerala Historical Society.

Kulkarni, C. (2021, August 14). Western ghats will lose 33% biodiversity by 2050 due to climate change, warn scientists who authored ipcc report . Deccan Herald.




FRA Handbook inner_New_V6.indd 19 02-09-2024 17:25:56

SANDRP. (2013, July 26). Climate Change in Western Ghats: 4X4 Report and Beyond. South Asia Network on Dams, Rivers and People. https://sandrp.in/2013/07/26/climate-change-in-western-ghats-4x4-report-and-beyond/

Intergovernmental Panel on Climate Change. (2022). Climate Change 2022: Impacts, Adaptation and Vulnerability. H.-O. Pörtner, D.C. Roberts, M. Tignor, E.S. Poloczanska, K. Mintenbeck, A. Alegría, M. Craig, S. Langsdorf, S. Löschke, V. Möller, A. Okem, B. Rama (Eds.). Cambridge University Press. https://doi.org/10.1017/9781009325844



FRA Handbook inner_New_V6.indd 20 02-09-2024 17:25:56



## യൂണിറ്റ് I: ആദിവാസികളും വനങ്ങളും – ഒരു ചരിത്ര വീക്ഷണം

### വിഷയം 3: കേരളത്തിലെ വന പരിപാലന സംവിധാനങ്ങൾ– ബ്രിട്ടീഷ് ഭരണകാലം മുതൽ 1990 വരെ

കേരളമെന്ന സംസ്ഥാനം രൂപീകൃതമാകുന്നത് 1956-ൽ ആണ്. അതിനു മുൻപ് ഇവിടെയുണ്ടായിരുന്ന മൂന്ന് ഭരണപ്രദേശങ്ങളിൽ (മലബാർ, കൊച്ചി, തിരുവിതാംകൂർ) വ്യത്യസ്തമായ വന പരിപാലന സംവിധാനങ്ങളാണ് നില നിന്നിരുന്നത്. അത് കൊണ്ട് തന്നെ ഇന്നത്തെ കേരളത്തിലെ ഈ മൂന്നു ഭാഗങ്ങളിലെ വന പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ ചരിത്രപരമായ സാഹചര്യങ്ങളും വനാവകാശ നിയമം നടപ്പാക്കുന്നതിനുള്ള വെല്ലുവിളികളും വിവിധങ്ങളാണ്.

#### I.3.A മലബാർ

1792-ൽ അന്ന് മൈസൂർ വാണിരുന്ന ടിപ്പു സുൽത്താനും ബ്രിട്ടീഷുകാരുമായുള്ള കരാർ പ്രകാരം മലബാറിന്റെ ഭാഗങ്ങൾ ബ്രിട്ടീഷ് അധീനതയിൽ ആയി. ഇംഗ്ലണ്ടിൽ അക്കാലത്ത് നിലനിന്നിരുന്ന വന പരിപാലന സംവിധാനങ്ങൾ മലബാറിൽ നടപ്പാക്കാൻ ആരംഭിച്ചു. വനം സ്വകാര്യ സ്വത്തായി കണക്കാക്കപ്പെട്ടു.

അന്ന് ബോംബെ ഇന്ത്യയുടെ പ്രധാന തുറമുഖമായി വളരുകയായിരുന്നു. അവിടത്തെ കപ്പൽ നിർമ്മാണത്തിനായി വളരെ അധികം തേക്കിൻ തടികൾ ആവശ്യമായി വന്നു. അത്



FRA Handbook inner_New_V6.indd 21 02-09-2024 17:25:56

കൊണ്ട് പോയിരുന്നത് മലബാറിലെ കാടുകളിൽ നിന്നാണ്. തേക്ക് മരങ്ങൾ കപ്പൽ നിർമ്മാണത്തിനായി വൻതോതിൽ വെട്ടി വീഴ്ത്തിയപ്പോൾ മൂപ്പെത്താത്ത തേക്കുകൾ കൂടി നീക്കം ചെയ്യപ്പെട്ടു.

H.V കനോലി മലബാർ കളക്ടർ ആയി ചാർജ്ജ് എടുക്കുന്നത് വരെ ഈ വന നശീകരണം തുടർന്നു. മലബാറിലെ വന പ്രദേശങ്ങൾ സർക്കാരിന്റെ അധീനതയിൽ കൊണ്ട് വരുവാൻ കനോലി ശ്രമിച്ചു. ലോകത്തിലാദ്യമായി തേക്കിൻ തോട്ടങ്ങൾ നട്ട് പിടിപ്പിച്ചത് കനോലിയുടെ നേതൃത്വത്തിൽ മലബാറിൽ ആയിരുന്നു. ഈസ്റ്റ് ഇന്ത്യ കമ്പനി തേക്കിൻ തോട്ടങ്ങൾ വെച്ചുപിടിപ്പിക്കാനായി 670 ചതുരശ്ര കിലോമീറ്റർ സ്വകാര്യ വന ഭൂമി വില കൊടുത്തു വാങ്ങിച്ചു.

1841-43 കാലഘട്ടത്തിൽ കമ്പനി, സാമൂതിരി രാജാവിന്റെ ഉടമസ്ഥതയിലുള്ള വനങ്ങൾ പാട്ടത്തിനെടുത്ത് തേക്ക് വിത്തുകൾ വിതച്ചെങ്കിലും അത് ഫലവത്തായില്ല. പിന്നീട് വന്ന സബ് കൺസർവേറ്ററായ ചാത്തു മേനോൻ തേക്കിൻ വിത്തുകൾ വേണ്ട പോലെ ട്രീറ്റ് ചെയ്തു (സംസ്കരിച്ച്) നഴ്സറിയിൽ മുളപ്പിച്ച് നടാനായി തേക്കിൻ തൈകൾ തയ്യാറാക്കി.

1886 വരെ തേക്കിൻ തോട്ടങ്ങൾ മലബാറിൽ ഇങ്ങനെ പരിപാലിച്ചു വന്നു. തേക്കിന് യോജ്യമായ മണ്ണ് എല്ലായിടത്തും ലഭ്യമല്ലാതെ വന്നതിനാൽ പുതിയ തേക്കിൻ തോട്ടങ്ങൾ കുറഞ്ഞു വന്നു. അങ്ങിനെ വാണിജ്യ പ്രധാന്യമുള്ളതും മലബാറിന് യോജിച്ചതുമായ മഹാഗണി മരങ്ങൾ നട്ട് പിടിപ്പിക്കാൻ ആരംഭിച്ചു. തേക്കിൻ തോട്ടങ്ങളിൽ ആകട്ടെ പ്ലാവ്, ആഞ്ഞിലി തുടങ്ങിയ മരങ്ങളും ഇടകലർത്തി നടാനും തുടങ്ങി.

മലബാർ അഥവാ മലയാളം ജില്ല എന്നറിയപ്പെട്ടിരുന്ന ഉത്തര കേരള പ്രദേശങ്ങൾ പിന്നീട് ഇന്ത്യയുടെ സ്വാതന്ത്ര്യ ലബ്ധി വരെ മദ്രാസ് പ്രസിഡൻസിയിൽ ചേർക്കപ്പെട്ടു. അക്കാലത്ത് റോഡേസ് (Rodez) മോർഗൻ എന്ന ജില്ലാ വന അധികാരി മലബാറിലെ സസ്യ-ലതാദികളെയും മൃഗങ്ങളെയും വിശദമായി രേഖപ്പെടുത്തി. ഇത് 1887-ൽ പുറത്തു വന്ന വില്യം ലോഗന്റെ

സുപ്രസിദ്ധമായ "മലബാർ മാനവൽ"[3] എന്ന പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1865 മുതൽ ബ്രിട്ടീഷ് ഇന്ത്യയിൽ പല വന നിയമങ്ങൾ നിലവിൽ വന്നു. ഇവയെല്ലാം ചേർന്ന 1927-ൽ സമഗ്രമായ ഒരു വന നിയമമായി തീർന്നു. 1882-ൽ മദ്രാസ് ഫോറസ്റ്റ് ആക്റ്റ് നിലവിൽ വന്ന മുതൽ വന പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്ര വർഗ്ഗക്കാരുടെ ജീവിതത്തിനു കാര്യമായ തടസ്സങ്ങൾ ഉണ്ടാകാൻ തുടങ്ങി. വനങ്ങളുടെ അകത്ത് താമസിക്കാനും സഞ്ചരിക്കാനും വനവിഭവങ്ങൾ ശേഖരിക്കാനും നിയന്ത്രണങ്ങൾ ആദ്യമായി നിലവിൽ വന്നു. മദ്രാസ് ഫോറസ്റ്റ് ആക്റ്റിന്റെ കീഴിൽ തന്നെ സൈലൻറ് വാലി, വാളയാർ ചേന്നത്ത് നായർ റിസർവ് എന്നിവ റിസർവ് വനമായി പ്രഖ്യാപിച്ചു. അവിടങ്ങളിൽ താമസിച്ചിരുന്ന ആദിവാസി ജനങ്ങളായ കുറുമ്പർ, മുദുഗ ഗോത്ര സമുദായങ്ങൾക്ക് അങ്ങനെ വനത്തിലുള്ള പരമ്പരാഗത അവകാശങ്ങൾ നഷ്ടപ്പെട്ടു.

1893-ലെ വന നിയമം അനുസരിച്ച് ഇംഗ്ലണ്ടിലെ ഭരണ സംവിധാനത്തിന്റെ മാതൃകയിൽ മലബാറിൽ വനം വകുപ്പ് രൂപീകരിക്കപ്പെട്ടു. അങ്ങനെ വന പരിപാലന നടപടികൾ "ഡിവിഷൻ", 'റേഞ്ച്' എന്നീ വിഭാഗങ്ങളിലൂടെ പ്രാവർത്തികമാക്കാൻ ആരംഭിച്ചു. 1900-ത്തിനോടടുപ്പിച്ചുള്ള കാലഘട്ടത്തിലാണ് മധ്യ തിരുവിതാംകൂറിൽ നിന്ന് മലബാറിലെ

---

[3] വില്യം ലോഗൻ എന്ന സ്കോട്ട് ലാന്റുകാരനായ ഉദ്യോഗസ്ഥൻ അദ്ദേഹം കേരളത്തിൽ നടത്തിയ യാത്രകളിൽ നിന്നും പഠനങ്ങളിൽ നിന്നും ലഭ്യമായ വിവരങ്ങളും നിരീക്ഷണങ്ങളും ഉൾക്കൊള്ളിച്ച് എഴുതിയ ഗ്രന്ഥമാണ് മലബാർ മാന്വൽ. ഇതിൽ കേരളത്തിലെ ഭൂപ്രകൃതി, കാലാവസ്ഥ, സസ്യങ്ങൾ, പ്രാണികൾ എന്നിവയെ കുറിച്ചും, ഇവിടുത്തെ ജനങ്ങളെ പറ്റിയും അവരുടെ ആചാര- സമ്പ്രദായങ്ങളെ കുറിച്ചും ചരിത്രത്തെ കുറിച്ചും മറ്റും വിശദമായി പരാമർശിച്ചിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്ന ലിങ്കിൽ ഈ പുസ്തകം വായിക്കാവുന്നതാണ്. https://ia803001.us.archive.org/21/items/malabarmanual0000loga/malabarmanual0000loga.pdf

https://ia803002.us.archive.org/20/items/malabar_manual_volume2/malabar_manual_volume2.pdf



FRA Handbook inner_New_V6.indd 23 02-09-2024 17:25:57

വന മേഖലയിലേക്ക് കുടിയേറ്റം ആരംഭിക്കുന്നത്. അത് മലബാറിലെ വന നശീകരണത്തെ കൂടുതൽ വേഗത്തിലാക്കി.

1927-ൽ നിലമ്പൂർ- ഷൊറണൂർ റയിൽവേ ലൈൻ നിലവിൽ വന്നു. ഇതോടെ, കാട്ടിൽ നിന്നും മുറിച്ച തടികൾ അതി വേഗത്തിൽ തന്നെ കടത്താനായി. അങ്ങനെ റയിൽവേയുടെയും കപ്പലുകളുടെയും നിർമ്മാണത്തിനായി 1800 -കളിൽ തുടങ്ങിയ വന നശീകരണം കുടിയേറ്റ കൃഷിക്കാരുടെയും തോട്ട മേഖലയുടെയും വരവോടെ 1930-കളിൽ മൂർദ്ധന്യത്തിലെത്തി. അതോടൊപ്പം വനവാസികളുടെ അവകാശങ്ങൾ ഉന്മൂലനം ചെയ്യപ്പെടുകയും ചെയ്തു.

1949-ൽ ആണ് മദ്രാസിലെ സ്വകാര്യ വന സംരക്ഷണ നിയമം നിലവിൽ വന്നത്. ഇത് പ്രകാരം 40 ഹെക്ടറിൽ കൂടുതലായുള്ള സ്വകാര്യ വന ഭൂമികൾ സർക്കാരിന്റെ അധീനതയിലായി. ഒരു നൂറ്റാണ്ടിലേറെയായി മലബാറിലെ ആദിവാസി ജനതയുടെ സാമൂഹ്യ- സാമ്പത്തിക- സാംസ്കാരിക ജീവിതത്തിനേറ്റ ആഘാതത്തിന് കാര്യമായ ആശ്വാസമേകാൻ ഈ നീക്കത്തിനുമായില്ല.

### I.3.B കൊച്ചി

കൊച്ചി-തിരുവിതാംകൂർ മേഖലയിൽ ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ നേതൃത്വത്തിൽ നടന്നു വന്നിരുന്ന വന നശീകരണ നയങ്ങൾക്ക് അറുതി വരുത്തിയത് ദിവാനായ കേണൽ മൺറോ ആയിരുന്നു. 1813-ൽ കാടിന്റെ മേലധികാരിയായി "മലമേൽ വിചാരിപ്പ്" (ഫോറസ്റ്റ് സൂപ്രണ്ട് / Superintendent of the Forests) എന്നൊരു തസ്തികയും അതിനോട് ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരേയും ചേർത്തു കൊണ്ട് ഒരു വകുപ്പ് ഉണ്ടാക്കിയത് മൺറോ ആയിരുന്നു. ഈ വന ഭരണ വിഭാഗം കാട്ടിൽ നിന്ന് തേക്ക് മരങ്ങൾ മാത്രം ശേഖരിച്ചു. മറ്റ് വിഭവങ്ങളുടെ ശേഖരണം സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിനു നൽകി. പിന്നീട് വന്ന വനാധികാരികളും കാടിനെ വാണിജ്യ ആവശ്യങ്ങൾക്ക് മാത്രമായി കണ്ടു വന്നു.

1837-ൽ വനവിഭവശേഖരണത്തിന് കൊച്ചി രാജ്യത്ത് നിയമങ്ങൾ നിലവിൽ വന്നു. ഈട്ടി, വീട്ടി തുടങ്ങിയ രാജകീയ/ദേശീയ



FRA Handbook inner_New_V6.indd 24 02-09-2024 17:25:59

മരങ്ങൾ വനം വകുപ്പിന് മാത്രം അവകാശപ്പെട്ടതായിരുന്നു. മറ്റ് തടികൾ "പെർമിറ്റ്" സംവിധാനത്തിലൂടെയും, ചെറുകിട വന വിഭവങ്ങൾ കരാർ വ്യവസ്ഥയിലും ശേഖരണം ആരംഭിച്ചു. 1923 വരെ ദേശീയ വൃക്ഷങ്ങളുടെ കുത്തക സർക്കാരിന് തന്നെയായിരുന്നു. അങ്ങനെ കൊച്ചി രാജ്യത്തെ ആദിവാസികളുടെ അവകാശങ്ങൾ ഇല്ലാതെയായി. കൂപ്പ് ലേലം വിളിക്കുന്ന പണക്കാർക്കും രാജകീയ മരങ്ങൾ നീക്കം ചെയ്യുന്ന സർക്കാരിന്റേയും കൂലിക്കാരായി മാറി കൊച്ചി രാജ്യത്തെ ആദിവാസികൾ.

പാറക്കടവ് പുഴയുടെ തീരങ്ങളിൽ തുടങ്ങിയ തേക്കിൻ തോട്ടങ്ങൾ വളർത്തിയെടുക്കുന്ന പരിപാടി 1891 വരെ തുടർന്നിരുന്നു. 1893 മുതൽ ചന്ദന മരങ്ങൾ നടാൻ ആരംഭിച്ചു. മലബാറിൽ വനങ്ങളിൽ നിന്നും മരം മുറിക്കുന്നതിന് ആദ്യമായി നിയന്ത്രണങ്ങൾ വരുന്നത് 1897-ൽ അൽവാർ ചെട്ടി, കൊച്ചി മഹാരാജാവിന്റെ ഉപദേഷ്ടാവായി വരുന്നതോടെയാണ്. 1882-ലെ മദിരാശി ഫോറസ്റ്റ് ആക്ടിനെ ആസ്പദമാക്കി 1905-ൽ കൊച്ചിൻ ഫോറസ്റ്റ് ആക്ട് നിലവിൽ വന്നു. ഈ നിയമ പ്രകാരം വനം സംരക്ഷിക്കാനും വിറക് അടക്കമുള്ള വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിനും നിയമങ്ങൾ നിലവിൽ വന്നു.

1908-ൽ പൂർത്തിയായ ഫോറസ്റ്റ് ട്രാംവേ ഊരുകൊമ്പനിൽ നിന്ന് ചാലക്കുടിയിലേക്ക് തടി കടത്തി കൊണ്ട് പോകാൻ സഹായിച്ചു. ഈ ട്രാംവേയുടെ സഹായത്താൽ ഒരു വർഷം തന്നെ 32,000 ഹെക്ടർ വനം ചൂഷണം ചെയ്യപ്പെട്ടു. കൊച്ചി രാജ്യത്ത് അന്ന് ആകെ 50,000 ഹെക്ടർ വനം ആണ് ഉണ്ടായിരുന്നതെന്നാണ് കണക്കുകൾ പറയുന്നത്. 1908-ൽ വനം വകുപ്പ് "റേഞ്ച്" അടിസ്ഥാനത്തിൽ പുനഃസംഘടിക്കപ്പെട്ടു. 1915 മുതൽ കൊച്ചിയിലെ ഫോറസ്റ്റ് ഡിവിഷനുകൾ തേക്കിൻ തോട്ടങ്ങൾ ഉണ്ടാക്കാൻ തുടങ്ങുകയും 1944-യോടെ മറ്റ് മരങ്ങളുടെയും പ്രജനനം തുടങ്ങുകയും ചെയ്തു.

വനങ്ങളെ ചൂഷണം ചെയ്യുന്നവരുടെയും വനം നശിപ്പിച്ച് തോട്ട കൃഷികൾ ചെയുന്നവരുടെയും കൂലിക്കാരായി ആദിവാസികൾ മാറുന്ന കാഴ്ച മറ്റ് പല വന പ്രദേശങ്ങളിലെയും പോലെ കൊച്ചിയിലും കണ്ടു തുടങ്ങി.



FRA Handbook inner_New_V6.indd 25 02-09-2024 17:25:59

### I.3.C തിരുവിതാംകൂർ

പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ദക്ഷിണേന്ത്യയിലെ കാട്ടുകളിൽ കപ്പൽ നിർമ്മിക്കാനാവശ്യമായ തേക്ക് അന്വേഷിച്ചുള്ള സർവ്വേകളും പഠന യാത്രകളും ബ്രിട്ടീഷുകാർ നടത്തിയിരുന്നു. മദ്രാസ് സൈന്യത്തിലെ ലെഫ്റ്റനന്റുമാരായ വാർഡും കോണറും നടത്തിയ സർവ്വേകളുടെ ഓർമ്മക്കുറിപ്പുകളിൽ തിരു-കൊച്ചി സംസ്ഥാനങ്ങളിലെ കാട്ടുകളെ കുറിച്ച് വിശദമായി വർണ്ണിക്കുന്നുണ്ട്.

1820-ൽ തന്നെ ആലപ്പുഴയിൽ തടി ഡിപ്പോ സ്ഥാപിതമായി. തടിക്ക് വേണ്ടി വനം ചൂഷണം ചെയ്യാൻ ചുമതലയുള്ള ഉദ്യോഗസ്ഥൻ തന്നെയായിരുന്നു വന സംരക്ഷകനും (Forest Conservator). സർക്കാർ ശേഖരിക്കുന്ന തേക്കിൻ തടികളിൽ നിന്ന് അമ്പലങ്ങൾക്കും പള്ളികൾക്കും ഇല്ലങ്ങൾക്കും കൊട്ടാരങ്ങൾക്കും സൗജന്യമായി തടി നല്കുന്ന പതിവുണ്ടായിരുന്നു.

1865-ൽ നിലവിൽ വന്ന ബ്രിട്ടീഷ് ഇന്ത്യയിലെ ആദ്യ വന നിയമത്തെ ആധാരമാക്കി തിരുവിതാംകൂർ ഫോറസ്റ്റ് ആക്ട് വരുന്നത് 1887-ൽ ആണ്. അപ്പോഴേക്കും തേക്കിൻ തോട്ടങ്ങൾ ആരംഭിക്കാനുള്ള ശ്രമം കോന്നിയിലും മലയാറ്റൂരിലും തുടങ്ങിയിരുന്നു. കോന്നിയിലാണ് തിരുവിതാംകൂറിലെ ആദ്യ റിസർവ് ഫോറസ്റ്റ് നിലവിൽ വന്നത്.

1891-ൽ വന സംരക്ഷകനായി ചുമതലയേറ്റ ബോർഡില്ലൻ, തിരുവിതാംകൂറിലെ കാട്ടുകളെക്കുറിച്ച് ഒരു റിപോർട്ട് (Report of the Forest of Travancore) പ്രസിദ്ധീകരിച്ചു. അതിനു ശേഷം അദ്ദേഹം രചിച്ച തിരുവിതാംകൂറിലെ വനവൃക്ഷങ്ങൾ[4] (Forest Trees of Travancore) എന്ന ആധികാരിക ഗ്രന്ഥത്തിൽ നിന്നാണ് തിരുവിതാംകൂറിൽ ഇന്ന് നാമാവശേഷമായിരിക്കുന്ന വൃക്ഷങ്ങളെ കുറിച്ച് നാം മനസ്സിലാക്കുന്നത്.

1830-കളിൽ ആണ് വന പരിപാലന നിയമങ്ങളും ചട്ടങ്ങളും നിലവിൽ വന്നതും, വനം വകുപ്പ് ഡിവിഷനുകളും റേഞ്ചുകളുമായി

[4] താഴെ കൊടുത്തിരിക്കുന്ന ലിങ്കിൽ ഈ പുസ്തകം ലഭ്യമാണ്. വനത്തിലെ മരങ്ങളെ സംബന്ധിച്ച് വിശദമായ വിവരങ്ങൾ ലഭ്യമാണ്. https://archive.org/details/pli.kerala.rare.17966/page/n135/mode/2up



FRA Handbook inner_New_V6.indd 26 02-09-2024 17:26:00

തിരിച്ചതും. ബ്രിട്ടീഷുകാരുടെ ഒരു നൂറ്റാണ്ടിലേറെയായി തുടർന്നു വന്ന തേക്കിനോടുള്ള ആസക്തിയും അതിനായി വികസിപ്പിച്ചെടുത്ത സാങ്കേതിക മാർഗ്ഗങ്ങളും വ്യാപകമായ മണ്ണൊലിപ്പിനും വനനശീകരണത്തിനും ഇടയാക്കി.

ബോർഡില്ലന് ശേഷം കൺസർവേറ്ററായി വന്ന രാമ റാവു ആണ് "തിരുവിതാംകൂറിലെ പൂമരങ്ങൾ" (Flowering Plants of Travancore) എന്ന പുസ്തകം എഴുതിയത്. ഇതിൽ 3535 തരം പൂമരങ്ങളെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്.

1920 മുതൽ പാഴ് നിലങ്ങൾ 200 ഹെക്ടറിന്റെ തുണ്ടുകളായി വ്യക്തികൾക്കും കമ്പനികൾക്കും കാപ്പി, തേയില തോട്ടങ്ങൾ ഉണ്ടാക്കാൻ വിറ്റു. ദേശസാൽകൃത വൃക്ഷങ്ങൾ (തേക്ക്, വീട്ടി, ഈട്ടി, മഹാഗണി, ചന്ദനം) നടാനുള്ള അവകാശം അപ്പോഴും സർക്കാരിന്റേത് മാത്രമായിരുന്നു.

വന്യമൃഗ സംരക്ഷണത്തിന്റെ ആവശ്യകത തിരുവിതാംകൂറിൽ ഉടലെടുക്കുന്നത് 1930-കളിൽ ആണ്. ഇന്ന് പെരിയാർ വന്യജീവി സങ്കേതം എന്നറിയപ്പെടുന്ന "നെല്ലിക്കാംപ്പെട്ടി വേട്ടയാടൽ കേന്ദ്രം" നിലവിൽ വന്നത് 1933-ൽ ആണ്.

ഏലത്തോട്ടങ്ങൾക്കായി കാടുകൾ പാട്ടത്തിന് നൽകി തുടങ്ങിയതോടെ കാർഷിക വിളകളും കാട്ടുമരങ്ങളും ഇടകലർത്തിയുള്ള കൃഷി രീതി ആരംഭിച്ചു. 1905-ൽ തന്നെ വന ഗോത്ര വിഭാഗങ്ങൾക്ക് ഒരു കുടുംബത്തിന് 1.2 ഹെക്ടർ എന്ന കണക്കിന് ഭൂമി സൗജന്യമായി നൽകി. എന്നാൽ, ഈ പ്രദേശങ്ങളിലെ ആവാസവ്യവസ്ഥ സാരമായി മാറ്റി മറിക്കാൻ ഇടയാക്കിയത് നെൽകൃഷിക്കായി വൻ തോതിൽ കാടുകൾ പാട്ടത്തിനു കൊടുത്തപ്പോഴാണ്. 1942-ൽ മാത്രം 9,600 ഹെക്ടർ കാടുകൾ നെൽകൃഷി ചെയ്യാൻ പാട്ടത്തിനു കൊടുത്തു. ഈ കാലയളവിൽ തന്നെയാണ് വനവിഭാഗം വർക്കിങ്ങ് പ്ലാനുകളും ആസൂത്രിത വൃക്ഷ തോട്ടങ്ങളും തയ്യാറാക്കാൻ തുടങ്ങുന്നത്. ഇതിലെല്ലാം കാടിനെ പണമുണ്ടാക്കാനുള്ള ഉപാധിയായി മാത്രം കണ്ടു വന്ന ബ്രിട്ടീഷ് ശൈലി ഏറെ കാലം തുടർന്നു വന്നു പോന്നു. തേക്ക്, മറ്റ് വില കൂടിയ തടികൾ തരുന്ന മരങ്ങൾ എന്നിവയിൽ നിന്ന് മുളയിലേക്കും ഈറ്റയിലേക്കും അത് വ്യാപിച്ചു. 1940-



FRA Handbook inner_New_V6.indd 27 02-09-2024 17:26:00

ൽ അങ്ങനെ സർക്കാർ ഉടമസ്ഥതയിൽ പുനലൂർ പേപ്പർ മിൽ സ്ഥാപിക്കപ്പെട്ടു.

### I.3.D ഐക്യ കേരളം

18-ാം നൂറ്റാണ്ട് വരെയും കേരളം എന്ന ഇന്നത്തെ ഭൂപ്രദേശത്തിന്റെ മുക്കാൽ ഭാഗവും വന നിബിഡമായിരുന്നു. പക്ഷേ, സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം, 1950-കളുടെ തുടക്കത്തിൽ, വനമേഖലകളിൽ കൈയേറ്റങ്ങൾ ഉണ്ടായി. ഇത് 1970-കളുടെ തുടക്കം വരെ തുടർന്നു. വന പ്രദേശത്തിന്റെ വ്യാപ്തിയിൽ അങ്ങനെ സാരമായ കുറവ് സംഭവിച്ചു. കേരള രൂപീകരണ സമയത്ത് 8635.11 ചതുരശ്ര കിലോമീറ്റർ ആയിരുന്നു വന വിസ്തൃതി 11531.139 (ഈ കണക്കിൽ പ്ലാൻറ്റേഷൻ ഭൂമിയും ഉൾപ്പെട്ടിരിക്കുന്നു. എന്നാൽ വനങ്ങളുടെ ഗുണമേന്മയെ കുറിച്ച് വിവരങ്ങൾ ലഭ്യവുമല്ല).

1956 നവംബർ 1-ന് ഐക്യ കേരളം നിലവിൽ വന്നപ്പോൾ വനം വകുപ്പ് മൂന്ന സർക്കിളുകളായും (കൊല്ലം, ചാലക്കുടി, കോഴിക്കോട്) 14 ഡിവിഷനുകളായും തിരിക്കപ്പെട്ടു. 2007 ആയപ്പോഴേക്കും വനം വകുപ്പിന് അഞ്ച് ടെറിട്ടോറിയൽ (territorial) സർക്കിളുകളായി. ഇത് കൂടാതെ, കേരളത്തിൽ ഇന്ന് 6 ദേശീയ ഉദ്യാനങ്ങളും, 17 വന്യജീവി സങ്കേതങ്ങളും, ഒരു കമ്മ്യൂണിറ്റി റിസർവും (community reserve) ഉണ്ട്. 1985-ൽ പ്രവർത്തനം ആരംഭിച്ച വൈൽഡ് ലൈഫ് വിംഗ് (wildlife wing) ആണ് ഇത്തരം സംരക്ഷിത പ്രദേശങ്ങളുടെ ശാസ്ത്രീയവും സുസ്ഥിരവുമായ പരിപാലനം നടത്തി പോരുന്നത്.

മറ്റൊരു പ്രധാനപ്പെട്ട നീക്കം 1982-ൽ സോഷ്യൽ ഫോറസ്ട്രി (social forestry) വിഭാഗം രൂപീകരിച്ചതാണ്. വനമേഖലകൾക്ക് പുറത്ത് പൊതുഭൂമിയിലും മറ്റും മരങ്ങൾ നട്ട് പച്ചപ്പ് വർദ്ധിപ്പിക്കുക എന്നതായിരുന്നു വിഭാഗത്തിന്റെ ലക്ഷ്യം. വനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിനു വേണ്ടി മാത്രമായി പ്രത്യേക വന കോടതികളും സ്ഥാപിക്കപ്പെട്ടു.

1961-ൽ ആണ് കേരള വന നിയമം നിലവിൽ വരുന്നത്. പഴയ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവിടങ്ങളിൽ

നിലനിന്നിരുന്ന സമാനമായ നിയമങ്ങൾ ഏകീകരിച്ചതാണ് കേരള വന നിയമം. ഈ നിയമം നിരവധി നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഉദാഹരണത്തിന് വനത്തിനകത്തെ കാലി മേക്കൽ, വനത്തിൽ അതിക്രമിച്ച് കടക്കൽ, സംരക്ഷിത വനത്തിലെ സ്വകാര്യ വഴിയോ ജലപാതയോ ഉപയോഗിക്കാനുള്ള അധികാരം എന്നിവയെല്ലാം നിരോധിക്കപ്പെട്ടു.

വന്യജീവികളുമായി ബന്ധപ്പെട്ടും ഈ നിയമത്തിൽ വ്യവസ്ഥകൾ ഉണ്ടായിരുന്നു. കേന്ദ്രസർക്കാർ 1972-ൽ വന്യജീവി സംരക്ഷണ നിയമം പാസാക്കിയപ്പോൾ ഈ നിയമത്തിലെ വന്യജീവികളുമായി ബന്ധപ്പെട്ട ഭാഗങ്ങൾ റദ്ദാക്കപ്പെട്ടു.

1980-ലെ വന സംരക്ഷണ നിയമമാണ് മറ്റൊരു നാഴികക്കല്ല്. വനങ്ങൾ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാനുള്ള സംസ്ഥാനങ്ങളുടെ അധികാരത്തിന് ഈ നിയമം നിയന്ത്രണം കൊണ്ടുവന്നു. മറ്റ് ആവശ്യങ്ങൾക്കായി വനം ഉപയോഗിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂർ അനുമതി ആവശ്യമെന്ന നിയമം ഏർപ്പെടുത്തി. പക്ഷേ ഈ നിയമവും ആദിവാസികളെ വനങ്ങളിൽ നിന്ന് അകറ്റി നിർത്തുക തന്നെ ചെയ്തു.

1988-ലാണ് പുതിയ വന നയം നിലവിൽ വന്നത്. ഇതോടെയാണ് വന പരിപാലനത്തിന്മേൽ വനം വകുപ്പിനുള്ള ഏകപക്ഷീയമായ അധികാരങ്ങൾ മാറ്റത്തിന് വിധേയമായത്. പ്രാദേശിക സാമൂഹിക പങ്കാളിത്തത്തിലാണ് പദ്ധതി ശ്രദ്ധ കേന്ദ്രീകരിച്ചത്. അതനുസരിച്ച് കേരളം ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരുകൾ വനസംരക്ഷണ സമിതികൾ ഉണ്ടാക്കി സംയുക്ത വന പരിപാലനത്തിലേക്ക് ചുവടു മാറി.

ഐക്യ കേരളം രൂപീകരിക്കപ്പെട്ടപ്പോൾ ആദിവാസി മേഖലകളിൽ ആധുനിക കാർഷിക സാങ്കേതിക വിദ്യകൾ അവതരിപ്പിക്കുന്നതിൽ സർക്കാർ ശ്രദ്ധ കൊടുക്കുവാൻ തുടങ്ങി. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്ക് സാമ്പത്തികമായും സാമൂഹികമായും മുന്നേറാനുള്ള ഏക പോംവഴിയായിട്ടായിരുന്നു ഇതിനെ കണ്ടത്. പക്ഷേ ഇത്തരം വികസന നയങ്ങളുമായി ഇണങ്ങി പോകാൻ പല ആദിവാസി സമൂഹങ്ങൾക്കും ബുദ്ധിമുട്ടായിരുന്നു.

**അവലംബം:**

Leelakrishnan, P., Chandrasekharan, N. S., & Chandrasekharan Pillai, K. N. (1985). Forest and Tribal People: Law and Practice. Cochin University Law Review, 9, 259-270.

Damodaran, A. (2006). Tribals, Forests and Resource Conflicts in Kerala, India: The Status Quo of Policy Change. Oxford Development Studies, 34(3), 357–371. doi:10.1080/13600810600921976

Kerala Forest Department. (2021). (rep.). Administrative Report 2020-21. Government of Kerala.

Chundamanni, M. (1993). (rep.). History Of Forest Management In Kerala. Kerala Forest Research Institute.



FRA Handbook inner_New_V6.indd 30 02-09-2024 17:26:01



# യൂണിറ്റ് I: ആദിവാസികളും വനങ്ങളും – ഒരു ചരിത്ര വീക്ഷണം

## വിഷയം 4: 1990–ൽ തുടങ്ങിയ പങ്കാളിത്ത വനപരിപാലന പദ്ധതികൾ

### I.4.A ആദ്യ കാലത്തെ വന നയങ്ങൾ

സ്വതന്ത്ര ഇന്ത്യയിൽ മൂന്ന തവണ ആണ് വന നയങ്ങൾ കൊണ്ട് വന്നിട്ടുള്ളത്. ആദ്യത്തേത് 1952-ലെ വന നയം, രണ്ടാമത്തേത് 1976-ലെ നാഷണൽ കമ്മീഷൻ ഓൺ അഗ്രികൾച്ചർ (National Commission on Agriculture) പുറപ്പെടുവിച്ച വന നയം, അവസാനമായി 1988-ലെ വന നയം. 1952-ലെ വന നയം ദേശീയ താൽപ്പര്യങ്ങൾക്കാണ് മുൻതൂക്കം നൽകിയത്. വനങ്ങൾ ശാസ്ത്രീയമായി സംരക്ഷിക്കപ്പെടേണ്ടവയാണെന്നും അത് കൊണ്ട് തന്നെ വനയോരങ്ങളിൽ താമസിക്കുന്നവരുടെ അവകാശങ്ങളിൽ നിയന്ത്രണങ്ങൾ അനിവാര്യമാണെന്നുമുള്ള ഒരു നിലപാട് ആണ് 1952-ലെ നയത്തിൽ പ്രതിഫലിച്ചിരുന്നത്. ഈ കാലയളവിൽ, കുറഞ്ഞ മൂല്യമുള്ള സമ്മിശ്ര വനങ്ങളെ ഉയർന്ന മൂല്യമുള്ള തോട്ടങ്ങളാക്കി മാറ്റുന്നതിന് തേക്ക്, യൂക്കാലിപ്റ്റസ് തുടങ്ങിയ വാണിജ്യ ഇനങ്ങൾ നട്ടുപിടിപ്പിച്ചു.

1976-ലെ വന നയത്തിലും ഈ വാണിജ്യ വനവൽക്കരണം തുടർന്നു വന്നു എന്നിരിക്കിലും സാമൂഹിക വനവൽക്കരണം എന്ന ആശയവും ഈ നയത്തിലൂടെ ഉരുത്തിരിഞ്ഞു വന്നു. ഗ്രാമീണ മേഖലയിൽ പുറമ്പോക്ക് ഭൂമികളുടെ ശോഷണം കാരണം കന്നുകാലി മേയ്ക്കാനും വിറക് ശേഖരിക്കാനും മറ്റാവശ്യങ്ങൾക്കുമായി വനങ്ങളുടെ മേൽ സമ്മർദ്ദം വർദ്ധിച്ചു.



FRA Handbook inner_New_V6.indd 31 02-09-2024 17:26:01

വനയോരങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ ഇത്തരം ആവശ്യങ്ങൾ നിറവേറ്റിയില്ലെങ്കിൽ വനസംരക്ഷണം അസാധ്യമായിരിക്കും എന്നത് എഴുപതുകളുടെ മധ്യത്തോടെ വ്യക്തമായി. അതിനാൽ സാമൂഹിക വനവൽക്കരണത്തിലൂടെ ഗ്രാമീണർക്ക് പ്രാപ്യമായ സ്ഥലങ്ങളിൽ മരങ്ങൾ വളർത്താനും അങ്ങനെ വനങ്ങളുടെ മേലുള്ള സമ്മർദ്ദം കുറയ്ക്കാനും കാര്യമായ ശ്രമം തുടങ്ങി.

വനഭൂമി വാണിജ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനും കൃഷിഭൂമികൾ ഇന്ധനത്തടിയും കാലിത്തീറ്റയും ഉത്പ്പാദിപ്പിക്കുന്നതിനും വേണ്ടിയാണെന്ന ആശയമാണ് ഈ നയങ്ങൾ പിന്തുടർന്നത്. വനവ്യവസായങ്ങൾക്കുള്ള സർക്കാർ ഇളവുകൾ കാരണം വനങ്ങൾ അമിതമായി ചൂഷണം ചെയ്യപ്പെട്ടു. റയോൺ ഫാക്ടറികൾക്ക് വളരെ കുറഞ്ഞ നിരക്കിൽ മുള കൊടുക്കാനായും മറ്റും പരിസ്ഥിതി ലോല പ്രദേശങ്ങളിൽ പോലും സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിക്കുകയുണ്ടായി. അതിന്റെ പരിണിതഫലമായി പലയിടങ്ങളിലും ഉരുൾപൊട്ടലും മണ്ണൊലിപ്പും ഉണ്ടായി. മരത്തടി അല്ലാത്ത മറ്റു വന വിഭവങ്ങളും ചൂഷണം ചെയ്യപ്പെട്ടു. സാമൂഹിക വനവൽക്കരണത്തിലൂടെ വനയോരവാസികൾക്ക് വേണ്ട വിഭവങ്ങൾ, അവരുടെ ഉപജീവന ആവശ്യങ്ങൾക്കെല്ലാം ഉതകുന്ന രീതിയിൽ ഉത്പാദിക്കാനുമായില്ല. ഇക്കാരണങ്ങൾ കൊണ്ടൊക്കെ തന്നെ വാണിജ്യ വനവൽക്കരണവും, സാമൂഹ്യ വനവൽക്കരണവും രാജ്യത്തെ വനങ്ങളുടെ ശോഷണം തടയുന്നതിൽ വിജയിച്ചില്ല.

### I.4.B വന പരിപാലനത്തിൽ വന്ന മാറ്റങ്ങൾ

ആയിടയ്ക്കാണ്, പശ്ചിമ ബംഗാളിലെ ഒരു യുവ ഫോറസ്റ്റ് സർവീസ് ഉദ്യോഗസ്ഥനായ അജിത് ബാനർജി ആരബാരിയിൽ, വന ഭരണത്തിനുള്ള ബദൽ മാർഗ്ഗങ്ങൾ പരീക്ഷണം ചെയ്തു കൊണ്ടിരുന്നത്. ഗ്രാമവാസികളും വനംവകുപ്പ് ജീവനക്കാരും ഒരുമിച്ച് അവരുടെ ഗ്രാമാതിർത്തിക്ക് അടുത്തുള്ള വന മേഖലകൾ പരിപാലനം ചെയ്യാൻ ആരംഭിച്ചു. വനങ്ങൾ പുനഃരുജ്ജീവിപ്പിക്കാനും സംരക്ഷിക്കാനും ചുറ്റുമുള്ള ജനങ്ങൾ സഹായിക്കുന്നതിനു പകരമായി അവർക്ക് തടിയേതര വന ഉൽപന്നങ്ങളുടെ വിൽപ്പന നടത്തി വരുമാനം എടുക്കാം



FRA Handbook inner_New_V6.indd 32 02-09-2024 17:26:01

എന്നതായിരുന്നു വ്യവസ്ഥ. 1980-കളുടെ തുടക്കമായപ്പോഴേക്കും അരബാരിയിലെ വനങ്ങൾ തഴച്ചുവളർന്നു. സമാനമായ പരീക്ഷണം ഹരിയാനയിലെ സുഖോമാജ്രിയിൽ പി.ആർ. മിശ്രയും നടത്തി വിജയം കൈവരിച്ചിരുന്നു.

അതേ സമയം, വ്യവസായങ്ങൾക്ക് തടികൾ നൽകുന്നതിനുള്ള ഭരണകൂടത്തിന്റെ തീരുമാനത്തിനെതിരെ ജനങ്ങൾ ശക്തമായി പ്രതിഷേധിച്ചു തുടങ്ങി. 1973-ൽ ഉണ്ടായ ചിപ്കോ സമരം ഇതിനുദാഹരണമാണ്. മരങ്ങളെ ആലിംഗനം ചെയ്ത് നിന്നുകൊണ്ടു ഉത്തരാഖണ്ഡിലെ ഗ്രാമീണ സ്ത്രീകൾ മരംമുറി തടഞ്ഞു. ചിപ്കോ ഇന്ത്യയിൽ പലയിടത്തേക്കും വ്യാപിച്ചു. പരിണിതഫലമായി 15 വർഷക്കാലത്തേയ്ക്ക് തടികൾ മുറിക്കുന്നത് നിരോധിച്ചു കൊണ്ട് സർക്കാർ ഉത്തരവിറക്കി.

ഏഴാം പഞ്ചവത്സര പദ്ധതിയിൽ (1985-90) ആദ്യമായി വനങ്ങളുടെ പാരിസ്ഥിതിക പ്രാധാന്യവും കച്ചവടേതര പ്രസക്തിയും പരാമർശിക്കപ്പെട്ടു. വനയോരങ്ങളിൽ കഴിയുന്ന ആളുകളുടെ ആവശ്യങ്ങൾ നിറവേറ്റിയ ശേഷം മാത്രമേ വനവിഭവങ്ങൾ വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കളായി നൽകാവുമെന്നും പദ്ധതിയിൽ പ്രസ്താവിച്ചു. 1987 ഡിസംബറിൽ ഇന്ത്യയിലെ ഏറ്റവും ഉയർന്ന നയരൂപീകരണ സ്ഥാപനമായ സെൻട്രൽ ബോർഡ് ഓഫ് ഫോറസ്ട്രിയിൽ (Central Board of Forestry) വെച്ചു അധ്യക്ഷനായി പ്രധാനമന്ത്രിയും മുഖ്യമന്ത്രിമാരും പങ്കെടുത്ത യോഗത്തിൽ, വനഭൂമി മണ്ണും ജലസംവിധാനവും സംരക്ഷിക്കാനാണ് ഉപയോഗിക്കേണ്ടത്, അല്ലാതെ സംസ്ഥാന വരുമാനം ഉണ്ടാക്കാനല്ല എന്ന് തീരുമാനിച്ചു. വിപണിയിലേക്കുള്ള എല്ലാ സാധനങ്ങളും കൃഷി ഭൂമിയിലെ കൃഷിയിൽ (ഫാം ഫോറസ്ട്രിയിലൂടെ/farm forestry) നിന്ന് കണ്ടെത്തേണ്ടതാണെന്നും വ്യക്തമാക്കി. ശോഷണം സംഭവിച്ച വനങ്ങളുടെ വാണിജ്യപരമായ ചൂഷണവും ഏകവിളകൾ വഴിയുള്ള സ്വാഭാവിക വനങ്ങളുടെ നശീകരണവും നിരോധിക്കാനായി ഫോറസ്ട്രി ബോർഡ് ശുപാർശ ചെയ്യുകയും വിവിധ സംസ്ഥാനങ്ങൾ ഇത് അംഗീകരിക്കുകയും ചെയ്തു.

ഈയൊരു സാഹചര്യത്തിലാണ് രണ്ട് മുൻ വന നയങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു വന നയം



FRA Handbook inner_New_V6.indd 33 02-09-2024 17:26:01

1988-ൽ പ്രഖ്യാപിക്കപ്പെട്ടത്. 1988-ലെ വനനയത്തിൽ വനങ്ങൾ വരുമാനം നേടുന്നതിനേക്കാൾ പാരിസ്ഥിതിക സ്ഥിരതയ്ക്ക് വേണ്ടിയാണ് നിലനിർത്തേണ്ടതെന്ന് ഊന്നി പറഞ്ഞു. "വനത്തിനകത്തും സമീപത്തും താമസിക്കുന്ന ആദിവാസികളുടെയും മറ്റ് ദരിദ്രരുടെയും ജീവിതം വനങ്ങളെ ചുറ്റിപ്പറ്റിയാണ്. അവർ അനുഭവിക്കുന്ന അവകാശങ്ങളും ഇളവുകളും പൂർണ്ണമായും സംരക്ഷിക്കപ്പെടണം." എന്നും 1988-ലെ വനനയത്തിൽ പരമാർശിക്കപ്പെട്ടിട്ടുണ്ട്.

വന നയം നടപ്പിലാക്കുന്നത് സുഗമമാക്കാനായി, വനം വകുപ്പുകൾക്ക് വന പരിപാലനത്തിൽ പൊതുജനങ്ങളെ ഉൾപ്പെടുത്താൻ ഉതകുന്ന രീതിയിൽ 1990 ജൂൺ 1-ന് കേന്ദ്ര സർക്കാർ ഒരു പ്രമേയം പുറപ്പെടുവിച്ചു. ഇതേ തുടർന്ന്, 1995 ആയപ്പോഴേക്കും, പതിനഞ്ച് സംസ്ഥാന സർക്കാരുകൾ, പ്രാദേശിക ജനങ്ങളുമായി പങ്കാളിത്തം അനുവദിക്കുന്ന തീരുമാനങ്ങൾ ഉത്തരവുകളായി പുറപ്പെടുവിച്ചിരുന്നു.

പങ്കാളിത്ത വനപരിപാലനത്തിന്റെ പ്രയോജനങ്ങൾ താഴെ പറയുന്നവയാണ്:

1. വനസംരക്ഷണവും സ്ഥായിയായ പരിപാലനവും
2. വികേന്ദ്രീകൃത ആസൂത്രണം
3. ജന പങ്കാളിത്തം
4. സന്നദ്ധ സംഘടനകളുടേയും മറ്റ് വകുപ്പുകളുടേയും പങ്കാളിത്തം
5. വനംവകുപ്പും ജനങ്ങളും തമ്മിലുള്ള അകൽച്ച ഇല്ലാതാക്കൽ

### I.4.C കേരളത്തിലെ പങ്കാളിത്ത വനപരിപാലനം

പങ്കാളിത്ത വനപരിപാലന രീതിയുമായി ബന്ധപ്പെട്ടു കാണാവുന്ന കേരളത്തിന്റെ സവിശേഷതകൾ താഴെ കൊടുത്തിട്ടുണ്ട്.

1. പരസ്പരം ബന്ധപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങൾ
2. ജനസാന്ദ്രത



FRA Handbook inner_New_V6.indd 34 02-09-2024 17:26:01

3. താരതമ്യേന ഉയർന്ന സാക്ഷരതയും വിദ്യാഭ്യാസ നിലവാരവും
4. പരിസ്ഥിതി സംരക്ഷണത്തിലുള്ള അവബോധം
5. ജൈവവൈവിദ്ധ്യം
6. രാഷ്ട്രീയ ബോധം
7. വനാശ്രയത്വം

വനസംരക്ഷണ സമിതികൾ (Vana Samrakshana Samiti അഥവാ VSS) വഴിയാണ് പങ്കാളിത്ത വനപരിപാലനം നടപ്പാക്കുന്നത്. സംരക്ഷിത വനങ്ങളിൽ ഇത് ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി (Eco Development Committee അഥവാ EDC) എന്നാണ് അറിയപ്പെടുന്നത്.

1996-ൽ പെരിയാർ കടുവാ സങ്കേതത്തിൽ ലോക ബാങ്ക് സഹായത്തോടെ ഇന്ത്യാ ഇക്കോ ഡവലപ്പ്മെന്റ് പ്രോജക്ടിന്റെ[5] (India Eco- Development Project) ഭാഗമായി EDC-കൾ രൂപീകരിച്ചു. വനാതിർത്തിയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലെ ഗ്രാമവാസികൾ ഉൾപ്പെടുന്ന വില്ലേജ് EDC-കൾ, നേരിട്ട് വനവിഭവ ശേഖരണം നടത്തുന്നവരുടെ യൂസർ ഗ്രൂപ്പ് (user group) EDC-കൾ, വിനോദ സഞ്ചാരമേഖലയിലെ വാച്ചർമാർ ഉൾപ്പെടുന്ന പ്രൊഫഷണൽ ഗ്രൂപ്പ് (professional group) EDC-കൾ എന്നിവയും ആരംഭിച്ചു.

1998-ൽ ലോകബാങ്ക് സഹായത്തോടെ ടെറിറ്റോറിയൽ ഡിവിഷനുകളിൽ നിത്യജീവിതത്തിന്റെ ഭാഗമായി നേരിട്ട് വനവുമായി ബന്ധപ്പെടുന്ന പ്രാദേശിക സമൂഹങ്ങളുടെ കൂട്ടായ്മയായ വനസംരക്ഷണ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് തുടങ്ങി.

ഒരു ഫോറസ്റ്റ് ഡിവിഷനിലെ എല്ലാ വന സംരക്ഷണ സമിതികളുടേയും EDC-കളുടേയും കൂട്ടായ്മയാണ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി (Forest Development Agency- FDA). 1860-ലെ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത

---

[5] വനം-വന്യജീവി സംരക്ഷണത്തിന്റെ അനിവാര്യത തിരിച്ചറിഞ്ഞ്, 1998-ൽ ഇന്ത്യാ ഇക്കോ ഡെവലപ്മെന്റ് പ്രോജക്റ്റ് എന്ന പേരിൽ ഒരു നൂതന പദ്ധതി ആരംഭിച്ചു.



FRA Handbook inner_New_V6.indd 35 02-09-2024 17:26:01

സംഘടനയാണ് FDA. കൺസർവേറ്റർ FDA-യുടെ ചെയർമാനും, ബന്ധപ്പെട്ട DFO ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ആയിരിക്കും. ആ ഡിവിഷനിലെ VSS-കളെ കൂടാതെ ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികളും സ്ഥാനി അംഗങ്ങളായി ഉണ്ടാവും. മറ്റ് വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ഫണ്ട് കൈപ്പറ്റാനും ആയത് ഗ്രാമവികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനുമുള്ള സ്വാതന്ത്ര്യം FDA-കൾക്കുണ്ട്.

VSS-സും വനവകുപ്പും ചേർന്ന് പങ്കാളിത്ത വനപരിപാലനത്തിന് നിർദ്ദേശിക്കപ്പെട്ട ശുഷ്കവനങ്ങളെ പോഷിപ്പിക്കാനും സംരക്ഷിക്കാനും സമഗ്ര ഗ്രാമ വികസനത്തിനുമുള്ള സൂക്ഷ്മാസൂത്രണരേഖ (Micro Plan) തയ്യാറാക്കുന്നു. ഇപ്രകാരം തയ്യാറാക്കിയ സൂക്ഷ്മാസൂത്രണരേഖ വനം കൺസർവേറ്ററുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കും.

**അവലംബം:**

United Nations Development Programme, United Nations Environment Programme, World Bank, & World Resources Institute. (2000). Living in ecosystems. In A guide to world resources 2000-2001: People and ecosystems: The fraying web of life. essay, World Resources Institute.

Saxena, N. C. (1997). The saga of participatory forest management in India. Center for International Forestry Research (CIFOR).



FRA Handbook inner_New_V6.indd 36 02-09-2024 17:26:01



# യൂണിറ്റ് I: ആദിവാസികളും വനങ്ങളും - ഒരു ചരിത്ര വീക്ഷണം

## വിഷയം 5: വനാവകാശ നിയമം പ്രാബല്യത്തിൽ വരാനിടയായ പശ്ചാത്തലം

### I.5.A ആമുഖം

വനാവകാശ നിയമത്തെ പൊതുവേ ഇതിഹാസപരമായ ഒരു നയം എന്നാണ് വിശേഷിപ്പിക്കാറുള്ളത്. ഈ നിയമം പാസ്സാക്കിയതിന് പിന്നിൽ പലരുടെയും വർഷങ്ങൾ നീണ്ടു നിന്ന പരിശ്രമങ്ങളും, അവയ്ക്ക് പിന്നിൽ വിവിധ കാരണങ്ങളും ഉണ്ട്. ഈ അദ്ധ്യായത്തിൽ വനാവകാശ നിയമം നിലവിൽ വരാനിടയായ സാഹചര്യങ്ങളാണ് നോക്കി കാണുന്നത്.

1990- കളിൽ പട്ടിക ജാതി- പട്ടിക വർഗ്ഗ കമ്മീഷണറായിരുന്ന ബി. ഡി. ശർമ ചില ശുപാർശകൾ നല്കുകയുണ്ടായി. വനവിഭവങ്ങളുടെ പരിപാലനത്തിലും വിനിയോഗത്തിലും ആദിവാസികളെ ഉൾപ്പെടുത്തി അവരുടെ സാമ്പത്തിക വികസനം ഉറപ്പ് വരുത്തുക എന്നതായിരുന്നു ബി. ഡി. ശർമയുടെ ശുപാർശകളുടെ ഉദ്ദേശ്യം. കേന്ദ്ര പരിസ്ഥിതി-വനമന്ത്രാലയം ഈ ശുപാർശകൾ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 1980-ന് മുമ്പ് വനഭൂമി കൈവശം ഉണ്ടായിരുന്നവർക്ക് ആ ഭൂമിക്ക് പട്ടയം നൽകാനുള്ള മാർഗ്ഗനിർദേശങ്ങൾ നൽകുകയും ചെയ്തു. എന്നാൽ ഈ മാർഗ്ഗനിർദേശങ്ങൾ ഒരു സംസ്ഥാനത്തും നടപ്പാക്കപ്പെട്ടില്ല. തൊണ്ണൂറുകളിൽ പങ്കാളിത്ത വനപരിപാലനത്തിലേക്കായി പൊതുശ്രദ്ധ തിരിഞ്ഞു. അങ്ങനെ 1990-കളിലെ മാർഗ്ഗനിർദേശങ്ങൾ ഏവരും മറക്കുകയും ചെയ്തു.



FRA Handbook inner_New_V6.indd 37 02-09-2024 17:26:01

ആയിടയ്ക്കാണ് ഇന്ത്യയിൽ പൊതു താല്പര്യ ഹരജികളിലൂടെയുള്ള പരിസ്ഥിതി സംരക്ഷണ നീക്കങ്ങൾ വർദ്ധിച്ചു വന്നത്. 1996-ൽ ടി.എൻ.ഗോദവർമൻ തിരുമുൽപ്പാട് Vs യൂണിയൻ ഓഫ് ഇന്ത്യ[6], പരിസ്ഥിതി അവബോധ ഫോറം, ജമ്മു കശ്മീർ Vs ജമ്മു കശ്മീർ എന്നീ കേസുകളിൽ സുപ്രീം കോടതി വനത്തിന്റെ നിർവചന വ്യാപ്തി വർദ്ധിപ്പിച്ചു. സർക്കാർ രേഖകളിൽ വനമായി കാണിച്ച വനങ്ങൾ മാത്രമല്ല, മറിച്ച് നിഘണ്ടുവിൽ "വനം" എന്ന അർത്ഥം വരുന്ന എല്ലാം തന്നെ വനമായി കണക്കാക്കണം എന്ന സുപ്രീം കോടതി വിധിച്ചു. ഈ നിർവചനം കാരണം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടായി; വനഗ്രാമങ്ങൾ റവന്യൂ ഗ്രാമങ്ങളായി പരിവർത്തനം ചെയ്യുന്നതിലും, സംരക്ഷിത പ്രദേശങ്ങളിൽ നിന്നും ആൾക്കാർക്ക് വനവിഭവങ്ങൾ എടുക്കുന്നതിന് പോലും തടസ്സങ്ങളുണ്ടായി.

ബ്രിട്ടീഷ് ഭരണകാലത്ത് ആദിവാസി ക്ഷേമത്തിനെന്ന വ്യാജേന, ആദിവാസികൾ കൂടുതലായി അധിവസിച്ചിരുന്ന പ്രദേശങ്ങൾ 1874-ലെ ഷെഡ്യൂൾഡ് ഡിസ്ട്രിക്റ്റ് ആക്ടിന്റെയും (Scheduled District Act) ഇന്ത്യാ ഗവൺമെന്റിന്റെ

[6] 1969-ലെ ഗൂഡല്ലൂർ ജന്മം എസ്റ്റേറ്റ് (അബോലിഷൻ ആൻഡ് കൺവേർഷൻ ആക്ട് റയത് വാരി) നിയമം നടപ്പാക്കിയതിനെ തുടർന്ന് നിലമ്പൂർ കോവിലകത്തെ ജന്മം ഭൂമിയായ (ജൻമിയുടെ സമ്പൂർണ ഉടമസ്ഥതയിലുള്ള ഭൂമി) വനപ്രദേശങ്ങൾ തമിഴ്നാട് സർക്കാർ ഏറ്റെടുത്തു. അതിനു ശേഷം വനം കൊള്ള വ്യാപകമാകുകയായിരുന്നു. അതിനെ തുടർന്നു 1995-ൽ തമിഴ്നാട്ടിലെ ഉദ്യോഗസ്ഥരുടെ നടപടികളെ ഹരജിക്കാരൻ ഈ കേസിലൂടെ ചോദ്യം ചെയ്തു. ഗൂഡല്ലൂർ, നീലഗിരി പ്രദേശങ്ങളിലെ ഉഷ്ണമേഖലാ മഴക്കാടുകൾ നീക്കം ചെയ്യുന്നതിലൂടെ പ്രദേശത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ തകരാറിലാകും എന്നും, ഈ നീക്കങ്ങൾ 1927-ലെ വനനിയമം, 1980-ലെ വനം (സംരക്ഷണം) നിയമം, തമിഴ്നാട് ഹിൽ സ്റ്റേഷനുകളിലെ വൃക്ഷ പരിസ്ഥിതി (സംരക്ഷണം) നിയമം 1986, എല്ലാം തന്നെ ലംഘിക്കുന്നുവെന്നും ഹരജിക്കാരൻ വാദിച്ചു . കൂടാതെ രാജ്യത്തെ വന നയം പിഴവുള്ളതാണെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. ഹരജിയിൽ പറഞ്ഞ വിഷയങ്ങൾക്ക് വലിയ പ്രാധാന്യമുണ്ടെന്ന് കോടതി മനസ്സിലാക്കി വന നയവുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളും പരിശോധിക്കേണ്ടിയിരിക്കുന്നു എന്നു കോടതി നിരീക്ഷിച്ചു, മറ്റ് സംസ്ഥാനങ്ങളിലെ കാര്യങ്ങൾ കൂടെ പരിശോധിച്ചു. പിന്നീട് ഇന്ത്യൻ വനങ്ങളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഈ കേസിലെ ഇടക്കാല ഹരജിയായി കോടതി കേൾക്കാൻ തുടങ്ങി.



FRA Handbook inner_New_V6.indd 38 02-09-2024 17:26:01

1936-ലെ ഉത്തരവ് പ്രകാരവും പൊതു ഭരണ പ്രദേശങ്ങളിൽ നിന്നും മാറ്റി "ഒഴിവാക്കപ്പെട്ട/ഭാഗികമായി ഒഴിവാക്കപ്പെട്ട" പ്രദേശങ്ങളായി പ്രഖ്യാപിച്ചിരുന്നു. സർക്കാരിന്റെ നിയന്ത്രണം ശക്തമാക്കാനാണ് യഥാർത്ഥത്തിൽ ഇത്തരം പ്രദേശങ്ങൾ പ്രഖ്യാപിച്ചത്. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം, ഭരണഘടനയിലൂടെ ആദിവാസികളുടെ സ്വയംഭരണം, സംസ്കാരം, സാമ്പത്തിക ശാക്തീകരണം എന്നിവ സംരക്ഷിക്കാനും, സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ നീതി ഉറപ്പാക്കാനും, സമാധാനം സംരക്ഷിക്കാനും സൽഭരണം ഉറപ്പാക്കാനുമായി ഈ പ്രദേശങ്ങളെ ഭരണഘടനയിലെ ഭാഗം 5, അനുച്ഛേദം 244(1) പ്രകാരം അഞ്ചും[7], അനുച്ഛേദം 244(2) പ്രകാരം ആറും പട്ടികകൾക്ക് കീഴിൽ കൊണ്ട് വന്നു. അത് കൊണ്ട് തന്നെ, ചില ഭരണഘടനാ വ്യവസ്ഥകളും, നിയമങ്ങളും ഈ പ്രദേശങ്ങളിൽ നടപ്പാക്കാനായില്ല. അക്കാരണത്താൽ 1993-ൽ ഭരണ വികേന്ദ്രീകരണത്തിനായി പാർലമെന്റ് 73-ഉം 74-ഉം ഭരണഘടന ഭേദഗതി പാസ്സാക്കിയപ്പോൾ, പട്ടിക പ്രദേശങ്ങൾക്കായി പാർലമെന്റ് പ്രത്യേകം നിയമങ്ങൾ ഉണ്ടാക്കും എന്നതായിരുന്നു ഈ ഭേദഗതിയുടെ വ്യവസ്ഥ. അങ്ങനെയാണ് 1996-ൽ പാർലമെന്റ് "പെസ (പഞ്ചായത്ത് എക്സ്റ്റെൻഷൻ ടു ഷെഡ്യൂൾഡ് ഏരിയ ആക്റ്റ്/ Panchayat Extension to Scheduled Area Act) - നിയമം" പാസ്സാക്കുന്നത്. ഭരണഘടനയുടെ പട്ടിക അഞ്ചിൽ[8] ഉൾപ്പെടുന്ന പ്രദേശങ്ങളിൽ വികേന്ദ്രീകരണം നടപ്പിലാക്കിക്കൊണ്ട് ആദിവാസി മേഖലകളിൽ സ്വയംഭരണം

---

[7] ഏതൊരു പ്രദേശവും ഭരണഘടനയിലെ അനുച്ഛേദം 244(1) പ്രകാരമുള്ള അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തണമെങ്കിൽ രാഷ്ട്രപതിയുടെ ഉത്തരവ് ആവശ്യമാണ്. 1961-ലെ ദേബർ കമ്മിഷൻ റിപോർട്ടിലാണ് ഒരു പ്രദേശത്തെ അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തേണ്ട മാനദണ്ഡങ്ങളെ കുറിച്ച് പരാമർശിച്ചിട്ടുള്ളത്: (1) പ്രദേശത്ത് ആദിവാസി ജനങ്ങളുടെ ജനസംഖ്യ മുന്നിട്ടു നിൽക്കണം. (2) പ്രദേശത്തിന്റെ വലുപ്പം തീരെ ചെറുതും വളരെ വലുതുമാകരുത് (3) പ്രദേശത്തിലെ വികസന സ്വഭാവം (4) മറ്റ് ജനങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ പ്രദേശത്തെ ജനങ്ങളുടെ സാമ്പത്തിക നിലവാരത്തിൽ പ്രകടമായ അസമത്വം. അസ്സം, മേഘാലയ, ത്രിപുര, മിസോറാം എന്നിവിടങ്ങളിലെ ആദിവാസി പ്രദേശങ്ങൾക്ക് ആറാം പട്ടികയിലെ വ്യവസ്ഥകളാണ് ബാധകമാകുക.

[8] പട്ടിക ആറിൽ ഉൾപ്പെട്ട സംസ്ഥാനങ്ങൾക്ക് ഭരണത്തിനായി അവരുടേതായ സ്വയംഭരണ സമിതികളുണ്ട്. അതിനാലാണ് പെസ നിയമം അവിടെ ബാധകമല്ലാത്തത്.



FRA Handbook inner_New_V6.indd 39 02-09-2024 17:26:01

ശക്തിപ്പെടുത്താനും, പ്രാദേശിക വിഭവങ്ങളുടെ മേൽ അവർക്കുള്ള അവകാശങ്ങൾ സംരക്ഷിക്കുകയുമാണ് പെസ നിയമത്തിന്റെ ഉദ്ദേശ്യം.

### I.5.B കുടിയൊഴിപ്പിക്കൽ നീക്കങ്ങളും അനന്തര ഫലങ്ങളും

2002-ൽ കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളോടും വനങ്ങളിലുള്ള കയ്യേറ്റക്കാരെ ഒഴിവാക്കാനായി നടപടികൾ എടുക്കാനായി ആവശ്യപ്പെട്ടു. ഇത് മേൽനോട്ടം നടത്താൻ സെൻട്രൽ എംപവേർഡ് കമ്മിറ്റിയെ (Central Empowered Committee/CEC) ചുമതലപ്പെടുത്തുകയും ചെയ്തു. 2002 ഒക്ടോബറിൽ കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയം അതാത് സംസ്ഥാന സർക്കാരുകളോട് കയ്യേറ്റക്കാരെ ഒഴിവാക്കുന്നതിൽ ഉണ്ടായ പുരോഗതി അറിയിക്കാൻ പറഞ്ഞു. ദശലക്ഷക്കണക്കിന് വനവാസികളും വനത്തോട് ചേർന്നു വസിക്കുന്ന ജനങ്ങളെയും കയ്യേറ്റക്കാരായി കണക്കാക്കി അവരെ ഒഴിപ്പിക്കാനുള്ള ശ്രമം തുടങ്ങി. കൂടുതലായും ഇത് ആസ്സാം, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലാണ് നടന്നത്. രാജ്യത്ത് പലയിടത്തും തീവ്രമായ സംഘർഷങ്ങളും വനവാസികളുടെ മരണങ്ങളും തത്ഫലമായി ഉണ്ടായി. രാജ്യത്തൊട്ടാകെ പ്രക്ഷോഭം ഉടലെടുത്തു. ബി. ഡി. ശർമ, അന്നത്തെ പട്ടിക ജാതി പട്ടിക വർഗ്ഗ കമ്മീഷണറെ കൊണ്ട് പ്രധാനമന്ത്രിക്ക് ശക്തമായ ഭാഷയിൽ ഒരു കത്തെഴുതാൻ പ്രേരിപ്പിച്ചു. പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ ക്ഷേമം നോക്കാൻ ചുമതലയുള്ള തന്റെ ഓഫീസിനെ പോലും മറികടന്നാണ് കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയം കുടിയൊഴിപ്പിക്കൽ നടത്താൻ തീരുമാനിച്ചതെന്ന് കമ്മീഷണർ വിമർശിച്ചു. ഇതിന്റെയെല്ലാം പരിണതഫലമായി കുടിയൊഴിപ്പിക്കൽ നിർത്തേണ്ടി വന്നു.

2002-ലെ കുടിയൊഴിപ്പിക്കൽ ശ്രമത്തിനു ശേഷം, ഉണ്ടായ കോലാഹലങ്ങൾ കാമ്പെയ്ൻ ഫോർ സർവൈവൽ ആൻഡ് ഡിഗ്നിറ്റി (Campaign for Survival and Dignity/ CSD) എന്ന കൂട്ടുകക്ഷി സംരംഭത്തിന്റെ രൂപീകരണത്തിൽ കലാശിച്ചു. ഇന്ത്യയിലെ പത്തു സംസ്ഥാനങ്ങളിൽ നിന്നുള്ള

പ്രസ്ഥാനങ്ങളുടെ[9] ഒരു കൂട്ടായ്മ ആണ് CSD. 2003 മുതൽ ഗോത്ര വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രചാരണം CSD ശക്തമായി ആരംഭിച്ചു.

### I.5.C അനുകൂല സാഹചര്യങ്ങളും ചില അപ്രതീക്ഷിത തിരിച്ചടികളും

ഉയർന്നു വരുന്ന പ്രശ്നങ്ങൾ CSD കൃത്യമായി അവലോകനം ചെയ്തുകൊണ്ടിരുന്നു. തക്കതായ തന്ത്രങ്ങൾ വികസിപ്പിക്കുന്നതിനായി പ്രതിനിധികൾ ഇടയ്ക്കിടെ യോഗം ചേരുകയും, പ്രകടനങ്ങൾ, മാർച്ചുകൾ, അറസ്റ്റ് വരിക്കൽ, പ്രാദേശിക, സംസ്ഥാന, കേന്ദ്ര രാഷ്ട്രീയ നേതാക്കളെ സ്വാധീനിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വന്നു. 1990-ലെ ബി. ഡി. ശർമയുടെ ശുപാർശ കണക്കിലെടുത്ത് വന-പരിസ്ഥിതി മന്ത്രാലയം ഇറക്കിയ ഉത്തരവുകൾ സമയബന്ധിതമായി നടപ്പിലാക്കുക എന്നതായിരുന്നു CSD-യുടെ പ്രാഥമിക ആവശ്യം. പക്ഷേ തൊണ്ണൂറുകളിലെ പോലെ തന്നെ ഈ ഉത്തരവ് നടപ്പാക്കാതെ വരുമോ എന്ന ആശങ്ക, പുതിയ ഒരു നിയമം കൊണ്ടു വരിക തന്നെ വേണം എന്ന ആശയം ഉരുത്തിരിയാനിടയാക്കി.

2004 ഫെബ്രുവരിയിൽ ദേശീയ തിരഞ്ഞെടുപ്പിനോടടുത്ത സമയം നാഷനൽ ഡെമോക്രാറ്റിക് അലയൻസ് (National Democratic Alliance/NDA) സർക്കാർ കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയത്തിന്റെ 2002-ലെ കുടിയൊഴിപ്പിക്കൽ ഉത്തരവുകൾ പിൻവലിച്ചു. 2004 ഫെബ്രുവരി 3-ന് കേന്ദ്ര പരിസ്ഥിതി-

[9] CSD യിൽ ഉൾപ്പെട്ട സംഘടനകൾ: ഭാരത് ജൻ ആന്ദോളൻ, നാഷണൽ ഫ്രണ്ട് ട്രൈബൽ സെൽഫ് റൂളിങ്ങ്, ശോഷിത് ജൻ ആന്ദോളൻ (മഹാരാഷ്ട്ര); ആദിവാസി മഹാസഭ (ഗുജറാത്ത്); ആദിവാസി ജംഗൽ ജൻജീവൻ ആന്ദോളൻ (ദാദ്ര & നഗർ ഹവേലി); ജംഗൽ ജമീൻ ജൻ ആന്ദോളൻ (രാജസ്ഥാൻ); മധ്യപ്രദേശ് വൻ അധികാർ അഭിയാൻ (മധ്യപ്രദേശ്); ജനശക്തി സംഘതൻ, പീപ്പിൾസ് അലയൻസ് ഫോർ ലൈവ്ലിഹുഡ് റൈറ്റ്സ്, ഛത്തീസ്ഗഡ് മുക്തി മോർച്ച (ഛത്തീസ്ഗഡ്); ഒറീസ്സ ജൻ സംഘർഷ് മോർച്ച, കാമ്പെയ്ൻ ഫോർ സർവൈവൽ ആൻഡ് ഡിഗ്നിറ്റി-ഒറീസ, ഒറീസ ആദിവാസി മഞ്ച്, ഒറീസ ജൻ അധികാർ മോർച്ച, (ഒറീസ്സ); ആദിവാസി ഐക്യവേദികേ, ആന്ധ്രാപ്രദേശ് വ്യവസായ വൃത്തിധാരുല യൂണിയൻ (ആന്ധ്ര പ്രദേശ്); കാമ്പെയ്ൻ ഫോർ സർവൈവൽ ആൻഡ് ഡിഗ്നിറ്റി തമിഴ്നാട്, (തമിഴ്നാട്), ഭാരത് ജൻ ആന്ദോളൻ (ജാർഖണ്ഡ്)



FRA Handbook inner_New_V6.indd 41 02-09-2024 17:26:01

വന മന്ത്രാലയം അതാത് സംസ്ഥാന സർക്കാരുകൾക്ക് വനഗ്രാമങ്ങൾ റവന്യൂ ഗ്രാമങ്ങളായി പരിവർത്തനം ചെയ്യാനായി നിർദ്ദേശം കൊടുത്തു. പിന്നീട് 2004 ഫെബ്രുവരി 5-ന് കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയം ഒരു സർക്കുലർ പുറപ്പെടുവിച്ചു. ആ സർക്കുലർ ആദിവാസികളുടെ പരമ്പരാഗത അവകാശങ്ങൾ പല കാരണങ്ങളാൽ തീർപ്പാക്കാനായില്ലെന്നും, അത് കാരണം നിയമത്തിന്റെ കണ്ണിൽ പലപ്പോഴും അവർ കൈയേറ്റക്കാരാണെന്നും; ആയതിനാൽ ഒരു വർഷത്തിനകം തന്നെ ആദിവാസികളുടെ പരമ്പരാഗത അവകാശങ്ങൾ അംഗീകരിക്കാൻ സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ ഈ നീക്കം പരാജയപ്പെട്ടു. എന്തെന്നാൽ ഗോദവർമ്മൻ തിരുമുൽപ്പാടിന്റെ കേസിലെ സുപ്രീം കോടതിയുടെ ഒരു മുൻ ഉത്തരവ് പ്രകാരം വനം കയ്യേറ്റം നിയമാനുസൃതമാക്കുന്നതിനു മുൻപ് കോടതിയുടെ അനുവാദം വാങ്ങിക്കേണ്ടതുണ്ട്. അതിനാൽ തന്നെ കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയത്തിന്റെ മുകളിൽ പറഞ്ഞ പരമ്പരാഗത അവകാശങ്ങൾ അംഗീകരിക്കാനുള്ള 2004-ലെ സർക്കുലർ സുപ്രീം കോടതിയുടെ മുൻ വിധിയുടെ ലംഘനമാണ് എന്നു കാണിച്ച് ഗോദവർമ്മൻ കേസിൽ അമിക്കസ് ക്യൂറി[10] ആയ ഹരീഷ് സാൽവെയെന്ന മുതിർന്ന അഭിഭാഷകൻ ഒരു ഇടക്കാല അപേക്ഷ സുപ്രീം കോടതിയിൽ നൽകുകയുണ്ടായി. അതിൽ സുപ്രീം കോടതി സ്റ്റേ അനുവദിക്കുകയും ചെയ്തു. അങ്ങനെയാണ് അവകാശങ്ങൾ അംഗീകരിക്കാനുള്ള ഈ നീക്കം ഇല്ലാതെയായത്. കോടതിയുടെ അനുവാദം എടുത്തു കൊണ്ട് സുതാര്യതയോടുകൂടി സർക്കുലർ നടപ്പാക്കിയിരുന്നുവെങ്കിൽ ദശലക്ഷക്കണക്കിന് വനവാസി കുടുംബങ്ങൾക്ക് ഉപജീവനമാർഗ്ഗം ലഭിക്കുമായിരുന്നു. ഈ നീക്കം പ്രഥമ ദൃഷ്ടിയിൽ വനവാസികൾക്ക് തിരിച്ചടിയായിരുന്നു. ഇത്തരമൊരു സർക്കുലർ തെരഞ്ഞെടുപ്പിനോടടുത്ത സമയത്ത് പുറപ്പെടുവിച്ചതിന്റെ ഉദ്ദേശ്യശുദ്ധിയെ കുറിച്ചും,

[10] ചില കേസുകളിൽ പ്രധാനപ്പെട്ട വിവരങ്ങളോ, ഉൾക്കാഴ്ചയോ നൽകി കൊണ്ട് കോടതിയെ സഹായിക്കാനായി കോടതി അനുമതി നൽകിയിട്ടുള്ള വക്കീൽ.



FRA Handbook inner_New_V6.indd 42 02-09-2024 17:26:02

ഇത് വനവാസികളുടെ താൽപ്പര്യങ്ങൾ എത്രത്തോളം സംരക്ഷിക്കുമെന്നും സുപ്രീം കോടതിക്ക് സംശയം ഉണ്ടായിരുന്നു.

2004 മെയ് മാസത്തിൽ, യുണൈറ്റഡ് പ്രോഗ്രസീവ് അലയൻസ് (United Progressive Alliance/UPA) നിലവിൽ വന്നത് മറ്റൊരു അനുകൂല സാഹചര്യം സൃഷ്ടിച്ചു. എന്തെന്നാൽ ഈ സഖ്യം അംഗീകരിച്ച പൊതുമിനിമം പ്രോഗ്രാമിൽ, ചെറുകിട വന ഉൽപന്നങ്ങളുടെ മേൽ ആദിവാസികളുടെ ഉടമസ്ഥാവകാശവും വന സംരക്ഷണത്തിൽ അവരുടെ പങ്കാളിത്തവും ഉൾപ്പെടുത്തിയിരുന്നു. ഈ സാഹചര്യം മുതലെടുത്ത് CSD-യും മറ്റ് സംഘടനകളായ ഫോറസ്റ്റ് പീപ്പിൾ ആൻഡ് ഫോറസ്റ്റ് വർക്കേഴ്സ് നാഷണൽ ഫോറം (Forest People and Forest Workers National Forum/NFFPFW), ലോക് സംഘർഷ് മോർച്ച - ഗുജറാത്ത്, ജൻ സംഘർഷ് മോർച്ച എന്നിവരും നിരന്തരമായി പല പ്രാദേശിക, സംസ്ഥാന, കേന്ദ്ര രാഷ്ട്രീയ നേതാക്കളെയും നേരിൽ കണ്ട് ചർച്ചകൾ നടത്തിക്കൊണ്ടു ആദിവാസികളുടെ വിഷയം പാർലിമെന്റിൽ എത്തിച്ചു.

വനാവകാശത്തെ സംബന്ധിച്ച ഒരു വഴിത്തിരിവ് സംഭവിച്ചത് കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയം 2004 ഡിസംബർ മാസം പുറപ്പെടുവിച്ച ഒരു സർക്കുലറിലൂടെ ആണ്. യഥാർത്ഥ ആദിവാസികൾ/വനവാസികളേയും, കയ്യേറ്റക്കാരേയും തമ്മിൽ വേർതിരിച്ചറിയാനുള്ള ബുദ്ധിമുട്ട് അതാത് സർക്കാരുകൾക്കുണ്ടെന്നും അതിനാൽ ആദിവാസികളെയും വനവാസികളെയും കുടിയൊഴിപ്പിക്കാൻ ഭരണകൂടങ്ങൾ ശ്രമിക്കരുത് എന്നും, കയ്യേറ്റക്കാരെ കണ്ടെത്താനുള്ള ആദ്യ പടിയെന്ന നിലയിൽ ഒരു സർവേ നടത്തണമെന്നും കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയം ഉത്തരവിട്ടു.

ഈ സാഹചര്യത്തിൽ ആദിവാസികളുടെ അവകാശങ്ങൾ അംഗീകരിക്കാത്തതാണ് എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാനമെന്ന് പൊതുവേ സ്ഥിരീകരിക്കപ്പെട്ടു. CSD-ക്ക് തുടക്കം മുതലേ രണ്ടു അവശ്യങ്ങളായിരുന്നു: ആദിവാസികളുടെ കുടിയൊഴിപ്പിക്കൽ നിർത്തി വയ്ക്കലും, 1990-ലെ ഉത്തരവുകൾ പ്രകാരം പട്ടയം നൽകലും. 1990-ലെ ഉത്തരവുകൾ

നടപ്പിലാക്കുന്നതിനു ഏറ്റവും വലിയ ബുദ്ധിമുട്ട് സംസ്ഥാന സർക്കാരുകൾക്ക് വ്യക്തമായ നടപടിക്രമമില്ലാത്തതായിരുന്നു. ഈ പ്രശ്നം പരിഹരിക്കാനായി CSD ഒരു നടപടിക്രമ മാർഗ്ഗനിർദ്ദേശ രേഖ തയ്യാറാക്കി. എന്നാൽ ഈ മാർഗ്ഗനിർദ്ദേശങ്ങളും ഉടനടി നടപ്പിലാക്കിയേക്കില്ല എന്നൊരു സംശയം ഉടലെടുത്തു. അങ്ങനെയാണ് ഇന്ത്യയിലെ വനത്തെ ആശ്രയിക്കുന്ന ആദിവാസികളുടെ അവകാശങ്ങൾ അംഗീകരിക്കുന്നതിനായി ഒരു പ്രത്യേക നിയമം തന്നെ വേണം എന്ന ആശയം ഉടലെടുത്തത്.

മുകളിൽ പറഞ്ഞത് പോലെ CSD-യും മറ്റ് സംഘടനകളും പല രീതിയിൽ സമൂഹത്തിന്റെ നാനാതുറകളിൽ സ്വാധീനം ചെലുത്തിയതിന്റെ ഫലമായി 2005 ജനുവരി 19-ന് വനാവകാശ നിയമത്തിന്റെ കരട് തയ്യാറാക്കാൻ ഗോത്രവർഗ്ഗ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിന് (Ministry of Tribal Affairs/MoTA) പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നു നിർദ്ദേശം നൽകി. CSD വികസിപ്പിച്ച നടപടിക്രമ മാർഗ്ഗനിർദ്ദേശങ്ങൾ വനാവകാശ നിയമത്തിന്റെ ആദ്യ ഡ്രാഫ്റ്റായി നിലകൊണ്ടു.

### 1.5.D ആദിവാസി സമൂഹങ്ങളുടെ വികസനത്തിനായുള്ള സർക്കാർ നയങ്ങൾ എന്ത് കൊണ്ട് പൂർണമായി ഫലവത്തായില്ല?

ആദിവാസി വികസനം സംബന്ധിച്ച് കേരളം കൂടുതലും പിന്തുടരുന്നത് ദേശീയ സർക്കാർ കൊണ്ട് വരുന്ന നയങ്ങളും പദ്ധതികളുമാണ്. അത് കൊണ്ട് തന്നെ കേരളത്തിലെ ആദിവാസികളെ മാത്രം ബാധിക്കുന്ന പല പ്രത്യേക പ്രശ്നങ്ങളും ഇന്നും അവഗണിക്കപ്പെട്ട് പോകുന്നുണ്ട്.

എന്നാലും കേരളത്തിന്റെ പൊതുവായ വികസനം മൂലമുള്ള ചില നേട്ടങ്ങൾ ആദിവാസികൾക്കും ഉണ്ടായിട്ടുണ്ട്. പ്രാഥമിക വിദ്യാഭ്യാസ മേഖലയിലെ നിക്ഷേപങ്ങളും, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളിലുള്ള പൊതുനിക്ഷേപങ്ങളും, അടിസ്ഥാന സേവനങ്ങളുടെ വിതരണവും ആദിവാസികൾക്കും പ്രയോജനമായി. അത് പോലെ തന്നെ സർക്കാർ പദ്ധതികളുടെ



FRA Handbook inner_New_V6.indd 44 02-09-2024 17:26:02

ഫലമായി, ഭക്ഷണം, തൊഴിൽ, പ്രാഥമിക ആരോഗ്യ പരിരക്ഷ, സ്വന്തമായ ഭവനം, ചെറുവായ്പ എന്നിവയും ആദിവാസികൾക്ക് പ്രയോജനപ്പെട്ടു.

ഭൂപരിഷ്കരണം നടപ്പാക്കുന്ന സമയത്ത് ആദിവാസി സമൂഹത്തിന്റെ പരമ്പരാഗത വ്യവസ്ഥകളെ പരിഗണിക്കുന്നതിൽ വന്ന വീഴ്ച കേരളത്തിലെ ആദിവാസികളെ ദോഷകരമായി ബാധിച്ച ഒന്നാണ്. ഭൂപരിഷ്കരണത്തിന്റെ ഭാഗമായി ആദിവാസികൾക്ക് പൊതുവായി ഉപയോഗിക്കാവുന്ന വന മേഖലകൾ സംരക്ഷിത ഉപയോഗത്തിനായി നൽകിയിരുന്നുവെങ്കിൽ പല പുരോഗനോൻമുഖമായ മാറ്റങ്ങളും വന്നേനെ.

ഇന്ന് ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ കുറഞ്ഞു വരുന്ന സർക്കാരിന്റെ ഇടപെടലും, സ്വകാര്യവൽകരണവും ആദിവാസികളെ ദോഷകരമായാണ് ബാധിക്കുന്നത്. ഇതുവരെ ഉണ്ടാക്കിയ വികസന-ക്ഷേമ നേട്ടങ്ങൾക്കും ഇത് ഒരു വെല്ലുവിളിയാകാം.

മറ്റൊരു വെല്ലുവിളി ആദിവാസികൾക്ക് പാരമ്പര്യമായി ഉണ്ടായിരുന്ന പാരിസ്ഥിതികവും ജൈവവൈവിധ്യവും സംബന്ധിച്ച അറിവുകൾ, ചികിത്സ സമ്പ്രദായങ്ങൾ, മരുന്നുകൾ; ഉദാരമായ സാമൂഹിക ഘടന, അതിനോടു ചേർന്ന അയവുള്ളതും കർക്കശവുമായ സാമൂഹിക വ്യവസ്ഥകൾ, എന്നിവയുടെ പുരോഗമന-വിജ്ഞാന മൂല്യങ്ങൾ വികസന പ്രക്രിയയിൽ പാടെ നഷ്ടമായി എന്നുള്ളതാണ്.

പൊതുവേ നടപ്പിലാക്കി വരുന്ന വികസന പദ്ധതികളുടെ പരിണതഫലമായി കണ്ടു വരാറുള്ള ഗുണ നഷ്ടങ്ങളും ബല ദൗർബല്യങ്ങളും ആണ് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നത്.

| | |
|---|---|
| ഗുണങ്ങൾ | ക്ഷേമ പദ്ധതികൾ മുഖാന്തരം ഭക്ഷ്യസുരക്ഷ, തൊഴിൽ സുരക്ഷ, പ്രാഥമിക ആരോഗ്യം, വീട്, വൈദ്യുതി, പാചകവാതകം, ചെറുവായ്പകൾ തുടങ്ങിയ ആവശ്യങ്ങൾ നിറവേറുന്നു |

| | |
|---|---|
| നഷ്ടങ്ങൾ | ആരോഗ്യ പരിപാലനത്തിനും ചികിത്സാ രീതികൾക്കുമായി ഉപയോഗപ്പെടുത്താറുള്ള, ആവാസവ്യവസ്ഥയും ജൈവവൈവിധ്യവും സംബന്ധിച്ചുള്ള അറിവുകൾ, ആദിവാസികളുടെ തനതായ സാമൂഹിക മൂല്യങ്ങളും പെരുമാറ്റച്ചട്ടങ്ങളും.<br><br>കൃഷിഭൂമികൾ, മേച്ചിൽ പ്രദേശങ്ങൾ, വനങ്ങൾ എന്നിവയുടെ ഫലപുഷ്ടി.<br><br>ആത്മവിശ്വാസം, പരസ്പരാശ്രയത്വം, പ്രശ്നങ്ങൾ തരണം ചെയ്യാനുള്ള കഴിവ്. |
| ബലങ്ങൾ | വനങ്ങൾ ഇപ്പോഴും വനയോരമേഖലയിലെ മണ്ണിന്റെ ഫലപുഷ്ടിയും ഈർപ്പവും ഉറപ്പു വരുത്തുന്നുണ്ട്, പ്രകൃതിവിഭവങ്ങൾ ശേഖരിക്കാനുള്ള ചട്ടങ്ങൾ പലയിടത്തും നിലനില്ക്കുന്നുണ്ട്, മറ്റു സമുദായങ്ങളെ തട്ടിച്ചു നോക്കുമ്പോൾ സ്ത്രീകളുടെ നിലയും സ്വാതന്ത്ര്യവും പശ്ചിമഘട്ടത്തിലെ പല ആദിവാസി മേഖലകളിലും ഭേദപ്പെട്ടതായി കാണുന്നു, മുഖ്യധാരാ സമൂഹങ്ങളിൽ പരക്കെ കാണുന്ന ഭൗതിക നേട്ടങ്ങളോടുള്ള ആസക്തി, പല വനവാസി സമൂഹങ്ങളിലും അത്രതന്നെ സാർവജന്യമായിട്ടില്ല. |
| ദൗർബല്യങ്ങൾ | ഗോത്ര സമൂഹത്തെ കുറിച്ചും അവരുടെ ആവാസവ്യവസ്ഥയെ കുറിച്ചും യുവതലമുറക്കു കാര്യമായ വിവരമില്ലായ്മ, ആദിവാസി ഭൂമി അന്യാധീനപ്പെടുന്നത്, പോഷണക്കുറവ്, അനാരോഗ്യം. |

പട്ടിക 3: വികസന പദ്ധതികളുടെ പരിണതഫലമായി കണ്ടു വരാറുള്ള ഗുണ നഷ്ടങ്ങളും ബല ദൗർബല്യങ്ങളും

ഇതുവരെയുള്ള വികസന പാഠങ്ങൾ മുൻനിർത്തിയുള്ള പുതിയ പദ്ധതികൾ കൊണ്ട് വരുന്നതിന് രാഷ്ട്രീയാതീതമായ വികസന കാഴ്ചപ്പാടും വനാധിഷ്ഠിത സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥകളെ കുറിച്ചുള്ള അവബോധവും ആവശ്യമാണെന്ന് കാണാം.




FRA Handbook inner_New_V6.indd 46 02-09-2024 17:26:02

ഇപ്പോൾ നടപ്പിലുള്ള വികസന മാതൃകകൾ അവഗണിച്ച വസ്തുതകൾ

- വനയോര മേഖലയിലെ സാമൂഹിക- ആവാസ/പ്രാകൃതിക പശ്ചാത്തലം

- സമ്പുഷ്ടവും സവിശേഷവുമായ സംസ്കാരം, ചരിത്രം, സാമൂഹിക പശ്ചാത്തലം

വനാശ്രിത മേഖലയിലെ വികസന പശ്ചാത്തലം




**രേഖാമാതൃക 1: വനാശ്രിത മേഖലയിലെ വികസന പശ്ചാത്തലം**

**അവലംബം:**

Bose, I. (2010). How did the Indian Forest Rights Act, 2006, emerge? IPPG Discussion Papers.

Kothari, A. (2004, April 23). Rights and Wrongs. Frontline.

Seema Purushothaman, Sheetal Patil, Parijat Ghosh, Dibyendu Chaudhuri, Amit Kumar Singh, Bibhubanta Barad, Saurabh Singh,



FRA Handbook inner_New_V6.indd 47 02-09-2024 17:26:02

Jostine A and Mahendra Kumar Singh Patil (2022). Towards a New Development Equilibrium Among the Forest Dependent Adivasis of Central India - A Case for Agrarian Adaptive Skilling (Working Paper No. 25).

Kjosavik, Darley Jose; Shanmugaratnam, N. (2004). Integration or Exclusion? Locating Indigenous Peoples in the Development Process of Kerala, South India. Forum for Development Studies, 31(2), 231–273.



FRA Handbook inner_New_V6.indd 48 02-09-2024 17:26:02



# യൂണിറ്റ് II: വനാവകാശ നിയമം – ഒരു പരിചയപ്പെടുത്തൽ

## വിഷയം 1: വനാവകാശ നിയമവും ചട്ടങ്ങളും

### II.1.A വനാവകാശ നിയമം – ആമുഖം

തലമുറകളായി വനങ്ങളിൽ താമസിക്കുന്ന പട്ടിക ഗോത്ര വർഗ്ഗക്കാരുടെയും മറ്റ് പരമ്പരാഗത വനവാസികളുടേയും അവകാശങ്ങൾ സംബന്ധിച്ച് നിയമപരമായ ക്രോഡീകരണം നേരത്തെ നടന്നിരുന്നില്ല. അതിനാൽ ഈ വനവാസി വിഭാഗങ്ങളുടെ അവകാശങ്ങൾ നിയമാനുസൃതമാക്കാനും അവ അംഗീകരിക്കാനും വേണ്ടി 2006-ൽ ഇന്ത്യൻ പാർലിമെന്റ് പാസ്സാക്കിയ നിയമം ആണ് "പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റു പരമ്പരാഗത വനവാസികളും (വനാവകാശം അംഗീകരിക്കൽ) നിയമം 2006", അഥവാ "വനാവകാശ നിയമം".

പട്ടിക ഗോത്ര വർഗ്ഗക്കാർക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും വനങ്ങളിലുള്ള അവകാശങ്ങൾ എന്തൊക്കെയെന്നും, അവ നിയമപരമായി നേടിയെടുക്കാനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്നും നിയമത്തിൽ വിവരിക്കുന്നു. കൂടാതെ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിൽ മേൽപറഞ്ഞ വിഭാഗങ്ങളുടെ ചുമതലകളും വിശദീകരിച്ചിട്ടുണ്ട്. നിയമവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ 2008-ൽ പുറത്തു വന്നു. ഇത് "പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റു പരമ്പരാഗത വനവാസികളും (വനാവകാശം അംഗീകരിക്കൽ നിയമം) ചട്ടങ്ങൾ, 2007" എന്നു അറിയപ്പെടുന്നു.



FRA Handbook inner_New_V6.indd 49 02-09-2024 17:26:02

### (i) വനാവകാശ നിയമത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ[11]:

- വനത്തെ ആശ്രയിച്ച ജീവിക്കുന്ന സമൂഹങ്ങളുടെ ഭൂസുരക്ഷ, ഉറപ്പാക്കുക
- അടിസ്ഥാന വികസന സൗകര്യങ്ങൾ ഉറപ്പാക്കുക
- ഈ സമൂഹങ്ങളുടെ ആചാരപരമായ അവകാശങ്ങൾ സംരക്ഷിക്കുക
- വനവും, ജൈവവൈവിധ്യവും സംരക്ഷിക്കുവാൻ ഈ സമൂഹങ്ങളെ ശാക്തീകരിക്കുക
- സാമൂഹിക വനാവകാശം നൽകപ്പെട്ട പ്രദേശങ്ങളിൽ പ്രകൃതി വിഭവങ്ങളുടെ കൈകാര്യവും, സംരക്ഷണവും ഗ്രാമസഭകളെ ഏൽപ്പിച്ചും, ഉൾപ്പെടുത്തിക്കൊണ്ടും വന പരിപാലനം ഫലവത്താക്കുകയും വികേന്ദ്രീകരിക്കുകയും ചെയ്യുക.

### (ii) ആരൊക്കെയാണ് വനാവകാശികൾ?

വനാവകാശം ലഭിക്കാൻ അർഹതയുള്ളത് വനത്തിൽ അധിവസിക്കുന്ന രണ്ടു വിഭാഗക്കാർക്കാണ് :

- പട്ടികഗോത്ര വർഗ്ഗക്കാർ
- മറ്റ് പരമ്പരാഗത വനവാസികൾ

2005 ഡിസംബർ 13-ന് മുമ്പ് വനഭൂമി കൈവശം (occupy) വെച്ചിരിക്കണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് (വകുപ്പ് 4 (5)) വനാവകാശം നൽകപ്പെടുന്നത്.

മറ്റ് പരമ്പരാഗത വനവാസികൾ 2005 ഡിസംബർ 13-ന് മുമ്പ് കുറഞ്ഞത് മൂന്ന് തലമുറകളെങ്കിലും (75 വർഷം) വനത്തിൽ താമസവും, വനത്തിനെയോ വനഭൂമിയെയോ ഉപജീവനത്തിനായി ആശ്രയിച്ചിരുന്നവരും ആയിരിക്കണം.

---

[11] നിയമത്തിന്റെ പ്രാരംഭത്തിലാണ് നിയമത്തിന്റെ ഉദ്ദേശ്യങ്ങൾ വിസ്തരിച്ച പ്രതിപാദിച്ചിട്ടുള്ളത്.



FRA Handbook inner_New_V6.indd 50 02-09-2024 17:26:02

### (iii) എന്താണ് വനാവകാശം?

പൊതുവിൽ മൂന്ന തരം അവകാശങ്ങളാണ് നിയമത്തിൽ ഉൾപ്പെടുന്നത്.

- വ്യക്തിഗത അവകാശം: വസ്തു നടപ്പവകാശം. താമസം, കൃഷി എന്നിവയ്ക്കായി വനഭൂമി ഉപയോഗിക്കുന്ന കുടുംബങ്ങൾക്ക്, അത് തുടരാനുള്ള നിയമപരമായ അവകാശം.
- സാമൂഹിക അവകാശം: വനത്തെ ആശ്രയിച്ച കൊണ്ട് ഊരുകളിൽ കഴിയുന്ന ആദിവാസി-മറ്റ് പരമ്പരാഗത വനവാസികൾക്ക് കൂട്ടായി നൽകപ്പെടുന്ന അവകാശങ്ങൾ.
- വികസന അവകാശം: അടിസ്ഥാന സൗകര്യങ്ങൾ, വികസന സംരംഭങ്ങൾ എന്നിവയ്ക്കായി വനഭൂമി ഉപയോഗിക്കാനുള്ള അവകാശം.

വ്യക്തിഗത അവകാശം ഒരു വ്യക്തിയിലോ ഒരു കൂട്ടം വ്യക്തികളിലോ ഒരു കുടുംബമെന്ന നിലയിലോ അംഗീകരിക്കപ്പെടാം. ഇത് വനാവകാശ നിയമം വകുപ്പ് 3(1)-ൽ വ്യക്തമാക്കുന്നുണ്ട്. വനാവകാശം കിട്ടിയവർ നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന നോക്കാനും, ഫലപ്രദമായ തീരുമാനങ്ങൾ എടുക്കാനും ഗ്രാമസഭയ്ക്ക് ഉത്തരവാദിത്തമുണ്ട്.

### (iv) വനാവകാശ നിയമം മറ്റ് നിയമങ്ങളിൽ നിന്നും എങ്ങനെ വ്യത്യസ്തമാകുന്നു?

വനാവകാശത്തിന് കീഴിൽ ഉള്ള പല അവകാശങ്ങളും മറ്റ് പല നിയമങ്ങൾക്ക് കീഴിലും അംഗീകരിച്ചിട്ടുള്ളവയാകാം. അപ്പോൾ വനാവകാശ നിയമം കൊണ്ടുവന്നതിന്റെ പ്രസക്തി എന്താണെന്ന ചോദ്യമുദിക്കാം. ഇത്തരം അവകാശങ്ങൾ, വനാവകാശ നിയമത്തിന് കീഴിൽ അംഗീകരിച്ച കഴിഞ്ഞാൽ, പരസ്പര ബന്ധമുള്ള പല അവകാശങ്ങളും, അധികാരങ്ങളും, ഉത്തരവാദിത്വങ്ങളും വനാവകാശികൾക്ക് വന്ന ചേരും. ഉദാഹരണത്തിന് പല സംസ്ഥാനങ്ങളിലും ചെറുകിട അഥവാ ലഘു വന വിഭവങ്ങൾ വനവാസികൾക്ക് ഉപയോഗിക്കാനായി



FRA Handbook inner_New_V6.indd 51 02-09-2024 17:26:03

സർക്കാർ അധികാരം കൊടുത്തിട്ടുണ്ട്. എന്നാൽ വനാവകാശ നിയമ പ്രകാരം ചെറുകിട വന വിഭവങ്ങൾ ശേഖരിക്കാനോ, വന ഭൂമിയിൽ ജീവിക്കാനോ ഉള്ള അവകാശം ലഭിക്കുന്നതോടെ വനം, ജൈവവൈവിധ്യം, ജലസ്രോതസ്സുകൾ, സാംസ്കാരികവും, പാരിസ്ഥിതീകവുമായ പൈതൃകങ്ങൾ എന്നിവ സംരക്ഷിക്കാനുമുള്ള ചുമതല വനാവകാശികളിലേക്ക് വന്നു ചേരും. എന്നാൽ മറ്റ് നിയമങ്ങൾ പ്രകാരമാണ് ചെറുകിട വന വിഭവ ശേഖരണ അവകാശം ലഭിച്ചതെങ്കിൽ അവയുടെ ശേഖരണ അധികാരം മാത്രമേ ലഭിക്കൂ. അത് പോലെ വ്യക്തിഗത അവകാശ പ്രകാരം കിട്ടുന്ന ഭൂരേഖക്ക് മറ്റ് പട്ടയങ്ങളെക്കാൾ മൂല്യമുണ്ട്. വനാവകാശം ലഭിച്ച ഭൂമിയിൽ നിന്ന് ഗ്രാമസഭയുടെ തീരുമാനപ്രകാരമല്ലാതെ എളുപ്പത്തിൽ വനാവകാശികളെ കുടിയൊഴിപ്പിക്കാനാകില്ല. അതായത്, തീരുമാനം എടുക്കുന്നതിനുള്ള സ്വാതന്ത്ര്യം വനഭൂമിയുടെ അവകാശികൾ അടങ്ങിയ ഗ്രാമസഭയുടേതാണ്. എന്നാൽ മറ്റ് പട്ടയങ്ങളിൽ[12] ഗ്രാമസഭയുടെ തീരുമാനത്തിന് പ്രസക്തിയില്ല.

### II.1.B വനാവകാശ നിയമപ്രകാരമുള്ള വിവിധ അവകാശങ്ങൾ

#### (i) വ്യക്തിഗത അവകാശം

വാസസ്ഥലത്തിൽ തുടർന്നു ജീവിക്കാനും കൃഷി ചെയ്യാനുമുള്ളതാണ് വ്യക്തിഗത അവകാശം എന്നു വിശേഷിപ്പിക്കുന്നത് [വകുപ്പ് 3 (1)(a)].

---

[12] 2001-ൽ കേരളത്തിൽ നടന്ന ആദിവാസി സമരം ഒത്തുതീർപ്പാക്കിയതിന്റെ ഭാഗമായി ആദിവാസി ദളിത് സമര സമിതിയും കേരള സർക്കാരും ആദിവാസികൾക്ക് ഭൂമി നൽകാനായി ഒരു ഉടമ്പടി ഉണ്ടാക്കി. ഈ ഉടമ്പടിയിലെ നിബന്ധനകൾ നടപ്പിലാക്കാനായി ട്രൈബൽ റിസെറ്റിൽമെന്റ് ആൻഡ് ഡെവലപ്പ്മെന്റ് മിഷൻ (TRDM) സ്ഥാപിക്കപ്പെട്ടു. നിലവിൽ, അതാത് TRDM ഡിസ്ട്രിക്ട് മിഷൻ, മിഷന്റെ പേരിൽ ഭൂമി വാങ്ങിച്ച്, ആ ഭൂമി ഗുണഭോക്താക്കളായ ആദിവാസികൾക്ക് ഭാഗിച്ച് അതാത് ഭൂമിയുടെ പട്ടയം ആണ് ആദിവാസികൾക്ക് നൽകുന്നത്. ആധാരം അല്ലാത്തത് കൊണ്ട് തന്നെ ഈ ഭൂമി കൈമാറ്റം ചെയ്യാനാകില്ല. TRDM ഭൂമി നല്കുന്നത് 1960-ലെ കേരള ഭൂമി പതിച്ചു നൽകൽ നിയമത്തിന് കീഴിലാണ്.



FRA Handbook inner_New_V6.indd 52 02-09-2024 17:26:03

2005-ൽ ഭൂമി കൈവശം വെച്ചിരുന്നവർക്ക്, ആ ഭൂമിയിന്മേൽ വ്യക്തിഗത അവകാശത്തിന് അപേക്ഷിക്കാവുന്നതാണ്. പരമാവധി 4 ഹെക്ടർ (10 ഏക്കർ) ഭൂമിക്കാണ് വ്യക്തിഗത അവകാശം ലഭിക്കുക.

സ്വയം കൃഷി ചെയ്യുന്നതിനുള്ള അവകാശത്തിന് കീഴിൽ കൃഷി-അനുബന്ധ പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. കന്നുകാലികളെ വളർത്തൽ, വിളവെടുക്കൽ, വിളവെടുപ്പിനു ശേഷമുള്ള കാർഷികപ്രവൃത്തികൾ, ഉൽപ്പന്നങ്ങളുടെ സംഭരണം എന്നിവയാണ് കൃഷി-അനുബന്ധ പ്രവർത്തനങ്ങൾ [ചട്ടം 12A (8)].

വ്യക്തിഗത അവകാശം ലഭിച്ച ഭൂമി അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യാനാകും. എന്നാൽ ഈ ഭൂമി ക്രയവിക്രയം ചെയ്യാനാവില്ല. അതുകൊണ്ടു തന്നെ ഈ ഭൂമിയിൽ നിന്നു കുടുംബങ്ങളെ ഒഴിപ്പിക്കാനും സാധ്യമല്ല. കുട്ടികളില്ലാത്തവർക്ക് വ്യക്തിഗത അവകാശം അടുത്ത ബന്ധുക്കൾക്ക് കൈമാറാവുന്നതാണ്. വിവാഹിതരാണെങ്കിൽ ഇരുവരുടെയും പേരിൽ ആണ് വ്യക്തിഗത അവകാശ രേഖ ലഭിക്കുക. ഭാര്യയോ, ഭർത്താവോ ജീവിച്ചിരിപ്പില്ലാത്തവരോ, വിവാഹം കഴിക്കാത്തവരോ, ആണെങ്കിൽ മാത്രമേ ഒരു വ്യക്തിയുടെ പേരിൽ വ്യക്തിഗത അവകാശ രേഖ ലഭിക്കുകയുള്ളൂ. എന്നാൽ രേഖയിൽ മാതാപിതാക്കളുടെയും ആശ്രിതരുടെയും പേരുകൾ രേഖപ്പെടുത്തുന്നതാണ്.

**(ii) സാമൂഹിക അവകാശം**

സാമൂഹിക വനാവകാശം മൂന്നു വിധത്തിലുണ്ട് :

- വനഭൂമിയിലും വനവിഭവങ്ങളിലും ഊരു നിവാസികൾക്ക് കൂട്ടായുള്ള അവകാശം
- ജൈവവൈവിധ്യവും ബൗദ്ധിക സ്വത്തവകാശവും സംരക്ഷിക്കാനുള്ള അവകാശം
- സാംസ്കാരിക പൈതൃകങ്ങൾ നിലനിർത്താനുള്ള അവകാശം



FRA Handbook inner_New_V6.indd 53 02-09-2024 17:26:03

**(a) വനവിഭവങ്ങളുടെയും വനഭൂമിയുടെയും മേലുള്ള അവകാശം:**

വകുപ്പ് 3(1)(ബി) പ്രകാരം രാജാക്കന്മാർ, ജന്മികൾ, ഇടയ്ക്ക് വന്നു പോയിട്ടുള്ള ഭരണാധികാരികൾ തുടങ്ങിയവർ അംഗീകരിച്ച് നൽകിയ നിസ്താർ അവകാശമോ, അത് പോലെ മറ്റ് പേരുകളിൽ അറിയപ്പെടുന്ന സാമൂഹ്യ അവകാശങ്ങളോ വനാവകാശങ്ങളായി അംഗീകരിക്കാം.

വിറക്, മുള തുടങ്ങിയ വന ഉൽപന്നങ്ങൾ ഉപയോഗിക്കാനായി ഭരണാധികാരികൾ പല കാലങ്ങളിലായി നൽകിയ ഇളവുകളെയാണ് നിസ്താർ എന്നു വിളിക്കുന്നത്.

ഊരിന്റെ അതിർത്തികൾക്കുള്ളിൽ നിന്നോ പുറത്തു നിന്നോ പരമ്പരാഗതമായി ശേഖരിച്ച് വന്നിരുന്ന മരത്തടിയല്ലാത്ത ചെറുകിട വനവിഭവങ്ങളുടെ (മലഞ്ചരക്ക്) ഉടമസ്ഥാവകാശവും, അവ ശേഖരിക്കുന്നതിനും, ഉപയോഗിക്കുന്നതിനും, വിൽക്കുന്നതിനും ഉള്ള അവകാശവും വകുപ്പ് 3(1)(സി) പ്രകാരം പട്ടിക ഗോത്ര വർഗ്ഗക്കാർക്കും, പരമ്പരാഗത വനവാസികൾക്കും ഉണ്ട്.

ഈ വിഭവങ്ങൾ ഒരു ദിക്കിൽ നിന്നും മറ്റിടങ്ങളിലേക്ക് കൊണ്ട് പോകാൻ പെർമിറ്റ് നൽകാനായി, ചട്ടം 4(1)(e) പ്രകാരം ഗ്രാമസഭക്ക് (ഊരുകൂട്ടം) അധികാരമുണ്ട്. വനവിഭവങ്ങളുടെ ഗതാഗതം നടത്താനായി ഗ്രാമസഭയ്ക്ക് ഒരു വ്യക്തിയെയോ സമിതിയെയോ ചുമതലപ്പെടുത്താം.

മുള[13], ദേശസാൽകൃതമായ മറ്റ് ചെറുകിട വന ഉൽപന്നങ്ങൾ എന്നിവയ്ക്ക് മേലും ഗ്രാമസഭയ്ക്ക് ഉടമസ്ഥാവകാശം ഉണ്ട്. വകുപ്പ് 3(1)(സി)-യിൽ അത് വിവരിക്കുന്നു. ചെറുകിട വന വിഭവങ്ങളുടെ ചരക്ക് നീക്കത്തെ നിലവിലുള്ള സംസ്ഥാനത്തെ ട്രാൻസിറ്റ് നിയമങ്ങൾ തടസ്സപ്പെടുത്തുന്നുവെങ്കിൽ, ഇവയെ ട്രാൻസിറ്റ് നിയമങ്ങളുടെ പരിധിയിൽ നിന്നും ഒഴിവാക്കേണ്ടതുണ്ട്. ഇത്

---

[13] വനാവകാശ നിയമത്തിലെ വകുപ്പ് 2(i) പ്രകാരം മുളയെ ചെറുകിട വന വിഭവമായാണ് തരം തിരിച്ചിരിക്കുന്നത്. കൂടാതെ 1927-ലെ വന നിയമം 2017-ൽ ഭേദഗതി ചെയ്തപ്പോൾ മുളയെ മരം എന്ന ഇനത്തിൽ നിന്നും മാറ്റി ചെറുകിട വന വിഭവമായി തരം തിരിക്കുകയും ചെയ്തിട്ടുണ്ട്.



FRA Handbook inner_New_V6.indd 54 02-09-2024 17:26:03

ചട്ടം 2(d)-യുടെ വിവരണം (explanation) രണ്ടിലും മൂന്നിലും പറഞ്ഞിരിക്കുന്നു.

വകുപ്പ് 3(1)(ഡി), മത്സ്യവും, മറ്റ് ജലോൽപന്നങ്ങളും ഉപയോഗിക്കാനും, കന്നുകാലി മേയ്ക്കാനും അവകാശം നൽകുന്നു. ദേശാടന സമുദായങ്ങൾ അല്ലെങ്കിൽ ഇടയ സമുദായങ്ങൾക്ക് അവർ പരമ്പരാഗതമായി അനുഭവിക്കുന്ന, ഋതുഭേദങ്ങൾക്ക് അനുസരിച്ചുണ്ടാകുന്ന വിഭവങ്ങൾ ഉപയോഗിക്കാനും അവകാശങ്ങൾ ഉണ്ട്.

രാജ്യത്തിന്റെ പല വന മേഖലകളിലും തർക്കത്തിൽ കിടക്കുന്ന ഭൂമിയുണ്ട്. ഇത്തരം ഭൂമിയിന്മേൽ പട്ടികഗോത്ര വർഗ്ഗങ്ങൾക്കും, മറ്റു പരമ്പരാഗത വനവാസികൾക്കും അവരുടെ അവകാശങ്ങൾ ഉറപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ വനാവകാശ നിയമത്തിലെ വകുപ്പ് 3(1)(f) പ്രകാരം തർക്ക ഭൂമിയിലുള്ള അവകാശങ്ങൾ ഇവർക്ക് നല്കുന്നു.

സംസ്ഥാന സർക്കാരോ, പ്രാദേശിക അധികാരികളോ വനഭൂമിക്ക് മേൽ പട്ടയമോ, പാട്ടമോ അല്ലെങ്കിൽ ഗ്രാന്റുകളോ പട്ടിക ഗോത്രവർഗ്ഗങ്ങൾക്കോ, മറ്റു പരമ്പരാഗത വനവാസികൾക്കോ നൽകിയിട്ടുണ്ടെങ്കിൽ വനാവകാശ നിയമത്തിലെ ഉപവകുപ്പ് 3(1)(g) പ്രകാരം അത്തരം പട്ടയമോ, പാട്ടമോ, ഗ്രാന്റുകളോ വനാവകാശ രേഖ ആയി മാറ്റാൻ കഴിയും. അങ്ങനെ വനാവകാശ രേഖ ആയി മാറ്റുകയാണെങ്കിൽ വനാവകാശ നിയമത്തിന്റെ പരിരക്ഷയും അനുശാസിക്കുന്ന ചുമതലകളും, ഉടമസ്ഥ് ലഭ്യമാകും.

പട്ടികഗോത്രവർഗ്ഗക്കാരെയോ, പരമ്പരാഗത വനവാസികളെയോ, വനഭൂമിയിൽ നിന്നും 2005 ഡിസംബർ 13-ന് മുമ്പ് നിയമവിരുദ്ധമായി ഒഴിപ്പിയ്ക്കുകയോ, പുനരധിവാസത്തിനുള്ള അവരുടെ അവകാശം ലഭ്യമാക്കാതെ മാറ്റി പാർപ്പിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ മുൻ സ്ഥലങ്ങളിലോ അല്ലെങ്കിൽ പകരം ഭൂമിയിലോ പുനരധിവാസത്തിനുള്ള അവകാശം വകുപ്പ് 3(1)(m) പ്രകാരം ഉണ്ട്.

പട്ടികഗോത്രവർഗ്ഗക്കാരുടെയോ, പരമ്പരാഗത വനവാസികളുടെയോ ഭൂമി, പകരം ഭൂമി നഷ്ടപരിഹാരമായി നൽകാതെ സംസ്ഥാന സർക്കാർ വികസന ആവശ്യങ്ങൾക്കായി ഏറ്റെടുത്തിട്ടുണ്ടെങ്കിൽ, അഞ്ച് വർഷത്തിനുള്ളിൽ ആ ഭൂമി ഏറ്റെടുത്ത ആവശ്യത്തിനായി

സർക്കാർ ഉപയോഗിച്ചിട്ടില്ലെന്ന തെളിയിക്കപ്പെട്ടാൽ, വനാവകാശ നിയമ പ്രകാരം [വകുപ്പ് 4(8)] ഭൂമിയുടെ അവകാശം അവിടെ നിന്ന് കുടിയിറക്കപ്പെട്ടവർക്ക് തന്നെ തിരിച്ച നൽകുന്ന.

മറ്റു നിയമത്തിൽ മറിച്ച് പ്രതിപാദിക്കാത്ത പക്ഷം പട്ടികവർഗ്ഗക്കാരേയും മറ്റ് പരമ്പരാഗത വനവാസികളേയും വനാവകാശ നടപടിക്രമം പൂർത്തിയാകുന്നതു വരെ അവരുടെ വനഭൂമിയിൽ നിന്ന് കുടിയൊഴിപ്പിക്കാനോ, നീക്കം ചെയ്യാനോ പാടുള്ളതല്ല എന്ന വകുപ്പ് 4(5) നിഷ്കർഷിച്ചിട്ടുണ്ട്.

വന്യ ജീവി സങ്കേതങ്ങളിലും, ദേശീയ ഉദ്യാനങ്ങളിലും വന്യജീവി സംരക്ഷണ ആവശ്യങ്ങൾക്കായി ചില ഭാഗങ്ങൾ **അതിസുപ്രധാന/ സന്ദിഗ്ധാവസ്ഥയിലുള്ള വന്യ ജീവി മേഖലയായി** (Critical Wildlife Habitat Area) നിർണ്ണയിക്കപ്പെടാവുന്നതാണ്. ആ സാഹചര്യത്തിൽ അവിടെ നൽകപ്പെട്ട വനാവകാശങ്ങൾ പരിഷ്കരിക്കാനോ, പുനർനിശ്ചയിക്കാനോ സാധ്യത ഉണ്ട്. എന്നാൽ വകുപ്പ് 4(2) (a) മുതൽ (f) വരെയുള്ള ഉപാധികൾ പാലിച്ച കൊണ്ടു മാത്രമേ വനഭൂമിയിൽ നിന്നും വനാവകാശികളെ നീക്കം ചെയ്യാനാവൂ. ഈ ഉപാധികൾ താഴെ പറയുന്ന:

- അതിസുപ്രധാനമായ വന്യ ജീവി മേഖലയായി പരിഗണനയിലുള്ള മേഖലകളിൽ അർഹരായവർക്ക് വനാവകാശങ്ങൾ നൽകിയിരിക്കണം.
- അവിടെ വനാവകാശികളുടെ വാസം, വന്യമൃഗങ്ങൾക്കും അവയുടെ ആവാസവ്യവസ്ഥക്കും ഭീഷണി ഉയർത്തുന്ന എന്ന സ്ഥാപിച്ചിരിക്കണം.
- വനാവകാശികൾക്കും വന്യമൃഗങ്ങൾക്കും ആ മേഖലയിൽ ഒരുമിച്ച് ഉടരാനകില്ല എന്ന സംസ്ഥാന സർക്കാരിന് ബോധ്യപ്പെടണം.
- പ്രശ്നബാധിതർക്ക് ഉപജീവനമാർഗ്ഗം ഉറപ്പുവരുത്തി കൊണ്ടുള്ള പുനരധിവാസമോ ബദൽ പാക്കേജോ തയ്യാറാക്കി നൽകണം.
- മുകളിൽ പറഞ്ഞ പുനരധിവാസം അഥവാ ബദൽ പാക്കേജിന് ഗ്രാമസഭയുടെ രേഖാമൂലമുള്ള അംഗീകാരം വേണം.

- പുനരധിവാസം നടത്തുന്ന സ്ഥലത്ത് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, അർഹരായവർക്ക് സ്ഥലം കൃത്യമായി വിഹിതം വെയ്ക്കുകയും ചെയ്തതിനു ശേഷം മാത്രമേ ഒഴിപ്പിക്കൽ പ്രക്രിയ നടപ്പിലാക്കാവൂ.

മുൻ കാലങ്ങളിൽ പല ആദിവാസി- വന ഗ്രാമ പ്രദേശങ്ങളും സർക്കാർ രേഖകളിൽ വേണ്ട വിധം രേഖപ്പെടുത്തപ്പെട്ടിരുന്നില്ല. അതിനാൽ അത്തരം പ്രദേശങ്ങളിലെ നിവാസികൾ നേരിടുന്ന നിയമ പരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ വനാവകാശ നിയമത്തിൽ മുൻകരുതൽ എടുത്തിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളെ റവന്യൂ വില്ലേജുകളാക്കി മാറ്റാനുള്ള അവകാശം നിയമത്തിലുണ്ട് [സെക്ഷൻ 3(1)(എച്ച്)]. ഇങ്ങനെ റവന്യൂ വില്ലേജ് ആക്കി മാറ്റുമ്പോൾ നിലവിൽ ഊരിലെ ഭൂവിനിയോഗം എങ്ങനെയാണോ നടക്കുന്നത്, അത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ, ഭാവിയിൽ ഊരിന്റെ വികസനത്തിന് വനാവകാശത്തിൽ പറയുന്ന വികസനാവശ്യത്തിനായുള്ള ഭൂമി (ഉദാഹരണം: സ്കൂളുകൾ, മെഡിക്കൽ സൗകര്യങ്ങൾ, പൊതുസ്ഥലങ്ങൾ മുതലായ അവശ്യങ്ങൾക്ക്) അടയാളപ്പെടുത്തി വയ്ക്കണം. സർക്കാർ രേഖകളിൽ ഇല്ലാത്ത ഊരുകളേയും, വന ഗ്രാമങ്ങളെയും റവന്യൂ വില്ലേജുകളാക്കി മാറ്റുന്നത് ഒരു ഗ്രാമം അഥവാ ഊര് എന്ന നിലയിലുള്ള അവയുടെ നിയമപരമായ പദവി ഉറപ്പാക്കുന്നതിന് വേണ്ടിയാണ്. റിസർവ് വന പ്രദേശങ്ങളിലും, ദേശീയ ഉദ്യാനങ്ങളിലും ഉൾപ്പെട്ട ഇത്തരം വനഗ്രാമങ്ങളെ റവന്യൂ വില്ലേജ് ആക്കി മാറ്റപ്പെടുമ്പോൾ വന ഭൂമി റിസർവ് വനങ്ങളോ ദേശീയ ഉദ്യാനങ്ങളോ ആയി തന്നെ തുടരും.

### (b) ജൈവവൈവിധ്യം, ബൗദ്ധിക സ്വത്തവകാശം എന്നിവയുടെ സംരക്ഷണം:

സാമൂഹിക അവകാശങ്ങളിൽ ഏറ്റവും പ്രധാനമാണ് സമൂഹ വനവിഭവ പരിപാലന അവകാശം (CFR). വകുപ്പ് 3(1)(ഐ) ഈ അവകാശങ്ങൾ നിർവചിക്കുന്നു. കീഴ്വഴക്കങ്ങൾ അനുസരിച്ച് ആദിവാസി സമൂഹങ്ങൾ പരമ്പരാഗതമായി സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്തു വനഭൂമി അല്ലെങ്കിൽ വനവിഭവം

പരിപാലിക്കാനും, പുനരുല്പാദിപ്പിക്കാനും സംരക്ഷിക്കുവാനും, കൈകാര്യം ചെയ്യുന്നതിനുമുള്ള അവകാശം.

ഗ്രാമത്തിന്റെ പരമ്പരാഗതമോ കീഴനടപ്പനുസരിച്ചുള്ളതോ ആയ അതിർത്തിക്കുള്ളിലുള്ള പൊതു വനഭൂമിയാണ് സമൂഹ വനവിഭവ മേഖല എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇടയ സമുദായങ്ങളുടെ കാര്യത്തിൽ, അവർക്ക് പരമ്പരാഗതമായി പ്രവേശനമുള്ള ഭൂപ്രദേശം. സമൂഹവനവിഭവ മേഖലയിൽ റിസർവ് വനങ്ങളും, സംരക്ഷിത വന മേഖലകളും ഉൾപ്പെടാം. ഉദാഹരണം: വന്യ മൃഗസംരക്ഷണ കേന്ദ്രങ്ങൾ, ദേശീയ പാർക്കുകൾ.

സമൂഹവനവിഭവ മേഖലയുടെ സുസ്ഥിര സംരക്ഷണത്തിനും പരിപാലനത്തിനും ഗ്രാമസഭ പ്രത്യേക സമിതി രൂപീകരിക്കണം [ചട്ടം 4(1)(f)]. ഈ സമിതിയാണ് പ്രദേശത്തിന്റെ കൈകാര്യത്തിനുള്ള പദ്ധതി (മാനേജ്മെൻറ് പ്ലാൻ/CFRMP) തയ്യാറാക്കേണ്ടത്. വനം വകുപ്പ് തയ്യാറാക്കുന്ന വർക്കിങ്ങ് പ്ലാൻ അഥവാ മൈക്രോ പ്ലാനുമായി അത് സംയോജിപ്പിക്കേണ്ടതുണ്ട്.[14]

ജൈവവൈവിധ്യം, സാംസ്കാരിക വൈവിധ്യം എന്നിവയുമായി ബന്ധപ്പെട്ട പരമ്പരാഗത വിജ്ഞാനത്തിന് മേലുള്ള ബൗദ്ധിക സ്വത്തവകാശം [വകുപ്പ് 3(1)(കെ)]. ജൈവവൈവിധ്യവും സാംസ്കാരിക വൈവിധ്യവും ആധാരമാക്കിയുള്ള പാരമ്പര്യ അറിവുകളിൽ വനവാസികൾക്കുള്ള അവകാശത്തെ നിയമത്തിലെ ഈ വകുപ്പ് സംരക്ഷിക്കുന്നു. പരമ്പരാഗത വിജ്ഞാനം തലമുറകളിലൂടെ വാക്കാൽ കൈമാറി വരുന്നതിനാൽ മുൻകാലങ്ങളിൽ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് ബൗദ്ധിക സ്വത്തവകാശ നിയമ പ്രകാരം ഈ അവകാശങ്ങൾ ലഭിച്ചിരുന്നില്ല.

---

[14] വനം വകുപ്പിന്റെ വർക്കിങ്ങ് പ്ലാൻ പത്തു വർഷത്തേക്കാണ് തയ്യാറാക്കുന്നത്. അത് കൊണ്ട് CFRM പ്ലാൻ വർക്കിങ്ങ് പ്ലാനിൽ സംയോജിപ്പിക്കുമ്പോൾ ആദ്യം തയ്യാറാക്കിയ വർക്കിങ്ങ് പ്ലാനിൽ മാറ്റം വരും. അത് കൊണ്ട് വനം വകുപ്പിന്റെ State Level Deviation Committee കൂടി ഈ മാറ്റങ്ങൾ അംഗീകരിക്കേണ്ടതാണ്.

### (c) സാംസ്കാരിക പൈതൃകത്തിൽ ആദിമ ഗോത്ര വർഗ്ഗക്കാരുടെ അവകാശം:

വനവുമായി അഭേദ്യമായ സാംസ്കാരിക പൈതൃക സാമൂഹിക സാമ്പത്തിക ബന്ധമുള്ള ആദിമ ഗോത്രവിഭാഗങ്ങൾക്കും, പൂർവ്വകാല കർഷക സമൂഹങ്ങൾക്കും മാത്രമുള്ളതാണ് ഈ അവകാശം. ഇവരുടെ സ്വാഭാവിക വാസസ്ഥാനത്ത് സ്വന്തം വസതികളിൽ തുടർന്നു ജീവിക്കാനും, സാമൂഹികവും സാംസ്കാരികവും, ആത്മീയവും മതാചാരപരവുമായ കാര്യങ്ങളിൽ പരമ്പരാഗതമായി ഇവർ ഉപയോഗിക്കുന്ന മേഖല സമൂഹമെന്ന നിലയിൽ ഉപയോഗിക്കാനുമുള്ള അവകാശങ്ങൾ വകുപ്പ് 3(1)(e) ഉറപ്പാക്കുന്നു. ഇതിന് "habitat rights" എന്നാണ് പറയുന്നത്. "Habitat" അഥവാ വാസസ്ഥലം പല സങ്കീർണ്ണ ഘടകങ്ങൾ ഉൾച്ചേർന്നതാണ്. ഈ ഘടകങ്ങൾ പല സ്ഥലങ്ങളിലായി ചിതറി കിടക്കുകയോ, പരസ്പരം കൂടി ചേർന്നു കിടക്കുകയോ ചെയ്യും.

ഉദാഹരണത്തിന് ഒറീസ്സയിലെ ഒരു ഗോത്ര വിഭാഗത്തിന്റെ [Dongria Kond] മൂന്നു വർഷത്തിലൊരിക്കൽ നടക്കുന്ന ഉത്സവം ഒരു പ്രത്യേക സ്ഥലത്ത് മാത്രമേ നടത്താനാകൂ. എന്നാൽ വിഭവ ശേഖരണവും, താമസവും പലയിടങ്ങളിലായാണ് വ്യാപിച്ച് കിടക്കുന്നത്. ഈ വ്യത്യസ്ത സാമൂഹിക പ്രവർത്തനങ്ങൾ നടക്കുന്ന വിവിധ പ്രദേശങ്ങളെയാണ് സമൂഹത്തിന്റെ ആവാസ വ്യവസ്ഥ എന്നു വിശേഷിപ്പിക്കുന്നത്. ഈ സ്വാഭാവിക സ്ഥലങ്ങളുടെ സാംസ്കാരികമായ ഉപയോഗം തടസ്സമില്ലാതെ തുടർന്നും മുന്നോട്ട് കൊണ്ട് പോകാൻ നൽകുന്ന നിയമപരമായ അവകാശത്തെയാണ് "habitat rights" എന്നു വിളിക്കുന്നത്.

### (d) മറ്റ് പരമ്പരാഗത അവകാശങ്ങൾ:

ഏതെങ്കിലും സംസ്ഥാന നിയമപ്രകാരം അംഗീകരിക്കപ്പെട്ടതോ, ഗോത്ര വിഭാക്കാരുടെ പരമ്പരാഗത നിയമ പ്രകാരമോ ആചാരപരമായോ ആസ്വദിച്ച് വന്നിരുന്ന അവകാശങ്ങളും വനാവകാശ നിയമം വകുപ്പ് 3(1)(j) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ഉപവകുപ്പ് 3(1)(എ) മുതൽ (കെ) വരെയുള്ളതിൽ പരാമർശിക്കാത്തതും, എന്നാൽ പരമ്പരാഗതമായി ഈ ജന വിഭാഗങ്ങൾ അനുഭവിച്ചുപോരുന്നതുമായ അവകാശങ്ങൾ

ആണ് വകുപ്പ് 3(1)(l)-ൽ അംഗീകരിച്ചിട്ടുള്ളത്. ഇന്ത്യയുടെ വൈവിധ്യമാർന്ന ഗോത്ര സമൂഹ പരമ്പര്യങ്ങളിൽ നിലനിൽക്കുന്ന എല്ലാ സവിശേഷ അവകാശങ്ങളും നിയമത്തിൽ പ്രത്യേകമായി പരാമർശിക്കാൻ പ്രയാസമുള്ളതിനാലാണ് ഈ പൊതു വകുപ്പ് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

വന്യജീവികളെ വേട്ടയാടൽ, കെണി വെച്ച് പിടിക്കൽ, അവയുടെ ശരീര ഭാഗങ്ങൾ ശേഖരിക്കൽ എന്നിവ വനാകാശങ്ങളിൽ ഉൾപ്പെടുന്നില്ല. പ്രാബല്യത്തിലുള്ള മറ്റ് നിയമങ്ങൾ പ്രകാരം ഇവ കുറ്റകരമാണ്. വനാവകാശ നിയമം, മറ്റ് നിയമങ്ങളെ പാടെ അപ്രസക്തമാക്കുന്നില്ല. വനാവകാശ നിയമത്തിൽ വ്യക്തമായി പ്രതിപാദിക്കുന്ന ഏതെങ്കിലും വ്യവസ്ഥ നിലവിലുള്ള മറ്റ് നിയമങ്ങളുമായി വൈരുദ്ധ്യമുണ്ടെങ്കിൽ, അത്തരം നിയമങ്ങളിൽ വനാവകാശവുമായി വൈരുധ്യമുള്ള വ്യവസ്ഥകൾ അപ്രസക്തമാക്കപ്പെടും. മറ്റ് ഉപയോഗങ്ങളിൽ നിയമത്തിലെ വ്യവസ്ഥകൾ നിലനിൽക്കും. ഇതിന് ഒരു ഉദാഹരണമാണ് ലഘു വന വിഭവങ്ങൾ. ലഘു വന വിഭവങ്ങൾ വനാവകാശികൾക്ക് ഉപയോഗത്തിനായി എടുക്കാവുന്നതാണ്. എന്നാൽ വനാവകാശ നിയമത്തിൽ മരത്തടി എടുക്കുന്നതിന് വ്യവസ്ഥയില്ല[15]. അതിനാൽ വനാവകാശികളായ വനവാസി സമൂഹങ്ങൾ മരത്തടി മുറിച്ചെടുക്കുകയാണെങ്കിൽ, 1961-ലെ കേരള വന നിയമ പ്രകാരം അത് കുറ്റകരമാണ്.

വനാവകാശം ലഭിച്ചവർക്ക് വേണ്ട പിന്തുണ സംസ്ഥാന സർക്കാർ നല്കേണ്ടതാണ് [ചട്ടം 16]. വനാവകാശികളുടെ ഉന്നമനം, ഭൂ ഉൽപ്പാദനക്ഷമത, അടിസ്ഥാന സൗകര്യങ്ങൾ

---

[15]വ്യക്തിഗത അവകാശം ലഭിച്ച ഭൂമിയിൽ വ്യക്തി സ്വന്തം ആവശ്യങ്ങൾക്കായി നട്ട് പിടിപ്പിച്ച മരമാണെങ്കിൽ അത് മുറിക്കാവുന്നതാണ്. എന്നിരുന്നാലും, മരങ്ങൾ മുറിക്കുന്നതും നീക്കം ചെയ്യുന്നതും പ്രസക്തമായ സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ വേണ്ട അനുമതികൾക്ക് വിധേയമായാണ്. കേരള ഹൈ കോടതി 2017-ൽ പ്രമോദ് കെ. പി. vs സ്റ്റേറ്റ് ഓഫ് കേരള എന്ന കേസിൽ പുറപ്പെടുവിച്ച വിധിയിൽ മേൽപറഞ്ഞ നിലപാട് ആണ് സ്വീകരിച്ചത്.



FRA Handbook inner_New_V6.indd 60 02-09-2024 17:26:03

എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ അതാത് വകുപ്പുകൾ വനാവകാശികൾക്ക് ലഭ്യമാക്കേണ്ടതാണ്.

**(iii) വികസന അവകാശങ്ങൾ**

ആദിവാസി ഊരുകളുടെ വികസനത്തെ മുൻനിർത്തി താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വനഭൂമി ഉപയോഗി -ക്കുന്നതിനുള്ള അവകാശം

- വിദ്യാലയങ്ങൾ
- ഡിസ്പെൻസറി അല്ലെങ്കിൽ ആശുപത്രി
- അങ്കണവാടികൾ
- ന്യായവില കടകൾ
- വൈദ്യുതി, ടെലികമ്മ്യൂണിക്കേഷൻ ലൈനുകൾ
- ടാങ്കുകളും മറ്റു ചെറിയ ജലാശയങ്ങളും
- കുടിവെള്ള വിതരണവും, വെള്ളത്തിനുള്ള പൈപ്പ് ലൈനുകളും
- ജലം അല്ലെങ്കിൽ മഴവെള്ള ശേഖരണ സംഭരണി
- ചെറുകിട ജലസേചന കനാലുകൾ
- പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ്
- നൈപുണ്യ വൈദഗ്ധ്യം അഭിവൃദ്ധിപ്പെടുത്താനുള്ള പരിശീലന കേന്ദ്രങ്ങൾ അല്ലെങ്കിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ
- റോഡുകൾ
- സാമൂഹ്യ കേന്ദ്രങ്ങൾ

ഗ്രാമസഭയുടെ നിർദ്ദേശ പ്രകാരം തയ്യാറാക്കുന്ന വികസന പദ്ധതികൾ ഓരോന്നിനും ഒരു ഹെക്ടറിൽ കൂടാത്ത വനഭൂമി അനുവദിക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് (DFO) അധികാരമുണ്ട്. മുകളിൽ പറഞ്ഞിട്ടുള്ള 13 ആവശ്യങ്ങൾക്കാണ് വന ഭൂമി അനുവദിക്കുന്നത്. വികസന ആവശ്യങ്ങൾക്കായി ഒരു ഹെക്ടറിൽ നിന്നും പരമാവധി 75 മരങ്ങൾ മുറിച്ചു മാറ്റാവുന്നതാണ്.

### II.1.C വനാവകാശ നിയമ പ്രകാരമുള്ള ചുമതലകൾ

വനാവകാശ നിയമം ഗോത്ര വർഗ്ഗക്കാർക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും ചില ചുമതലകളും നല്കുന്നുണ്ട്. വകുപ്പ് 5-ൽ ചുമതലകളെ കുറിച്ച് പറയുന്നു. വകുപ്പ് 5 പ്രകാരം വനാവകാശം ലഭിച്ച വ്യക്തികൾ, ഗ്രാമസഭ, മറ്റ് ഗ്രാമതല സ്ഥാപനങ്ങൾ എന്നിവയ്ക്ക് താഴെ പറയുന്ന ചുമതലകൾ ഉണ്ട്:

- വനം, വന്യജീവികൾ, ജൈവവൈവിധ്യം എന്നിവ സംരക്ഷിക്കുക
- ജലസംഭരണികളും, ജലസ്രോതസ്സുകളും മറ്റു പരിസ്ഥിതി ദുർബല പ്രദേശങ്ങളും സംരക്ഷിക്കപ്പെടുന്നുണ്ടെന്നു ഉറപ്പുവരുത്തുക
- വിനാശകരമായ പ്രവൃത്തികളിലൂടെ പട്ടിക ഗോത്ര വർഗ്ഗങ്ങളുടെയും മറ്റു പരമ്പരാഗത വനവാസികളുടെയും വാസസ്ഥലങ്ങളും, അവരുടെ സാംസ്കാരികവും, പാരിസ്ഥിതീകവുമായ പൈതൃകങ്ങളും ദോഷകരമായി ബാധിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക
- വനം, വന്യജീവികൾ, ജൈവവൈവിധ്യം എന്നിവയെ ദോഷകരമായി ബാധിക്കുന്ന പ്രവൃത്തികൾക്കെതിരെ ഗ്രാമസഭ കൈകൊള്ളുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുക

വകുപ്പ് 5(d) പ്രകാരം ആരെങ്കിലും വന്യ ജീവികളെയോ ജൈവവൈവിധ്യത്തെയോ ബാധിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ നടത്തിയാൽ അത്തരം പ്രവർത്തനങ്ങൾ തടയാനും പ്രദേശത്ത് പ്രവേശനം വിലക്കാനുമുള്ള അധികാരം ഗ്രാമസഭയ്ക്കുണ്ട്. വന്യജീവികളെയോ ജൈവവൈവിധ്യത്തെയോ ബാധിക്കുന്ന രീതിയിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട നിയമങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള ശിക്ഷകൾ ബാധകമാണ്. വനം-വന്യജീവി സംരക്ഷണത്തിന് വേണ്ട സഹായങ്ങൾ വനംവകുപ്പ് അതാതു നിയമങ്ങൾക്കു കീഴിൽ നൽകേണ്ടതാണ്.

## II.1.D വനാവകാശ നിയമം നിർദ്ദേശിക്കുന്ന കമ്മറ്റികൾ

### (i) ഗ്രാമസഭ[16]

വനാവകാശ നിയമത്തിന് കീഴിലുള്ള ഏറ്റവും പ്രധാനപ്പെട്ട സമിതിയാണ് ഗ്രാമസഭ. ഓരോ ആദിവാസി ഊരും ഓരോ ഗ്രാമസഭയായി പരിഗണിക്കാവുന്നതാണ്. ഇത്തരത്തിൽ രൂപീകരിക്കുന്ന ഗ്രാമസഭകൾ അല്ലെങ്കിൽ ഊരുക്കൂട്ടങ്ങൾ "വനാവകാശ ഗ്രാമസഭ" അല്ലെങ്കിൽ "വനാവകാശ ഊരുകൂട്ടം"[17] എന്നാണ് അറിയപ്പെടുക. ഊരിലെ/ഗ്രാമത്തിലെ 18 വയസ്സിനു മുകളിലുള്ള അംഗങ്ങളെല്ലാം ഗ്രാമസഭയിൽ ഉൾപ്പെടുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കും ഗ്രാമസഭയുടെയും/ ഊരുക്കൂട്ടത്തിന്റെയും സെക്രട്ടറി. ആയതിനാൽ ഗ്രാമസഭ വിളിച്ചു കൂട്ടേണ്ട ചുമതല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഉണ്ട്.

ഗ്രാമസഭാ യോഗത്തിന്റെ കോറം[18] ഗ്രാമസഭയിലെ മൊത്തം അംഗങ്ങളിൽ പകുതിയിൽ കുറവായിരിക്കരുത് (50%). അതിൽ മൂന്നിൽ ഒന്ന് സ്ത്രീകൾ ആയിരിക്കണം. വനാവകാശവുമായി ബന്ധപ്പെട്ട ഗ്രാമസഭ പ്രമേയങ്ങൾ പാസ്സാക്കുമ്പോൾ കുറഞ്ഞത് അമ്പത് ശതമാനം അപേക്ഷകരോ അവരുടെ പ്രതിനിധികളോ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്. ഹാജരുള്ള അംഗങ്ങളിൽ കേവല ഭൂരിപക്ഷത്തോടെയാണ് അത്തരം പ്രമേയങ്ങൾ പാസ്സാക്കേണ്ടത്.

വ്യക്തിഗത, സാമൂഹിക അവകാശങ്ങൾ നിർണ്ണയിക്കാനുള്ള പ്രക്രിയ ആരംഭിക്കുന്നതിനും, അവ പരിശോധിക്കുന്നതിനും വനാവകാശ ഗ്രാമസഭയ്ക്ക് അധികാരമുണ്ട്.

---

16 ചട്ടം 3-ലും 4-ലും ആണ് ഗ്രാമസഭയെ കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുള്ളത്

17 പൊതുവിൽ ഗ്രാമസഭകൾ പഞ്ചായത്ത് തലത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ വനാവകാശ നിയമത്തിൽ ഗ്രാമസഭകളെ ഊര് തലത്തിലാണ് വിളിച്ചു കൂട്ടുന്നത്.

18 ഔദ്യോഗിക തീരുമാനങ്ങൾ എടുക്കുമ്പോൾ മീറ്റിംഗിൽ ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ അംഗസംഖ്യ



FRA Handbook inner_New_V6.indd 63 02-09-2024 17:26:04

പരിശോധനക്ക് ശേഷം ഗ്രാമസഭ അംഗീകരിക്കുന്ന അപേക്ഷകൾക്ക് അവകാശം നൽകുന്നതിനുള്ള പ്രമേയം പാസ്സാക്കി, അതിന്റെ പകർപ്പ് സബ് ഡിവിഷണൽ ലെവൽ സമിതിക്ക് (SDLC) അയച്ചു കൊടുക്കേണ്ടതാണ് [ചട്ടം 4(1)C)]

ഇങ്ങനെയുള്ള അവകാശവാദികളുടെ ഒരു പട്ടിക തയ്യാറാക്കണം. അപേക്ഷകളുടെ വിവരങ്ങൾ ഒരു രജിസ്റ്ററിൽ സൂക്ഷിക്കണം. ഇതിനായി ഗ്രാമസഭയ്ക്ക് ആവശ്യമായ സഹായങ്ങൾ അതാത് സർക്കാർ വകുപ്പുകൾ ലഭ്യമാക്കേണ്ടതുണ്ട്.

അതിസുപ്രധാന വന്യ ജീവി മേഖലയിൽ നിന്ന് വകുപ്പ് 4(2) പ്രകാരമുള്ള പുനരധിവാസം (II.1.B വനവിഭവങ്ങളുടെയും വനഭൂമിയുടെയും മേലുള്ള അവകാശം എന്ന പാഠഭാഗത്ത് പറഞ്ഞത് പോലെ) നടക്കുകയാണെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ പരിശോധിക്കുകയും, ആവശ്യമായ പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്യേണ്ടത് ഗ്രാമസഭകളാണ്. വികസന അവകാശങ്ങളുടെ കീഴിൽ വരുന്ന പദ്ധതികൾക്ക് വനം വകുപ്പ് അംഗീകാരം നൽകുന്നതും ഗ്രാമസഭയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്.

ഗ്രാമസഭയെ അതിന്റെ ചുമതലകളിൽ സഹായിക്കാനായി സമിതികൾ രൂപീകരിക്കാവുന്നതാണ്. വനാവകാശങ്ങൾ നിർണ്ണയിക്കാനുള്ള പ്രക്രിയയിൽ ഗ്രാമസഭയെ സഹായിക്കാനായി വനാവകാശ സമിതിയും, വകുപ്പ് അഞ്ചിൽ പറഞ്ഞിട്ടുള്ള ചുമതലകൾ നിർവഹിക്കാനായി മറ്റ് സമിതികൾ രൂപീകരിക്കാനുള്ള ചുമതലയും ഗ്രാമസഭയ്ക്കുണ്ട്. മേൽപറഞ്ഞ സമിതികളെ പരിശോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതും ഗ്രാമസഭയുടെ ചുമതലയാണ്.

മേൽപറഞ്ഞ ചുമതലകൾക്ക് പുറമെ, സമൂഹവനവിഭവങ്ങൾ സ്ഥായിയായും സന്തുലിതമായും നിലനിർത്തുന്നതിനായി ഒരു സംരക്ഷണ- പരിപാലന രേഖ തയ്യാറാക്കേണ്ടത് ഗ്രാമസഭയുടെ വലിയൊരു ചുമതലയാണ്. അത് വനംവകുപ്പിന്റെ മൈക്രോ പ്ലാൻ, മാനേജ്മെന്റ് പ്ലാൻ, വർക്കിങ്ങ് പ്ലാൻ എന്നിവയുമായി ഗ്രാമസഭ സംയോജിപ്പിക്കേണ്ടതുമാണ്. സമൂഹ വനവിഭവ സംരക്ഷണ പരിപാലന രേഖ വിശദമായ ചർച്ചകൾക്ക് ശേഷം പ്രമേയം വഴി അംഗീകരിക്കേണ്ടത് ഗ്രാമസഭയാണ്.

ഈ രേഖയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതും ഗ്രാമസഭ തന്നെ.

സമൂഹവനവിഭവ പരിപാലന സമിതി തയ്യാറാക്കുന്ന പ്ലാനുകൾ അവലോകനം ചെയ്യാനും അവ അംഗീകരിക്കാനുമായി ഗ്രാമസഭക്കു എപ്പോൾ വേണമെങ്കിലും യോഗം കൂടാവുന്നതാണ്. ഒരു സാഹചര്യത്തിലും ആറുമാസത്തിലധികം യോഗങ്ങൾ നടത്താതെ ഇരിക്കരുത്. കോറം തികഞ്ഞാലേ യോഗം നടത്താനാകൂ. യോഗത്തെ സംബന്ധിച്ച നോട്ടീസ് നിശ്ചിത തിയ്യതിക്ക് ഏഴു ദിവസം മുൻപ് എല്ലാ അംഗങ്ങൾക്കും പഞ്ചായത്ത് സെക്രട്ടറി നൽകേണ്ടതാണ്. വളരെ അടിയന്തര സാഹചര്യങ്ങളിൽ മാത്രമേ ഏഴു ദിവസം നോട്ടീസ് എന്ന നിബന്ധനക്ക് അയവു വരുത്താൻ പാടുള്ളൂ.

വനവിഭവങ്ങൾ കൊണ്ടുപോകുന്നതിനുള്ള പെർമിറ്റ് നൽകുന്നതും അവയുടെ വിപണനം വഴി ലഭിക്കുന്ന തുക വിനിയോഗിക്കുന്നതും ഗ്രാമസഭയുടെ നിയന്ത്രണത്തിലാണ്. ഏതെങ്കിലും സമിതിക്കോ ഉദ്യോഗസ്ഥനോ എതിരായി ഊരിൽ പരാതി ഉയർന്നാൽ, അതിൻമേൽ ഗ്രാമസഭ രേഖാമൂലം പ്രമേയം പാസ്സാക്കി സംസ്ഥാന തല സമിതിക്കു (SLMC) അയക്കണം. ഈ പരാതിയിൽ 60 ദിവസം കഴിഞ്ഞിട്ടും നടപടികൾ ആരംഭിച്ചിട്ടില്ലെങ്കിൽ മാത്രമേ കോടതിയെ സമീപിക്കാനാകൂ.

സമൂഹവനവിഭവ മേഖലയുടെ അതിർത്തികളെ സംബന്ധിച്ച് അടുത്തടുത്ത് കിടക്കുന്ന ഗ്രാമസഭകൾക്കിടയിൽ തർക്കങ്ങൾ ഉണ്ടാകാറുണ്ട്. ഈ തർക്കങ്ങൾ തീർപ്പാക്കാനായി ഗ്രാമസഭകൾക്ക് SDLC-യെ സമീപിക്കാവുന്നതാണ്. ഒരു ഗ്രാമസഭയിലെ അംഗങ്ങൾക്കിടയിലാണ് പ്രശ്നമെങ്കിൽ ഗ്രാമസഭ കൂടി ചർച്ച നടത്തി പ്രശ്നപരിഹാരം നടത്തണം. ഗ്രാമസഭയുടെ തീരുമാനങ്ങളിൽ ആർക്കെങ്കിലും എതിർപ്പ് ഉണ്ടെങ്കിൽ SDLC-യെ സമീപിക്കാവുന്നതാണ്.

ഗ്രാമസഭ അംഗീകരിച്ച അപേക്ഷകളിൽ, സ്ഥല പരിശോധന സമയത്ത് വനം/റവന്യൂ വകുപ്പ് പ്രതിനിധികൾ ഹാജരായില്ല എന്ന കാരണത്താൽ എതിർപ്പുകൾ ഉണ്ടെങ്കിൽ അപേക്ഷ പുനഃപരിശോധനയ്ക്കായി ഗ്രാമസഭയിലേക്ക് മാറ്റും. എന്നാൽ രണ്ടാം തവണയും ബന്ധപ്പെട്ട പ്രതിനിധികൾ സ്ഥല



FRA Handbook inner_New_V6.indd 65 02-09-2024 17:26:04

പരിശോധനക്ക് ഹാജരായില്ലെങ്കിൽ ഗ്രാമസഭയുടെ തീരുമാനം അന്തിമമായിരിക്കും.

ഊര് തലത്തിൽ, ഗ്രാമസഭ അല്ലാതെ മറ്റൊരു പ്രാദേശിക സമിതികൾക്കോ ഉദ്യോഗസ്ഥർക്കോ വനാവകാശവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ തീരുമാനമെടുക്കാനുള്ള അധികാരമില്ല.

### (ii) വനാവകാശ സമിതി

വനാവകാശ നിയമത്തിന് കീഴിലുള്ള അവകാശങ്ങൾ നേടിയെടുക്കുന്നതിനായി ഗ്രാമസഭയെ സഹായിക്കുന്നതിനായുള്ള സമിതിയാണ് വനാവകാശ സമിതി (Forest Rights Committee/FRC). വനാവകാശ ഗ്രാമസഭയുടെ ആദ്യ യോഗത്തിൽ തന്നെ വനാവകാശ സമിതി രൂപീകരിക്കേണ്ടതാണ്. വനാവകാശങ്ങളായ വ്യക്തിഗത അവകാശം, സാമൂഹിക അവകാശങ്ങൾ, സമൂഹവനവിഭവ പരിപാലന അവകാശം എന്നീ അവകാശങ്ങൾ നേടിയെടുത്ത് കഴിഞ്ഞാൽ പിന്നെ വനാവകാശ സമിതിക്കു പ്രസക്തിയില്ല.

10-ൽ കുറയാത്തതും 15-ൽ കൂടാത്തതുമായ അംഗങ്ങളാണ് സമിതിയിൽ വേണ്ടത്. ഇതിൽ മൂന്നിലൊരു ഭാഗം അഥവാ 30%-ത്തിൽ കുറയാത്ത അംഗങ്ങൾ സ്ത്രീകളായിരിക്കണം. ആദ്യ യോഗത്തിൽ തന്നെ വനാവകാശ സമിതി അദ്ധ്യക്ഷനെയും, സെക്രട്ടറിയെയും തിരഞ്ഞെടുത്ത് SDLC-യെ അറിയിക്കേണ്ടതാണ്. വനാവകാശ സമിതി പ്രവർത്തനക്ഷമമല്ലെങ്കിലോ, അംഗങ്ങൾ നിഷ്ക്രിയരാകുകയോ ചെയ്യുന്ന പക്ഷം സമിതി പുനഃസംഘടിപ്പിക്കാവുന്നതാണ്. എന്നാൽ ഇത്തരം പുനഃസംഘടന പഞ്ചായത്ത് സെക്രട്ടറിയും, SDLC-യേയും അറിയിക്കേണ്ടതാണ്.

നിർദിഷ്ട ഫോമുകളിൽ (വ്യക്തിഗത അവകാശം – ഫോം എ, സാമൂഹിക അവകാശം–ഫോറം ബി, CFR–ഫോറം സി) തെളിവുകൾ സഹിതം അപേക്ഷകൾ സ്വീകരിക്കുക, അവയ്ക്ക് രസീത് നൽകുക എന്നത് വനാവകാശ സമിതിയുടെ ഉത്തരവാദിത്വമാണ്. സമൂഹവനവിഭവ മേഖല പരിപാലന



FRA Handbook inner_New_V6.indd 66 02-09-2024 17:26:04

അവകാശത്തിനായുള്ള (CFR) ഫോറം ഗ്രാമസഭയ്ക്ക് വേണ്ടി പൂരിപ്പിക്കേണ്ട ചുമതലയും വനാവകാശ സമിതികൾക്കാണ്.

ഭൂപടമടക്കം അപേക്ഷകൾക്ക് വേണ്ട രേഖകൾ തയ്യാറാക്കൽ, അപേക്ഷകരുടെ പട്ടിക തയ്യാറാക്കൽ, തെളിവുകൾ ശേഖരിക്കൽ, അവ പരിശോധിക്കൽ, അതുമായി ബന്ധപ്പെട്ട നിഗമനങ്ങൾ എന്നിവ വനാവകാശ സമിതി തയ്യാറാക്കി ഗ്രാമസഭയ്ക്ക് മുൻപാകെ അവതരിപ്പിക്കേണ്ടതാണ്. അതിനായി നിർദിഷ്ട സ്ഥലങ്ങൾ സന്ദർശിക്കുകയും അപേക്ഷയുടേയും തെളിവുകളുടേയും സ്വഭാവവും വ്യാപ്തിയും നേരിട്ട് പോയി പരിശോധിക്കുകയും വേണം. വനാവകാശ സമിതിയിലെ അംഗമായിട്ടുള്ള വ്യക്തിയുടെ അവകാശവാദമാണ് പരിഗണിക്കുന്നതെങ്കിൽ വിവരം അംഗം സമിതിയെ അറിയിക്കുകയും, ബന്ധപ്പെട്ട പരിശോധനകളിൽ നിന്ന് മാറി നിൽക്കുകയും ചെയ്യേണ്ടതാണ്.

സ്ഥല പരിശോധന നടത്തുന്ന സമയത്ത് റവന്യൂ-വനം വകുപ്പിലെ ഉദ്യോഗസ്ഥർ ഹാജരാകേണ്ടതുണ്ട്. അതിനാൽ സ്ഥല പരിശോധന നടത്തുന്ന വിവരം മേൽ പറഞ്ഞ വകുപ്പുകളെ മുൻകൂട്ടി അറിയിക്കേണ്ട ചുമതല വനാവകാശ സമിതിക്കാണ്. സ്ഥല പരിശോധനയ്ക്ക് പങ്കെടുത്ത ഉദ്യോഗസ്ഥർ അവരുടെ പദവി, തിയ്യതി, അഭിപ്രായം എന്നിവ നടപടി കുറിപ്പിൽ രേഖപ്പെടുത്തേണ്ടതാണ്.

### (iii) സമൂഹവനവിഭവ പരിപാലന സമിതി /സി എഫ് ആർ മാനേജ്മെന്റ് സമിതി (CFRMC)[19]

വനാവകാശം ലഭിക്കുന്നത് വരെയാണ് വനാവകാശ സമിതിയുടെ പ്രസക്തി എന്ന മുകളിൽ പരാമർശിച്ചുവല്ലോ. വനാവകാശം, പ്രത്യേകിച്ചും സമൂഹവനവിഭവ പരിപാലന അവകാശം ലഭിച്ചു കഴിഞ്ഞാൽ പിന്നെ ഏറ്റവും പ്രധാനമായ സമിതിയാണ് സമൂഹ വനവിഭവ പരിപാലന സമിതി(CFRMC). "ജൈവവൈവിധ്യം, ബൗദ്ധിക സ്വത്തവകാശം എന്നിവയുടെ സംരക്ഷണം" എന്ന പാഠഭാഗത്ത് പറഞ്ഞത് പോലെ സമൂഹവനവിഭവ മേഖലയുടെ സുസ്ഥിര സംരക്ഷണത്തിനും പരിപാലനത്തിനും

---

[19] ചട്ടം 4(e),(f)

വേണ്ടി ഗ്രാമസഭയെ സഹായിക്കാനായാണ് സമൂഹവനവിഭവ പരിപാലന സമിതി.

സമൂഹവനവിഭവ പരിപാലന സമിതിയുടെ രൂപീകരണത്തിനായി ഗ്രാമസഭ വിളിച്ചു ചേർക്കേണ്ട ചുമതല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കാണ്. ഗ്രാമസഭാ യോഗത്തിന്റെ അദ്ധ്യക്ഷൻ ഊര്മൂപ്പനോ, ഗ്രാമസഭാ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട അംഗമോ ആയിരിക്കണം. സമൂഹവനവിഭവ പരിപാലന സമിതിയുടെ പ്രാഥമിക കടമ, സമൂഹവനവിഭവ മേഖലയിലെ ദൈനംദിന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനായി ഗ്രാമസഭയെ സഹായിക്കലാണ്. വകുപ്പ് 3(1)-ൽ പറഞ്ഞിട്ടുള്ള അവകാശങ്ങളും, വകുപ്പ് 5- ൽ പറഞ്ഞിട്ടുള്ള ചുമതലകളും ശരിയായ രീതിയിലാണോ നടപ്പാക്കുന്നതെന്ന് ഉറപ്പ് വരുത്തുകയാണ് സമിതിയുടെ നിയമപരമായ ചുമതല. ആരെങ്കിലും ചുമതലകൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അവർക്കെതിരെ തക്കതായ നടപടികൾ കൈകൊള്ളാൻ അവരെ ഗ്രാമസഭയുടെ മുന്നിൽ കൊണ്ടുവരേണ്ടതാണ്.

സമൂഹവനവിഭവ അവകാശം ലഭിച്ച മേഖലയുടെ സുസ്ഥിര ഉപയോഗത്തിനും പരിപാലനത്തിനും ഗ്രാമസഭകൾക്ക് സഹായകമാകാൻ കേന്ദ്ര സർക്കാർ 2023 സെപ്റ്റംബർ 12-ന് പുതിയ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി.

(a) സമൂഹവനവിഭവ പരിപാലന സമിതിയുടെ ഘടന:

സമൂഹവനവിഭവ പരിപാലന സമിതിയിലെ അംഗങ്ങൾ, അഞ്ചുപേരിൽ കുറവോ പതിനൊന്ന് പേരിൽ കൂടുതലോ ആകുവാൻ പാടുള്ളതല്ല. സമിതി അംഗങ്ങളിൽ കുറഞ്ഞത് മൂന്നിൽ രണ്ടു ഭാഗം സാമൂഹിക വനാവകാശം ലഭിച്ചിട്ടുള്ളവരായിരിക്കണം. സമിതി അംഗങ്ങളിൽ മൂന്നിലൊരു ഭാഗം സ്ത്രീകളായിരിക്കണം.

സമൂഹവനവിഭവ പരിപാലന സമിതി അദ്ധ്യക്ഷൻ, സെക്രട്ടറി, ട്രഷറർ എന്നിവരെ തെരഞ്ഞെടുത്ത ശേഷം ആ വിവരം SDLC, ജില്ലാ തല സമിതി (DLC), ജില്ലാ തല മോണിറ്ററിങ് സമിതി (SLMC)എന്നിവരെ അറിയിക്കേണ്ടതാണ്.

സമൂഹവനവിഭവ പരിപാലന സമിതിയുടെ കാലാവധി കുറഞ്ഞത് മൂന്ന വർഷം ആയിരിക്കണം. കാലപരിധി കൂടിയത് അഞ്ച്‌ വർഷം വരെ നീട്ടാനും ഗ്രാമസഭയ്ക്ക് അധികാരമുണ്ട്. സമിതിയിൽ അംഗങ്ങൾ കുറവാണെങ്കിൽ പുതിയ അംഗങ്ങളെ ഗ്രാമസഭയ്ക്ക് തെരഞ്ഞെടുക്കാം.

സമിതി അംഗങ്ങൾക്ക് എന്തെങ്കിലും ഓണറേറിയമോ മറ്റ് ബത്തകളോ നല്കുകയാണെങ്കിൽ അത് സമൂഹവനവിഭവ പരിപാലന സമിതിയുടെ വരുമാനത്തിൽ നിന്നായിരിക്കണം. കൂടാതെ അത്തരം സാഹചര്യങ്ങളിൽ ഗ്രാമസഭ കൂടി പ്രമേയം പാസ്സാക്കേണ്ടതാണ്.

വനവിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിനായി വനാവകാശ നിയമത്തിന് കീഴിലോ അല്ലാതെയോ ഗ്രാമസഭാ തലത്തിൽ സമൂഹവനവിഭവ പരിപാലന സമിതികൾ അല്ലാതെ മറ്റേതെങ്കിലും സമിതികൾ നിലവിലുണ്ടെങ്കിൽ അവയെ മാറ്റി ആ ചുമതല പൂർണ്ണമായും വനവിഭവ സമിതിക്കു കൈമാറ്റം ചെയ്യേണ്ടതാണ്.

ഒന്നിൽ കൂടുതൽ ഗ്രാമസഭകൾ ഒരേ സമൂഹവനവിഭവ മേഖല പങ്കിടുകയാണെങ്കിൽ SDLC-യുടെ നിർദ്ദേശ പ്രകാരം ചേരുന്ന ഗ്രാമസഭകളുടെ പൊതു യോഗത്തിലായിരിക്കണം സമൂഹവന വിഭവ സമിതിയിലെ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത്.

**(b) സമൂഹവനവിഭവ പരിപാലന സമിതിയുടെ പ്രവർത്തനങ്ങൾ:**

ഗ്രാമസഭ ചുമതലപ്പെടുത്തുന്നതും ഭരണ നിർവ്വാഹണവുമായി ബന്ധപ്പെട്ടതുമായ ഏതൊരു പ്രവൃത്തിയും ഏറ്റെടുത്തു നടത്തുക. സമൂഹവനവിഭവ പരിപാലന സമിതിയുടെ ഏതൊരു പ്രവർത്തിയിലും സമിതി ഗ്രാമസഭയോട് വിശദീകരണം നൽകി കൊണ്ടിരിക്കേണ്ടതാണ്.

ചട്ടം 4(1)(e)(f)-ൽ നിഷ്കർഷിച്ചിട്ടുള്ള സമൂഹവനവിഭവ മേഖലാ പരിപാലന പ്ലാനും മറ്റ് അനുബന്ധ രേഖകളും സമൂഹവനവിഭവ പരിപാലന സമിതിയാണ് ഗ്രാമസഭക്കു വേണ്ടി തയ്യാറാക്കേണ്ടത്. സമൂഹവനവിഭവ മേഖലയിലെ വന്യജീവികൾ, ജൈവവൈവിധ്യം, വൃഷ്ടി പ്രദേശങ്ങൾ, പരിസ്ഥിതി ലോല പ്രദേശങ്ങൾ എന്നിവയുടെ സംരക്ഷണം

സർക്കാർ വകുപ്പുകളുമായോ മറ്റു സമിതികളുമായോ കൂടിച്ചേർന്നു നടത്തേണ്ട ചുമതലയും സമൂഹവനവിഭവ പരിപാലന സമിതിക്കാണ്.

സമൂഹവനവിഭവ മേഖലയിലെ ഗ്രാമസഭയുടെ ഭരണ-സാമ്പത്തിക പ്രവർത്തനങ്ങളെ സംബന്ധിച്ച രേഖകൾ, സമിതി തയ്യാറാക്കി സൂക്ഷിച്ചു വെക്കണം. സമൂഹവനവിഭവ മേഖലാ പരിപാലന പ്ലാൻ തയ്യാറാക്കുമ്പോൾ ആ മേഖലയിൽ അവകാശമുള്ള ഗ്രാമസഭകളിലെ അംഗങ്ങളുടെയും വനാവകാശികളുടെയും അഭിപ്രായങ്ങൾക്കും പരിഗണന നല്കണം.

**(c) സമൂഹവനവിഭവ പരിപാലന പ്ലാൻ തയ്യാറാക്കേണ്ട വിധം:**

സമൂഹവനവിഭവ മേഖല സംരക്ഷിക്കാനും കൈകാര്യം ചെയ്യാനും തയ്യാറാക്കുന്ന പ്ലാൻ ആണ് സമൂഹവനവിഭവ പരിപാലന പ്ലാൻ. പ്ലാൻ തയ്യാറാക്കാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കാനുള്ള ഗ്രാമസഭയുടെ അപേക്ഷ ലഭിച്ചാൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, രേഖകൾ കഴിയുന്നതും വേഗം നൽകേണ്ടതാണ്.

പ്ലാൻ തയ്യാറാക്കുമ്പോൾ എല്ലാ വനാവകാശികളുടെയും അഭിപ്രായങ്ങൾ പരിഗണിക്കേണ്ടതാണ് .

ബന്ധപ്പെട്ട ഗ്രാമസഭകൾ ഒരുമിച്ചു കൂടി സമവായത്തിലൂടെ വേണം പ്ലാൻ ഉണ്ടാക്കേണ്ടത്. സമവായത്തിൽ എത്താൻ സാധിക്കുന്നില്ല എങ്കിൽ പ്രശ്നം ജില്ലാ തല സമൂഹവനവിഭവ മോണിറ്ററിങ്ങ് സമിതിക്ക് അയക്കേണ്ടതാണ് .

തയാറാക്കിയ പ്ലാൻ ഗ്രാമസഭ അംഗീകരിച്ചു കഴിഞ്ഞാൽ, ചട്ടം 4(1) പ്രകാരം സമൂഹവനവിഭവ പരിപാലന പ്ലാൻ വനംവകുപ്പിന്റെ മൈക്രോപ്ലാനുമായി സംയോജിപ്പിക്കേണ്ടതാണ്. സംയോജനം നടത്താനായി വനംവകുപ്പുമായുള്ള ഏകോപനം നടത്തേണ്ട ചുമതല സമൂഹവനവിഭവ പരിപാലന സമിതിക്കാണ്.

വനാവകാശ നിയമം അർത്ഥവത്തായ രീതിയിൽ നടപ്പാക്കാൻ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ ഏകീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഏകീകരണം ഉറപ്പ് വരുത്താനുള്ള ചുമതല സംസ്ഥാന സർക്കാരിന്റേതാണ്.



FRA Handbook inner_New_V6.indd 70 02-09-2024 17:26:04

**(d) സമൂഹവനവിഭവ സമിതിയുടെ ധന സ്രോതസ്സുകൾ:**

- വന വിഭവങ്ങളുടെ വില്പനയിൽ നിന്നും ലഭിക്കുന്ന ആദായത്തിൽ നിന്ന് സമൂഹവനവിഭവ മേഖലാ പരിപാലന ആവശ്യത്തിനായി നീക്കി വെച്ച തുക.
- സമൂഹവനവിഭവ മേഖലാ പരിപാലനത്തിനായി ആവശ്യമായ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ നല്കിയിട്ടുള്ള ഫണ്ട്.
- സമൂഹവനവിഭവ മേഖലാ പരിപാലനത്തിനായി ആവശ്യമുള്ള വികസന പ്രവർത്തനങ്ങൾക്കായി സർക്കാരേതര സ്ഥാപനങ്ങൾ നല്കുന്ന ഫണ്ട് .
- വന സംരക്ഷണത്തിനായി വനം വകുപ്പ് നല്കുന്ന ഫണ്ട്.

**(e) ധനകാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് :**

സമൂഹവനവിഭവ സമിതിയുടെ പ്രവർത്തനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം ഗ്രാമസഭയ്ക്ക് ആയിരിക്കും.

ഗ്രാമസഭയുടെ പേരിൽ ഏതെങ്കിലും ദേശവൽകൃത ബാങ്കിലോ തപാൽ ഓഫീസിലോ ഒരു അക്കൌണ്ട് ആരംഭിക്കേണ്ടതാണ്. സമൂഹവനവിഭവ സമിതിയിലെ ഭാരവാഹികളോ ഗ്രാമസഭ പ്രമേയം പാസ്സാക്കി അംഗീകരിച്ചിട്ടുള്ള അംഗങ്ങളോ മാത്രമേ ഈ അക്കൌണ്ടിലൂടെ ഇടപാടുകൾ നടത്താവൂ. സമൂഹവനവിഭവ സമിതിയിലെ പണമിടപാട് നടത്തുന്ന ഭാരവാഹികൾ ചെയ്യുന്ന പ്രവർത്തികളിൽ ഗ്രാമസഭയോട് ഉത്തരവാദിത്വം പുലർത്തണം. എല്ലാ ചെലവുകളും നടത്തുന്നത് ഗ്രാമസഭ തീരുമാനിക്കുന്ന ചട്ടങ്ങൾ പ്രകാരമായിരിക്കണം. ഒരു പരിധിയിലധികം വരുന്ന ചെലവുകൾ ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയ ശേഷമേ നടത്താവൂ.

സമൂഹവനവിഭവ അവകാശികൾക്കിടയിൽ എങ്ങനെ ആദായം പങ്കിടണം എന്നും, മറ്റ് വരവ് ചെലവുകൾ എങ്ങനെ നടത്തണം എന്നതിനെ കുറിച്ചും വ്യക്തമായ നടപടിക്രമം ഉണ്ടാക്കണം. സമിതി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്കു വേണ്ടി ജോലി ചെയ്ത തൊഴിലാളികൾക്ക് വേതനം നൽകുന്നത് സുതാര്യതയോടെ ആയിരിക്കണം. കഴിയുന്നതും ബാങ്ക് അക്കൌണ്ട് വഴി വേതനം നല്കേണ്ടതാണ്.

സമൂഹവനവിഭവ സമിതി വരവു ചെലവ് കണക്കുകൾ പേരേടിലും, വരവു ചെലവ് പുസ്തകത്തിലും രേഖപ്പെടുത്തുകയും അവ ഗ്രാമസഭയുടെ കണക്കുകളുമായി ഒത്തു നോക്കുകയും വേണം. സമൂഹവനവിഭവ സമിതി വരവു-ചെലവ് കണക്കുകൾ ഗ്രാമസഭയുടെ ആസ്തി രജിസ്റ്ററും, ഗ്രാമസഭാ പ്രമേയങ്ങളും തമ്മിൽ നാലുമാസത്തിലൊരിക്കലെങ്കിലും ഒത്തുനോക്കി അംഗീകരിക്കുകയും വേണം. സംസ്ഥാന സർക്കാർ അധികാരപ്പെടുത്തിയ ഏതൊരു ഉദ്യോഗസ്ഥനും കണക്കു പുസ്തകങ്ങൾ പരിശോധിക്കാൻ സാധിക്കണം. സാമ്പത്തിക വർഷം കഴിഞ്ഞ് മൂന്നു മാസത്തിനുള്ളിൽ വാർഷിക കണക്കുകൾ പരിശോധിക്കുകയും ഓഡിറ്റ് നടത്താനായി ചാർട്ടേർഡ് അക്കൌണ്ടന്റിനെ ഏല്പിക്കുകയും വേണം. ഓഡിറ്റ് ചെയ്ത കണക്ക് രേഖകളിൽ സൂക്ഷിക്കാനായി ജില്ലാ തല സമൂഹവനവിഭവ സമിതിക്കു സമർപ്പിക്കണം. അതാത് സംസ്ഥാനത്തെ പഞ്ചായത്ത് നിയമത്തിനു അനുസൃതമായി ആയിരിക്കണം സമൂഹ വനവിഭവ സമിതിയുടെ കണക്ക് സൂക്ഷിപ്പും ഓഡിറ്റ് നടത്തിപ്പും.

### (iv) സബ് ഡിവിഷൻ തല സമിതി (SDLC)[20]

**(a) ഘടന :**

- **അദ്ധ്യക്ഷൻ:** സബ് കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർ (RDO)
- **അംഗങ്ങൾ:** റേഞ്ച് ഫോറസ്റ്റ് ഓഫീസർ (RFO)
  ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ (TEO)

  3 ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ; (ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളിൽ കുറഞ്ഞത് രണ്ടുപേരെങ്കിലും പട്ടികവർഗ്ഗക്കാരായിരിക്കണം, ഒരു വനിതാ അംഗവും ഉണ്ടായിരിക്കണം)

**SDLC-യുടെ പ്രവർത്തനങ്ങൾ:**

- വനാശ്രിത സമൂഹങ്ങൾക്കിടയിൽ വനാവകാശ നിയമത്തെപ്പറ്റി അവബോധം സൃഷ്ടിക്കൽ.

---
[20] ചട്ടം 5,6



FRA Handbook inner_New_V6.indd 72 02-09-2024 17:26:04

- അപേക്ഷകർക്ക് അപേക്ഷാ ഫോറങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ. (ഫോറം A, B & C)
- ഗ്രാമസഭാ മീറ്റിങ്ങുകൾ സുതാര്യമായ സാഹചര്യത്തിൽ, കോറം തികഞ്ഞ രീതിയിൽ നടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തൽ.
- ഗ്രാമസഭയ്ക്ക്/ഊരുകൂട്ടത്തിന് തങ്ങളുടെ ഉത്തരവാദിത്ത്വ-ങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തൽ.
- ഗ്രാമസഭയ്ക്ക്/വനാവകാശ സമിതിക്ക് വനം-റവന്യൂ ഭൂപടങ്ങൾ, വോട്ടർ പട്ടിക എന്നിവ ലഭ്യമാക്കൽ.
- ഗ്രാമസഭ സമർപ്പിച്ച പ്രമേയങ്ങളും, ഭൂപടങ്ങളും പരിശോധിക്കൽ.
- ഗ്രാമസഭകളുടെ ഭൂപടങ്ങൾ അടങ്ങിയ അപേക്ഷകൾ ക്രോഡീകരിക്കൽ.
- ഗ്രാമസഭകൾ തമ്മിലുള്ള പരാതികളും, ഗ്രാമസഭയുടെ പ്രമേയത്തിനെതിരെ സംസ്ഥാന സർക്കാരോ, വ്യക്തികളോ നല്കിയ പരാതികളും കേൾക്കുകയും, പരിഹരിക്കുകയും ചെയ്യൽ.
- തയ്യാറാക്കിയ നിർദിഷ്ട വനാവകാശത്തിന്റെ കരട് കോപ്പി, അവകാശത്തിനുള്ള അപേക്ഷകൾ സഹിതം DLC-ക്ക് കൈമാറൽ.

**(v) ജില്ലാ തല സമിതി (DLC)[21]**

**(a) ഘടന:**

അദ്ധ്യക്ഷൻ: ജില്ലാ കളക്ടർ

അംഗങ്ങൾ: ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (DFO)

ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ (TDO)

3 ജില്ലാ പഞ്ചായത്ത് അംഗങ്ങൾ (ജില്ലാ പഞ്ചായത്ത് അംഗങ്ങളിൽ കുറഞ്ഞത് രണ്ടുപേരെങ്കിലും പട്ടികവർഗ്ഗക്കാരായിരിക്കണം, ഒരു വനിതാ അംഗവും ഉണ്ടായിരിക്കണം)

[21] ചട്ടം 7,8



FRA Handbook inner_New_V6.indd 73 02-09-2024 17:26:04

**(b) DLC-യുടെ പ്രവർത്തനങ്ങൾ:**

- ഗ്രാമസഭയ്ക്ക്/വനാവകാശ സമിതിക്ക് വനം-റവന്യൂ ഭൂപടങ്ങൾ, വോട്ടർ പട്ടിക എന്നിവ SDLC ലഭ്യമാക്കി-യിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തൽ.
- നിയമത്തിന്റെ ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കി അപേക്ഷ കൾ പരിശോധിക്കൽ. പ്രാക്തന ഗോത്രവിഭാഗങ്ങൾ, ഇടയന്മാർ, നാടോടികളായ ഗോത്രങ്ങൾ എന്നിവർക്ക് പ്രത്യേക പരിഗണന നൽകൽ.
- SDLC തയ്യാറാക്കിയ വനാവകാശ രേഖകളും, അവകാശവാദങ്ങളും പരിഗണിച്ച്, അന്തിമാനുമതി നൽകൽ. ഗ്രാമസഭയും, SDLCയും അംഗീകരിച്ച DLC-ക്ക് സമർപ്പിച്ച അപേക്ഷ ഏതെങ്കിലും കാരണം കൊണ്ട് DLC നിരസിക്കുകയാണെങ്കിൽ അതിന്റെ കാരണം വ്യക്തമായി രേഖപ്പെടുത്തി ബന്ധപ്പെട്ട ഗ്രാമസഭക്കോ, അപേക്ഷകനോ നൽകേണ്ടതാണ്.
- അന്തർ ജില്ലാ അവകാശ വാദങ്ങളിൽ മറ്റു ജില്ലകളുമായി ഏകോപനം നടത്തൽ.
- ബന്ധപ്പെട്ട സർക്കാർ രേഖകളിൽ വനാവകാശം ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകൽ.
- തീർപ്പാക്കപ്പെട്ട വനാവകാശ രേഖകളുടെ പ്രസിദ്ധീകരണം ഉറപ്പുവരുത്തൽ.
- വ്യക്തിഗത അവകാശങ്ങളുടെ കൈവശാവകാശ രേഖകളും, സാമൂഹിക അവകാശത്തിന്റെയും, CFR-ന്റെയും രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ബന്ധപ്പെട്ട അവകാശികൾക്കും ഗ്രാമസഭയ്ക്കും നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തൽ.

**(vi) ജില്ലാ തല സമൂഹവനവിഭവ മോണിറ്ററിംഗ് സമിതി**

കേന്ദ്ര സർക്കാർ 12/09/2023-ന് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ജില്ലയിലെ സമൂഹവനവിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ജില്ലകളിൽ ജില്ലാ



FRA Handbook inner_New_V6.indd 74 02-09-2024 17:26:05

തല സമൂഹവനവിഭവ മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതായിട്ടുണ്ട്.

**(a) ജില്ലാ തല സമൂഹവനവിഭവ മോണിറ്ററിംഗ് സമിതിയുടെ പ്രവർത്തനങ്ങൾ:**

- വനാവകാശം ലഭിച്ചവർക്ക് ചട്ടം 16-ൽ പറഞ്ഞിട്ടുള്ള പിന്തുണ നൽകാനായി ജില്ലാ, ബ്ലോക്ക് തലങ്ങളിലുള്ള സർക്കാർ വിഭാഗങ്ങളുടെ ഏകോപനം നടത്തേണ്ട ചുമതല ജില്ലാ തല സമൂഹവനവിഭവ മോണിറ്ററിംഗ് സമിതിക്കാണ്.
- സമൂഹവനവിഭവ പരിപാലന പ്ലാൻ വനം വകുപ്പിന്റെ മൈക്രോ പ്ലാനുമായി സംയോജിപ്പിക്കുന്നതിന് വേണ്ടിയുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുന്ന ചുമതല.
- ഗ്രാമസഭയ്ക്ക് ബാങ്കിൽ കറന്റ് അക്കൌണ്ട് തുടങ്ങാനായി സാക്ഷ്യപത്രം നല്കുക.
- വനം-റവന്യൂ രേഖകളിൽ CFR അവകാശം ഉൾപ്പെടുത്താനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുക. CFR അവകാശം ലഭിച്ച വനഭൂമി "സമൂഹ വനവിഭവം" ആയാണ് രേഖകളിൽ ഉൾപ്പെടുത്തേണ്ടത്. കൂടാതെ സമൂഹവനവിഭവ മേഖല ഏത് ഗ്രാമസഭ അല്ലെങ്കിൽ ഗോത്ര വിഭാഗത്തിന്റെ കീഴിൽ ആണെന്നും രേഖകളിൽ വ്യക്തമാക്കണം.
- ഓഡിറ്റ് അവസരങ്ങളിലോ, മറ്റ് സർക്കാർ പരിശോധനയിലോ ഏതെങ്കിലും വിധത്തിലുള്ള കൃത്രിമം കണ്ടെത്തിയാൽ ബന്ധപ്പെട്ട നിയമത്തിന് കീഴിലുള്ള വകുപ്പുകൾ ഉപയോഗിച്ച് നടപടികൾ ജില്ലാ തല സമൂഹവനവിഭവ മോണിറ്ററിംഗ് സമിതിക്ക് എടുക്കാവുന്നതാണ്.
- സാമൂഹിക വനാവകാശം ഫലവത്തായി ഉപയോഗിക്കാനായി സമൂഹവനവിഭവ സമിതി അംഗങ്ങൾ, ബന്ധപ്പെട്ട സർക്കാർ വകുപ്പിലെ ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ എന്നിവർക്ക് നിശ്ചിത ഇടവേളകളിൽ പരിശീലനം നടത്താനുള്ള പ്ലാൻ തയ്യാറാക്കുക.



FRA Handbook inner_New_V6.indd 75 02-09-2024 17:26:05

ഇത്തരം പരിശീലനങ്ങൾ സംഘടിപ്പിക്കാനായി സംസ്ഥാന പരിശീലന സ്ഥാപനങ്ങളുടെയോ, സർവ്വകലാശാലകളുടെയോ വിദഗ്ധരുടെയോ സഹായം തേടാവുന്നതാണ്.

പരിശീലനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ് :

- വനാവകാശ നിയമനടത്തിപ്പുമായി ബന്ധപ്പെട്ടിട്ടുള്ള പരിശീലനാർത്ഥികളുടെ പങ്കും ചുമതലകളും വിശദമാക്കേണ്ടതാണ്.
- സമൂഹവനവിഭവ സമിതി ധനകാര്യം കൈകാര്യം ചെയ്യേണ്ട രീതി, സാമൂഹിക ഓഡിറ്റ് നടത്തേണ്ട രീതി, രേഖകൾ സൂക്ഷിക്കേണ്ട വിധം, മറ്റു നിയമങ്ങൾക്കു കീഴിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ.
- സമൂഹവനവിഭവ അവകാശം കാര്യക്ഷമമായി നടപ്പാക്കാൻ സഹായകമായേക്കാവുന്ന വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളും അവരുടെ ഏകോപനവും.
- ഇത്തരം ട്രെയിനിങ്ങ് നടത്താനുള്ള ഫണ്ട് കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ "സപ്പോർട്ട് ടു ട്രൈബൽ റിസർച്ച് സ്കീമിൽ" (Support to Tribal Research Scheme) നിന്നോ ഭരണഘടന അനുഛേദം 275 (1) പ്രകാരം നല്കുന്ന ഗ്രാന്റുകളിൽ നിന്നോ തക്കതായ അനുമതി ചോദിച്ച് വിനിയോഗിക്കാവുന്നതാണ്.
- വർക്കിങ്ങ് പ്ലാൻ, ഭൂപടം എന്നിങ്ങനെയുള്ള രേഖകൾ ഗ്രാമസഭയ്ക്ക് ലഭ്യമാക്കാനായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുമായി ഇടപാട് നടത്തുക.
- സമൂഹവനവിഭവ പരിപാലന പ്ലാനിന്റെ നടപ്പാക്കൽ നിരീക്ഷിച്ച് സമയാസമയങ്ങളിൽ സംസ്ഥാന തല മോണിറ്ററിംഗ് സമിതിക്കു റിപ്പോർട്ട് സമർപ്പിക്കുക.
- സമൂഹവനവിഭവ പരിപാലന പ്ലാൻ തയ്യാറാക്കുമ്പോഴോ നടപ്പിലാക്കുമ്പോഴോ ഗ്രാമസഭയ്ക്കോ സമൂഹവനവിഭവ പരിപാലന സമിതിക്കോ ആവശ്യമായ സഹായം നല്കുക.

- ഗ്രാമസഭയ്ക്ക് വന സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വേണ്ട ധനസഹായം ബന്ധപ്പെട്ട പദ്ധതികൾ ഉപയോഗിച്ച് നൽകുക.

## (vii) സംസ്ഥാന തല മോണിറ്ററിങ്ങ് സമിതി (SLMC)[22]

### (a) ഘടന:

അദ്ധ്യക്ഷൻ: ചീഫ് സെക്രട്ടറി

അംഗങ്ങൾ: സെക്രട്ടറി, റവന്യൂ വകുപ്പ്
സെക്രട്ടറി, ആദിവാസി ക്ഷേമ വകുപ്പ്
സെക്രട്ടറി, വനം വകുപ്പ്
സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (PCCF)
ട്രൈബൽ വെൽഫയർ കമ്മീഷണർ
ട്രൈബൽ അഡ്വൈസറി സമിതിയിലെ 3 അംഗങ്ങൾ /സംസ്ഥാന സർക്കാർ നാമനിർദേശം ചെയ്ത 3 ആദിവാസി അംഗങ്ങൾ

### (b) SLMC-യുടെ പ്രവർത്തനങ്ങൾ:

- വനാവകാശങ്ങൾ അംഗീകരിക്കപ്പെടുന്നതിനും കൈമാറുന്നതിനുമുള്ള പ്രക്രിയ നിരീക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങളും സൂചകങ്ങളും ആവിഷ്കരിക്കൽ.
- സംസ്ഥാനത്തെ വനാവകാശങ്ങളുടെ അംഗീകാരം, പരിശോധന, അവകാശം നൽകൽ എന്നിവ നിരീക്ഷിക്കൽ.
- സംസ്ഥാനത്തെ വനാവകാശങ്ങളുടെ അംഗീകാരം, പരിശോധന, അവകാശം നൽകൽ, പ്രാദേശിക തലത്തിലുള്ള പ്രശ്നങ്ങൾ തുടർച്ചയായി നിരീക്ഷിക്കുക. അത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് ത്രൈമാസ

[22] ചട്ടം 9,10



FRA Handbook inner_New_V6.indd 77 02-09-2024 17:26:05

റിപ്പോർട്ട് നൽകൽ. അതിനായി ചുരുങ്ങിയത് മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരൽ.

- കുറ്റകൃത്യങ്ങൾ സംബന്ധിച്ച പരാതികൾ/വിവരങ്ങൾ ലഭിച്ചാൽ, ബന്ധപ്പെട്ടവർക്കെതിരെ നടപടികൾ കൈക്കൊള്ളൽ.
- അതി സുപ്രധാനമായ വന്യ ജീവി മേഖലയിൽ നിന്നുള്ള (Critical Wildlife Habitat), പുനരധിവാസം നിരീക്ഷിക്കുക.
- സമൂഹവനവിഭവ പരിപാലനവുമായി ബന്ധപ്പെട്ട്, കേന്ദ്ര സർക്കാർ 12/09/2023-ന് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശം കീഴ് സമിതികളിലെയും മറ്റ് ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരെയും അറിയിക്കുകയും അവർക്ക് വേണ്ട പരിശീലനങ്ങൾ നല്കുകയും ചെയ്യണം.
- വനാവകാശ ചട്ടം 12 (b)(iv), ചട്ടം 16 പ്രകാരം ജില്ലയിലെ സമൂഹവനവിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ജില്ലകളിൽ ജില്ലാ തല സമൂഹവനവിഭവ മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.
- സമൂഹവനവിഭവ പരിപാലനവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ശരിയായ രീതിയിൽ നടപ്പാക്കു-ന്നുണ്ടോ എന്നു പരിശോധിക്കണം.
- ഗ്രാമസഭകൾ വന വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യുമ്പോൾ സർക്കാർ വകുപ്പുകൾ ഗ്രാമസഭയ്ക്കു വേണ്ട സഹായം ചെയ്തു കൊടുക്കാനുള്ള നിർദ്ദേശങ്ങൾ സമിതി നല്കണം.

### II.1.E നടപടിക്രമങ്ങൾ

**(i) വ്യക്തിഗത അവകാശങ്ങൾക്കായി അപേക്ഷകർക്കും ഗ്രാമസഭയ്ക്കും വനാവകാശ സമിതിയ്ക്കും അവലംബിക്കാവുന്ന നടപടിക്രമങ്ങൾ[23]**

a. ഗ്രാമസഭ, ഫോറം 'എ' യിൽ അപേക്ഷ ക്ഷണിക്കുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വനാവകാശ സമിതിയെ (FRC) ചുമതലപ്പെടുത്തുകയും ചെയ്യണം.

---

[23] ചട്ടം 11,12

b. അപേക്ഷ സ്വീകരിച്ച ശേഷം, അപേക്ഷ ലഭിച്ചതായുള്ള രസീത് വനാവകാശ സമിതി അപേക്ഷകന് നൽകണം.

c. അപേക്ഷകൻ അവകാശത്തിനായി അപേക്ഷിച്ച സ്ഥലം വനാവകാശ സമിതി സന്ദർശിക്കണം. അപേക്ഷ സമർപ്പിച്ച വ്യക്തിയെയും, റവന്യൂ-വനംവകുപ്പിനേയും അറിയിച്ചതിന് ശേഷമായിരിക്കണം ഈ സന്ദർശനം. അപേക്ഷയുടെ സ്വഭാവവും വ്യാപ്തിയും, സമർപ്പിച്ച തെളിവുകളും നേരിൽ പരിശോധിക്കാനും, കൂടുതൽ തെളിവുകൾ ഉണ്ടെങ്കിൽ അത് ശേഖരിക്കാനുമാണ് സ്ഥല പരിശോധന. സ്ഥല പരിശോധന വേളകളിൽ റവന്യൂ-വനംവകുപ്പ് പ്രതിനിധികൾ സ്ഥലത്ത് ഹാജരാകേണ്ടതാണ്. പരിശോധനയുടെ ഒടുവിൽ അവരുടെ പദവി, തിയ്യതി, അഭിപ്രായങ്ങൾ എന്നിവ സഹിതം നടപടികളിൽ ഒപ്പ് വയ്ക്കുകയും വേണം.

d. അപേക്ഷ ലഭിച്ച ഓരോ ഭൂമിയുടെയും വിസ്തീർണ്ണം വ്യക്തമാക്കുന്നതും തിരിച്ചറിയാവുന്ന അടയാളങ്ങൾ ഉള്ളതുമായ ഭൂപടം വനാവകാശ സമിതി തയ്യാറാക്കേണ്ടതാണ്.

e. തുടർന്ന് ഭൂപടം, രേഖകൾ, മറ്റ് വിശദാംശങ്ങൾ എന്നിവ ഗ്രാമസഭയിൽ അംഗീകാരത്തിനായി വനാവകാശ സമിതി സമർപ്പിക്കണം.

f. ഈ അപേക്ഷകൾ ഗ്രാമസഭ ചർച്ച ചെയ്യുകയും വിശകലനം ചെയ്യുകയും അത് അംഗീകരിക്കാവുന്നതാണോ എന്ന് പരിശോധിക്കുകയും വേണം.

g. ഗ്രാമസഭ യോഗങ്ങൾ സംബന്ധിച്ച് ഊരിൽ മുൻകൂട്ടി അറിയിപ്പ് നൽകണം. വനാവകാശ സമിതിയുടെ കണ്ടെത്തലുകൾ പരിഗണിച്ച് ഉചിതമായ പ്രമേയങ്ങൾ പാസ്സാക്കണം. പ്രമേയങ്ങൾ ഗ്രാമസഭ/പഞ്ചായത്ത് സെക്രട്ടറി[24] അത് സബ് ഡിവിഷണൽ തല സമിതിക്ക് (SDLC) സമർപ്പിക്കണം.

[24] പഞ്ചായത്ത് സെക്രട്ടറി ഗ്രാമസഭയുടെ സെക്രട്ടറി ആയത് കൊണ്ട് പഞ്ചായത്ത് സെക്രട്ടറി വഴി അപേക്ഷകൾ SDLC-യിൽ സമർപ്പിക്കണം



FRA Handbook inner_New_V6.indd 79 02-09-2024 17:26:05

**വ്യക്തിഗത അവകാശങ്ങൾ നടപടിക്രമം**

- ഗ്രാമസഭ വനാവകാശം ലഭിക്കാനുള്ള അപേക്ഷ ക്ഷണിക്കുന്നു
- ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വനാവകാശ സമിതിയെ ഗ്രാമസഭ ചുമതലപ്പെടുത്തുന്നു

↓

- വനാവകാശ സമിതി അപേക്ഷ സ്വീകരിച്ച് അപേക്ഷകന് രസീത് നല്കുന്നു
- വനാവകാശ സമിതി റവന്യൂ-വനം വകുപ്പിന്റെ സാന്നിധ്യത്തിൽ അപേക്ഷകന്റെ സ്ഥല പരിശോധന നടത്തി, ഓരോ ഭൂമിയുടെയും വിസ്തീർണ്ണം വ്യക്തമാക്കുന്ന ഭൂപടം തയ്യാറാക്കുന്നു

↓

- വനാവകാശ സമിതി അപേക്ഷകളും ഒപ്പമുള്ള രേഖകളും ഗ്രാമസഭയിൽ സമർപ്പിക്കുന്നു
- വനാവകാശ സമിതിയുടെ കണ്ടെത്തലുകൾ പരിഗണിച്ച് ഉചിതമായ പ്രമേയങ്ങൾ പാസ്സാക്കി അപേക്ഷകൾ ഗ്രാമസഭ/ പഞ്ചായത്ത് സെക്രട്ടറി, SDLC-ക്ക് കൈമാറുന്നു.

**രേഖാചിത്രം 2: വ്യക്തിഗത അവകാശത്തിനായി അവലംബിക്കേണ്ട നടപടിക്രമങ്ങൾ**

**(ii) സാമൂഹിക അവകാശങ്ങൾക്കായി വനാവകാശ സമിതിക്ക് അവലംബിക്കാവുന്ന നടപടിക്രമങ്ങൾ**[25]

a. ആദിവാസി ഊരുകൾ/ പഞ്ചായത്ത്/ വനംവകുപ്പ്/ പട്ടികവർഗ്ഗ വകുപ്പ് എന്നിവർക്കായി വനാവകാശ നിയമത്തെപ്പറ്റി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം. സാമൂഹിക അവകാശം നടപ്പിലാക്കാൻ പരിശ്രമിക്കുന്നവരും വനാവകാശ സമിതികളും SDLC-യുടെ സഹായത്തോടെ ക്ലാസ്സുകൾ നടത്താവുന്നതാണ്.

b. സാമൂഹിക വനാവകാശങ്ങൾ നേടിയെടുക്കാനുള്ള ഊരുവാസികളുടെ സന്നദ്ധത സാമൂഹിക വനാവകാശ നടപടികൾ തുടങ്ങുന്നതിന് മുൻപ് കൂടിയിരുന്ന് മനസിലാക്കുന്നത് നല്ലതായിരിക്കും.

c. പരമ്പരാഗതവും നിലവിലുള്ളതുമായ വനാശ്രയത്വത്തെ പറ്റിയുള്ള വിവര ശേഖരണം നടത്തണം. സാമൂഹ്യ-സാമ്പത്തിക കണക്കുകൾ, സർവേകൾ എന്നിവ അതിനു ഉപയോഗിക്കാവുന്നതാണ്. ഈ വിവര ശേഖരണം അവകാശം നേടിയെടുക്കാനുള്ള പ്രക്രിയ എളുപ്പമാക്കും.

d. ഭൂപടങ്ങളും മറ്റു രേഖകളും തയ്യാറാക്കാൻ ഊരുതലത്തിലുള്ള കൂടിയാലോചനകളും പങ്കാളിത്ത ഭൂവിനിയോഗ വിശകലനങ്ങളും (Particpatory Rural Appraisal /PRA)[26] നടത്തുക.

e. PRA-ൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ:

- ഊര് വാസികളുടെ വന വിഭവ ഉപയോഗം നടക്കുന്ന മേഖല നിർണ്ണയിച്ച് ഒരു ഭൂപടം തയ്യാറാക്കുക
- ഭൂപടത്തിൽ പ്രധാന വന്യജീവി പ്രദേശങ്ങൾ, ജലസ്രോതസ്സുകൾ, പുണ്യസ്ഥലങ്ങൾ, ശ്മശാനങ്ങൾ, സാംസ്കാരിക പ്രധാന്യമുള്ള സ്ഥലങ്ങൾ, തടിയേതര വനവിഭവങ്ങൾ/ ചെറുകിട വന വിഭവങ്ങൾ

[25] ചട്ടം 11,12 12B

[26] ഊരിലെ എല്ലാവരുടേയും സജീവ പങ്കാളിത്തമുള്ള വിലയിരുത്തൽ



FRA Handbook inner_New_V6.indd 81 02-09-2024 17:26:05

സുലഭമായതും ലഭ്യത കുറഞ്ഞു വരുന്നതുമായ പ്രദേശങ്ങൾ തുടങ്ങിയവ അടയാളപ്പെടുത്തുക.

- വന വിഭവ ഉപയോഗ മേഖലയിൽ വർഷം മുഴുവനും ചെയ്യാനുള്ള പ്രവർത്തനങ്ങളുടെ കലണ്ടർ തയ്യാറാക്കി വയ്ക്കുന്നത് ഉപയോഗപ്രദമാകും. വിഭവ ശേഖരണം എപ്പോഴൊക്കെ നടത്തുന്നുവെന്നും, ഏതൊക്കെ വിഭവങ്ങൾ എത്ര അളവിൽ ശേഖരണം നടത്തുന്നു എന്നതും അവയിൽ സംരക്ഷിക്കപ്പെടേണ്ട വിഭവങ്ങൾ ഏതെന്നും കലണ്ടറിൽ രേഖപ്പെടുത്തുന്നത് ആവശ്യമായി വരും.

f. സമൂഹവനവിഭവങ്ങൾക്കുള്ള അവകാശങ്ങൾക്കും സാമൂഹിക അവകാശങ്ങൾക്കും കീഴിലുള്ള വനഭൂമി തിരിച്ചറിയുന്നതിന്, ജിയോ റഫറൻസിംഗ് (GPS) ഉപയോഗിച്ചുള്ള സർവേ നടത്താവുന്നതാണ്. അവകാശപ്പെടുന്ന വന മേഖല എവിടെയൊക്കെ കിടക്കുന്നുവെന്ന് മനസ്സിലാക്കി വയ്ക്കുന്നത് പ്രധാനമാണ്. റവന്യൂ പരിധിക്കുള്ളിൽ വനഭൂമി ഉള്ള ഗ്രാമങ്ങൾ, റിസർവ് വനങ്ങളുടെ അകത്തും പുറത്തും സ്ഥിതി ചെയ്യുന്ന ഗ്രാമങ്ങൾ, സംരക്ഷിത വനങ്ങൾ, ദേശീയ ഉദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ അല്ലെങ്കിൽ സംസ്ഥാന വനം വകുപ്പിന് കീഴിലുള്ള മറ്റേതെങ്കിലും വനങ്ങൾ ഇങ്ങനെ പലതരത്തിൽ വനഭൂമികൾ ഉണ്ടാകാറുണ്ട്.

g. PRA-യിൽ തയ്യാറാക്കിയ ഭൂപടങ്ങളും മറ്റ് രേഖകളും ഒരുമിച്ച് വച്ച് ഗ്രാമസഭയിൽ ചർച്ച ചെയ്ത് സമന്വയിപ്പിക്കുക. അവയിൽ പിഴവുകളുണ്ടോ, കൂട്ടിച്ചേർക്കലുകളോ, ഒഴിവാക്കലുകളോ ആവശ്യമാണോ എന്ന കാര്യങ്ങൾ ഊരിൽ വിശദമായി ചർച്ച ചെയ്യുക. ഇതിനായി VSS (വന സംരക്ഷണ സമിതി) ഉപയോഗിക്കുന്ന അതിർത്തികളുമായി അല്ലെങ്കിൽ നിസ്താർ പ്രദേശങ്ങളുമായി ഭൂപടം താരതമ്യം ചെയ്യുക.

h. ഓരോ ഊരിന്റെയും വിഭവ ഉപയോഗ ഭൂപടം അടുത്ത് കിടക്കുന്ന ഊരുകളുടെ ഭൂപടങ്ങളുമായി താരതമ്യം

ചെയ്യുക. വിഭവ ശേഖരണ മേഖലകൾ, പുണ്യസ്ഥലങ്ങൾ എന്നിവ ഒന്നിച്ച് ചേർന്നു കിടക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. സമീപസ്ഥ ഊരുകളിൽ അങ്ങനെ ചേർന്നു കിടക്കുന്ന പ്രദേശങ്ങൾ ഉണ്ടെങ്കിൽ, ബന്ധപ്പെട്ട ഊരുകൂട്ടങ്ങൾ ഒരുമിച്ചിരുന്നുകൊണ്ട് ഭൂപടങ്ങൾ അവലോകനം ചെയ്യണം. വനവിഭവ ഉപയോഗ മേഖലകളെക്കുറിച്ചും അവയുടെ ഉപയോഗത്തെക്കുറിച്ചും ഒരു ധാരണയിലെത്തണം. ഇത്തരം ബന്ധപ്പെട്ട ഊരുകൾ ഒന്നിച്ച് പൊതുവായ CFR അപേക്ഷ നൽകണോ അതോ ഊര് അടിസ്ഥാനത്തിൽ പ്രത്യേകമായി അപേക്ഷ നൽകണോ എന്ന മുൻകൂട്ടി തീരുമാനം എടുക്കുന്നത് അനുയോജ്യമായിരിക്കും.

i. മുകളിൽ a മുതൽ h വരെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പൂർത്തിയാക്കിയതിനു ശേഷം വനാവകാശ സമിതി CFR അപേക്ഷ തയ്യാറാക്കുന്നതായിരിക്കും ശരിയായ രീതി.

j. അപേക്ഷാ ഫോറം ബി, സി എന്നിവ വനാവകാശ സമിതി തയ്യാറാക്കണം. സഹായകരമായ മറ്റ് രേഖകളും വനാവകാശ സമിതി ശേഖരിക്കണം.

k. പൂരിപ്പിച്ച അപേക്ഷാ ഫോറങ്ങളും (ഫോറം ബി, സി) ഭൂപടങ്ങൾ, തെളിവുകളും, മറ്റ് സഹായ രേഖകളും വനാവകാശസമിതി ഗ്രാമസഭയിൽ സമർപ്പിക്കേണ്ടതാണ്. പുറമെ ഊരിലെ 18 വയസ്സിന് മുകളിലുള്ള ആദിവാസി അംഗങ്ങളുടെ പട്ടികയും സമർപ്പിക്കണം.

l. ഗ്രാമസഭ അപേക്ഷകൾ പരിശോധിച്ച് പ്രമേയം പാസ്സാക്കാനുള്ള യോഗം ചേരുന്ന കാര്യം ഊരിൽ മുൻകൂട്ടി അറിയിക്കണം. ബന്ധപ്പെട്ട യോഗം അപേക്ഷകളും രേഖകളും പരിശോധിച്ച്, ചർച്ച ചെയ്ത് അംഗീകാരം നൽകുന്ന പ്രമേയം പാസ്സാക്കണം. ഗ്രാമസഭയിലെ 50 ശതമാനത്തിൽ കുറയാത്ത അംഗങ്ങൾ പങ്കെടുക്കുന്ന യോഗത്തിൽ കേവല ഭൂരിപക്ഷത്തിന്റെ പിന്തുണയോടെയാണ് പ്രമേയം പാസ്സാക്കേണ്ടത്.

m. ഗ്രാമസഭയിലെ അംഗങ്ങൾ ഒപ്പിട്ട പ്രമേയം, ഗ്രാമസഭ അംഗീകരിച്ച ഫോറങ്ങൾ, ഭൂപടങ്ങൾ, തെളിവുകൾ

എന്നിവ സഹിതം പഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിക്കുക.

n. പഞ്ചായത്ത് സെക്രട്ടറി മേൽപറഞ്ഞ രേഖകൾ സഹിതം അപേക്ഷകൾ SDLC-ക്ക് കൈമാറേണ്ടതാണ്.

o. SDLC അപേക്ഷകൾ പരിശോധിച്ച് അനുയോജ്യമായ തീരുമാനങ്ങൾ എടുക്കണം. മേൽനടപടിക്കായി വനാവകാശ കരട് രേഖകൾ ശുപാർശ സഹിതം ജില്ലാതല സമിതിയ്ക്ക് (DLC) സമർപ്പിക്കണം.

p. രേഖകളിൽ കൂടുതൽ വ്യക്തത ആവശ്യമാണെന്ന SDLC അല്ലെങ്കിൽ DLC ആവശ്യപ്പെട്ടാൽ, ബന്ധപ്പെട്ട വനാവകാശ സമിതി ഗ്രാമസഭയുടെ പിന്തുണയോടെ അതു നൽകേണ്ടിയിരിക്കുന്നു.

q. ഊരുതലം മുതലുള്ള എല്ലാ നടപടിക്രമങ്ങളും ഫോട്ടോ, വീഡിയോ എടുത്തു അപേക്ഷകർ രേഖപ്പെടുത്തി വയ്ക്കുന്നത് നല്ലതായിരിക്കും.



FRA Handbook inner_New_V6.indd 84 02-09-2024 17:26:05

**CFR അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് വനാവകാശ സമിതിക്ക് ചെയ്യാവുന്ന കാര്യങ്ങൾ**

1. വനാവകാശ നിയമത്തെപ്പറ്റി ആദിവാസികൾക്കും ബന്ധപ്പെട്ട മുൻനിര ഉദ്യോഗസ്ഥർക്കും ബോധവൽക്കരണ ക്ലാസ്സുകൾ.

↓

2. സാമൂഹിക വനാവകാശങ്ങൾ നേടിയെടുക്കാനുള്ള ഊരുവാസികളുടെ സന്നദ്ധത മനസിലാക്കുക

↓

3. പരമ്പരാഗതമായുള്ളതും നിലവിലുമുള്ളതുമായ വനാശ്രയത്വത്തെപ്പറ്റിയുള്ള വിവരശേഖരണം നടത്തുക

↓

4. ഊരുവാസികളുടെ പങ്കാളിത്തത്തോടെ ഭൂപടങ്ങളും മറ്റു രേഖകളും തയ്യാറാക്കുക

↓

5. സമൂഹവനവിഭവ പരിപാലന അവകാശങ്ങളും സമൂഹ വനവിഭവങ്ങളും ഉൾപ്പെടുന്ന വനഭൂമി കണ്ടെത്തുന്നതിന് GPS ഉപയോഗിച്ചുള്ള സർവേ നടത്തുക

↓

6. തയ്യാറാക്കിയ ഭൂപടങ്ങളിലും മറ്റ് രേഖകളിലും പിഴവുകളുണ്ടോ, കൂട്ടിച്ചേർക്കലുകളോ, ഒഴിവാക്കലുകളോ ആവശ്യമാണോ എന്ന് ഗ്രാമസഭയിൽ ചർച്ച ചെയ്ത് വിലയിരുത്തുക

↓

7. സമൂഹവനവിഭവ ഉപയോഗ മേഖലയിൽ വർഷം മുഴുവനും ചെയ്യാനുള്ള കാര്യ പരിപാടികളുടെ കലണ്ടർ തയ്യാറാക്കി വയ്ക്കുക

↓

8. സമൂഹവനവി ഭവ ഉപയോഗ മേഖല അവലോകനം ചെയ്ത് അടുത്തുള്ള ഊരുകൾ ഒന്നിച്ച് ഒരു പൊതുവായ CFR അപേക്ഷ നൽകണോ അതോ ഓരോ ഊരും വേർതിരിച്ച് അപേക്ഷ നൽകണോ എന്ന തീരുമാനം എടുക്കുക

**രേഖാചിത്രം 3: CFR അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് ചെയ്യാവുന്ന കാര്യങ്ങൾ**



FRA Handbook inner_New_V6.indd 85 02-09-2024 17:26:05

**CFR അവകാശങ്ങൾ : നടപടിക്രമം**

ഗ്രാമസഭയുടെ പേരിൽ അപേക്ഷാ ഫോറം B, C എന്നിവ വനാവകാശ സമിതി തയ്യാറാക്കണം.

↓

സഹായകരമായ മറ്റ് രേഖകളും തെളിവുകളും വനാവകാശ സമിതി ശേഖരിക്കണം

↓

പൂരിപ്പിച്ച അപേക്ഷാ ഫോറങ്ങൾ (ഫോറം B,C), ഭൂപടങ്ങൾ, തെളിവുകൾ, ഊരിലെ 18 വയസ്സിന് മുകളിലുള്ള അംഗങ്ങളുടെ പട്ടിക എന്നിവ വനാവകാശ സമിതി ഗ്രാമസഭയിൽ സമർപ്പിക്കണം.

↓

ഗ്രാമസഭ യോഗം ചേർന്ന് ചർച്ച ചെയ്ത് അപേക്ഷകളും രേഖകളും പരിശോധിച്ച്, അംഗീകാരം നൽകുന്ന പ്രമേയം പാസ്സാക്കണം. ഈ യോഗത്തിൽ ഗ്രാമസഭയിലെ 50 ശതമാനത്തിൽ കുറയാത്ത അംഗങ്ങൾ പങ്കെടുക്കേണ്ടതുണ്ട്. അതിൽ കേവല ഭൂരിപക്ഷത്തിന്റെ പിന്തുണ പ്രമേയം പാസ്സാക്കാൻ ആവശ്യമുണ്ട് .

↓

അംഗങ്ങൾ പാസ്സാക്കി ഒപ്പിട്ട പ്രമേയം, അപേക്ഷ, ഭൂപടങ്ങൾ, തെളിവുകൾ എന്നിവ ഗ്രാമസഭ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിക്കണം

↓

പഞ്ചായത്ത് സെക്രട്ടറി മേൽപറഞ്ഞ രേഖകൾ സഹിതം അപേക്ഷകൾ SDLC-ക്ക് കൈമാറണം.

↓

രേഖകളിൽ കൂടുതൽ വ്യക്തത ആവശ്യമാണെന്ന SDLC അല്ലെങ്കിൽ DLC ആവശ്യപ്പെട്ടാൽ, ബന്ധപ്പെട്ട വനാവകാശ സമിതി ഗ്രാമസഭയുടെ പിന്തുണയോടെ അത് നൽകണം.

**രേഖാചിത്രം 4: CFR അവകാശത്തിനായി അവലംബിക്കേണ്ട നടപടിക്രമങ്ങൾ**



FRA Handbook inner_New_V6.indd 86 02-09-2024 17:26:05

### (iii) വികസന അവകാശങ്ങൾക്കായുള്ള നടപടിക്രമങ്ങൾ

a. നേരത്തെ പാഠഭാഗം "II.1.B- വികസന അവകാശങ്ങളിൽ" വ്യക്തമാക്കിയത് പോലെ 13 തരത്തിലുള്ള വികസന ആവശ്യങ്ങൾക്ക് വനഭൂമി ഉപയോഗിക്കാൻ നിയമം അനുവദിക്കുന്നു. വകുപ്പ് 3(2)-ൽ വ്യക്തമാക്കിയിട്ടുള്ള ഏതെങ്കിലും വികസന പദ്ധതിക്ക് വനഭൂമി ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന ഉപയോക്തൃ ഏജൻസികൾ, ബന്ധപ്പെട്ട ഫോറത്തിൽ പദ്ധതി തയ്യാറാക്കി ഗ്രാമസഭയുടെ മുൻപാകെ സമർപ്പിക്കണം. ഉദാഹരണത്തിന് വനഭൂമിയിൽ ആശുപത്രി സ്ഥാപിക്കാൻ ഏത് വകുപ്പിനാണോ ഫണ്ട് ഉള്ളത് ആ വകുപ്പിനെ ആയിരിക്കും ഉപയോക്തൃ ഏജൻസി ആയി കണക്കാക്കുന്നത്. വികസന പദ്ധതിക്ക് വനഭൂമി ഉപയോഗിക്കണമെങ്കിൽ ബന്ധപ്പെട്ട ഫോറവും (ഫോറം A)[27], പദ്ധതിയും ഗ്രാമസഭ ഒരു പ്രമേയം പാസ്സാക്കി അംഗീകരിക്കണം.

b. ഇങ്ങനെ വികസന ആവശ്യങ്ങൾക്ക് വനഭൂമി ഉപയോഗിക്കാൻ ശുപാർശ ചെയ്യുന്ന പ്രമേയം അംഗീകരിക്കാനായി ചേരുന്ന ഗ്രാമസഭയിൽ പകുതി-യിലേറെ അംഗങ്ങളുടെ കോറം ഉണ്ടായിരിക്കണം.

c. ഗ്രാമസഭയുടെ ശുപാർശ ലഭിച്ച് കഴിഞ്ഞാൽ, ഉപയോക്തൃ ഏജൻസി പ്രദേശത്തെ റേഞ്ച് ഫോറസ്റ്റ് ഓഫീസർക്ക്, ഗ്രാമസഭ അംഗീകരിച്ച പ്രമേയത്തിനൊപ്പം പദ്ധതി സമർപ്പിക്കണം.

d. ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർ നിർദ്ദിഷ്ട പദ്ധതി പ്രദേശം നേരിട്ട് പരിശോധന നടത്തേണ്ടതാണ്.

e. പദ്ധതി സമർപ്പിച്ച തിയ്യതി മുതൽ മൂന്നാഴ്ചയ്ക്കുള്ളിൽ ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർ പരിശോധന

---

[27] ഫോറം A - താഴെയുള്ള ലിങ്കിലെ സർക്കുലറിൽ ലഭ്യമാണ് https://tribal.nic.in/downloads/FRA/Specific%20issues/Section%203(2)/Section%203(2)-1%20procedure%20for%20seeking%20prior%20approval%20for%20diversion%20of%20land%20under%20section%203(2)%20dated%2018.05.2009.pdf

പൂർത്തിയാക്കി, ശുപാർശയും പരിശോധനാ റിപ്പോർട്ടും മറ്റ് രേഖകളും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് (DFO) നിർദ്ദിഷ്ട ഫോറത്തിൽ സമർപ്പിക്കണം.

f. റേഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്ന് പദ്ധതിയും മറ്റ് രേഖകളും സ്വീകരിച്ച തിയ്യതി മുതൽ നാല് ആഴ്ചകൾക്കുള്ളിൽ DFO പദ്ധതി പരിഗണിച്ച് തീരുമാനമെടുക്കണം. പദ്ധതിക്ക് അനുവാദം നൽകുകയാണെങ്കിൽ തീരുമാനം റേഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും, ജില്ലാതല സമിതി (DLC) ചെയർമാന് അതിന്റെ പകർപ്പ് നൽകുകയും ചെയ്യണം.

g. DFO-യിൽ നിന്ന് അംഗീകാരം ലഭിക്കുന്നതോടെ വികസന[28] പദ്ധതിയ്ക്കായി അംഗീകരിച്ച വനഭൂമിയുടെ അതിരുകൾ റേഞ്ച് ഫോറസ്റ്റ് ഓഫീസർ നിർണ്ണയിച്ച് ഗ്രാമസഭയുടെ മേൽനോട്ടത്തിൽ അത് ഉപയോക്തൃ ഏജൻസിക്ക് കൈമാറണം.

h. റേഞ്ച് ഫോറസ്റ്റ് ഓഫീസർ വഴി ഉപയോക്തൃ ഏജൻസി സമർപ്പിച്ച പദ്ധതിയ്ക്ക് DFO അംഗീകാരം നൽകുന്നില്ലെങ്കിൽ, അന്തിമ തീരുമാനത്തിനായി പദ്ധതിയുടെ രേഖകൾ അദ്ദേഹം DLC-ക്ക് കൈമാറേണ്ടതാണ്.

i. മൂന്നിലൊന്ന് അംഗങ്ങളെങ്കിലും ഹാജരുള്ള DLC യോഗത്തിൽ വിഷയം പരിഗണിച്ച് അന്തിമ തീരുമാനം എടുക്കണം.

j. DLC പദ്ധതി അംഗീകരിക്കുകയാണെങ്കിൽ അത് ബന്ധപ്പെട്ട DFO-യെ അറിയിച്ച് മേൽനടപടികൾ സ്വീകരിക്കാനും, സർക്കാർ രേഖകളിലും ഭൂപടങ്ങളിലും

---

[28] താഴെയുള്ള ലിങ്കിലെ സർക്കുലറിൽ കാണുന്ന ഫോറം B https://tribal.nic.in/downloads/FRA/Specific%20issues/Section%203(2)/Section%203(2)-1%20procedure%20for%20seeking%20prior%20approval%20for%20diversion%20of%20land%20under%20section%203(2)%20dated%2018.05.2009.pdf



FRA Handbook inner_New_V6.indd 88 02-09-2024 17:26:06

ആവശ്യമായ തിരുത്തലുകൾ നടത്താനുമുള്ള നിർദ്ദേശം നൽകണം.

k. വികസന ആവശ്യങ്ങൾക്ക് വനഭൂമി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുന്നത്, ഒരു പ്രത്യേക ആവശ്യത്തിനായി വകമാറ്റിയ വനഭൂമി മറ്റ് ആവശ്യങ്ങൾക്കായിഉപയോഗിക്കുന്നതിന്അനുവദിക്കില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ്. ഉപയോക്തൃ ഏജൻസിക്ക് ഭൂമി കൈമാറി ഒരു വർഷത്തിനുള്ളിൽ പ്രവർത്തനം ആരംഭിച്ചില്ലെങ്കിൽ വകമാറ്റിയ ഭൂമി വനംവകുപ്പിന് തിരികെ ഏറ്റെടുക്കാവുന്നതാണ്.

l. 3(2) പ്രകാരം വനഭൂമി വകമാറ്റി ഉപയോഗിക്കുന്നതിന് അനുവദിച്ച അംഗീകാരങ്ങളുടെ ത്രൈമാസ റിപ്പോർട്ട് DFO സംസ്ഥാനത്തെ നോഡൽ ഓഫീസർക്ക് സമർപ്പിക്കണം. നോഡൽ ഓഫീസർ ഈ വിവരങ്ങൾ ക്രോഡീകരിച്ച് ത്രൈമാസ റിപോർട്ട് ആയി ട്രൈബൽ വെൽഫയർ വകുപ്പ് സെക്രട്ടറിക്ക് നൽകണം. അദ്ദേഹമാണ് ഏകീകൃത റിപ്പോർട്ട് കേന്ദ്ര ഗോത്രകാര്യ മന്ത്രാലയത്തിനും, കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിനും സമർപ്പിക്കുന്നത്.

m. പദ്ധതികളുടെ പ്രവർത്തന പുരോഗതി നോഡൽ ഓഫീസർ നിരീക്ഷിക്കേണ്ടതാണ്.

### (iv) വനാവകാശ അപേക്ഷ സമർപ്പിക്കാൻ ആവശ്യമായ തെളിവുകൾ[29]

ചട്ടം 13(1) പ്രകാരം വനാവകാശങ്ങൾ (CFR ഒഴികെ) നിർണ്ണയിക്കാൻ ഉപയോഗിക്കാവുന്ന തെളിവുകൾ താഴെ പറയുന്നവയാണ്:

- പൊതു രേഖകൾ, സർക്കാർ രേഖകളായ ഗസറ്റുകൾ, സെൻസസ്, സർവേ, സെറ്റിൽമെന്റ് റിപ്പോർട്ടുകൾ,

[29] വനാവകാശ നിയമ പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ആണ് നോഡൽ ഏജൻസി. അതിലെ ഉദ്യോഗസ്ഥരെയാണ് നോഡൽ ഓഫീസർ എന്ന ചുമതല ഏൽപ്പിക്കുന്നത്.



FRA Handbook inner_New_V6.indd 89 02-09-2024 17:26:06

ഭൂപടങ്ങൾ, സാറ്റലൈറ്റ് ദൃശ്യങ്ങൾ, വർക്കിങ്ങ് പ്ലാനുകൾ, മാനേജ്മെന്റ് പ്ലാനുകൾ, മൈക്രോ പ്ലാനുകൾ, വന അന്വേഷണ റിപ്പോർട്ട്, മറ്റ് വന രേഖകൾ, മറ്റ് പേരുകളിലുള്ള അവകാശങ്ങളുടെ രേഖ, പട്ടയം അല്ലെങ്കിൽ പാട്ടം സംബന്ധിച്ച രേഖകൾ, സർക്കാർ രൂപീകരിച്ച സമിതികളുടെയോ കമ്മീഷനുകളുടെയോ റിപ്പോർട്ട്, സർക്കാർ ഉത്തരവുകൾ, വിജ്ഞാപനം, സർക്കുലറുകൾ, പ്രമേയങ്ങൾ.

- വോട്ടർ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ്, പാസ്പോർട്ട്, ഭവന നികുതി രസീതുകൾ, വാസസ്ഥല സർട്ടിഫിക്കറ്റുകൾ തുടങ്ങിയ സർക്കാർ അംഗീകൃത രേഖകൾ.
- ഭൗതികമായി കാണപ്പെടുന്ന വീട്, കുടിലുകൾ, ഭൂമിയിൽ വരുത്തിയ സ്ഥിരമായ പരിഷ്കാരങ്ങൾ, ബണ്ടുകൾ, ചെക്ക് ഡാമുകൾ എന്നിവ.
- കോടതി ഉത്തരവുകളും വിധിന്യായങ്ങളും ഉൾപ്പെടെ അർദ്ധ-ജുഡീഷ്യൽ, ജുഡീഷ്യൽ രേഖകൾ.
- ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യ (Anthropological Survey of India) പോലുള്ള പ്രശസ്ത സ്ഥാപനങ്ങളുടെ ഗവേഷണ പഠനങ്ങൾ. ആചാരപരമായ നിയമത്തിനെ പറ്റിയും, വനാവകാശങ്ങൾ നേടുന്നതിനെയും പറ്റി പ്രതിപാദിക്കുന്നവ ആയിരിക്കണം ഈ പഠനങ്ങൾ.
- നാട്ടുരാജ്യങ്ങളിൽ നിന്നോ പ്രവിശ്യകളിൽ നിന്നോ അല്ലെങ്കിൽ മറ്റ് ഭരണ സംവിധാനങ്ങളിൽ നിന്നോ ലഭിച്ച അവകാശങ്ങളുടെ രേഖകൾ, പ്രത്യേകാനുകൂല്യങ്ങൾ, ഇളവുകൾ, അക്കാലത്തെ ഭൂപടങ്ങൾ ഉൾപ്പെടെയുള്ള രേഖകൾ.
- കിണറുകൾ, ശ്മശാനങ്ങൾ, പുണ്യസ്ഥലങ്ങൾ തുടങ്ങി പുരാതന കാലത്തെ വ്യക്തമാക്കുന്ന പരമ്പരാഗത ഘടനകൾ.
- പഴയകാലത്തെ ഭൂരേഖകളിൽ സൂചിപ്പിച്ചിട്ടുള്ള അല്ലെങ്കിൽ പഴയ കാലഘട്ടത്തിൽ ഗ്രാമത്തിൽ നിയമാനുസൃത താമസക്കാരനായി അംഗീകരിക്കപ്പെട്ട വ്യക്തികളുടെ വംശാവലിയിലെ കണ്ടെത്തലുകൾ.

- മുതിർന്നവരുടെ രേഖാമൂലമുള്ള പ്രസ്താവന (സ്വന്തം അപേക്ഷകളൊഴിച്ച്)

**(v) സമൂഹവനവിഭവ പരിപാലന (CFR) അവകാശത്തിനായി സമർപ്പിക്കാവുന്ന തെളിവുകൾ**

ചട്ടം 13(2)-ൽ താഴെപ്പറയുന്ന തെളിവുകളാണ് പരിഗണിക്കാൻ പറഞ്ഞിരിക്കുന്നത് :

- നിസ്താറും അത് പോലെ മറ്റ് പേരുകളിൽ അറിയപ്പെടുന്ന സമാനമായ സാമൂഹിക അവകാശങ്ങളും
- പരമ്പരാഗത മേച്ചിൽസ്ഥലങ്ങൾ, വേരുകളും കിഴങ്ങുവർഗ്ഗങ്ങളും ശേഖരിക്കുന്ന സ്ഥലങ്ങൾ, കാലിത്തീറ്റ, ഭക്ഷ്യയോഗ്യമായ കാട്ടുപഴങ്ങൾ, മറ്റു ചെറുകിട വന വിഭവങ്ങൾ എന്നിവ ശേഖരിക്കുന്ന സ്ഥലങ്ങൾ, മത്സ്യബന്ധന പ്രദേശങ്ങൾ, ജലസേചന സംവിധാനങ്ങൾ,മനുഷ്യരുടെയോ കന്നുകാലികളുടെയോ ഉപയോഗത്തിനുള്ള ജലസ്രോതസ്സ്, പരമ്പരാഗത വൈദ്യന്മാരുടെ ഔഷധസസ്യ ശേഖരണ പ്രദേശങ്ങൾ.
- ഊരുവാസികൾ കൂട്ടായി നിർമ്മിച്ച കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ, പുണ്യവൃക്ഷങ്ങൾ, കാവുകൾ, കുളങ്ങൾ അല്ലെങ്കിൽ നദീതീരങ്ങൾ, ശ്മശാനം.
- റിസർവ് വനത്തെ സംരക്ഷിത വനമായി മാറ്റി കൊണ്ടുള്ള സർക്കാർ രേഖകൾ. ഊരിലെ പൊതുവായ ഭൂമി, നിസ്താരി വനങ്ങൾ എന്നിങ്ങനെയുള്ള മുൻകാലങ്ങളിൽ സർക്കാർ രേഖകളിൽ ചെയ്തിട്ടുള്ള തരംതിരിക്കലോ.
- മുൻകാലങ്ങളിൽ അല്ലെങ്കിൽ നിലവിലുള്ള പരമ്പരാഗത കാർഷികവൃത്തി.

വനാവകാശം നിർണ്ണയിക്കുന്നതിൽ ഗ്രാമസഭ, SDLC, DLC എന്നിവ മുകളിൽ പറഞ്ഞ ഒന്നിൽ കൂടുതൽ തെളിവുകൾ പരിഗണിക്കേണ്ടതാണ്. ഇവയിൽ ഏതെങ്കിലും ഒരു പ്രത്യേക തരം തെളിവ് തന്നെ വേണം എന്ന ഒരു സമിതിയും നിർബന്ധം പിടിക്കരുത്. പ്രത്യേകിച്ച് ഉപഗ്രഹ ചിത്രങ്ങൾ, വനം വകുപ്പ് പിഴ ഈടാക്കിയ രശീതുകൾ എന്നിവ.



FRA Handbook inner_New_V6.indd 91 02-09-2024 17:26:06

## II.1.F .പരാതി പരിഹാര സംവിധാനങ്ങൾ

### (i) സബ് ഡിവിഷൻ തല സമിതിക്കു സമർപ്പിക്കാവുന്ന പരാതികൾ

- ഗ്രാമസഭയുടെ പ്രമേയം കാരണം പ്രയാസം നേരിടുന്ന വ്യക്തിക്കോ സ്ഥാപനങ്ങൾക്കോ പ്രമേയം പുറപ്പെടുവിച്ച് അറുപതു ദിവസത്തിനുള്ളിൽ SDLC-ക്ക് പരാതി നൽകാവുന്നതാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത സമയത്തിനുള്ളിൽ പരാതി നല്കാൻ കഴിഞ്ഞില്ലെങ്കിൽ, സമിതിയുടെ അനുവാദത്തോടെ തുടർന്നുള്ള മുപ്പതു ദിവസം വരെ പരാതികൾ നൽകാവുന്നതാണ്.
- പരാതിയിൽ വാദം കേൾക്കാനായി SDLC ദിവസം തീരുമാനിക്കുകയും, വാദത്തിന് പതിനഞ്ച് ദിവസം മുമ്പ് തന്നെ ഗ്രാമസഭയേയും പരാതിക്കാരനെയും രേഖാമൂലം അറിയിക്കണം. കൂടാതെ പരാതിക്കാരന്റെ ഗ്രാമത്തിലെ പൊതുസ്ഥലത്ത് നോട്ടീസ് പതിക്കണം.
- തീരുമാനങ്ങൾ കൈകൊള്ളുന്നതിന് മുൻപ് പരാതിക്കാർക്ക് തങ്ങളുടെ വാദങ്ങൾ ഉന്നയിക്കാനുള്ള അവസരവും നല്കിയിരിക്കണം.
- പരാതി അംഗീകരിക്കുവാനോ നിരാകരിക്കുവാനോ, വിഷയം ഗ്രാമസഭയോട് പുനഃപരിശോധിക്കുവാനോ ആവശ്യപ്പെടാൻ SDLC-ക്ക് അധികാരമുണ്ട്.
- പുനഃപരിശോധനക്കായി SDLC-യുടെ നിർദ്ദേശം ലഭിച്ച മുപ്പത് ദിവസത്തിനുള്ളിൽ ഗ്രാമസഭ ചേർന്നു പരാതി കേൾക്കേണ്ടതാണ്. വിഷയത്തിൽ തീർപ്പ് കൽപ്പിക്കുമ്പോൾ ഗ്രാമസഭ വേണ്ട നിർദ്ദേശങ്ങളോടെ പ്രമേയം പാസാക്കി അത് SDLC-ക്ക് അയച്ചു കൊടുക്കണം.
- ഗ്രാമസഭയുടെ പ്രമേയം പരിഗണിച്ച്, SDLC-ക്ക് പരാതിയിൽ തീരുമാനമെടുക്കാം.
- തീർപ്പാകാത്ത പരാതികൾ മാറ്റിവെച്ച്, SDLC മറ്റ് അപേക്ഷകരുടെവനാവകാശരേഖകൾപരിശോധിക്കുകയും ക്രോഡീകരിക്കുകയും ചെയ്ത് അത് DLC-ക്ക് നൽകണം.
- ഏതെങ്കിലും അപേക്ഷയിൽ വ്യത്യസ്ത ഗ്രാമസഭകൾക്ക് ഇടയിൽ തർക്കം ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഗ്രാമസഭകളെ ഒന്നിച്ച് വിളിച്ച് ചേർത്ത് തർക്ക പരിഹാരം നടത്തേണ്ടത്



FRA Handbook inner_New_V6.indd 92 02-09-2024 17:26:06

SDLC-യാണ്. മുപ്പത് ദിവസത്തിനകം ഇങ്ങനെ സമവായത്തിലൂടെ പരിഹാരം ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഗ്രാമസഭകളുടെ വാദം കേട്ട ശേഷം SDLC-ക്ക് തീരുമാനം എടുത്ത് ഉത്തരവുകൾ ഇറക്കാവുന്നതാണ്.

- SDLC-യുടെ തീരുമാനം അതാത് പരാതിക്കാരെ രേഖാമൂലം അറിയിക്കേണ്ടതാണ്. എന്നാൽ മാത്രമേ പരാതിയിൽ അസംതൃപ്തിയുണ്ടെങ്കിൽ പരാതിക്കാർക്ക് DLC-യിൽ ഹരജി നൽകാനാകൂ.

**സബ് ഡിവിഷൻ തല സമിതിക്കുള്ള പരാതികൾ**

ഗ്രാമസഭയുടെ പ്രമേയം കാരണം പരാതി നേരിടുന്ന വ്യക്തിക്കോ, സർക്കാർ സ്ഥാപനങ്ങൾക്കോ 60 ദിവസത്തിനുള്ളിൽ SDLC-ക്ക് പരാതി നൽകാവുന്നതാണ്.

↓

SDLC പരാതി കേൾക്കുന്നതിന്റെ 15 ദിവസം മുൻപ് പരാതികാർക്കും ഗ്രാമസഭയ്ക്കും നോട്ടീസ് നല്കണം

↓

SDLC-ക്ക് പരാതി അംഗീകരിച്ച് വേണ്ട നടപടികൾ സ്വീകരിക്കാം അല്ലെങ്കിൽ പരാതി തള്ളി കളയാം

SDLC-ക്ക് ഗ്രാമസഭയോട് പരാതി വീണ്ടും പുനഃ പരിശോധിക്കുവാൻ ആവശ്യപ്പെടാം

↓

പുനഃപരിശോധന നടത്താനായി SDLC നിർദ്ദേശം ലഭിച്ച 30ദിവസത്തിനുള്ളിൽ ഗ്രാമസഭ കൂടി പരാതിക്കാരന്റെ പരാതി കേട്ട് പ്രമേയം പാസ്സാക്കി SDLC-ക്ക് അയയ്ക്കണം

↓

SDLC - ക്ക് ഗ്രാമസഭയുടെ പ്രമേയം പരിഗണിച്ച്, സ്വതന്ത്രമായി ഒരു തീരുമാനമെടുക്കാവുന്നതാണ്

**രേഖാചിത്രം 5: സബ് ഡിവിഷൻ തല സമിതിക്കുള്ള പരാതികൾ: നടപടിക്രമം**



FRA Handbook inner_New_V6.indd 93 02-09-2024 17:26:06


**(ii) ജില്ലാ തല സമിതിക്ക് സമർപ്പിക്കാവുന്ന പരാതികൾ**

- SDLC-യുടെ തീരുമാനത്തിൽ പരാതിയുള്ളവർ സമിതിയുടെ തീരുമാനം വന്ന 60 ദിവസത്തിനകം DLC-ക്ക് പരാതി സമർപ്പിക്കണം. ഏതെങ്കിലും കാരണവശാൽ നിശ്ചിത സമയത്തിനുള്ളിൽ പരാതി നല്കാൻ കഴിഞ്ഞില്ലെങ്കിൽ, DLC-യുടെ അനുവാദത്തോടെ തുടർന്നുള്ള മുപ്പതു ദിവസം വരെ പരാതികൾ നൽകാവുന്നതാണ്.
- DLC പരാതിക്കാരന്റെ ഊരിലെ പൊതുസ്ഥലങ്ങളിൽ 15 ദിവസം മുൻപു നോട്ടിസ് പതിക്കുകയും, രേഖാമൂലം പരാതിക്കാരനെയും, SDLC-യെയും വാദത്തിനായി സമിതിയുടെ മുൻപാകെ വിളിക്കേണ്ടതാണ്.
- പരാതി അംഗീകരിക്കുവാനോ നിരാകരിക്കുവാനോ പുനഃപരിശോധനക്കായി SDLC-ക്ക് അയക്കുവാനോ DLC-ക്ക് അധികാരമുണ്ട്.
- SDLC പുനഃപരിശോധന നടത്തുമ്പോൾ, പരാതിക്കാരനെയും ഗ്രാമസഭയേയും കേട്ട് തീരുമാനം എടുക്കുകയും അത് DLC-യെ അറിയിക്കുകയും വേണം.
- SDLC-യുടെ തീരുമാനം DLC-ക്ക് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം.
- സർക്കാർ രേഖകളിൽ ആവശ്യമായ തിരുത്തലുകൾക്കായി DLC, അവകാശിയുടെയോ അവകാശികളുടെയോ വനാവകാശ രേഖകൾ, ജില്ലാ കളക്ടർക്ക് അയച്ചു കൊടുക്കണം.
- വ്യത്യസ്ത SDLC-കളുടെ ഉത്തരവിൽ ഭിന്നതയുണ്ടെങ്കിൽ ബന്ധപ്പെട്ട SDLC-കളെ ഒരുമിച്ചു വിളിച്ച് ചേർത്ത് തർക്ക പരിഹാരം നടത്തേണ്ടത് DLC-യാണ്. എല്ലാവർക്കും സ്വീകാര്യമായ പരിഹാരം ലഭ്യമാകുന്നില്ലായെങ്കിൽ SDLC-കളുടെ വാദം കേട്ട ശേഷം DLC-ക്ക് തീരുമാനമെടുത്ത് ഉത്തരവുകൾ ഇറക്കാവുന്നതാണ്.



FRA Handbook inner_New_V6.indd 94 02-09-2024 17:26:06

**ജില്ലാതല സമിതിക്കുള്ള പരാതികൾ**




**രേഖാചിത്രം 6: ജില്ലാ തല സമിതിക്കുള്ള പരാതികൾ: നടപടിക്രമം**

### II.1.G വനാവകാശവും പ്രസക്തമായ മറ്റ് നിയമങ്ങളും

#### (i) വന്യജീവി സംരക്ഷണ നിയമം, 1972

ഭൂമിയിൽ സസ്യ മൃഗാദികൾ മനുഷ്യന്റെ ഇടപെടലുകൾ മൂലം വംശമറ്റു പോകുന്നത് തടയാനായി 1972-ൽ കേന്ദ്ര സർക്കാർ നിലവിൽ കൊണ്ടു വന്ന നിയമമാണ് വന്യജീവി (സംരക്ഷണ)



FRA Handbook inner_New_V6.indd 95 02-09-2024 17:26:06

നിയമം 1972. വന്യജീവികളുടെ സംരക്ഷണം കൂടുതൽ ശക്തമാക്കുക, വനത്തിലെ ജീവികളുടെ നശീകരണം തടയുക എന്നിവയാണ് ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഏറ്റവുമധികം സംരക്ഷിക്കേണ്ട ജീവികളെ ഈ നിയമത്തിന്റെ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തുല്യ പ്രാധാന്യമുള്ള മറ്റു ജീവികളെ പട്ടിക 2 ഭാഗം 2-ലും ഉൾപ്പെടുത്തിയിരിക്കുന്നു. അവയെ വേട്ടയാടുന്നത് നിയമത്തിന്റെ വകുപ്പ് 9 പ്രകാരം ഇന്ത്യയിൽ നിരോധിക്കപ്പെട്ടിരിക്കുന്നു.

ഈ നിയമവും വനാവകാശ നിയമവും തമ്മിൽ അന്തർലീനമായ ബന്ധമുണ്ട്. വന്യജീവി സംരക്ഷണം നടപ്പിലാക്കാൻ നിയമം അനുശാസിക്കുന്ന ഒരു പ്രധാനപ്പെട്ട മാർഗ്ഗം സംരക്ഷണം കൂടുതൽ അർഹിക്കുന്ന, ജൈവവൈവിധ്യം കൂടിയ പ്രദേശങ്ങളെ വന്യജീവി സങ്കേതങ്ങളായോ, ദേശീയോദ്യാനങ്ങളായോ പ്രഖ്യാപിക്കുക എന്നതാണ്. ഈ പ്രഖ്യാപിത മേഖലകളിൽ വ്യക്തികൾക്കുള്ള അവകാശങ്ങൾ തിട്ടപ്പെടുത്തുവാനും നിയമം അനുശാസിക്കുന്ന രീതിയിൽ വ്യക്തികളിൽ നിന്നും അവരുടെ ഭൂമിയും അവകാശങ്ങളും ഏറ്റെടുക്കുവാനുമുള്ള വ്യവസ്ഥകൾ നിയമം അനുശാസിക്കുന്നുണ്ട്. കൂടാതെ, ഈ പ്രദേശങ്ങളിലും അല്ലാതെയും വന്യജീവി സംരക്ഷണ നിയമത്തിന്റെ പട്ടിക 1-ൽ പെട്ടതോ, പട്ടിക 2 ഭാഗം 2-ൽ പെട്ടതോ ആയ വന്യജീവികളെയോ അവയിൽ നിന്നും സൃഷ്ടിച്ചെടുത്ത വസ്തുക്കളോ കൈവശം വെയ്ക്കാൻ ആർക്കും അവകാശം ഉണ്ടായിരിക്കുന്നതുമല്ല.

വന്യജീവി സംരക്ഷണ നിയമം അനുസരിച്ച് വന്യജീവി സംരക്ഷണത്തിനായി വനമേഖലകളിൽ ചില പ്രദേശങ്ങൾ പൂർണ്ണ സംരക്ഷണ മേഖലയായി പ്രഖ്യാപിക്കുന്ന പക്ഷം വനാവകാശ നിയമത്തിൻ കീഴിൽ ചില നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ രീതിയിലുള്ള നടപടികൾ സ്വീകരിക്കാതെ ഒരു കാരണവശാലും വനാവകാശികളെ വനമേഖലയിൽ നിന്നും മാറ്റി പാർപ്പിക്കുകയോ അവരുടെ അവകാശങ്ങൾ പരിഷ്കരിക്കുകയോ ചെയ്യാവുന്നതല്ല. ആദ്യം തന്നെ വനമേഖല സംരക്ഷിക്കുന്നതിനായി ബാഹ്യ ഇടപെടലുകൾ പൂർണ്ണമായി നിർത്തലാക്കേണ്ടതാണ് എന്ന് ഉറപ്പ് വരുത്തിയ പക്ഷം മാത്രമേ ഇതുമായി ബന്ധപ്പെട്ട



FRA Handbook inner_New_V6.indd 96 02-09-2024 17:26:06

പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കൂ. അതുപോലെ മറ്റ് ചില നിബന്ധനകളും ഉണ്ട്. പ്രസ്തുത വനമേഖലയിൽ വനാവകാശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് എന്നതും ഉറപ്പ് വരുത്തേണ്ടതാണ്. അതുപോലെ വനമേഖലയിൽ വന്യജീവി ആദിവാസി സഹവാസം ഒരു രീതിയിലും സാധ്യമല്ല എന്നതും ഉറപ്പ് വരുത്തണം. മാറ്റി പാർപ്പിക്കാൻ പദ്ധതി തയ്യാറാക്കുന്നെങ്കിൽ അതിൽ ഉപജീവന സുരക്ഷ ഉറപ്പാക്കുന്ന ഒരു പുനഃരധിവാസ പാക്കേജ് ഉണ്ടാകണം. അത് ഗ്രാമസഭ അംഗീകരിക്കണം. മാറ്റി പാർപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രദേശത്ത് അവർക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട് എന്നും ഉറപ്പ് വരുത്തണം.

**(ii) വനസംരക്ഷണ നിയമം, 1980**

വനസംരക്ഷണ നിയമം 1980-ൽ കൊണ്ടുവന്നത് വനനശീകരണം തടയാനായിട്ടാണ്. വനത്തിന്റെ എല്ലാ വിധമായ പരിവർത്തനത്തെയും നിയന്ത്രിക്കുവാനായി നിയമത്തിൽ കർശനമായ നടപടികൾ അനുശാസിക്കുന്നുണ്ട്. അതിനാൽ തന്നെ വനത്തിന്റെ സ്വഭാവം മാറ്റുന്ന ഏതൊരു പ്രവർത്തനത്തിനും അനുമതി കേന്ദ്ര സർക്കാരിൽ നിന്നും എടുക്കേണ്ടതാണ്. വനഭൂമിയിൽ സ്വകാര്യ വ്യക്തികൾക്ക് കൈവശാവകാശം നല്കുന്നതിനും, പാട്ടത്തിനു നല്കുന്നതിനുമെല്ലാം ഈ രീതിയിൽ തന്നെ അനുമതി എടുക്കേണ്ടതാണ്.

എന്നാൽ വനാവകാശ നിയമത്തിന് കീഴിൽ വനാവകാശികൾക്ക് നിയമം അനുശാസിക്കുന്ന വികസനാവകാശങ്ങൾ ലഭ്യമാണ്. ഗ്രാമസഭയുടെ ശുപാർശയോടെ 1 ഹെക്ടറിൽ കൂടാതെയുള്ള പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. സ്കൂളുകൾ, ആശുപത്രികൾ, അംഗണവാടികൾ, റേഷൻ കടകൾ, വൈദ്യുതി, ടെലികോം ലൈനുകൾ, കുളങ്ങൾ, കുടിവെള്ള വിതരണം, മഴവെള്ള സംഭരണം, ചെറുകിട ജലസേചന പദ്ധതികൾ, വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ, റോഡുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ മുതലായ എല്ലാ പ്രവർത്തനങ്ങൾക്കും അനുമതി

ലഭിക്കുന്നതാണ്. ഒരു ഹെക്ടറിൽ 75 മരങ്ങളിൽ കൂടുതൽ മരങ്ങൾ മുറിക്കാൻ അനുമതി ലഭിക്കുന്നതല്ല.

ഈ അവകാശം ഊരുകൾക്ക് നല്ല രീതിയിൽ പ്രയോജനപ്പെടുത്താവുന്നതാണ്. ഊരിന്റെ എല്ലാ അടിസ്ഥാന ആവശ്യങ്ങൾക്കും ഇത് സഹായകമാവും.

**(iii) പഞ്ചായത്ത് (എക്സ്റ്റൻഷൻ ടു ദി ഷെഡ്യൂൾഡ് ഏരിയാസ്) ആക്ട്, 1996**

പട്ടികപ്പെടുത്തിയ പ്രദേശങ്ങളിൽ ഉൾപ്പെടുന്ന ആദിവാസി ഊരുകളിൽ പഞ്ചായത്ത് സംവിധാനം കൊണ്ട് വരാനായിട്ടാണ് കേന്ദ്ര സർക്കാർ പഞ്ചായത്ത് (എക്സ്റ്റൻഷൻ ടു ദി ഷെഡ്യൂൾഡ് ഏരിയാസ്) ആക്ട്, 1996(പെസ) പ്രാബല്യത്തിൽ കൊണ്ടുവന്നത്. സംസ്ഥാനങ്ങൾ അവരവരുടെ പഞ്ചായത്ത് നിയമത്തിൽ ഭേദഗതി കൊണ്ടുവന്ന് നിയമത്തെ അതാത് സംസ്ഥാനങ്ങളിൽ നടപ്പിലാക്കേണ്ടതുമാണ്. എന്നാൽ കേരളത്തിൽ പട്ടികപ്പെടുത്തിയ പ്രദേശങ്ങൾ ഇല്ലാത്തതിനാൽ ഈ നിയമം ഇന്നും കേരളത്തിൽ ബാധകമല്ല.

സംസ്ഥാനങ്ങളിൽ നിലനില്ക്കുന്ന പഞ്ചായത്ത് രാജ് നിയമവും പെസ നിയമവും തമ്മിലുള്ള വ്യത്യാസം പ്രധാനമായും ഗ്രാമസഭകൾക്കുള്ള പ്രാധാന്യവും ഗ്രാമം എന്താണെന്നതിന്റെ വ്യാഖ്യാനവുമാണ്. സംസ്ഥാന പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ഗ്രാമ പഞ്ചായത്ത് റവന്യൂ രേഖകളിലെ ഗ്രാമം ആണെങ്കിൽ, പെസ നിയമത്തിന് കീഴിലെ ഗ്രാമം എന്നത് ഓരോരോ ഊരുകളോ ഊരുകൂട്ടങ്ങളോ ആണ്. ഗ്രാമസഭകൾക്ക് അതാത് ഗ്രാമസഭയിലെ ജനങ്ങളുടെ ആചാരങ്ങൾ, ഭാഷ, വിഭവങ്ങൾ സംരക്ഷിക്കുവാൻ വേണ്ട നടപടികൾ വേണ്ടതു പോലെ സ്വീകരിക്കാം. പഞ്ചായത്ത് തലത്തിൽ ഏറ്റെടുക്കുന്ന എല്ലാ വികസന പദ്ധതികളും ഗ്രാമസഭയുടെ അംഗീകാരത്തോടെ മാത്രമേ ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളു. പഞ്ചായത്ത് ഏറ്റെടുക്കുന്ന വികസന പദ്ധതികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് (utilisation certificate), അഥവാ പണം ചിലവാക്കിയതിനുള്ള രശീത് നല്കുന്നതും ഗ്രാമസഭയാണ്. ചെറു ജലാശയങ്ങളുടെ, ചെറു ധാതുക്കളുടെ എല്ലാം ഉപയോഗം ഗ്രാമസഭയുടെ അധീനതയിൽ

ആയിരിക്കും; ഗ്രാമസഭയുടെ അംഗീകാരത്തോടെയല്ലാതെ ചെയ്യാനും സാധിക്കുകയില്ല. അതുപോലെ ഗ്രാമത്തിലെ കച്ചവട കേന്ദ്രങ്ങളുടെ മേൽനോട്ടവും ഗ്രാമസഭയുടെയാണ്. കേരളത്തിൽ ഊരുകൂട്ടങ്ങളിൽ ഈ രീതിയിലുള്ള അധികാരങ്ങൾ നിക്ഷിപ്തമല്ല.

### (iv) വിവരാവകാശ നിയമം, 2005

വനാവകാശ നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിൽ വലിയൊരു പങ്ക് വഹിക്കാനാകുന്ന മറ്റൊരു നിയമമാണ് വിവരാവകാശ നിയമം. സർക്കാർ ഓഫീസുകളുടെയും, സർക്കാർ അധീനധയിലുള്ള സ്ഥാപനങ്ങളുടെയും കൈവശമുള്ള വിവരങ്ങൾ എല്ലാ പൗരന്മാർക്കും ലഭ്യമാക്കുന്നതിനും, ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതിനും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിലനിർത്തുന്നതിനും അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ളതാണ് വിവരാവകാശ നിയമം 2005 മെയ് 11-ന് പാസ്സാക്കിയത്.

#### (a) വനാവകാശ നിയമം കാര്യക്ഷമമായി നടപ്പാക്കാൻ വിവരാവകാശ നിയമം എങ്ങനെ ഉപയോഗിക്കാം?

വനാവകാശ നിയമത്തിന് കീഴിലുള്ള സമിതികളിൽ അപേക്ഷകളുടെ സ്ഥിതി വിവരം മനസ്സിലാക്കുന്നതിനും, വനാവകാശ അപേക്ഷകൾ സമർപ്പിക്കുന്നതിന് ആവശ്യമായ രേഖകൾ അതാത് വകുപ്പുകളിൽ നിന്ന് ലഭിക്കാനും, സമൂഹവനവിഭവ മേഖല പരിപാലനത്തിന് വേണ്ട വിവരങ്ങൾ ലഭിക്കാനും വിവരാവകാശ നിയമം ഉപയോഗിക്കാവുന്നതാണ്.

വിവരാവകാശ നിയമ പ്രകാരം വിവരം ലഭിക്കാനായി, ഏത് ഓഫീസിലാണ് ആവശ്യമായ വിവരം ഉണ്ടാവുക എന്ന ആദ്യം മനസ്സിലാക്കണം. ശേഷം അപേക്ഷ ആ ഓഫീസിലെ പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറുടെ (Public Information Officer/PIO) പേരിൽ സമർപ്പിക്കേണ്ടതാണ്. എല്ലാ സർക്കാർ ഓഫീസുകളിലും, സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിലും PIO ആയി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടാകും. അപേക്ഷ സമർപ്പിക്കുമ്പോൾ ഓഫീസറുടെ തസ്തികയോ, പേരോ

പ്രത്യേകമായി എഴുതേണ്ട ആവശ്യമില്ല. ഉദാഹരണത്തിന് നിലമ്പൂരിലെ സൗത്ത് ഡിവിഷനിലെ വർക്കിങ്ങ് പ്ലാൻ ആണ് ലഭിക്കേണ്ടതെങ്കിൽ, ഡിവിഷണൽ ഫോറെസ്റ്റ് ഓഫീസ് സൗത്തിൽ ആണ് പ്ലാനിന്റെ കോപ്പി ഉണ്ടാവുക. ആയതിനാൽ അപേക്ഷ "പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ, ഡിവിഷണൽ ഫോറെസ്റ്റ് ഓഫീസ്, സൌത്ത് ഡിവിഷൻ, നിലമ്പൂർ, മലപ്പുറം", എന്ന മേൽവിലാസത്തിൽ സമർപ്പിക്കാവുന്നതാണ്. അപേക്ഷ ഓഫീസിൽ ലഭിച്ചു എന്നു ഉറപ്പ് വരുത്താൻ റജിസ്റ്റേഡ് പോസ്റ്റ് ആയി അപേക്ഷ അയക്കുന്നതാണ് നല്ലത്. ഇ- മെയിൽ ആയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത് കൂടാതെ ഓഫീസിൽ നേരിട്ട് പോയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ രശീത്, തിയ്യതിയും സീലും വെച്ച് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷകന് വിവേക സംബന്ധമായ അപര്യാപ്തതയുണ്ടെങ്കിലോ, അപേക്ഷ എഴുതി നൽകാൻ കഴിയാത്ത ആളോ ആണെങ്കിൽ വേണ്ടതായ എല്ലാ സഹായവും PIO നൽകേണ്ടതാണ്.

ചോദ്യങ്ങൾ വളരെ ലഘുവായി തയ്യാറാക്കേണ്ടതാണ്. ഒന്നിൽ അധികം ചോദ്യങ്ങൾ ഒരു ചോദ്യത്തിൽ ഉൾക്കൊള്ളിക്കരുത്. അപേക്ഷകനുമായി ബന്ധപ്പെടാനുള്ള വിവരമൊഴിച്ച് മറ്റ് വിവരങ്ങളോ, വിവരം ആവശ്യപ്പെടുന്നതിന്റെ കാരണമോ നൽകേണ്ടതില്ല. ബി.പി.എൽ (BPL) കുടുംബാംഗങ്ങളെ അപേക്ഷാ ഫീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അപേക്ഷകൻ BPL ആണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം (ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അല്ലെങ്കിൽ നഗരസഭ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത്) നല്കിയാൽ മതി. അപേക്ഷ ഫീസ് (പത്ത് രൂപ), കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചോ, പത്ത് രൂപ ട്രഷറിയിൽ "0070-60-118 Receipts under RTI Act" എന്ന Head of Account-ൽ ചെല്ലാൻ അടയ്ക്കുക വഴിയോ, PIO/APIO-യുടെ പേരിലുള്ള ഡിമാൻഡ് ഡ്രാഫ്റ്റ്/ബാൻകേഴ്സ് ചെക്ക്/pay order വഴിയോ ഒടുക്കാവുന്നതാണ്. രേഖകളുടെ കോപ്പി ആവശ്യമാണെങ്കിൽ ഒരു പേജിന് 3 രൂപ എന്ന നിരക്കിലാണ് ഫീസ്.



FRA Handbook inner_New_V6.indd 100 02-09-2024 17:26:06

ആവശ്യപ്പെട്ട വിവരം നിഷ്കർഷിച്ച കാലത്തിനുള്ളിൽ-സാധാരണയായി 30 ദിവസങ്ങൾക്കകം-ലഭിക്കുന്നതാണ്. അപേക്ഷ നിഷേധിക്കപ്പെട്ടാലോ, വിവരം നിഷ്കർഷിക്കപ്പെട്ട സമയത്തിനുള്ളിൽ ലഭിച്ചില്ലെങ്കിലോ, ലഭ്യമാക്കിയ വിവരത്തിൽ അതൃപ്തി ഉണ്ടെങ്കിലോ, വിവരാവകാശ നിയമത്തിന് കീഴിൽ ആദ്യ അപ്പീൽ (പുനരപേക്ഷ) 30 ദിവസത്തിനുള്ളിൽ നിർദ്ദേശിക്കപ്പെട്ട അപ്പീൽ അധികാരിക്കു സമർപ്പിക്കാവുന്നതാണ്. ആദ്യത്തെ അപ്പീൽ നൽകിയ ശേഷം 45 ദിവസത്തിനുള്ളിൽ നിങ്ങൾക്ക് പ്രതികരണം ലഭിക്കുന്നില്ലെങ്കിൽ 90 ദിവസത്തിനുള്ളിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനോ, അല്ലെങ്കിൽ കേന്ദ്ര പബ്ലിക്ക് ഇൻഫർമേഷൻ കമ്മീഷനോ രണ്ടാം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിവരാവകാശ നിയമത്തിന് കീഴിൽ സമാർപ്പിക്കാവുന്ന അപേക്ഷയുടെ മാതൃക:

**കുറിപ്പ്:** പ്രത്യേക ഫോറത്തിൽ തന്നെ അപേക്ഷ നൽകണമെന്ന് നിയമം നിഷ്കർഷിക്കുന്നില്ല. ഇവിടെ നൽകിയിരിക്കുന്നത് മാതൃക ഫോറം മാത്രമാണ്.



FRA Handbook inner_New_V6.indd 101 02-09-2024 17:26:07

വിവരാവകാശ നിയമത്തിന് കീഴിൽ സമാർപ്പിക്കാവുന്ന അപേക്ഷയുടെ മാതൃക

കോർട്ട് ഫീ സ്റ്റാമ്പ് 10 രൂപ

പ്രേക്ഷിതൻ

അപേക്ഷകന്റെ പേരും മേൽവിലാസവും

സ്വീകർത്താവ്

പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ

(ഓഫീസിന്റെ മേൽവിലാസം)

സർ,

വിഷയം: വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ

താഴെ നല്കിയിട്ടുള്ള വിവരങ്ങൾ/ രേഖകൾ നൽകണമെന്ന് അപേക്ഷിക്കുന്നു.

1. ......വനം ഡിവിഷനിൽ വനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ?
2. ഉണ്ടെങ്കിൽ ഏതൊക്കെ ഊരുകളിൽ ആണ് CFR അവകാശം നല്കിയിട്ടുള്ളത് ?
3. CFR കൊടുത്ത ഊരുകളിലെ CFR അവകാശ രേഖകളുടെ കോപ്പി.

മേൽ പറഞ്ഞ വിവരങ്ങൾ ലഭ്യമാക്കണം എന്നു താല്പര്യപ്പെടുന്നു.

സ്ഥലം:

തീയതി:



FRA Handbook inner_New_V6.indd 102 02-09-2024 17:26:07



# യൂണിറ്റ് II: വനാവകാശ നിയമം – ഒരു പരിചയപ്പെടുത്തൽ

## വിഷയം 2: വനാവകാശ നിയമം നടപ്പാക്കുന്നതിലെ വെല്ലുവിളികൾ

### II.2.A വനാവകാശ നിയമം (2006) നടപ്പിലാക്കിയതിന്റെ സ്ഥിതി വിവരം




**ഗ്രാഫ് 7: ഇന്ത്യയിൽ വനാവകാശ രേഖകൾ അനുവദിച്ചതിന്റെ കണക്ക്**

(അവലംബം: ഗോത്രവർഗ്ഗകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന മന്ത്രാലയം (30/09 /2023-ന് ) പുറത്തു വിട്ട കണക്ക് )

കൂടാതെ അപേക്ഷകൾ പല സമിതികളിലായി തീർപ്പ് കൽപ്പിക്കാതെ അവശേഷിക്കുന്നുണ്ട്. ഇത്തരത്തിൽ തീർപ്പ്

കൽപ്പിക്കാത്ത പല അപേക്ഷകളും നഷ്ടപ്പെട്ടു പോയി എന്നാണ് പുറത്തിറങ്ങിയ പല റിപ്പോർട്ടുകളും സൂചിപ്പിക്കുന്നത്.




**ഗ്രാഫ് 8: വനാവകാശം നടപ്പാക്കുന്നതിൽ മുൻപന്തിയിലുള്ള സംസ്ഥാനങ്ങളിൽ വനാവകാശ രേഖകൾ നല്കിയ കണക്ക്**

(അവലംബം: ഗോത്രവർഗ്ഗകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന മന്ത്രാലയം (30/09/2023-ന്) പുറത്തു വിട്ട കണക്ക് )

സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ എണ്ണം നോക്കുകയാണെങ്കിൽ ഓരോ സംസ്ഥാനത്തിലും അപേക്ഷകളിൽ താഴെ പറയുന്ന തോതിലാണ് അംഗീകാരം ലഭിച്ചത്.

ഛത്തീസ്ഗഢ്- 53.74%

ഒഡീഷ- 72.31%

മധ്യ പ്രദേശ് - 45.59%

മഹാരാഷ്ട്ര -50.86%

കേരളം -64.79%

2015-ൽ റൈറ്റ്സ് ആൻഡ് റിസോഴ്സ് ഇനിഷ്യേറ്റീവ് (Rights and Resource Initiative), വസുന്ധര, നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ് കൺസൾട്ടന്റ്സ് (Natural Resource Management Consultants) എന്നിവർ നടത്തിയ പഠനത്തിൽ ഇന്ത്യയിൽ വനാവകാശം നൽകാവുന്ന വനമേഖലയുടെ കണക്ക്, കുറഞ്ഞ



FRA Handbook inner_New_V6.indd 104 02-09-2024 17:26:07

പക്ഷം 40 ദശലക്ഷം ഹെക്ടർ വരുന്നുണ്ട്, അതിൽ 14.75% വനമേഖലയിൽ മാത്രമേ ഇതുവരെ വനാവകാശം നല്കപ്പെട്ടിട്ടുള്ളൂ.

### II.2.B ദേശീയ തലത്തിലുള്ള വെല്ലുവിളികൾ

വനാവകാശ നിയമം 2006-ൽ ആണ് നിലവിൽ വന്നതെങ്കിലും ചട്ടങ്ങൾ തയ്യാറാകാഞ്ഞതിനാൽ 2008 വരെ നിയമം നടപ്പിലാക്കാൻ സാധ്യമായിരുന്നില്ല. 2008-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഒട്ടു മിക്ക സംസ്ഥാനങ്ങളും വനാവകാശ സമിതികൾ ഉണ്ടാക്കാനായുള്ള നീക്കങ്ങൾ തുടങ്ങി. പക്ഷേ പല സംസ്ഥാനങ്ങളിലും വനാവകാശ സമിതികൾ ശരിയായ രീതിയിൽ ആയിരുന്നില്ല രൂപീകരിക്കപ്പെട്ടത്. വനാവകാശ നിയമ പ്രകാരം ഗ്രാമസഭ യോഗം ചേർന്ന് വനാവകാശ സമിതിയിലെ അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണ്. എന്നാൽ പല സ്ഥലങ്ങളിലും ഈ രീതി അല്ല സ്വീകരിച്ചിട്ടുള്ളത്. അതിനാൽ വനാവകാശ സമിതിയിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് അവർ സമിതിയിൽ അംഗങ്ങളാണോ എന്ന പോലും പലപ്പോഴും വ്യക്തമല്ല. ആയതിനാൽ ഇന്ത്യയിൽ ഭൂരിപക്ഷം സ്ഥലങ്ങളിലും വനാവകാശ നിയമം നടപ്പാക്കാനായി വനാവകാശ സമിതികൾ പ്രവർത്തന സജ്ജമല്ല. വനാവകാശ സമിതികൾ പ്രവർത്തിക്കാത്തത് കൊണ്ട് തന്നെ അർഹമായ അവകാശങ്ങൾ നേടാൻ മിക്ക ആദിവാസികൾക്കും ബുദ്ധിമുട്ടായി വരുന്നു.

സബ് ഡിവിഷൻ, ജില്ല, സംസ്ഥാന സമിതികൾ എന്നിവയുടെ യോഗങ്ങളും ഫലപ്രദമായ രീതിയിൽ നടക്കുന്നില്ല. പലപ്പോഴും അപേക്ഷകൾ നിരസിക്കപ്പെടുന്ന വിവരം ഗ്രാമസഭയെയോ, അപേക്ഷകനെയോ അറിയിക്കാറുമില്ല. ജന പ്രതിനിധികൾ സബ് ഡിവിഷൻ, ജില്ല സമിതികളുടെ ഭാഗമാണ്. എന്നാൽ ഈ നിയമത്തെ കുറിച്ച് ഗ്രാഹ്യം ഇല്ലാത്തതിനാൽ ജന പ്രതിനിധികൾക്ക് വേണ്ട രീതിയിൽ തങ്ങളുടെ പങ്ക് നിർവഹിക്കാനാകുന്നില്ല. കൂടാതെ വനം വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, റവന്യൂ വകുപ്പ് തമ്മിലുള്ള ഏകോപനമില്ലായ്മയും ഇന്ത്യയിൽ പലയിടത്തും നിയമം നടപ്പിലാക്കാൻ തടസ്സമാകുന്നുണ്ട്. അത് കൊണ്ട് തന്നെ അപേക്ഷ ഫോറം, ഭൂപടങ്ങൾ എന്നിവ അപേക്ഷകർക്ക് ലഭിക്കാത്ത സാഹചര്യങ്ങൾ ഇന്ത്യയിൽ പലയിടത്തും ഉണ്ടായിട്ടുണ്ട്.



FRA Handbook inner_New_V6.indd 105 02-09-2024 17:26:07

ഇത്തരം രേഖകൾ സുഗമമായി ലഭിക്കാത്തതിനാലും, എന്തെല്ലാം രേഖകൾ ആണ് തെളിവ് എന്നതിനെ പറ്റി അപേക്ഷകർക്കും സമിതി അംഗങ്ങൾക്കും ഇപ്പോഴും വ്യക്തമായ ധാരണ ഇല്ലാത്തതിനാലും പല അപേക്ഷകളും നിരസിക്കപ്പെടുന്നുമുണ്ട്.

പല സംസ്ഥാനങ്ങളിലും വ്യക്തിഗത അവകാശങ്ങൾ മാത്രം ആണ് നല്കി വരുന്നത്. സാമൂഹിക അവകാശങ്ങൾ, പ്രത്യേകിച്ചും സമൂഹവനവിഭവ സംരക്ഷണത്തിനുള്ള അവകാശം വളരെ ചുരുക്കം സ്ഥലങ്ങളിൽ മാത്രമേ നല്കിയിട്ടുള്ളൂ. പലയിടത്തും വികസന അവകാശങ്ങളാണ് സാമൂഹിക അവകാശങ്ങൾ എന്ന് പറഞ്ഞു സർക്കാർ കണക്കുകളിൽ കാണിച്ചിരിക്കുന്നത്. വനാവകാശ നിയമത്തിൽ പറഞ്ഞ ഉപജീവന സുരക്ഷ, ആവാസ വ്യവസ്ഥ സംരക്ഷണം, അധികാര വികേന്ദ്രീകരണം എന്നിവയിലുള്ള അവകാശങ്ങൾ നടപ്പിലാകാതെയും പോകുന്നു. ഇങ്ങനെ വനാവകാശ നിയമം പൂർണ്ണ രൂപത്തിലല്ലാതെ നടപ്പാക്കുമ്പോൾ അതിന്റെ കാതലായ അന്തസത്ത നഷ്ടമാകുന്നതായി കാണാം.

ഇന്ത്യയിൽ പലയിടങ്ങളിലും വന്യജീവി സങ്കേതങ്ങൾ, സംരക്ഷിത മേഖലകൾ എന്നിവിടങ്ങളിൽ വനാവകാശ നിയമം അനുസരിച്ചുള്ള അവകാശങ്ങൾ അംഗീകരിക്കുന്നതിന് പല തടസ്സങ്ങളും ഉണ്ടായിട്ടുണ്ട്. ഈ മേഖലകളിൽ വനാവകാശങ്ങളും വനവാസികളുടെ ജീവിത സുരക്ഷയും ഉറപ്പു വരുത്തിക്കൊണ്ടു തന്നെ എങ്ങനെ വനം, വന്യജീവി പരിപാലനം നടത്താനാകുമെന്നതിനെ കുറിച്ച് ചർച്ചകൾ നടക്കേണ്ടിയിരിക്കുന്നു.

വനാവകാശ നിയമം നടപ്പാക്കി കൊണ്ടിരിക്കുന്ന പല സംസ്ഥാനങ്ങളിലും നിയമം നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാതെ ആണ് അവകാശങ്ങൾ നല്കിയിട്ടുള്ളത്. അത് പോലെ തന്നെ പലയിടങ്ങളിലും വനാവകാശ രേഖകളിൽ നിയമപരമല്ലാത്ത നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവകാശം ലഭിച്ച രേഖകളിൽ സ്ഥലത്തെകുറിച്ചുള്ള വിവരണത്തിൽ പലർക്കും മറ്റൊരു സ്ഥലത്തിന്റെ വിവരണം അല്ലെങ്കിൽ ഒരു വിവരണവും ഇല്ലാത്തതായും കണ്ടിട്ടുണ്ട്. വനാവകാശ രേഖ ലഭിച്ച ഭൂമി ഏതെന്ന് അവകാശ രേഖയിൽ വ്യക്തമാക്കിയില്ലെങ്കിൽ ഭാവിയിൽ ആരുടെ കൈവശം ഉള്ള ഭൂമി ആണെന്ന കാര്യത്തിൽ നിയമ പ്രശ്നങ്ങളുണ്ടായേക്കാം.



FRA Handbook inner_New_V6.indd 106 02-09-2024 17:26:07

### II.2.C കേരള സംസ്ഥാനത്തിൽ കണ്ടുവരുന്ന ചില വെല്ലുവിളികൾ

ദേശീയ തലത്തിൽ പൊതുവേ കണ്ടു വരുന്ന ചില പ്രധാന പ്രശ്നങ്ങൾ ആണ് മുകളിൽ പരാമർശിച്ചിരിക്കുന്നത്. എന്നാൽ വേറെ പല വെല്ലുവിളികളും തദ്ദേശീയമായ സാഹചര്യങ്ങൾ ഉയർത്തുന്നവ ആയിരിക്കും. അങ്ങനെയുള്ള ചുരുക്കം ചില വെല്ലുവിളികൾ ആണ് താഴെ പറയുന്നത്.

- വനാവകാശ നിയമം നടപ്പാക്കാത്ത ഊരുകളിൽ നിന്ന് പല വികസന, വന സംരക്ഷണ ആവശ്യങ്ങൾക്കായി ജനങ്ങളെ ഒഴിപ്പിക്കൽ. വനാവകാശ നിയമ പ്രകാരം, ഇവരുടെ വനാവകാശങ്ങൾ അംഗീകരിക്കാനുള്ള നടപടികൾ പൂർത്തിയാകുന്നതുവരെ വനവാസികളെ അവരുടെ വനഭൂമിയിൽ നിന്ന് പുറത്താക്കുകയോ നീക്കം ചെയ്യുകയോ പാടുള്ളതല്ല.
- 2005-ൽ 18 വയസ്സിൽ കുറഞ്ഞ പ്രായം ഉള്ളവരുടെ അപേക്ഷകൾ നിരാകരിക്കപ്പെടുന്നു. വനാവകാശ നിയമം സമയ ബന്ധിതമായി നടപ്പാക്കാത്തതിനാൽ വന്ന പ്രശ്നമായി ഇതിനെ കാണാവുന്നതാണ്. എന്തെന്നാൽ ഇവർ കുട്ടികളായിരുന്ന സമയത്ത് ഇവരുടെ വീട്ടുകാർ സമർപ്പിച്ച അപേക്ഷകളിന്മേൽ വനാവകാശം നല്കിയിരുന്നവെങ്കിൽ, ഇപ്പോൾ പ്രായപൂർത്തിയായ ആളുകൾക്ക് പുതിയ അപേക്ഷ സമർപ്പിക്കേണ്ടി വരില്ലായിരുന്നു.
- പലയിടത്തും വന്യമൃഗ ആക്രമണങ്ങൾ കൂടി വരികയാണ്. തദ്ദേശവാസികളുടെ കൃഷിക്കും ജീവനും പലപ്പോഴും വന്യ മൃഗങ്ങൾ ഭീഷണി ഉയർത്തുന്നു. അവകാശം ലഭിച്ചിട്ടുള്ള വനപ്രദേശങ്ങളിൽ ഇത് എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെ കുറിച്ച് വ്യക്തതയില്ല.
- വ്യക്തിഗത അവകാശത്തിന് പരമാവധി നാലു ഹെക്ടർ പരിധി ഉള്ളതിനാൽ, തങ്ങൾ ഇപ്പോൾ കൃഷി ചെയ്യുന്ന മുഴുവൻ ഭൂമിക്കും അവകാശം ലഭിക്കില്ല എന്ന കാരണത്താൽ പല കുടുംബങ്ങളും; പ്രത്യേകിച്ച് മാറ്റ കൃഷി ചെയ്യുന്നവർ, വ്യക്തിഗത അവകാശത്തിനായി അപേക്ഷിക്കാൻ വിമുഖത കാണിക്കുന്നു.



FRA Handbook inner_New_V6.indd 107 02-09-2024 17:26:07

- വരുമാനം ഉണ്ടാക്കാവുന്ന ഇക്കോ ടൂറിസം പോലെയുള്ള പുതിയ ഉപജീവന ഉദ്യമങ്ങൾ ഊരുകളിൽ കൂട്ടായ്മകളിലൂടെ തുടങ്ങാനുള്ള വിവിധ പ്രശ്നങ്ങൾ.
- ഊരിലെ അംഗങ്ങൾക്കിടയിൽ കൂട്ടായ്മയില്ലായ്മ. രാഷ്ട്രീയം, മതം എന്നിവ ആദിവാസികളായ ഊരുവാസികളെ പോലും പ്പോ ഭിന്നിച്ചു നിർത്തുന്നു. വനാവകാശ സമിതികളിലും കാണപ്പെടുന്ന ഈ ഭിന്നിപ്പ് സമൂഹവനവിഭവ മേഖല പരിപാലന പ്ലാൻ ഉണ്ടാക്കാനും നടപ്പിലാക്കാനും വലിയൊരു തടസ്സമായി പലയിടത്തും കണ്ടിട്ടുണ്ട്.
- ഗോത്രവർഗ്ഗക്കാരുടെ മാറി വരുന്ന ജീവിത ശൈലിയും വനത്തിനോടുള്ള ബന്ധവും സാംസ്കാരിക വൈകാരിക തലങ്ങളിൽ നിന്നകന്ന് പലർക്കും വനം ഒരു വരുമാന മാർഗ്ഗം മാത്രമായി മാറിയതിനാൽ സമൂഹവനവിഭവ പരിപാലന അവകാശത്തിനോട് കാര്യമായ ആഭിമുഖ്യം കാണുന്നില്ല.
- മാറ്റ കൃഷി ചെയ്യുന്നവർ പലയിടത്തായി ഉള്ള തുണ്ട് ഭൂമികളിലാണ് പ്രധാനമായും കൃഷി ചെയ്തു പോരുന്നത്. ഇത്തരം സ്ഥലങ്ങളിൽ അവകാശം ലഭിക്കാനായി സമർപ്പിക്കാനുള്ള തെളിവുകളുടെ അഭാവം ഉണ്ടാകാറുണ്ട്. കൂടാതെ ചിതറിക്കിടക്കുന്ന ഭൂമികളിൽ നിന്ന് ഓരോ കുടുംബത്തിനും നിശ്ചയിച്ചിട്ടുള്ള 10 ഏക്കർ അളക്കാനുള്ള വ്യവസ്ഥ വ്യക്തമായി നിയമത്തിൽ പ്രതിപാദിച്ചിട്ടില്ല.
- കൂട്ടായി കൃഷി ചെയ്തുവന്നിരുന്ന വന ഭാഗങ്ങൾ വ്യക്തിഗത അവകാശത്തിന് നിർദ്ദേശിച്ചിരിക്കുന്ന പരിധിക്കുള്ളിൽ നിന്ന് കൊണ്ട് തന്നെ, അതിൽ കവിഞ്ഞുള്ള കൃഷിസ്ഥലം ഉണ്ടെങ്കിൽ ബാക്കിയുള്ള സ്ഥലത്തു സാമൂഹിക അവകാശങ്ങൾ തേടാനുള്ള സാധ്യത പലയിടത്തും നിലവിലുണ്ട്. പ്രശ്നം ഊരുവാസികളുടെ കൂട്ടുകൃഷിയോടുള്ള വർദ്ധിച്ചു വരുന്ന അകൽച്ചയാണ്.



FRA Handbook inner_New_V6.indd 108 02-09-2024 17:26:07



# യൂണിറ്റ് II: വനാവകാശ നിയമം – ഒരു പരിചയപ്പെടുത്തൽ

## വിഷയം 3: വനാവകാശ നിയമ നിർവ്വഹണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

### II.3.A ആമുഖം

പ്രകൃതി വിഭവങ്ങളെ നേരിട്ട് ഉപയോഗിച്ച് ജീവിക്കുന്ന ജനവിഭാഗമെന്ന നിലയിൽ താരതമ്യേന പൊതുസമൂഹത്തെ ആശ്രയിക്കാതെ കഴിഞ്ഞുവന്നിരുന്ന ജനസമൂഹമാണ് ഇന്ത്യയിലെയും കേരളത്തിലേയും ആദിവാസി സമൂഹം. കൊളോണിയൽ കാലഘട്ടത്തിലെയും സ്വതന്ത്ര ഇന്ത്യയിലെയും നയ പരിപാടികളിലൂടെയും വർദ്ധിച്ച് വന്ന ജനസംഖ്യയുടെ ഭാഗമായുള്ള വനവിഭവങ്ങളുടെ മേൽ ഉണ്ടായ ചൂഷണത്തിന്റെയും ഒക്കെ ഭാഗമായി വിഭവങ്ങളിലുള്ള നിയന്ത്രണവും വിഭവ ലഭ്യതയുടെ കുറവും ഇന്ത്യയിലുടനീളം ആദിവാസി സമൂഹത്തിന്റെ ജീവനോപാധികളെയും സ്വയംഭരണ സാമൂഹ്യ സംവിധാനങ്ങളെയും തകരാറിലാക്കി.

ഈ ഒരു പശ്ചാത്തലത്തിലാണ് ആദിവാസി സമൂഹങ്ങളോട് നൂറ്റാണ്ടുകളായി ചെയ്തിട്ടുള്ള അനീതി തിരുത്തുന്നതിന്റെ ഭാഗമായി വനാവകാശ നിയമം കൊണ്ട് വന്നത്. വനവിഭവങ്ങളെ നേരിട്ട് ഉപയോഗിക്കുന്ന സമൂഹങ്ങൾക്ക് വ്യക്തിപരമായും ഒരു ജനവിഭാഗമെന്ന നിലയിലും വനമേഖലയിലും വനവിഭവങ്ങളിന്മേലുമുള്ള അവകാശവും അവയെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള ഉത്തരവാദിത്വവും ഈ നിയമം നൽകുന്നു. ആദിവാസി സമൂഹം

വിഭവ സംരക്ഷണത്തിന്റെയും പരിപോഷണത്തിന്റെയും ഉപയോഗത്തിന്റെയും പുതിയൊരു വികേന്ദ്രീകൃതവും സുചിന്തിതവുമായ സ്വയംഭരണ ക്രമത്തിലേക്ക് മാറുന്നതായാണ് ഈ നിയമം ലക്ഷ്യം വച്ചിട്ടുള്ളത്.

വനാവകാശ നിയമത്തിന്റെ നടത്തിപ്പിൽ പഞ്ചായത്തുകൾക്ക് സുപ്രധാന പങ്കുണ്ട്. ഇത് കൂടാതെ, 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ ലഭ്യമായ അധികാരങ്ങളും ധനകാര്യ സ്രോതസ്സുകളും വനാവകാശ നിയമം ലഭ്യമാക്കിയ സാധ്യതകളും പരസ്പര പൂരകമായി ഉപയോഗപ്പെടുത്തി സാമൂഹ്യനീതിയും സാമ്പത്തിക വികസനവും ഉറപ്പാക്കുവാനും കഴിയും.

1992-ൽ 73-ാം ഭരണഘടനാ ഭേദഗതി വന്നതിനു ശേഷം അതാത് പ്രദേശങ്ങളുടെ വികസന ആസൂത്രണവും നിർവ്വഹണ മേൽനോട്ടവും ഗ്രാമസഭകളിലൂടെ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. ഇതിനായി ഈ ഭരണഘടനാ ഭേദഗതിയിലൂടെ 29 വിഷയങ്ങളിലെ അധികാരം പഞ്ചായത്തുകൾക്ക് നൽകിയിട്ടുമുണ്ട്. ഇതിൽ ട്രൈബൽ വെൽഫയർ (tribal welfare) അഥവാ ആദിവാസി സമൂഹങ്ങളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നത് പഞ്ചായത്തുകളുടെ പ്രധാന ചുമതലകളിൽ ഉൾപ്പെടുന്നു. ഇത് കൂടാതെയും ആദിവാസി സമൂഹങ്ങളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനായി വിവിധ നിയമ സംവിധാനങ്ങളും പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, സാമൂഹ്യനീതിയും പ്രകൃതി വിഭവ സംരക്ഷണവും ഉറപ്പാക്കുക എന്നിവ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-2027) മുൻഗണനാ വിഷയങ്ങളാണ്. ഇത് പ്രായോഗിക തലത്തിലെത്തിക്കുന്നതിന് വനാവകാശ നിയമത്തിന്റെ പദ്ധതിയുമായുള്ള ഫലപ്രദമായ സംയോജനം അനിവാര്യമാണ്. വനാവകാശവുമായി ചേർന്ന് ബന്ധപ്പെട്ടുള്ള പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ചാണ് ഈ വിഷയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### II.3.B അധികാര വികേന്ദ്രീകരണം

#### (i) എഴുപത്തിമൂന്നാം ഭേദഗതിക്കു മുൻപ്

ഭരണഘടനാ രൂപീകരണത്തിനു മുൻപ് പ്രാദേശികവും അനൗപചാരികവുമായ പഞ്ചായത്ത് സംവിധാനങ്ങൾ

നിലനിന്നിരുന്നു. ഭരണഘടന നിലവിൽ വന്നതോടെ ഫെഡറൽ തത്വത്തിലധിഷ്ഠിതമായ കേന്ദ്ര സർക്കാരും സംസ്ഥാനങ്ങളും നിലവിൽ വന്നു. വികേന്ദ്രീകൃത പഞ്ചായത്ത് ഭരണസംവിധാനം നിർദ്ദേശക തത്വങ്ങളിലെ (directive principles) പരാമർശം മാത്രമായി നിലനിന്ന് വന്നു. കേന്ദ്രീകൃത ആസൂത്രണത്തിന്റേയും നിർവഹണത്തിന്റേയും ഫലമായി വികസിത നഗരങ്ങളിൽ നിന്നും വിദൂരസ്ഥമായ പ്രദേശങ്ങളും ജന വിഭാഗങ്ങളും വികസനത്തിലും സാമൂഹ്യനീതിയിലും പിൻതള്ളപ്പെട്ടു. അതിന്റെ ഫലമായുണ്ടായ സംഘർഷങ്ങളും സമ്മർദ്ദങ്ങളും അധികാര വികേന്ദ്രീകരണത്തെ കുറിച്ചുള്ള ചർച്ചകളിലേക്ക് നയിച്ചു. വിവിധ കമ്മീഷനുകളും സമിതികളും അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് വിശദമായി പഠിക്കുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തു. ഇവയുടെയൊക്കെ അന്തിമ ഫലമായി 1992-ൽ 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ വിപുലമായ അധികാരാവകാശങ്ങളുള്ള ത്രിതല പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നു.

### (ii) എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതിയുടെ സവിശേഷതകൾ

സംസ്ഥാന നിയമങ്ങളിലൂടെ പഞ്ചായത്തിന് നൽകുന്ന ചുമതലകളിൽ സ്വയംഭരണാധികാരവും, നികുതി പിരിക്കുന്നതിനുള്ള അവകാശത്തിനുമൊപ്പം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനിതകൾക്കും ജനപ്രതിനിധി സ്ഥാനത്തേക്കും പഞ്ചായത്ത് ഭാരവാഹികളുടെ സ്ഥാനങ്ങളി-ലേക്കും സംവരണം ഉറപ്പുവരുത്തി എന്നത് 73-ാം ഭേദഗതിയുടെ എടുത്തു പറയേണ്ട സവിശേഷതയാണ്.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 7(3) പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കിടയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സംവരണം ഉറപ്പ് വരുത്തി. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 8(3) പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളിലും വകുപ്പ് 9(3) പ്രകാരം ജില്ലാ പഞ്ചായത്തുകളിലും പട്ടിക ജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും സംവരണം ലഭിച്ചു. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 153(3)(ഏ) പ്രകാരം ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും പ്രസിഡന്റ്



FRA Handbook inner_New_V6.indd 111 02-09-2024 17:26:07

സ്ഥാനത്തേക്ക് പട്ടികജാതികൾക്കും പട്ടികവർഗ്ഗങ്ങൾക്കും സംവരണം ഏർപ്പെടുത്തി.

### II.3.C വികേന്ദ്രീകൃതാസൂത്രണം

പഞ്ചായത്ത് തല ആസൂത്രണസമിതി, വിവിധ വിഷയ മേഖലകളിൽ അറിവും പരിചയവുമുള്ള സന്നദ്ധ പ്രവർത്തകർക്ക് അടങ്ങുന്ന വർക്കിങ്ങ് ഗ്രൂപ്പുകൾ, വിവിധ കക്ഷികളുമായുള്ള ചർച്ചകൾ, വികസന സെമിനാർ, ഗ്രാമസഭ/ഊരുക്കൂട്ടം എന്നീ വേദികളിലൂടെ ആസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3എ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികൾക്കും വികസന പരിപാടികൾക്കും രൂപം നല്കുവാനും മുൻഗണന നിർദ്ദേശിക്കുവാനുമുള്ള അവകാശം ഗ്രാമസഭ/ഊരുകൂട്ടത്തിനാണ്. അതുപോലെ തന്നെ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച്, മുൻഗണനാ ക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നല്കുന്നതിനുള്ള അധികാരവും ഗ്രാമസഭ/ഊരുകൂട്ടത്തിനുണ്ട്.

### II.3.D വനാവകാശ നിയമവും പഞ്ചായത്ത് സംവിധാനവും

#### (i) വനാവകാശ നിയമത്തിന്റെ നടത്തിപ്പിൽ പഞ്ചായത്തുകളുടെ പങ്ക്

വനാവകാശ നിയമത്തിന്റെ നടത്തിപ്പിൽ ഏറ്റവും പ്രധാനപ്പെട്ട ചുമതല വഹിക്കുന്ന സംവിധാനം ഗ്രാമസഭ, അഥവാ ഊരുസഭയാണ് (അഥവാ ഊരുകൂട്ടം). ഊരിലെ പതിനെട്ടു തികഞ്ഞ എല്ലാ അംഗങ്ങളും അടങ്ങുന്ന ഊരുസഭ ആദ്യമായി ഒത്തുചേരാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നത് ഗ്രാമ പഞ്ചായത്ത് ആണ്. വനാവകാശത്തിനായുള്ള അപേക്ഷകൾ സ്വീകരിക്കുക, ചർച്ച ചെയ്യുക, തീരുമാനമെടുക്കുക, പ്രമേയം പാസാക്കി അംഗീകരിക്കുക, അവസാന അംഗീകാരത്തിനായി



FRA Handbook inner_New_V6.indd 112 02-09-2024 17:26:07

മേൽ സമിതികൾക്ക് നല്കുക മുതലായ ചുമതലകൾ എല്ലാം നോക്കുന്നത് ഊരുസഭയാണ്.

വനാവകാശ നിർണ്ണയത്തിനായി പ്രവർത്തിക്കുന്ന പ്രധാന സമിതി വനാവകാശ സമിതി ആണ്. ഈ സമിതിക്ക് രൂപം നല്കുന്നതും ഊരുസഭയാണ്. അത് പോലെ സമൂഹ വനവിഭവ മേഖല പരിപാലിക്കുന്നതിൽ പ്രധാന ചുമതല വഹിക്കുന്ന വനവിഭവ പരിപാലന സമിതിക്കും രൂപം നല്കുന്നത് ഊരുസഭയാണ്. സമിതികളുടെ പ്രവർത്തനം, തീരുമാനങ്ങൾ കാലാനുസൃതമായി വിലയിരുത്തി അത് കൃത്യമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും ഊരുസഭയാണ്.

ഊരുസഭയുടെ ആദ്യത്തെ യോഗത്തിൽ തന്നെ വനാവകാശ സമിതി രൂപീകരിക്കേണ്ടതാണ്. സമിതിയിൽ അംഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ 10-ൽ കുറയാനോ 15-ൽ കൂടാനോ പാടില്ല. അംഗങ്ങളിൽ മൂന്നിൽ രണ്ടു ഭാഗം എങ്കിലും ആദിവാസികൾ തന്നെ ആകേണ്ടതുണ്ട്. മൂന്നിലൊരു ഭാഗം എങ്കിലും സ്ത്രീകളും ആയിരിക്കണം. സമിതി ഒരു അധ്യക്ഷനേയും സെക്രട്ടറിയെയും തെരഞ്ഞെടുത്ത് വിവരം സബ് ഡിവിഷണൽ ലെവൽ സമിതിയെ (SDLC) അറിയിക്കണം.

ഗ്രാമസഭയുടെ നിർദ്ദേശ പ്രകാരം വനാവകാശ അപേക്ഷകരുടെ അപേക്ഷകൾ തയ്യാറാക്കാൻ സഹായിക്കുകയും, അവ സ്വീകരിക്കുകയും, ഉദ്യോഗസ്ഥരുടേയും സഹായത്തോടെ തെളിവുകൾ പരിശോധിക്കുകയും, മറ്റ് നടപടിക്രമങ്ങൾ നടപ്പിലാക്കുകയും ചെയ്യുക എന്നതെല്ലാം വനാവകാശ സമിതിയുടെ ചുമതലയാണ്. വനാവകാശ നിയമത്തിന് കീഴിൽ മറ്റൊരു സുപ്രധാന സമിതി സമൂഹവനവിഭവ മേഖല പരിപാലന സമിതിയാണ്. സമൂഹവനവിഭവ മേഖലയുടെ പരിപാലനത്തിനും സംരക്ഷണത്തിനും വേണ്ടി ഒരു വനവിഭവ സംരക്ഷണ പരിപാലന പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്ന സമിതിയാണ് ഇത്. ഈ സമിതിയേയും തിരഞ്ഞെടുക്കുന്നതും നിയോഗിക്കുന്നതും ഊരുസഭയാണ്.

വനാവകാശ നിയമത്തിന് കീഴിൽ ലഭ്യമായ മറ്റൊരു അവകാശമാണ് വന ഗ്രാമങ്ങളെ റവന്യൂ വില്ലേജ് ആക്കി ലഭിക്കുവാനുള്ള അവകാശം. ഇതിന് നേതൃത്വം നൽകേണ്ടതും



FRA Handbook inner_New_V6.indd 113 02-09-2024 17:26:08

വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തുകളാണ്. അതാത് പഞ്ചായത്തുകൾ അവരുടെ അതിർത്തിക്കകത്തുള്ള ഒരു കൂട്ടം നടത്താൻ പഞ്ചായത്ത്, ഗ്രാമങ്ങൾ, സർവ്വേ ചെയ്യപ്പെടാത്തവയും രേഖപ്പെടുത്താത്തവയുമായ സങ്കേതങ്ങൾ, വനവില്ലേജുകൾ ഏതെങ്കിലും റവന്യൂ, വന വില്ലേജുകൾ എന്നിവയുടെ ഒരു പട്ടിക തയ്യാറാക്കി ഓരോ വാസസ്ഥലങ്ങളിലേയും സങ്കേതങ്ങളിലേയും ഗ്രാമസഭ കൂടി ഒരു പ്രമേയത്തിലൂടെ ലിസ്റ്റ് പാസാക്കി ആ ലിസ്റ്റ് SDLC-ക്ക് സമർപ്പിക്കേണ്ടതാണ്.

**(ii) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ചുമതലകൾ**

വനാവകാശ നിയമം അനുശാസിക്കുന്ന രീതിയിൽ വനാവകാശ സമിതി രൂപീകരിക്കുക മുതലായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ആദ്യ യോഗം പഞ്ചായത്ത് നടത്താൻ നേതൃത്വം നൽകേണ്ടതാണ്. ഈ മീറ്റിങ്ങിൽ സെക്രട്ടറി ഉണ്ടാകേണ്ടതാണ്, മിനിറ്റ്സ് എടുക്കേണ്ടതാണ്. അതിനു ശേഷമുള്ള യോഗങ്ങളിൽ വനാവകാശ സമിതിയുടെ സെക്രട്ടറിക്ക് നേതൃത്വം നൽകാവുന്നതാണ്. ഗ്രാമസഭയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലക്ക് പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട എല്ലാ സേവനങ്ങൾക്കും നിർവ്വഹണ ചുമതല പഞ്ചായത്ത് സെക്രട്ടറിയിൽ ആയിരിക്കും. അവകാശങ്ങളുടെ തയ്യാറാക്കിയ റിപ്പോർട്ട് SDLC-യുടെ അംഗീകാരത്തിനായി എത്തിച്ചു കൊടുക്കുന്ന ചുമതല ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കായിരിക്കും. അതുപോലെ ഗ്രാമസഭയുടെ തീരുമാനങ്ങൾക്കെതിരെ അപ്പീൽ ഹരജികൾ പോകുമ്പോഴും അപ്പീലുകളുമായി ബന്ധപ്പെട്ട രേഖകൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ കൈയ്യിൽ ഉണ്ടാകണം. SDLC-ൽ നിന്നോ ജില്ലാ തല സമിതിയിൽ നിന്നോ എന്തെങ്കിലും തീരുമാനം വരുന്ന പക്ഷം, അത് പഞ്ചായത്ത് സെക്രട്ടറി വഴി ആയിരിക്കും ഗ്രാമസഭയെ അറിയിക്കുന്നത്. ഈ തീരുമാനങ്ങൾ ഗ്രാമസഭ അംഗങ്ങളെ അറിയിക്കുവാനായി യോഗം വിളിക്കേണ്ട ചുമതല പഞ്ചായത്ത് സെക്രട്ടറിക്കാണ്. ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും വിവരം ഗ്രാമസഭയെ അറിയിക്കാത്ത സാഹചര്യം ഉണ്ടായാൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് എതിരായി ഗ്രാമസഭക്കോ, ഗ്രാമസഭയിലെ ഏതെങ്കിലും അംഗത്തിനോ

സംസ്ഥാന തല മോണിറ്ററിംഗ് സമിതിക്ക് പരാതി നൽകാവുന്നതാണ്. സമിതി 60 ദിവസത്തിനകം നടപടി സ്വീകരിച്ചില്ലെന്നുണ്ടെങ്കിൽ ഗ്രാമസഭക്കോ ഗ്രാമസഭയിലെ ഏതേലും അംഗത്തിനോ പഞ്ചായത്ത് സെക്രട്ടറിക്ക് എതിരെ കേസ് കൊടുക്കാവുന്നതുമാണ്.

### (iii) പഞ്ചായത്തുകളിലെ പദ്ധതി രൂപീകരണം

പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്നതോ, 50 പട്ടികവർഗ്ഗ വിഭാഗക്കാരോ ഒരു പട്ടികവർഗ്ഗ ഊരെങ്കിലുമോ ഉള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പട്ടികവർഗ്ഗ വികസന മേഖലയ്ക്കായി ഒരു പ്രത്യേക വർക്കിങ്ങ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കേണ്ടതുണ്ട്. ഇപ്രകാരം പട്ടികവർഗ്ഗ വികസനത്തിന് വർക്കിങ്ങ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതായ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ മറ്റു വർക്കിങ്ങ് ഗ്രൂപ്പുകളിലും പട്ടികവർഗ്ഗ പ്രാതിനിധ്യം ഉണ്ടായിരിക്കണം. പട്ടികവർഗ്ഗ വികസന വർക്കിങ്ങ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ ഒരു പട്ടികവർഗ്ഗ ജനപ്രതിനിധി ആയിരിക്കണം. പട്ടികവർഗ്ഗ ജനപ്രതിനിധി ഇല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്, പ്രസ്തുത വർക്കിങ്ങ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ ആകേണ്ടതാണ്. ട്രൈബൽ പ്രമോട്ടർ (അഥവാ STpromoter) , കുടുംബശ്രീ എസ്.റ്റി ആനിമേറ്റർ (ST Animator) എന്നിവർ അംഗങ്ങളായിരിക്കണം.

### (a) പദ്ധതി രൂപീകരണവും ഊരുകൂട്ട യോഗങ്ങളും

പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഗ്രാമപഞ്ചായത്തുകൾ പട്ടികവർഗ്ഗ ഊരുകളിൽ ഊരുമൂപ്പന്റെ അദ്ധ്യക്ഷതയിൽ ഊരുകൂട്ടങ്ങൾ സംഘടിപ്പിക്കണം. ഊരുക്കൂട്ടങ്ങൾ സംഘടിപ്പിക്കുന്ന ചുമതല വാർഡ് മെമ്പർക്ക് ആയിരിക്കും. ST പ്രമോട്ടർ തനിക്ക് ചുമതലയുള്ള ഊരുകൂട്ട യോഗത്തിൽ നിർബന്ധമായും പങ്കെടുക്കണം. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഗ്രാമ പഞ്ചായത്തുകളിൽ ഊരുകൂട്ട യോഗം ചേർന്നു വേണം ആസൂത്രണ പ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തേണ്ടത് എന്നത് നിർബന്ധ വ്യവസ്ഥയാണ്. നടപ്പാക്കേണ്ട പ്രൊജക്ടുകളുടെ മുൻഗണന ഊരുകൂട്ട യോഗം



FRA Handbook inner_New_V6.indd 115 02-09-2024 17:26:08

നിശ്ചയിക്കേണ്ടതും അത് രേഖപ്പെടുത്തേണ്ടതുമാണ്. ഓരോ ഊരുകൂട്ട യോഗത്തിൽ നിന്നും ഒരു വനിത ഉൾപ്പെടെ രണ്ട് പേരെ തദ്ദേശ സ്വയംഭരണസ്ഥാപനത്തിലെ വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി നടക്കുന്ന വികസന സെമിനാർ പ്രതിനിധികളായി തെരഞ്ഞെടുക്കേണ്ടതാണ്.

ഊരിലെ ആകെ വോട്ടർമാരുടെ 50%-ൽ അധികം അംഗങ്ങൾ ഊരുകൂട്ട യോഗത്തിൽ നിർബന്ധമായും പങ്കെടുത്തിരിക്കണം. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗം എല്ലാ ഊരുകൂട്ട യോഗങ്ങളിലും നിർബന്ധമായും പങ്കെടുക്കണം. ഊരുകൂട്ട യോഗം വിളിച്ച് ചേർക്കുന്നതിനുള്ള സഹായക പ്രവർത്തനങ്ങൾ ST പ്രമോട്ടർ ഏറ്റെടുക്കണം.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രൊജക്ടുകൾ ഊരുകൂട്ടം നിശ്ചയിക്കുന്ന മുൻഗണനകൾ അനുസരിച്ചുള്ളതാവണം. കുടുംബശ്രീ, പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ തയ്യാറാക്കുന്ന ഊരുതല കർമ്മ പദ്ധതിയിലെ പ്രൊജക്ടുകൾ ഊരുകൂട്ടത്തിന്റെ അംഗീകാരത്തിനു വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

### (b) ട്രൈബൽ സബ് പ്ലാൻ (TSP)

ഒന്നു മുതൽ നാല് വരെയുള്ള പഞ്ചവത്സര പദ്ധതികളിലൂടെ പട്ടിക വർഗ്ഗ വിഭാഗത്തിന്റെ സാമൂഹിക-സാമ്പത്തിക വികസന രംഗത്ത് കാര്യമായ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞില്ല എന്ന തിരിച്ചറിവിൽ നിന്നാണ് പട്ടികവർഗ്ഗ വിഭാഗത്തിന്റെ ആവശ്യങ്ങൾക്കായി മാത്രം ചെലവഴിക്കണമെന്ന വ്യവസ്ഥയോടു കൂടി ഫണ്ട് വകയിരുത്തി അഞ്ചാം പഞ്ചവത്സര പദ്ധതി (1974- 79) മുതൽ ട്രൈബൽ സബ് പ്ലാൻ ആരംഭിക്കുന്നത്. ഇതിൽ വിഹിതമായി കിട്ടുന്ന പണം വനാവകാശ നിയമത്തിന്റെ നടത്തിപ്പിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും സംയോജിതമായി ഉപയോഗിക്കാവുന്നതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുൻഗണനകളിലൊന്നായ സാമൂഹ്യനീതി ഉറപ്പു വരുത്തുന്നതിനായി പ്രത്യേക പരിഗണന ആവശ്യമായ വിഭാഗങ്ങൾക്കായി പ്രത്യേക ഉപപദ്ധതികൾ തയ്യാറാക്കാൻ



FRA Handbook inner_New_V6.indd 116 02-09-2024 17:26:08

പദ്ധതി മാർഗ്ഗരേഖ നിഷ്കർഷിക്കുന്നുണ്ട്. ഇവയിൽ പ്രധാനമാണ് പട്ടികവർഗ്ഗ ഉപപദ്ധതി.

ഭരണഘടനയുടെ 73, 74 ഭേദഗതികൾ അനുസരിച്ച് പട്ടികവർഗ്ഗ വികസന പരിപാടികളുടെ ചുമതല തദ്ദേശസ്ഥാപനങ്ങൾക്കു കൂടി നൽകപ്പെട്ടു. 73, 74 ഭേദഗതികളുടെ അടിസ്ഥാനത്തിൽ രൂപം കൊണ്ട 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പൽ നിയമവും പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട ഏതാനും ചുമതലകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മുനിസിപ്പാലിറ്റികൾക്കും ഏല്പിച്ചു നല്കി. ഇപ്രകാരം നല്കിയ ചുമതലകളിൽ പ്രധാനപ്പെട്ടവ വ്യക്തിഗത ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക എന്നതാണ്. തുടർന്നു ട്രൈബൽ സബ് പ്ലാനിനു വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന തുക തദ്ദേശ സ്വയംഭരണ പട്ടികവർഗ്ഗ വകുപ്പിനുമായി നൽകി പദ്ധതികൾ നടപ്പാക്കി വരുന്നു.

ട്രൈബൽ സബ് പ്ലാനിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രധാനമായും നടപ്പാക്കുന്നത് വ്യക്തി/കുടുംബ ഗുണഭോക്താക്കളെ ലക്ഷ്യമിട്ടുള്ള പദ്ധതികളാണ്. ഇത്തരം പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനും മുൻഗണന നിശ്ചയിക്കുവാനുമുള്ള പൂർണ്ണ അധികാരം ഊരുക്കൂട്ടങ്ങൾക്കാണ്. മറ്റ് വികസന പ്രൊജക്ടുകളുടെ പട്ടിക അംഗീകരിക്കുന്നതിനും അവയുടെ മുൻഗണന നിശ്ചയിക്കുന്നതിനുമുള്ള അവകാശവും ഊരുക്കൂട്ടങ്ങൾക്കാണ്.

മത്സ്യബന്ധനം, കാലിമേച്ചിൽ മുതലായ വനാവകാശങ്ങൾ ഉപയോഗപ്പെടുത്തി ബന്ധപ്പെട്ടവരുടെ ഉപജീവനക്ഷമത വർദ്ധിപ്പിക്കുന്നതിന് സാമ്പത്തിക പിന്തുണ ആവശ്യമാണ്. കൂടാതെ വന വിഭവ ശേഖരണ മേഖലയെ പരിരക്ഷിക്കുന്നതിനും പുനഃരുജ്ജീവിപ്പിക്കുന്നതിനും, സംരക്ഷിക്കുന്നതിനും, സുസ്ഥിരമായി ഉപയോഗപ്പെടുത്തുന്നതിനും സാമ്പത്തിക പിന്തുണ ആവശ്യമാണ്. സമൂഹവനവിഭവ പരിപാലന അവകാശത്തിൽ ഉൾപ്പെടുത്തി ജലസംഭരണികൾ, ജലസ്രോതസ്സുകൾ, ജൈവവൈവിധ്യം മുതലായവ സംരക്ഷിക്കുന്നതിനും, കൂടാതെ വ്യക്തിഗത അവകാശങ്ങളായ കൃഷി, ഭവന നിർമ്മാണം മുതലായവയ്ക്കും ബന്ധപ്പെട്ടവർക്ക് സാമ്പത്തിക പിന്തുണ



FRA Handbook inner_New_V6.indd 117 02-09-2024 17:26:08

ആവശ്യമാണ്. ഇത്തരം കാര്യങ്ങൾക്കുള്ള പ്രധാന സാമ്പത്തിക സ്രോതസ്സായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ട്രൈബൽ സബ് പ്ലാൻ ഫണ്ട് വിനിയോഗിക്കുവാൻ കഴിയും.

വനാവകാശ നിയമത്തിലൂടെ ലഭിക്കുന്ന സമൂഹവനവിഭവ മേഖല പരിപാലനത്തിനുള്ള അവകാശം നടപ്പാക്കാനുള്ള പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനായി നിലവിൽ ലഭ്യമായ ഫണ്ടുകൾ അപര്യാപ്തമാണ്. അത്തരമൊരു സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ TSP ഫണ്ടിൽ നിന്ന് പരമാവധി ധനവിഭവം കണ്ടെത്തി, ഈ പദ്ധതി ഫലപ്രദമായി നടപ്പാക്കുവാൻ ഊരുക്കൂട്ടങ്ങളുടെ ഇടപെടലിലൂടെ കഴിയും.

TSP ഫണ്ടുപയോഗിച്ച് ഏറ്റെടുക്കേണ്ട പ്രൊജക്ടുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത് പട്ടികവർഗ്ഗ വികസന വർക്കിങ്ങ് ഗ്രൂപ്പാണ്. മേഖലയിലെ സമഗ്രമായ സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് അവ സംബന്ധിച്ച അവലോകനത്തിലൂടെ പ്രശ്നങ്ങൾ കണ്ടെത്തിയും TSP-യുമായുള്ള സംയോജന സാധ്യതകൾ ഉപയോഗപ്പെടുത്തിയും പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനത്തിനുള്ള പ്രൊജക്ടുകൾക്ക് രൂപം കൊടുക്കുവാൻ ഈ വർക്കിങ്ങ് ഗ്രൂപ്പിന് ചുമതലയുണ്ട്.

TSP-യുമായി ബന്ധപ്പെട്ട ഊരുകൂട്ട യോഗങ്ങൾ സംഘടിപ്പിക്കേണ്ടത് ഗ്രാമപഞ്ചായത്താണ്. കൺവീനറെന്ന നിലയിൽ പ്രദേശത്തെ വാർഡ് മെമ്പർ അതിന് മുൻകൈ എടുക്കണം. യോഗത്തിന്റെ അദ്ധ്യക്ഷൻ ഊരു മൂപ്പനായിരിക്കണം. ഊരുകൂട്ട യോഗം വിളിച്ചു ചേർക്കുന്നതിനുള്ള സഹായക പ്രവർത്തനങ്ങൾ ST-പ്രമോട്ടറുടെ ചുമതലയാണ്. ഗ്രാമപഞ്ചായത്ത് അംഗം എല്ലാ ഊരുകൂട്ട യോഗങ്ങളിലും നിർബന്ധമായും പങ്കെടുക്കണം. ഊരുകൂട്ട യോഗങ്ങൾ കാര്യക്ഷമമായി സംഘടിപ്പിക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ നേതൃത്വപരമായ പങ്ക് വഹിക്കണം.

ഊരുകൂട്ട യോഗങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം അവിടത്തെ ഒരുദ്യോഗസ്ഥനെ ഊരുകൂട്ടം കോ-ഓർഡിനേറ്ററായി നിശ്ചയിച്ച് ചുമതല ഏല്പിക്കണം. ഊരുകൂട്ട യോഗത്തിന്റെ തീരുമാനങ്ങൾ അപ്പോൾ തന്നെ എഴുതി തയ്യാറാക്കി ഊരുകൂട്ട അദ്ധ്യക്ഷൻ, കൺവീനർ,

ഉദ്യോഗസ്ഥർ, യോഗത്തിൽ പങ്കെടുത്ത 15 ഊരുവാസികൾ എന്നിവരുടെ ഒപ്പു രേഖപ്പെടുത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ഏല്പിക്കേണ്ടതിന്റെ ചുമതല കോ-ഓർഡിനേറ്ററുടേതാണ്. ഗ്രാമസഭാ ഊരുകൂട്ട യോഗത്തിലെ ഹാജർ രജിസ്റ്റർ, ഗ്രൂപ്പ് ചർച്ചകളിലെ നിർദ്ദേശങ്ങൾ, ലഭിച്ച ചോദ്യങ്ങൾ, മിനിട്ട്സ് എന്നിവ യോഗം നടന്നതിന്റെ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ കോ-ഓർഡിനേറ്റർ സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്.

### II.3.E വനാവകാശ നിയമവും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും

വിവരാവകാശ നിയമം, വിദ്യാഭ്യാസ അവകാശ നിയമം, ഭിന്ന ശേഷിയുള്ളവരുടെ അവകാശ സംരക്ഷണ നിയമം തുടങ്ങിയ ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി രൂപീകരിക്കപ്പെട്ട നിയമങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (MGNREGA). MGNREGA ഉൾപ്പെടെയുള്ള അവകാശാധിഷ്ഠിത നിയമങ്ങളിലെല്ലാം ഗുണഭോക്താക്കളുടെ അവകാശങ്ങൾ നിയമപരമായി ലഭ്യമാക്കുവാൻ വ്യവസ്ഥകളുണ്ട്. നിയമങ്ങളിൽ അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുള്ള അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ ജുഡീഷ്യൽ ഫോറങ്ങളിലൂടെ പരിഹാരം ഉറപ്പാക്കാം.

#### (i) പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 200 ദിവസം തൊഴിൽ

സന്നദ്ധരായ എല്ലാ കുടുംബങ്ങൾക്കും 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ഉറപ്പു നൽകുമ്പോൾ കേരളത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ഉറപ്പാക്കിയിരിക്കുന്നു. അതിനാൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 200 ദിവസം തൊഴിൽ ഈ നിയമത്തിന് കീഴിൽ അവകാശമായി ലഭിക്കുന്നു.

#### (ii) പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വ്യക്തിഗത ആസ്തി സൃഷ്ടിക്കൽ

സ്വന്തം ഭൂമിയിലും പൊതുഭൂമിയിലും ആവശ്യമായ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുവാനും അതിന്റെ കൂലി ലഭിക്കുവാനും



FRA Handbook inner_New_V6.indd 119 02-09-2024 17:26:08

പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് അവകാശം ഉണ്ട്. വ്യക്തിഗത ആസ്തി തൊഴിലുറപ്പ നിയമത്തിന് കീഴിൽ സൃഷ്ടിക്കുമ്പോൾ പട്ടികഗോത്ര വർഗ്ഗക്കാരുടെ ആസ്തികൾക്ക് മുൻഗണന ലഭിക്കുന്നതാണ്.

### (iii) ദേശീയ തൊഴിലുറപ്പ് പദ്ധതിയും വനാവകാശ നിയമവും തമ്മിലുള്ള പരസ്പര പൂരകത്വം

വനവകാശനിയമം ഉറപ്പു നൽകുന്ന വനഭൂമിയുടെയും, വനവിഭവങ്ങളുടെയും സംരക്ഷണത്തിനും, പരിപോഷണത്തിനും തൊഴിലുറപ്പ് പദ്ധതിയുടെ വിപുലമായ സാധ്യതകൾ ഉപയോഗപ്പെടുത്തുവാൻ കഴിയും. സമൂഹവനവിഭവ സംരക്ഷണ പരിപാലന പ്ലാൻ അനുസരിച്ച് വനവിഭവങ്ങൾ സംരക്ഷിക്കുന്നതിനും, നീർത്തടാധിഷ്ഠിത പദ്ധതികൾ ഏറ്റെടുക്കുന്നതിനും ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. അത് കൂടാതെ വനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളായ കാട്ടുതീ മുതലായ ദുരന്തങ്ങളെ തരണം ചെയ്യാനായും പ്രതിരോധ പ്രവർത്തനങ്ങൾ നടത്താനും തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗോത്ര വർഗ്ഗക്കാരുടെ പരമ്പരാഗത അറിവ് പ്രയോജനപ്പെടുത്തിക്കൊണ്ട് വന പ്രദേശങ്ങളിൽ നടത്താവുന്നതാണ്.





FRA Handbook inner_New_V6.indd 120 02-09-2024 17:26:08



# യൂണിറ്റ് III: സമൂഹവനവിഭവ മേഖല പരിപാലനത്തിനാവശ്യമായ നൈപുണ്യ പരിശീലനം (ഭാഗം-1)

## വിഷയം 1: ആശയവിനിമയം, ഏകോപന-സംഘാടക നൈപുണ്യം

### III.1.A വ്യക്തിത്വം

ഒരു മനുഷ്യനെ മറ്റുള്ളവർ തിരിച്ചറിയുന്നത് അല്ലെങ്കിൽ മറ്റുള്ളവരിൽ നിന്ന് ഒരാളെ വ്യത്യസ്തനാക്കുന്നത് അയാളുടെ വ്യക്തിത്വം ആണ്. അതിനെ നമുക്ക് ആ വ്യക്തിയുടെ പ്രതിച്ഛായ എന്ന് പറയാം. വ്യക്തിത്വം എന്നത് ഒരു വ്യക്തിയുടെ ബ്രാൻഡ് ഇമേജാണ് (brand image).

ഓർക്കുക, വ്യക്തിത്വം എന്നത് കേവലം ബാഹ്യരൂപമല്ല, മറിച്ച് സ്വഭാവം, പെരുമാറ്റ സവിശേഷതകൾ, ജീവിതത്തോടുള്ള മനോഭാവം എന്നിങ്ങനെ വിവിധ ഗുണങ്ങൾ ചേർന്നതാണ്. അതായത്, വ്യക്തിത്വത്തിന് മൂന്ന് വിശാലമായ വശങ്ങളുണ്ട്:

- സ്വഭാവം
- പെരുമാറ്റ സവിശേഷതകൾ
- മനോഭാവം

### (i) വ്യക്തിത്വ വികസനം

വ്യക്തിത്വ വികസനം എന്നത് ആശയവിനിമയത്തിനുള്ള കഴിവുകൾ, വ്യക്തിപരമായ കഴിവുകൾ, ജീവിതത്തോടുള്ള



FRA Handbook inner_New_V6.indd 121 02-09-2024 17:26:08

മനോഭാവം, ധാർമ്മികത പുനഃസ്ഥാപിക്കൽ/വീണ്ടെടുക്കുക തുടങ്ങിയ പെരുമാറ്റങ്ങളുടെയും സ്വഭാവങ്ങളുടെയും മെച്ചപ്പെടുത്തലാണ്.

തന്റെ വ്യക്തിത്വം മെച്ചപ്പെടുത്താൻ ആഗ്രഹിക്കുന്ന വ്യക്തിക്ക് മൂന്നു കാര്യങ്ങൾ ഉണ്ടായിരിക്കണം:

- ആഗ്രഹം
- ദൃഢനിശ്ചയം
- ദിശാബോധം (direction)

വ്യക്തിത്വ വികസനം സാഹചര്യങ്ങളുടെ സവിശേഷതകൾക്കും ജീവിതത്തെ സ്വാധീനിക്കുന്ന അനുഭവങ്ങൾക്കും വിധേയമായിരിക്കും.

**(ii) വ്യക്തിത്വം– സവിശേഷതകൾ**

- സ്വഭാവ വിശേഷങ്ങൾ: സമഗ്രത, സ്വീകാര്യത, അച്ചടക്കം, സമർപ്പണം.
- പെരുമാറ്റ സവിശേഷതകൾ: വ്യക്തിഗതമായ കഴിവുകൾ, ആശയവിനിമയത്തിനുള്ള കഴിവുകൾ, നേതൃത്വ ഗുണങ്ങൾ, സമ്മർദ്ദങ്ങൾ നേരിടാൻ ഉള്ള കഴിവ്, സമയ വിനിയോഗത്തിനുള്ള കാര്യപ്രാപ്തി.
- മനോഭാവം: ശുഭാപ്തി വിശ്വാസം, വിജയ സാഹചര്യം മനസ്സിൽ കാണുക, ലക്ഷ്യം മനസ്സിൽ കൊണ്ട് നടക്കുക (Keep the end in mind), സമന്വയിപ്പിക്കുക.

**(iii) വ്യക്തിത്വം – തരങ്ങൾ**

വ്യക്തിത്വം 9 തരത്തിൽ കാണപ്പെടുന്നു:

- പരിപൂർണ്ണവാദികൾ(Perfectionists):പരിപൂർണ്ണവാദികൾ യാഥാർത്ഥ്യ ബോധമുള്ളവരും മനഃസാക്ഷിയുള്ളവരും മൂല്യാധിഷ്ഠിതരുമാണ്.

- സഹായികൾ (Helpers): സഹായികൾ മറ്റുള്ളവരുടെ ആവശ്യങ്ങളോട് താൽപ്പര്യമുള്ളവരും പരിപോഷിപ്പിക്കുന്നവരും സംവേദന ക്ഷമതയുള്ളവരുമാണ്.
- റൊമാന്റിക്സ് (Romantics): റൊമാന്റിക്സിന് സെൻസിറ്റീവ് (ലോല)വികാരമുണ്ട്, ഊഷ്മളതയും ഗ്രഹണശേഷിയും ഉണ്ട്.
- നേട്ടക്കാർ (Achievers): ഊർജ്ജസ്വലരും ശുഭാപ്തി വിശ്വാസമുള്ളവരും സ്വയം ഉറപ്പുള്ളവരും ലക്ഷ്യബോധമുള്ളവരുമാണ്.
- ഉറപ്പിക്കുന്നവർ (Asserters): ഉറപ്പിക്കുന്നവർ, തുറന്ന പെരുമാറുന്നവരും സ്വയം ആശ്രയിക്കുന്നവരും ആത്മവിശ്വാസമുള്ളവരും സംരക്ഷകരുമാണ്.
- ചോദ്യകർത്താക്കൾ (Questioners): ഉത്തരവാദിത്തമുള്ളവരും വിശ്വാസയോഗ്യരുമാണ്.
- സാഹസികർ (Adventurers): സാഹസികത ഊർജ്ജസ്വലവും, സജീവവും, ശുഭാപ്തി വിശ്വാസവുമാണ്. അവർ ലോകം പിടിച്ചടക്കാൻ ആഗ്രഹിക്കുന്നു.
- നിരീക്ഷകർ (Observers): നിരീക്ഷകർക്ക് അറിവ്, ജിജ്ഞാസ, വിശകലനം, ഉൾക്കാഴ്ച എന്നിവ ആവശ്യമാണ്.
- സമാധാനം ഉണ്ടാക്കുന്നവർ (Peacemakers): സമാധാനം ഉണ്ടാക്കുന്നവർ ഏവരെയും സ്വീകരിക്കുന്നവരും സൽസ്വഭാവികളും മറ്റുള്ളവർക്ക് പിന്തുണ നൽകുന്നവരുമാണ്. അവർ മറ്റുള്ളവരുമായും ചുറ്റുമുള്ള ലോകവുമായും ഐക്യം തേടുന്നു.

**(iv) മനോഭാവം**

ഒരു പ്രത്യേക വസ്തുവിനോടോ, വ്യക്തിയോടോ, സംഭവത്തെയോ കുറിച്ചുള്ള വികാരങ്ങൾ, വിശ്വാസങ്ങൾ, പെരുമാറ്റങ്ങൾ എന്നിവയെയാണ് മനോഭാവം സൂചിപ്പിക്കുന്നത്. വ്യക്തിത്വ വികസനത്തിന് ഏറ്റവും അത്യാവശ്യം വേണ്ട ഒരു ഗുണമാണ് മനോഭാവം. നല്ല മനോഭാവം ഉള്ളവർ:

- മറ്റുള്ളവരുടെ കുറ്റം കണ്ടെത്തുവാൻ ശ്രമിക്കില്ല.



FRA Handbook inner_New_V6.indd 123 02-09-2024 17:26:08

- എനിക്ക് കഴിയില്ല എന്നതിന് പകരം എനിക്ക് ചെയ്യാൻ കഴിയും എന്ന വിശ്വസിക്കുന്നു.
- കാര്യങ്ങൾ മറ്റുള്ളവരുടെ പ്രേരണ ഇല്ലാതെ തനിയെ ഏറ്റെടുത്ത് ചെയ്യാൻ ശ്രമിക്കും.

**(V) വ്യക്തിത്വ വികസനത്തിനുള്ള ചില നുറുങ്ങുകൾ**

- ജീവിതത്തിൽ മുന്നേറാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളുടെ സ്വഭാവ സവിശേഷതകളെ സത്യസന്ധമായി വിശകലനം ചെയ്യുക.
- ആളുകൾ പ്രയാസത്തിലോ വിഷമത്തിലോ-ആയിരിക്കുമ്പോൾ അവരെ നോക്കി ചിരിക്കരുത്.
- മറ്റുള്ളവരുടെ ആശയങ്ങൾ അടിസ്ഥാനരഹി-തമാണെങ്കിലും നിങ്ങൾക്ക് താൽപ്പര്യമില്ലെങ്കിലും ബഹുമാനത്തോടെ മാന്യമായി കേൾക്കുക.
- സംഭാഷണത്തിനിടയിൽ നിങ്ങൾ സ്വയം കൂടുതൽ സംസാരിക്കരുത്.
- ആരെങ്കിലും നിങ്ങൾക്കായി ഒരു സമ്മാനം കൊണ്ടുവരുമ്പോൾ, അതിനെ പ്രശംസിക്കാൻ മറക്കരുത്.
- മറ്റുള്ളവരെ നിങ്ങൾ സ്നേഹിക്കുന്നുവെന്ന് തോന്നിപ്പിക്കുക.
- തോൽവിയുടെ കാര്യത്തിൽ നിങ്ങളുടെ ധാർമികത ഉയർത്തിപ്പിടിക്കുക, വിജയിക്കുമ്പോൾ കൂടുതൽ മര്യാദയുള്ളവരായി തീരുക.
- നിങ്ങളുടെ പ്രശ്നങ്ങൾ നിർമാണാത്മകമായ/ഭാവനാപരമായ രീതിയിൽ പരിഹരിക്കുക.
- നിങ്ങളുടെ മോശം ശീലങ്ങൾ അഥവാ ദൗർബല്യങ്ങൾ തിട്ടപ്പെടുത്തുകയും അവയിൽ നിന്ന് മുക്തി നേടാൻ ശ്രമിക്കുകയും ചെയ്യുക.
- നിങ്ങളുടെ ജീവിത നിലവാരം ഉയർത്തുക എന്നതിൽ മാത്രമല്ല, അതിനായി മറ്റുള്ളവരെ സഹായിക്കുന്നതിലും ശ്രദ്ധചെലുത്തണം.



FRA Handbook inner_New_V6.indd 124 02-09-2024 17:26:08

- പതിവായി ആവർത്തിക്കുന്ന വാക്കുകൾ ശ്രദ്ധിക്കുക. അത്തരമൊരു ശീലത്തിൽ നിന്നു മുക്തി നേടാൻ ശ്രമിക്കണം.
- സ്വതന്ത്രമായി ചിന്തിക്കുവാനും സ്വന്തം വരുമാനം ഉപയോഗിക്കുവാനും കഴിയുക എന്നതാണ് പുരോഗതിയുടെയും ക്ഷേമത്തിന്റെയും ഏക ഉറവിടം.
- പ്രണയമാണ് ഈ ലോകത്തിലെ ഏറ്റവും വലിയ മായാജാലം. എന്നാൽ സ്നേഹത്തിന്റെ സഹായത്തോടെ നിങ്ങൾക്ക് എല്ലാം ചെയ്യാൻ കഴിയും.
- നമ്മുടെ വ്യക്തിത്വത്തിൽ പോസിറ്റീവ് മനോഭാവത്തിന് വലിയ പ്രാധാന്യമുണ്ട്.
- മനുഷ്യന്റെ യഥാർത്ഥ സൗന്ദര്യം അവന്റെ ശാരീരിക രൂപത്തിലല്ല, അവന്റെ കൃത്യമായ ജോലിയിലും സൽഗുണങ്ങളിലുമാണ്.
- മറ്റുള്ളവരുമായി പൊരുത്തപ്പെടാനുള്ള കഴിവ് വികസിപ്പിക്കണം.
- ജീവിതത്തിൽ സമയം പരിമിതമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. അധിക സമയം വാങ്ങാൻ കഴിയില്ല.

### (vi) വ്യക്തിത്വ വികസനത്തിന്റെ അവശ്യഘടകങ്ങൾ

- മാന്യമായി പെരുമാറുക, മധുരമായി സംസാരിക്കുക
- നുണകളിൽ നിന്നും വഞ്ചനയിൽ നിന്നും അകന്നു നിൽക്കുക
- ആരോഗ്യകരമായ മത്സരത്തിൽ വിശ്വസിക്കുക
- പോസിറ്റീവ് മനോഭാവം ഉണ്ടാക്കുക
- ദേഷ്യം നിങ്ങളുടെ ശത്രുവാണ്
- സാമൂഹിക സേവനത്തിനായി ഒഴിവുസമയം വിനിയോഗിക്കുക
- നിങ്ങളുടെ സർഗ്ഗശക്തികൾ വികസിപ്പിക്കുക
- സമയത്തിന്റെ വില മനസ്സിലാക്കി പെരുമാറുക



FRA Handbook inner_New_V6.indd 125 02-09-2024 17:26:08

### III.1.B ആശയവിനിമയം

"ആശയവിനിമയം എന്ന കല നേതൃത്വത്തിന്റെ ഭാഷയാണ്"

**– ജെയിംസ് ഹ്യൂമസ്**

(സൗത്ത് കാലിഫോർണിയ സർവ്വകലാശാലയിലെ ആശയവിനിമയ നേതൃത്വ വികസന വിഷയങ്ങളിലെ മുൻ പ്രൊഫസറും, പ്രസ്തുത വിഷയത്തിൽ വിവിധ പുസ്തകങ്ങളുടെ രചിയിതാവുമാണ്.)

#### (i) എന്താണ് ആശയവിനിമയം?

ആളുകൾ വിവരങ്ങൾ കൈമാറുന്ന അല്ലെങ്കിൽ അവരുടെ ചിന്തകളും, വികാരങ്ങളും തമ്മിൽ തമ്മിൽ പ്രകടിപ്പിക്കുന്ന പ്രക്രിയ. അല്ലെങ്കിൽ, ഒരു വ്യക്തിയിൽ നിന്ന് മറ്റൊരാളിലേക്ക് വിവരങ്ങളും, ധാരണകളും കൈമാറുന്ന പ്രക്രിയ.

#### (ii) ആശയവിനിമയ മാർഗ്ഗങ്ങൾ- വിവിധ തരം

- ഉറവിടം/അയയ്ക്കുന്നയാൾ
- പ്രേക്ഷകർ/ സ്വീകർത്താവ്
- ലക്ഷ്യം/ഉദ്ദേശ്യം
- സന്ദർഭം/പരിസ്ഥിതി
- സന്ദേശം/ഉള്ളടക്കം
- ഇട/ചാനൽ (channel)
- പ്രതികരണം

#### (iii) വിവിധ തരത്തിലുള്ള ആശയവിനിമയം (Types of communication)

വിജയത്തിനുള്ള പ്രധാന ഘടകമാണ് ആശയവിനിമയം. ആശയവിനിമയ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളുടെ തത്സമയത്തെ അവസ്ഥയും അയയ്ക്കേണ്ട സന്ദേശത്തിന്റെ അടിയന്തര സ്വഭാവവും അടിസ്ഥാനമാക്കി, ആശയവിനിമയ പ്രക്രിയ രണ്ടായി തരം തിരിക്കാം:

- ഔപചാരിക ആശയവിനിമയം
- അനൗപചാരിക ആശയവിനിമയം



FRA Handbook inner_New_V6.indd 126 02-09-2024 17:26:09

കൂടാതെ, വ്യക്തികൾ അവരുടെ സന്ദേശങ്ങൾക്ക് ചില പാറ്റേണുകളോ, പദപ്രയോഗങ്ങളോ നൽകുന്നതിന് ഉപയോഗിക്കുന്ന നിരവധി ആശയവിനിമയ രൂപങ്ങളുണ്ട്; അത് എല്ലാവർക്കും എളുപ്പത്തിൽ മനസ്സിലാകും. ആശയവിനിമയത്തിന്റെ ഏറ്റവും സാധാരണമായ പ്രക്രിയകൾ ഇവയാണ്:

- വാക്കാലുള്ള ആശയവിനിമയം (Verbal Communication)
- വാക്കുകളിലൂടെയല്ലാത്ത ആശയവിനിമയം (Non-Verbal Communication)
- രേഖാമൂലമുള്ള ആശയവിനിമയം (Written Communication)

**വെർബൽ കമ്മ്യൂണിക്കേഷൻ,** അതിൽ നിങ്ങൾ നിങ്ങളുടെ വിഷയത്തെപ്പറ്റി സംസാരിക്കുന്നു, മറ്റുള്ളവർ അത് ശ്രദ്ധാപൂർവം കേൾക്കുകയും മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. സംഭാഷണ പദങ്ങളിലൂടെയാണ് സന്ദേശം കൈമാറുന്നത്. ഇവിടെ സന്ദേശം നല്കുന്നയാൾ തന്റെ വികാരങ്ങൾ, ചിന്തകൾ, ആശയങ്ങൾ, അഭിപ്രായങ്ങൾ എന്നിവയ്ക്ക് വാക്കുകളുടെ രൂപം നൽകുകയും, അവ പ്രസംഗങ്ങൾ, ചർച്ചകൾ, അവതരണങ്ങൾ, സംഭാഷണങ്ങൾ എന്നിവയിലൂടെ പ്രകടിപ്പിക്കുകയും ചെയ്യുന്നു.

വാക്കാലുള്ള ആശയവിനിമയത്തിന്റെ ഫലപ്രാപ്തി സംസാരിക്കുന്ന ആളുടെ /സ്പീക്കറുടെ സ്വരഭേദങ്ങൾ, സംസാരത്തിന്റെ വ്യക്തത, ശബ്ദം, വേഗത, ആംഗ്യങ്ങൾ, സംഭാഷണത്തിൽ ഉപയോഗിക്കുന്ന പദങ്ങളുടെ ഗുണനിലവാരം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. വാക്കാലുള്ള ആശയവിനിമയത്തിന്റെ കാര്യത്തിൽ, സന്ദേശം നല്കുന്നയാളും സ്വീകർത്താവും യഥാക്രമം വിവരങ്ങൾ കൈമാറുകയും സ്വീകരിക്കുകയും ചെയ്യുന്നതിനാൽ പ്രതികരണങ്ങളും അഭിപ്രായങ്ങളും ഉടനടി ലഭിക്കും.

സന്ദേശം കൈമാറുന്ന ആളുടെ സ്വരഭേദങ്ങൾ ഉയർന്നതും എല്ലാവർക്കും വ്യക്തമായി കേൾക്കാവുന്നതുമായിരിക്കണം. കൂടാതെ കാണികളെ/പ്രേക്ഷകരെ മനസ്സിൽ വച്ച് കൊണ്ട് വിഷയം രൂപകൽപ്പന ചെയ്യുകയും വേണം. സന്ദേശം, അത് വിനിമയം ചെയ്യുന്ന വ്യക്തി ഉദ്ദേശിച്ച രീതിയിൽ തന്നെ മനസ്സിലാക്കുന്നുവെന്ന് ഉറപ്പാക്കാൻ എല്ലായ്പ്പോഴും സ്വീകർത്താവുമായി താരതമ്യപ്പെടുത്തി പരിശോധിക്കണം.



FRA Handbook inner_New_V6.indd 127 02-09-2024 17:26:09

വാക്കാലുള്ള ആശയവിനിമയത്തിന്റെ വിജയം ഒരു വ്യക്തിയുടെ സംസാരശേഷിയെ മാത്രമല്ല, ശ്രവിക്കാനുള്ള കഴിവിനെയും ആശ്രയിച്ചിരിക്കുന്നു. ഒരു വ്യക്തി, വിഷയം എത്ര ഫലപ്രദമായി ശ്രദ്ധിക്കുന്നു എന്നത് ആശയവിനിമയത്തിന്റെ ഫലപ്രാപ്തിയെ നിർണ്ണയിക്കുന്നു. ഔപചാരികവും അനൗപചാരികവുമായ സാഹചര്യങ്ങളിൽ വാക്കാലുള്ള ആശയവിനിമയം ബാധകമാണ്.

**വാക്കുകളുപയോഗിയ്ക്കാതെയുള്ള (ശബ്ദേതര) ആശയവിനിമയം,** എന്നത് എഴുതിയതോ സംസാരിക്കുന്നതോ ആയ വാക്കുകൾ ഉപയോഗിക്കാതെ അർത്ഥം അറിയിക്കുന്ന പ്രക്രിയയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മുഖഭാവങ്ങൾ, കൈചലനങ്ങൾ, ശരീരഭാഷ, ഭാവങ്ങൾ, ആംഗ്യങ്ങൾ എന്നിവയിലൂടെ രണ്ടോ അതിലധികമോ വ്യക്തികൾ തമ്മിലുള്ള ആശയവിനിമയത്തെ വാക്കേതര ആശയവിനിമയം എന്ന് വിളിക്കുന്നു.

ശബ്ദേതര ആശയവിനിമയം, വാക്കാലുള്ള ആശയവിനിമയത്തിൽ നിന്ന് വ്യത്യസ്തമായി, പരസ്പരബന്ധങ്ങൾ സ്ഥാപിക്കുന്നതിനും നിലനിർത്തുന്നതിനും സഹായിക്കുന്നു. അതേ സമയം ബാഹ്യ സംഭവങ്ങൾ ആശയവിനിമയം നടത്താൻ വാക്കാലുള്ളവ സഹായിക്കുന്നു. വികാരങ്ങളും പരസ്പര മനോഭാവങ്ങളും പ്രകടിപ്പിക്കാനും, ആശംസകൾ പോലുള്ള ആചാരങ്ങൾ നടത്താനും ഒരാളുടെ വ്യക്തിത്വം മികവുറ്റതാക്കാനും വാക്കുകളില്ലാതെ ശബ്ദേതര മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നു.

അടയാളങ്ങൾ/സിഗ്നലുകൾ, ആക്ഷനുകൾ എന്നിവയുടെ രൂപത്തിലുള്ള നോൺ-വെർബൽ (non-verbal) ആശയവിനിമയത്തോട് വാക്കാലുള്ള അർത്ഥം കൂട്ടിച്ചേർത്താൽ കൂടുതൽ കാര്യക്ഷമമായി ആശയവിനിമയം നടത്താനാവും. ആളുകൾ അംഗീകരിക്കാൻ തലയാട്ടുന്നതും അടയാളമായി കൈകൾ ചലിപ്പിക്കുന്നതും പോലെ, വാക്കുകളിൽ പറയുന്നതെന്തും ഇത് അനുബന്ധമാക്കുന്നു.

**രേഖാമൂലമുള്ള ആശയവിനിമയം,** നിങ്ങൾ സന്ദേശം എഴുതുകയും മറ്റുള്ളവർ അത് വായിക്കുകയും ചെയ്യുന്ന പ്രക്രിയ. ഉദാ: കത്തുകൾ, സർക്കുലറുകൾ, മാനുവലുകൾ, റിപ്പോർട്ടുകൾ, ടെലിഗ്രാമുകൾ, ഓഫീസ് മെമ്മോകൾ, ബുള്ളറ്റിനുകൾ മുതലായവയിലൂടെ സന്ദേശങ്ങൾ, ഉത്തരവുകൾ അല്ലെങ്കിൽ നിർദ്ദേശങ്ങൾ.



FRA Handbook inner_New_V6.indd 128 02-09-2024 17:26:09

### (iv) ആശയവിനിമയത്തിന്റെ ഏഴ് 'സി'കൾ

ഏഴ് 'സി' കമ്മ്യൂണിക്കേഷൻ എന്നത് ആശയവിനിമയത്തിനുള്ള കഴിവുകൾ മെച്ചപ്പെടുത്താൻ സഹായിക്കുന്ന ഒരു പട്ടികയാണ്. സന്ദേശം ഉദ്ദേശിച്ച രീതിയിൽ തന്നെ മനസ്സിലാക്കാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

**വ്യക്തം/ക്ലിയർ (Clear):** സന്ദേശം വ്യക്തവും സ്വീകർത്താവിന് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതുമായിരിക്കണം. ആശയവിനി-മയത്തിന്റെ ഉദ്ദേശ്യം അയയ്ക്കുന്നയാൾക്ക് വ്യക്തമായിരിക്കണം, അപ്പോൾ മാത്രമേ സ്വീകരിക്കുന്നയാൾക്ക് അതിനെക്കുറിച്ച് ഉറപ്പുണ്ടാകൂ. സന്ദേശം ഒരുസമയം ഒരൊറ്റ ലക്ഷ്യത്തിന് ഊന്നൽ നൽകണം, ഒരു വാചകത്തിൽ നിരവധി ആശയങ്ങൾ ഉൾക്കൊള്ളരുത്.

**ശരി (Correct):** സന്ദേശം ശരിയായിരിക്കണം, അതായത്, ശരിയായ ഭാഷ ഉപയോഗിക്കണം. കൂടാതെ വ്യാകരണ, അക്ഷര പിശകുകൾ ഇല്ലെന്ന് വിനിമയം നടത്തുന്ന ആൾ ഉറപ്പാക്കണം. കൂടാതെ, സന്ദേശം കൃത്യവും സമയബന്ധിതവുമായിരിക്കണം. ശരിയായ സന്ദേശങ്ങൾ സ്വീകർത്താവിൽ കൂടുതൽ സ്വാധീനം ചെലുത്തുന്നതായി കാണുന്നു.

**പൂർണ്ണം (Complete):** സന്ദേശം പൂർണ്ണമായിരിക്കണം, അതായത് ഉദ്ദേശിച്ച പ്രേക്ഷകർക്ക് ആവശ്യമായ പ്രസക്ത വിവരങ്ങളും അതിൽ ഉൾപ്പെടുത്തിയിരിക്കണം. പൂർണ്ണമായ വിവരങ്ങൾ സ്വീകർത്താവിന് മികച്ച തീരുമാനമെടുക്കാൻ സഹായിക്കും.

**ദൃഢം/കോൺക്രീറ്റ് (Concrete):** ആശയവിനിമയം ദൃഢമായിരിക്കണം, അതിനർത്ഥം സന്ദേശം വ്യക്തവും പ്രത്യേകിച്ച് തെറ്റായ വ്യാഖ്യാനത്തിന് ഇടം നൽകാത്തതുമായിരിക്കണം. അയയ്ക്കുന്നയാൾ പറയുന്നതെന്തും സാധൂകരിക്കുന്ന തരത്തിൽ എല്ലാ വസ്തുതകളും കണക്കുകളും ഒരു സന്ദേശത്തിൽ വ്യക്തമായി പരാമർശിക്കേണ്ടതാണ്.

**സംക്ഷിപ്തം (Concise):** സന്ദേശം അയയ്ക്കുന്നയാൾ ദൈർഘ്യമേറിയ വാചകങ്ങൾ ഒഴിവാക്കുകയും, വിഷയം ഏറ്റവും കുറഞ്ഞ വാക്കുകളിൽ അറിയിക്കാൻ ശ്രമിക്കുകയും വേണം.

**പരിഗണന (Consideration):** ഫലപ്രദമായ ആശയവിനിമയം നടത്തുന്നതിന് അയയ്ക്കുന്നയാൾ സ്വീകരിക്കുന്നയാളുടെ അഭിപ്രായങ്ങൾ, അറിവ്, മാനസികാവസ്ഥ, പശ്ചാത്തലം മുതലായവ കണക്കിലെടുക്കണം.

**മര്യാദ (Courteous):** സന്ദേശം പോസിറ്റീവും പ്രേക്ഷകരെ കേന്ദ്രീകരിക്കുന്നതുമായ സ്വീകർത്താവിന്റെ വികാരങ്ങളും കാഴ്ചപ്പാടുകളും അയയ്ക്കുന്നയാൾ കണക്കിലെടുക്കണമെന്ന് ഇത് സൂചിപ്പിക്കുന്നു. സന്ദേശം പക്ഷപാതപരമാകരുത്, കൂടാതെ സ്വീകർത്താവിനോട് ആദരവ് പ്രകടിപ്പിക്കുന്ന വാക്കുകൾ ഉൾപ്പെടുത്തുകയും വേണം.

ശ്രദ്ധിക്കുക: ഈ പട്ടിക രേഖാമൂലമുള്ള ആശയവിനിമയത്തിനും വാക്കാലുള്ള ആശയവിനിമയത്തിനും ബാധകമാണ്.

### III.1.C കമ്മ്യൂണിറ്റി മൊബിലൈസേഷൻ (Community Mobilisation) / ജനങ്ങളെ ഏകോപിച്ച് അണിനിരത്തൽ

ആരോഗ്യപരമോ സാമൂഹികമോ പാരിസ്ഥിതികമോ ആയ ഒരു പ്രശ്നം പരിഹരിക്കാനുള്ള കൂട്ടായ ശ്രമത്തിൽ ആ പ്രദേശത്തെ മുഴുവൻ ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്ന പ്രക്രിയയാണ് സാമൂഹ്യ സംഘാടനം അഥവാ കമ്മ്യൂണിറ്റി മൊബിലൈസേഷൻ.

തദ്ദേശവാസികളുടെ ആവശ്യങ്ങളും ലക്ഷ്യങ്ങളും വ്യക്തമാക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും അവ നിറവേറ്റാൻ കൂട്ടായ പ്രവർത്തനം നടത്തുന്നതിനും സഹായിക്കുന്ന ഒരു പ്രക്രിയയായി സാമൂഹ്യ സംഘാടനത്തെ നിർവചിക്കാം. ഒരു സമൂഹത്തിന്റെയും അത് വഴിയായി വ്യക്തിപരമായതുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ജനപങ്കാളിത്തത്തിനു വ്യക്തമായ പങ്കുണ്ട്. സ്വന്തം ആവശ്യങ്ങൾ നിർണ്ണയിക്കുന്നതിലും നിറവേറ്റുന്നതിലും ജനങ്ങളുടെ പങ്കാളിത്തത്തിനുള്ള പങ്ക് ഊന്നിപ്പറയുന്നു.

പങ്കാളിത്തത്തിന്റെയും പ്രതിരോധത്തിന്റേയും ആശയങ്ങളുമായി ഇത് അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു.



FRA Handbook inner_New_V6.indd 130 02-09-2024 17:26:09

കമ്മ്യൂണിറ്റി മൊബിലൈസേഷൻ എന്നത് ജനങ്ങളിൽ മാറ്റം കൊണ്ടു വരാൻ ലക്ഷ്യമിട്ടുള്ള വിവരങ്ങൾ പങ്കിടൽ, കൂടിയാലോചന, സഹകരണം, ശാക്തീകരണ തന്ത്രങ്ങൾ ആവിഷ്കരിക്കുക എന്നിവയിൽ കമ്മ്യൂണിറ്റിയുടെ സജീവമായ ഇടപെടലാണ്.

**(i) ജനപങ്കാളിത്തം –വിവിധ രൂപങ്ങൾ**

- സജീവ പങ്കാളിത്തം
- നിശബ്ദ പങ്കാളിത്തം
- നിഷ്ക്രിയ പങ്കാളിത്തം
- നിഷേധാത്മക പങ്കാളിത്തം
- പ്രച്ഛന്ന പങ്കാളിത്തം
- കപട പങ്കാളിത്തം

**(a) സജീവ പങ്കാളിത്തത്തിന്റെ ലക്ഷണങ്ങൾ:**

- 90%-ൽ കൂടുതൽ പങ്കാളിത്തം
- മാറ്റത്തിനായുള്ള നടപടികൾ തങ്ങളുടേതാണെന്ന ബോധം
- കൂട്ടായ്മ
- ആരോഗ്യപരമായ ചർച്ചകൾ
- വികസന പ്രവർത്തനങ്ങളിൽ ഉള്ള നിതാന്ത ജാഗ്രത
- സാമൂഹിക പ്രതിബദ്ധത
- സാമ്പത്തിക വശത്തെ കുറിച്ചുള്ള ചിന്തകൾ
- നേതൃത്വ ശേഷി
- ദീർഘവീക്ഷണം
- ജിജ്ഞാസ

**(b) നിശബ്ദ പങ്കാളിത്തത്തിന്റെ ലക്ഷണങ്ങൾ:**

- ജനങ്ങൾ കാഴ്ചക്കാർ
- ആൾക്കൂട്ടത്തിന്റെ സാന്നിധ്യം
- സ്വന്തമായ അഭിപ്രായം ഇല്ല



FRA Handbook inner_New_V6.indd 131 02-09-2024 17:26:09

- ആജ്ഞകൾക്കനുസരിച്ച പ്രവർത്തനം
- പദ്ധതികളും/പ്രവർത്തനങ്ങളിലും സ്വന്തമെന്ന ബോധമില്ലായ്മ
- സാമൂഹിക പ്രതിബദ്ധത ഇല്ല
- സാമ്പത്തിക വശത്തെ കുറിച്ചുള്ള ചർച്ചകളുടെ കുറവ്
- നേതൃശേഷി ഇല്ല
- ദീർഘവീക്ഷണം ഇല്ല. അന്നത്തെ കാര്യങ്ങളിൽ മാത്രം താല്പര്യം
- ജിജ്ഞാസ ഇല്ല

**(c) നിഷ്ക്രിയ പങ്കാളിത്തത്തിന്റെ ലക്ഷണങ്ങൾ:**

- സജീവമല്ലാത്ത ചർച്ചകൾ
- ആസൂത്രണത്തിൽ പങ്കാളിത്തമില്ലായ്മ
- അഭിപ്രായ സംഘർഷം/സഹകരണമില്ലായ്മ
- നിർവ്വഹണത്തിൽ പങ്കാളിത്തമില്ലായ്മ
- പദ്ധതികൾ സ്വന്തമെന്ന ബോധമില്ലായ്മ
- സാമൂഹിക പ്രതിബദ്ധത ഇല്ലായ്മ
- കൂട്ടായ്മ ഇല്ല
- നേതൃശേഷി ഉണ്ട് പക്ഷേ ഉപയോഗിക്കുകയില്ല
- ദീർഘവീക്ഷണം ബാഹ്യതലത്തിൽ
- ജിജ്ഞാസ ബാഹ്യതലത്തിൽ

**(d) നിഷേധാത്മക പങ്കാളിത്തത്തിന്റെ ലക്ഷണങ്ങൾ:**

- നിഷേധാത്മക സമീപനം
- നിസ്സഹകരണം
- മുൻവിധികൾ
- അവാസ്തവമായ പ്രചരണങ്ങൾ
- നിക്ഷിപ്ത താല്പര്യങ്ങൾ
- സാമൂഹിക പ്രതിബദ്ധത ഇല്ലായ്മ
- കൂട്ടായ്മ ഇല്ല
- നേതൃത്വശേഷി ഉണ്ട് പക്ഷേ ഉപയോഗിക്കില്ല
- പ്രവർത്തനം നിർത്തി വയ്പ്പിക്കാനുള്ള ശ്രമങ്ങൾ
- ജിജ്ഞാസ സ്വകാര്യ താൽപര്യങ്ങളിൽ മാത്രം



FRA Handbook inner_New_V6.indd 132 02-09-2024 17:26:09

**(e) പ്രച്ഛന്ന പങ്കാളിത്തത്തിന്റെ ലക്ഷണങ്ങൾ:**

- പങ്കാളിത്തം ബാഹ്യതലത്തിൽ
- ന്യൂനപക്ഷത്തിന്റെ അഭിപ്രായം ഭൂരിപക്ഷം പിന്തുടരുന്നു
- യഥാർത്ഥ ആവശ്യങ്ങൾ (Real Needs) അദൃശ്യം
- അയഥാർത്ഥ ആവശ്യങ്ങൾ (Felt Needs) മുന്നിൽ
- അഭിപ്രായ സംഘർഷങ്ങൾ ഇല്ല
- കൂട്ടായ്മ ബാഹ്യതലത്തിൽ
- ന്യൂനപക്ഷത്തിന്റേതായ നേതൃത്വശേഷി
- ഭൂരിപക്ഷത്തിനും പദ്ധതി സ്വന്തമെന്ന ബോധമില്ല
- നിതാന്ത ജാഗ്രതയോ പ്രതിഷേധമോ ഇല്ല
- ഒറ്റക്ക് ഒറ്റക്കുള്ള വികാര പ്രകടനങ്ങളിൽ പ്രതിഷേധം

**(f) കപട പങ്കാളിത്തത്തിന്റെ ലക്ഷണങ്ങൾ:**

- ജനകീയ സംവിധാനങ്ങൾ കടലാസിൽ മാത്രം
- ഗുണഭോക്താക്കൾ കൂലിക്കാർ
- യഥാർഥ ആവശ്യങ്ങൾ (Real Needs) അദൃശ്യം
- അയഥാർത്ഥ ആവശ്യങ്ങൾ (Felt Needs) മുന്നിൽ
- അഭിപ്രായ സംഘർഷങ്ങൾ ഇല്ല
- കൂട്ടായ്മ ബാഹ്യതലത്തിൽ
- ന്യൂനപക്ഷത്തിന്റേതായ നേതൃത്വശേഷി
- ഭൂരിപക്ഷത്തിനും പദ്ധതി സ്വന്തമെന്ന ബോധമില്ല
- നിതാന്ത ജാഗ്രതയോ പ്രതിഷേധമോ ഇല്ല
- ഒറ്റക്കൊറ്റക്കുള്ള വികാര പ്രകടനങ്ങളിൽ പ്രതിഷേധം

**(g) സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ചെയ്യേണ്ടവ:**

- അധികാര വികേന്ദ്രീകരണം
- അറിവിന്റെ വികേന്ദ്രീകരണം
- ജനങ്ങളിലുള്ള വിശ്വാസം
- സാമൂഹ്യ ക്രമങ്ങളിലെ അധികാര ബന്ധങ്ങളുടെ ശക്തി-ദൗർബല്യങ്ങൾ മനസ്സിലാക്കൽ
- ജനങ്ങളോടും അവരുടെ സംസ്കാരത്തോടും ബഹുമാ-നത്തോടെ ഇടപെടുക

- വികസന ഏജൻസിയുടെ നിതാന്തമായ ജാഗ്രത
- ഉച്ചനീചത്വ ബോധമില്ലാത്ത സമീപനം
- സാമൂഹ്യനീതിയിലുള്ള വിശ്വാസം
- ഉറച്ച ലക്ഷ്യബോധം
- പിഴവുകൾ തിരുത്തി മുന്നോട്ട് പോകുവാനുള്ള മാനസികാവസ്ഥ
- പ്രതിലോമ ശക്തികളെ ജനകീയമായി ഒറ്റപ്പെടുത്തൽ
- നിരന്തരമായ ബോധവൽക്കരണം

### (ii) കമ്മ്യൂണിറ്റി മൊബിലൈസേഷൻ എന്ന ആശയം

കമ്മ്യൂണിറ്റി മൊബിലൈസേഷൻ എന്നത് ഒരുകൂട്ടം ആളുകൾ അവരുടെ അഭിപ്രായ വ്യത്യാസങ്ങളെ മറികടന്ന് ഒന്നിച്ച് അണിനിരക്കുന്ന പ്രക്രിയയാണ്. പങ്കാളിത്തത്തോടെയുള്ള തീരുമാനമെടുക്കൽ എന്ന നിലയിൽ, എന്തുതരം പ്രശ്നങ്ങൾ, എങ്ങനെ പരിഹരിക്കുന്നു എന്നതും തീരുമാനങ്ങൾ ആരാണ് എടുക്കുന്നത് എന്ന് നിർണ്ണയിക്കുന്നതിനും അതുപോലെ തന്നെ തീരുമാനങ്ങളിൽ പങ്കെടുക്കാൻ എല്ലാവർക്കും ഒരു ചട്ടക്കൂട് നൽകുന്നതിനുമായി ഒരു ജനവിഭാഗത്തിലെ അംഗങ്ങൾ തമ്മിലുള്ള സംഭാഷണങ്ങളുടെ തുടക്കമായി ഇതിനെ കണക്കാക്കാം. അവരുടെ ദൈനംദിന ജീവിതത്തിലുള്ള പൊതുവായ ഉത്കണ്ഠകളോ പ്രശ്നങ്ങളോ പരിഹരിക്കുന്നതിന് വ്യത്യസ്ത വിഭാഗങ്ങളിൽ നിന്നുള്ള ജനങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്ന പ്രക്രിയയെ കമ്മ്യൂണിറ്റി മൊബിലൈസേഷൻ എന്നു വിളിക്കുന്നു.

കമ്മ്യൂണിറ്റി മൊബിലൈസേഷൻ ഒരു നിർണായക പ്രക്രിയയാണ്, കാരണം, ഭൂരിഭാഗം സാഹചര്യങ്ങളിലും, സുസ്ഥിരമായ രീതിയിൽ സാമൂഹ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് പ്രദേശവാസികൾക്ക് ഉണ്ട്. പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിൽ ആളുകളുടെ ഇടപെടൽ, പ്രശ്നങ്ങൾ നേരിടാൻ മാത്രമല്ല, അവ ആവർത്തിക്കുന്നത് തടയാനും കൂടിയുള്ള ഏറ്റവും വിജയകരമായ മാർഗമാണ് കമ്യൂണിറ്റി മൊബിലൈസേഷൻ.



FRA Handbook inner_New_V6.indd 134 02-09-2024 17:26:09

**(iii) സാമൂഹ്യ സംഘാടനത്തിന്റെ പ്രാധാന്യം**

- ജനകീയ പിന്തുണ, പ്രതിബദ്ധത, സാമൂഹിക മാനദണ്ഡങ്ങളിലും പെരുമാറ്റങ്ങളിലും മാറ്റങ്ങൾ എന്നിവ പ്രചരിപ്പിക്കുന്നതിന് സാമൂഹ്യ ശൃംഖല നിർമ്മിക്കുന്നു.
- സാമൂഹികാവശ്യങ്ങൾ തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനുമുള്ള പ്രാദേശികമായ കഴിവുകൾ ഉണ്ടാക്കുന്നു.
- ഇത്തരം പ്രാദേശികമായ ശേഷികൾ ശക്തിപ്പെടുത്തുന്നതിലൂടെ, അധികാരത്തിന്റെ അസന്തുലിതാവസ്ഥ മാറ്റാൻ സഹായിക്കുന്നു, അതിലൂടെ സമൂഹത്തിനു കൂടുതൽ അറിവുകൾ നേടിയെടുക്കുന്നതിനും ലഭ്യമായ സേവനങ്ങളെ കുറിച്ച് മനസിലാക്കുന്നതിനും ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതിലും അവരുടെ ദുർബലതക്ക് കാരണമായ സാമൂഹ്യ പ്രശ്നങ്ങളെ കുറിച്ച് കൂടുതൽ മനസിലാക്കുന്നതിനും വഴിയൊരുക്കുന്നു. (വിവേചനം, ദാരിദ്ര്യം, അക്രമം, കുറഞ്ഞ ആത്മാഭിമാനം, സ്വയം കാര്യക്ഷമത, സാമൂഹിക നില, തുടങ്ങിയവ)
- പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രാദേശികവും ബാഹ്യവുമായ വിഭവങ്ങൾ സമാഹരിക്കുകയും ഈ വിഭവങ്ങളുടെ സുതാര്യത, ഉത്തരവാദിത്വം, ഫലപ്രദമായ നടത്തിപ്പ് എന്നിവ ഉറപ്പാക്കുന്നതിന് ഏകോപനവും നിരീക്ഷണ സംവിധാനവും സഹായിക്കുന്നു.
- സമൂഹങ്ങളുടെ യഥാർത്ഥ ആവശ്യങ്ങൾ കണ്ടെത്തി അവ നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതിന് ആവശ്യമായ പ്രേരണ നൽകുന്നു.

**(iv) സാമൂഹ്യ സംഘാടനം – തത്വങ്ങൾ**

സാമൂഹ്യ സംഘാടനം ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ വഴികാട്ടിയായി കണക്കാക്കുന്ന തത്വങ്ങൾ:

**(a) പങ്കാളിത്തം:**

പങ്കാളിത്തം എന്നത് സമൂഹ്യ സംഘാടനത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ ആവശ്യങ്ങളിൽ ഒന്നാണ്. ഒരു



FRA Handbook inner_New_V6.indd 135 02-09-2024 17:26:09

സമൂഹത്തിലെ ഓരോ അംഗത്തിനും നേരിട്ട് അല്ലെങ്കിൽ പ്രതിനിധികൾ മുഖേന സാമൂഹിക തലത്തിലുള്ള സംരംഭങ്ങളുടെ രൂപകല്പന, നിർവ്വഹണം, നിരീക്ഷണം എന്നിവയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുമ്പോൾ, പദ്ധതികളിൽ അവരുടെ യഥാർത്ഥ ആവശ്യങ്ങളും താൽപ്പര്യങ്ങളും ശരിയായി പ്രതിഫലിപ്പിക്കാൻ ഉള്ള സാധ്യത ഏറുന്നു.

**(b) ഉത്തരവാദിത്വം:**

പങ്കാളിത്ത പ്രവർത്തനങ്ങളിൽ വ്യക്തികളും ഗ്രൂപ്പുകളും തങ്ങളുടെ പദ്ധതികൾ പങ്കിടാനുള്ള പ്രതിബദ്ധത നിലനിർത്തുകയും തങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഉത്തരവാദിത്തമുള്ളവരായിരിക്കുകയും അതുവഴി പരസ്പരം ചുമതലാബോധം പങ്കിടുകയും ചെയ്യുന്നു.

**(c) സദ്ഭരണം:**

ഭരണം, പൊതുവെ, തീരുമാനമെടുക്കൽ പ്രക്രിയയെയും ആ തീരുമാനങ്ങൾ നടപ്പിലാക്കുന്ന രീതിയെയും സൂചിപ്പിക്കുന്നു. ഭരണം ഫലപ്രദമാകുന്നത് അത് സുതാര്യവും ഉത്തരവാദിത്തമുള്ളതും നീതിപൂർവകവും പ്രതികരണ ശേഷിയുള്ളതും പങ്കാളിത്തമുള്ളതുമായിരിക്കുമ്പോഴാണ്. സദ്ഭരണം എന്നത് സാമൂഹ്യ സംഘടനത്തിന്റെ ഒരു ലക്ഷ്യവും ഏതൊരു വികസന പ്രവർത്തനത്തിന്റേയും സുസ്ഥിരതയ്ക്ക് വേണ്ടതായ പ്രധാന ഘടകവുമാണ്.

**(v) സാമൂഹ്യ സംഘാടനം എങ്ങനെ പ്രവർത്തിക്കുന്നു?**

- ആളുകളെ ഒരുമിച്ച് കൊണ്ടുവരുന്നു
- ജനങ്ങളുടെ അവബോധം വളർത്തുന്നു
- വിഭവങ്ങളുടെയും സേവനങ്ങളുടെയും വിതരണത്തിൽ സഹായിക്കുന്നു
- ജനകീയ പങ്കാളിത്തം സുഗമമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു



FRA Handbook inner_New_V6.indd 136 02-09-2024 17:26:09

- സ്വാശ്രയവും സുസ്ഥിരവുമായ പരിപാടി രൂപകല്പന ചെയ്യാൻ സഹായിക്കുന്നു

**(vi) സാമൂഹ്യ സംഘാടനത്തിന്റെ സംവിധാനം**

**(a) സാമൂഹ്യ സംഘാടനത്തിന്റെ ഘട്ടങ്ങൾ:**

ഒരു സമൂഹത്തെ ബാധിക്കുന്ന ഏതെങ്കിലും ഒരു പ്രശ്നം അല്ലെങ്കിൽ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിലൂടെയാണ് സാമൂഹ്യ സംഘടനത്തിന്റെ ആരംഭം. പ്രശ്നത്തെ കുറിച്ച് മനസിലാക്കുന്നതിനും പ്രശ്നപരിഹാരത്തിനും ആ സമൂഹത്തിന് താല്പര്യമുണ്ടായിരിക്കണം. പ്രശ്നപരിഹാരത്തെ തുടർന്ന് ദീർഘനാളത്തേക്ക് ആയതിന്റെ പ്രയോജനം സമൂഹത്തിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം.നിലനിന്നിരുന്ന പ്രശ്നം സുസ്ഥിരമായ രീതിയിൽ പരിഹരിച്ചു കഴിയുന്നതോടെ സമാഹരണ പ്രക്രിയ അവസാനിക്കും. സാമൂഹ്യ സംഘാടനം നിരവധി ഘട്ടങ്ങളിലൂടെ വികസിപ്പിച്ചു കൊണ്ടു വരുന്നതാണ്. ഈ ഘട്ടങ്ങൾ സാർവത്രികമല്ല, പ്രശ്നത്തിന്റെ സ്വഭാവം/പ്രദേശം/ജനസംഖ്യ എന്നിവയ്ക്കനുസരിച്ച് ഇത് വ്യത്യസ്തമാകുന്നതാണ്.

**(b) മൊബിലൈസേഷൻ പ്ലാൻ വികസിപ്പിക്കുന്നത് :**

ഒരു സംഘാടന പദ്ധതി അഥവാ ഏകോപന നീക്കത്തിന്റെ ശരിയായ വിധത്തിലുള്ള ആസൂത്രണം (Community Mobilisation Plan) പ്രശ്നത്തെക്കുറിച്ചുള്ള പൊതുജന അവബോധം വർദ്ധിപ്പിക്കുകയും പൊതുജന പിന്തുണ നേടുകയും ചെയ്യും.

സാമൂഹ്യ സംഘടനത്തിനായി ആസൂത്രണം ചെയ്യുമ്പോൾ സംഘടനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും, അത് നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും സമൂഹത്തിൽ ലഭ്യമായ കഴിവുകളും വിഭവങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കേണ്ടതുണ്ട്. ഒരു ജനവിഭാഗവുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് മുൻപ് ഒരു സംഘാടകൻ സ്വയം തയ്യാറാകേണ്ടതുണ്ട്. അതുപോലെ തന്നെ പ്രവർത്തനങ്ങൾ സമയബന്ധിതമായിരിക്കണം.



FRA Handbook inner_New_V6.indd 137 02-09-2024 17:26:09

ഒരു പദ്ധതി തയ്യാറാക്കുന്നതിന്റെ തുടക്കം - ആര്, എന്ത്, എവിടെ, എപ്പോൾ, എന്തുകൊണ്ട്, എങ്ങനെ തുടങ്ങിയ ലളിതമായ ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്തി കൊണ്ടാകണം. സംഘാടന പദ്ധതിയിൽ പ്രാരംഭമായി ഉൾപ്പെടുത്തേണ്ടവ:

- സമൂഹത്തിന്റെ ഘടനാപരമായ വിലയിരുത്തൽ (സാമൂഹിക ഘടന)
- പ്രശ്നത്തോടുള്ള മനോഭാവം നിർണ്ണയിക്കൽ
- സമൂഹത്തിന്റെ പ്രതീക്ഷകളുടെ വിലയിരുത്തൽ
- പ്രശ്നത്തിന്റെ ഫലങ്ങളെ കുറിച്ചുള്ള മതിയായ വിവരങ്ങൾ
- ജനങ്ങളുടെ പങ്കാളിത്തം

**(c) പ്രശ്നം തിരിച്ചറിയൽ:**

ഓരോ സമൂഹത്തിനും വ്യത്യസ്തമായ പ്രശനങ്ങൾ ആണ് ഓരോ കാലഘട്ടത്തിലും നേരിടേണ്ടി വരുന്നത്. ഇതിൽ ചില പ്രശ്നങ്ങൾ ഒരു വ്യക്തിയെയോ സമൂഹത്തിലെ ഒരു പ്രത്യേക വിഭാഗത്തെയോ അല്ലെങ്കിൽ സമൂഹത്തെ മുഴുവനായോ ബാധിക്കുന്നവ ആയിരിക്കാം. ചില പ്രശ്നങ്ങൾ ദീർഘകാല പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നവയാണെങ്കിൽ മറ്റു ചിലതു ചുരുങ്ങിയ കാലയളവിലേക്ക് ആഘാതങ്ങൾ ഉണ്ടാക്കുന്നവയായിരിക്കും. അതിനാൽ സമൂഹത്തിലെ യഥാർത്ഥ പ്രശ്നം തിരിച്ചറിയുക എന്നത് പ്രധാനമാണ്. യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിയാൻ പങ്കാളിത്ത ഗ്രാമീണ മൂല്യനിർണ്ണയം (Participatory Rural Appraisal-PRA), പ്രശ്ന വിശകലനം തുടങ്ങിയ പഠന പരിപാടികൾ സാങ്കേതിക വിദ്യകളുടെ പ്രയോഗം വഴി സാമൂഹ്യ സംഘാടകന് ഉപയോഗിക്കാൻ കഴിയും. ഇത് വഴിയായി പ്രശ്നത്തിന്റെ ആഴവും സമൂഹത്തിൽ സൃഷ്ടിക്കുന്ന ആഘാതത്തിന്റെ തോതും സംഘാടകൻ മനസ്സിലാക്കുന്നു.

ഒരു പ്രശ്നത്തെ കുറിച്ച് കൂടുതൽ ആഴത്തിലും വ്യക്തമായും പഠിക്കുന്നതിനും അവർക്ക് പ്രത്യേക കൂട്ടങ്ങളായുള്ള ചർച്ചകൾ (Focus Group Discussions), ചോദ്യാവലികൾ, ഇന്റർവ്യൂ ഷെഡ്യൂളുകൾ (Interview Schedule) തുടങ്ങിയവയും ഉപയോഗിക്കാനാകും.



FRA Handbook inner_New_V6.indd 138 02-09-2024 17:26:09

**(d) അംഗങ്ങൾക്കിടയിൽ അവബോധം വളർത്തുക:**

ഒരു സാമൂഹിക പ്രശ്നത്തിനെതിരായി പ്രവർത്തിക്കാൻ പൊതുജനങ്ങളെ അണിനിരത്തുന്നതിന് ഫലപ്രദവും സമഗ്രവുമായ പബ്ലിക്ക് റിലേഷൻസ് (public relations) ക്യാമ്പയിൻ നടത്തണം. ഈ സംഘാടന പ്രക്രിയ കൂടുതൽ പങ്കാളിത്തത്തിലേക്ക് നയിക്കും. പബ്ലിക്ക് റിലേഷൻസ് ക്യാമ്പയിനിന്റെ ഉദ്ദേശ്യം ജനങ്ങളുടെ ഇടയിൽ സംഘാടന പ്രക്രിയയെ കുറിച്ച അവബോധം, ആവശ്യകത, അവരുടെ പിന്തുണ നേടുക, പങ്കാളിത്തം വർദ്ധിപ്പിക്കുക എന്നിവയാണ്.

ഒരു പബ്ലിക്ക് റിലേഷൻസ് പ്ലാനിൽ വിവിധ ഉപാധികൾ അടങ്ങിയിരിക്കും:

- വ്യക്തിയിലേക്കോ ഗ്രൂപ്പിലേക്കോ ഉള്ള ഓറിയന്റേഷൻ (orientation) (സാമൂഹിക സ്വാധീനമുള്ള ഗ്രൂപ്പ്)
- സംഭാഷണങ്ങളിലൂടെ വ്യക്തികൾ തമ്മിലുള്ള ബന്ധം
- വ്യത്യസ്ത സാമൂഹിക നേതാക്കളുമായും പ്രൊഫഷണൽ ഗ്രൂപ്പുമായും മീറ്റിംഗുകൾ
- പൊതു യോഗങ്ങൾ (വ്യത്യസ്ത ലോക്കൽ സമിതി മീറ്റിംഗുകൾ)
- വലിയ പൊതു യോഗം
- ടെലിവിഷൻ, റേഡിയോ, പത്രങ്ങൾ, നേരിട്ടുള്ള തപാലിൽ പരസ്യം ചെയ്യൽ തുടങ്ങിയ പ്രാദേശിക മാധ്യമങ്ങളുടെ ഉപയോഗം
- വാർത്താക്കുറിപ്പുകൾ, ബിൽബോർഡുകൾ, പ്രദർശനങ്ങൾ, സിനിമകൾ, ലഘുരേഖകൾ, തിയേറ്റർ, കായിക പരിപാടികൾ തുടങ്ങിയവ.

**(e) സഹകരണം:**

ഒരു വ്യക്തിക്ക് ഒറ്റയ്ക്ക് ഒരു സമൂഹത്തെ അണിനിരത്താൻ കഴിയില്ല. സമൂഹത്തിലെ അംഗങ്ങളുടേയും ഗ്രൂപ്പുകളുടേയും തുല്യമായ പങ്കാളിത്തം ആവശ്യമാണ്. പ്രശ്നങ്ങൾ പരിഹരിക്കാൻ വ്യക്തികളും സംഘടനകളും സഹകരിച്ച് പ്രവർത്തിക്കണം.



FRA Handbook inner_New_V6.indd 139 02-09-2024 17:26:09

സഹകരണത്തിലൂടെ എങ്ങനെ മുന്നോട്ട് പോകണം എന്നതിനെ കുറിച്ച് സംഘം ഒരു യോജിപ്പിലെത്തണം. സഹകരിക്കുന്ന ഗ്രൂപ്പുകൾ/ സ്ഥാപനങ്ങൾക്കിടയിൽ പരസ്പര താൽപ്പര്യം നിലനിൽക്കണം. വ്യക്തിഗത ഇടപഴകൽ പ്രോത്സാഹിപ്പിക്കണം, എന്നാൽ പങ്കാളിത്തത്തിൽ വ്യക്തിഗത താൽപര്യം നിരുത്സാഹപ്പെടുത്തണം.

**(f) ഉയർന്നു വരുന്ന നേതൃത്വം:**

സമൂഹത്തിലെ ഓരോ വ്യക്തിക്കും തനതായ കഴിവുകൾ ഉണ്ട്. ചില വ്യക്തികൾ സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് നന്നായി അറിയുകയും അവ പരിഹരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. അവർ വിവരദായകരും ഉത്തരവാദിത്തമുള്ളവരുമാണ്, സമൂഹം അവരുടെ കഴിവ് തിരിച്ചറിയുന്നു. സാധാരണ ഗതിയിൽ, ഈ വ്യക്തികൾ വൈവിധ്യമാർന്ന പ്രൊഫഷണൽ പശ്ചാത്തലങ്ങളിൽ നിന്നുള്ളവരാണ്. ഒരു ഫെസിലിറ്റേറ്റർ (facilitator) അത്തരം വ്യക്തികളെ തിരിച്ചറിയാൻ കഴിയുന്ന ഒരു വ്യക്തിയായിരിക്കണം, തുടർന്ന് അവരെ സമാഹരണ പ്രക്രിയയിലേക്ക് ബോധവൽക്കരിക്കുന്നു. വിവരങ്ങൾ പങ്കിടുക, വിവിധ പരിപാടികളിൽ പങ്കെടുക്കുക, മറ്റുള്ളവരെ പ്രചോദിപ്പിക്കുക, പിന്തുണയും ഏകോപനവും ചെയ്യുക എന്നിവയെല്ലാം ഒരു വ്യക്തിയെ ഒരു സാമൂഹിക നേതാവായി വളർത്തിയെടുക്കുന്നതിനുള്ള നിർണായക വിദ്യകളാണ്.

**(g) അംഗീകാരവും പ്രോത്സാഹനവും:**

സാമൂഹ്യ സംഘാടന പ്രക്രിയയിൽ ഭിന്നമായ നാഴികക്കല്ലുകൾ ഉൾപ്പെടുത്തണം. പ്രക്രിയയിലുടനീളം, വിവിധ ഘട്ടങ്ങളിൽ നിരവധി നാഴികക്കല്ലുകൾ കൈവരിക്കും. ലക്ഷ്യത്തിലേക്കുള്ള സമൂഹത്തിന്റെ പുരോഗതിയുടെ സൂചകങ്ങളാണിവ. ഈ നാഴികക്കല്ല് കൈവരിക്കുന്നതിന് സമൂഹത്തിലെ ജനങ്ങളുടെ ഗണ്യമായ സംഭാവനകൾ ഉണ്ടാവും. ഇവയ്ക്കെല്ലാം അംഗീകാരവും പ്രോത്സാഹനവും നൽകേണ്ടതുണ്ട്.

### (vii) സാമൂഹ്യ സംഘാടന ചക്രം

സാമൂഹ്യ സംഘാടന ചക്രത്തെ "പ്രശ്ന പരിഹാര ചക്രം", "കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൈക്കിൾ" (community development cycle) അല്ലെങ്കിൽ "സോഷ്യൽ ആനിമേഷൻ സൈക്കിൾ"(social animation cycle) എന്ന് വിളിക്കുന്നു. ഒരു കമ്മ്യൂണിറ്റിയുടെ വികസനത്തെ ബാധിക്കുന്ന തീരുമാനങ്ങളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള (ഒന്നോ അതിലധികമോ മൊബിലൈസർമാർ നടത്തുന്ന) ഇടപെടലുകളുടെ ഒരു പരമ്പരയാണിത്.

- തുടർച്ചയായും യുക്തിപരമായും നടത്തുന്ന ഇടപെടലുകളുടെ ക്രമം, അംഗീകൃതവും നിയമാനുസൃതവും ആയ സംഘാടകൻ മുഖേന നടത്തുന്ന
- സാമൂഹിക/കമ്മ്യൂണിറ്റി പ്രവർത്തനത്തെ ഒരു പ്രത്യേക ലക്ഷ്യത്തിനുള്ള മാർഗമായി ഉപയോഗിക്കുന്നു, അല്ലാതെ ഒരു ലക്ഷ്യമായിട്ടല്ല
- സംഘാടകർ ആ സമൂഹത്തിന്റെ സവിശേഷതകളെ കുറിച്ച് അറിവുള്ളവരും സംവേദന ക്ഷമതയുള്ളവരും ആയിരിക്കണം;
- ഒരു കേന്ദ്ര/പ്രാദേശിക മന്ത്രാലയം അല്ലെങ്കിൽ വകുപ്പ് അല്ലെങ്കിൽ ഒരു സർക്കാരിതര ഗ്രൂപ്പിന് ഇത് നടപ്പിലാക്കാൻ കഴിയും
- മുഴുവൻ സമൂഹത്തെയും ബാധിക്കുന്ന എല്ലാ പ്രവൃത്തികളുടെയും നിയന്ത്രണത്തിലും തീരുമാനമെടുക്കൽ പ്രക്രിയകളിലും സാമൂഹിക പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നു

### (viii) ബോധവൽക്കരണം

സമൂഹത്തെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നതിന് മുമ്പ് സംഘാടകൻ യാഥാർത്ഥ്യങ്ങൾ സമൂഹത്തിലെ അംഗങ്ങളെ ബോധ്യപ്പെടുത്തണം. ഈ ഘട്ടത്തിൽ തെറ്റായ പ്രതീക്ഷകൾ



FRA Handbook inner_New_V6.indd 141 02-09-2024 17:26:09

സൃഷ്ടിക്കുന്നത് ഒഴിവാക്കേണ്ടതും പ്രതീക്ഷിക്കേണ്ട തരത്തിലുള്ള സഹായത്തെ കുറിച്ചുള്ള അറിവ് നൽകേണ്ടതും പ്രധാനമാണ്.

### (ix) മൊബിലൈസർ (mobilizer) പരിശീലനം

കമ്മ്യൂണിറ്റി മൊബിലൈസറുടെ (community mobilizer) കഴിവും വിജ്ഞാന അടിത്തറയും വളരെ പ്രധാനമാണ്. നല്ല വിവരവും വൈദഗ്ധ്യവുമുള്ള സംഘാടകന് സമാഹരണ പ്രക്രിയ എളുപ്പത്തിലും ഫലപ്രദമായും ചെയ്യാൻ കഴിയും. പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും സമവായം നേടുന്നതിനും സാധ്യതയുള്ള നേതാക്കളെ കണ്ടെത്തുന്നതിനും ഇതര പരിഹാരങ്ങൾ ക്രമീകരിക്കുന്നതിനും സുസ്ഥിരത ഉറപ്പാക്കുന്നതിനും മൊബിലൈസർ വിവിധ കഴിവുകൾ പരിശീലിപ്പിക്കുകയും സജ്ജീകരിക്കുകയും വേണം.

### (x) യൂണിറ്റി ഓർഗനൈസേഷൻ

ഒരു സമൂഹവും ഏകതാനമല്ല; ഓരോന്നിലും ഭിന്നതകളും വിഭജനങ്ങളും അടങ്ങിയിരിക്കുന്നു. സാമൂഹിക-സാമ്പത്തിക അസന്തുലിതാവസ്ഥ ഉണ്ടാകുമ്പോൾ, മുൻഗണന പ്രശ്നത്തിൽ സമവായം കൈവരിക്കുക എന്നതാണ്. കമ്മ്യൂണിറ്റി മൊബിലൈസേഷന്റെ നിർണ്ണായകമായ ഒരു ഘടകമാണ് ഒത്തൊരുമ അല്ലെങ്കിൽ ഏകത.

### (xi) പങ്കാളിത്ത മൂല്യനിർണ്ണയം

സംഘാടകർ ആദ്യം സമൂഹത്തിന്റെ അധീനതയിലുള്ള വിഭവങ്ങൾ, സാധ്യതകൾ, തടസ്സങ്ങൾ, ആവശ്യങ്ങൾ എന്നിവ പരിശോധിക്കേണ്ടതാണ്. എന്നിരുന്നാലും മൊബിലൈസേഷൻ ചക്രത്തിന്റെ തന്ത്രം മെനയാനായി സമൂഹത്തെ മൊത്തത്തിൽ വിലയിരുത്തേണ്ടതുണ്ട്. ഇത് ഒറ്റയടിക്ക് പൂർത്തീകരിക്കപ്പെടണമെന്നില്ല. സാമൂഹ്യ സംഘാടന ചക്രം രൂപീകരിച്ച് സംഘടിപ്പിക്കപ്പെട്ടതിന് ശേഷം സമൂഹത്തിലെ അംഗങ്ങൾക്ക് ഇത് പൂർത്തിയാക്കുകയോ തുടരുകയോ ചെയ്യാം. ഇടപെടലിലെ തുടർന്നുള്ള എല്ലാ പദ്ധതികളും പ്രവർത്തനങ്ങളും നിരീക്ഷിച്ച യാഥാർത്ഥ്യത്തെ



FRA Handbook inner_New_V6.indd 142 02-09-2024 17:26:10

അടിസ്ഥാനമാക്കിയുള്ളതായിരിക്കണം. അല്ലാതെ സമൂഹത്തിനുള്ളിലെ പ്രത്യേക വിഭാഗങ്ങളുടെ ഭാവനകളിലോ പ്രത്യേക താൽപ്പര്യങ്ങളിലോ അടിസ്ഥാനമാക്കിയായിരിക്കരുത്. സമൂഹത്തിലെ ഓരോരുത്തരും സമൂഹത്തിന്റെ ആവശ്യങ്ങളെയും സാധ്യതകളെയും കുറിച്ച് ബോധവാന്മാരായിരിക്കണം.

### (xii) മാനേജ്മെന്റ് (management) പരിശീലനം

പാർശ്വവൽക്കരിക്കപ്പെട്ടവരായ ഒരു സമൂഹത്തെ ജനാധിപത്യപരവും വികസനപരവുമായ തീരുമാനങ്ങൾ എടുക്കുന്നതിലും പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാനും പ്രോത്സാഹിപ്പിക്കുന്ന തരത്തിലുമുള്ള കാര്യശേഷി വളർത്തിയെടുക്കാനുള്ള പരിശീലനം നൽകുവാൻ മൊബിലൈസർ ശ്രദ്ധിക്കേണ്ടതുണ്ട്.

### (xiii) കമ്മ്യൂണിറ്റി ആക്ഷൻ പ്ലാൻ (Community Action Plan)

സമൂഹം വേണ്ടത്ര ഐക്യപ്പെടുകയും എല്ലാ വിഭാഗങ്ങളെയും പ്രതിനിധീകരിക്കുകയും ചെയ്യുമ്പോൾ, സ്ത്രീകൾ, ഭിന്നശേഷിക്കാർ, സാമൂഹികതീരുമാനങ്ങൾ എടുക്കുന്നതിൽ പൂർണ്ണമായി പങ്കെടുക്കാൻ താൽപ്പര്യമില്ലാത്ത മറ്റുള്ളവർ എന്നിവരടക്കം, മുഴുവൻ സമൂഹത്തെ പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. മുൻഗണന പ്രശ്നത്തിൽ സമവായം സ്ഥാപിക്കുന്നതിലൂടെയും മുൻഗണനാ ലക്ഷ്യം കണ്ടെത്തുന്നതിന് പങ്കാളികൾ ആകുന്നതിലൂടെയും ഇത് കൈവരിക്കാനാകും. സജ്ജീകരിച്ച ലക്ഷ്യങ്ങളുടെ പശ്ചാത്തലത്തിൽ, പ്രവർത്തന ഷെഡ്യൂളിൽ എന്താണ് നിറവേറ്റാൻ ആഗ്രഹിക്കുന്നതെന്ന് സമൂഹം അംഗീകരിക്കണം.

### (xiv) കമ്മ്യൂണിറ്റി പ്രോജക്റ്റ് ഡിസൈനുകൾ

മാനേജ്മെന്റ് പരിശീലനത്തിന്റെ നിർണ്ണായക ഘടകം നാല് നിർണ്ണായക ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളുടെ രൂപീകരണവും പ്രതികരണവുമാണ്:

(1) നമുക്ക് വേണ്ടത് എന്താണ്?

(2) നമുക്ക് എന്താണ് ലഭിച്ചത്?



FRA Handbook inner_New_V6.indd 143 02-09-2024 17:26:10

(3) നാം ആഗ്രഹിക്കുന്നത് നേടാനായി നമുക്ക് ഇപ്പോൾ ഉള്ള സാഹചര്യങ്ങളും വസ്തുതകളും എങ്ങനെ പരമാവധി പ്രയോജനപ്പെടുത്താം?

(4) ഈ നടപടികളെടുത്ത് കഴിഞ്ഞാൽ എന്തായിരിക്കും ഫലം?

ഒരു കമ്മ്യൂണിറ്റി പ്രോജക്റ്റിനായുള്ള വിശദമായ രൂപകൽപ്പനയിലേക്ക് ഇവ വികസിപ്പിക്കണം. ഇവിടെ ഉപയോഗിക്കേണ്ട രീതി പങ്കാളിത്തമാണ്. മേൽ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഒരു മൊബിലൈസർ ചോദിക്കുകയും, പങ്കാളികളെ കൊണ്ട് ചർച്ച ചെയ്യിച്ച് ഉത്തരങ്ങൾ ശേഖരിക്കുകയും വേണം. ഇവ ക്രോഡീകരിച്ച് പ്രോജക്ടുകൾ രൂപീകരിക്കണം (ഡിസൈൻ).

പ്രോജക്റ്റ് ഡിസൈനിൽ അടങ്ങിയിട്ടുള്ള മാതൃകാപരമായ പടികൾ ഇപ്രകാരമാണ്:

- എന്താണ് പ്രശ്നം?
- പ്രശ്നത്തിനുള്ള പരിഹാരമായി ലക്ഷ്യം നിർവചിക്കുക
- ലക്ഷ്യം സാധ്യമായ ലക്ഷ്യങ്ങളാക്കി മാറ്റുക (SMART)
- വിഭവങ്ങളും പരിധികളും തിരിച്ചറിയുക
- വിഭവങ്ങൾ വിനിയോഗിക്കുന്നതിനും പരിധികൾ മറികടക്കുന്നതിനും ലക്ഷ്യങ്ങൾ നേടുന്നതിനുമുള്ള തന്ത്രങ്ങൾ സൃഷ്ടിക്കുക; ഏറ്റവും ഫലപ്രദമായ തന്ത്രം തിരഞ്ഞെടുക്കുക
- ഒരു സംഘടനയുടെ രൂപം തീരുമാനിക്കുക (ഘടന, ആര് എന്താണ് ചെയ്യേണ്ടത്, ബജറ്റ്, ഷെഡ്യൂൾ)
- നിരീക്ഷണം, റിപ്പോർട്ടിങ്ങ്, മൂല്യനിർണ്ണയം എന്നിവ തീരുമാനിക്കുക.

### (xv) കൂടിയാലോചനകൾ/Negotiation (ചർച്ചകൾ)

ഒരു പ്രോജക്റ്റ് ഡിസൈൻ (project design) ഒരു നിർദ്ദേശമായി ഉപയോഗിക്കുമ്പോൾ, അത് സമൂഹവും ബാഹ്യ അധികാരികളും ധനസഹായത്തിനു സാധ്യതയുള്ള സ്രോതസ്സുകളും തമ്മിൽ ചർച്ചയ്ക്കുള്ള ഒരു ഉപകരണമായി മാറുന്നു.



FRA Handbook inner_New_V6.indd 144 02-09-2024 17:26:10

സമൂഹം പുറമെ നിന്ന് ധനസഹായം തേടുന്നില്ലെങ്കിലും, പദ്ധതികൾ അതിന്റെ ഭൂമിശാസ്ത്രപരമായ പരിസ്ഥിതി, അയൽസമൂഹങ്ങൾ, അത് സ്ഥിതി ചെയ്യുന്ന ജില്ല അല്ലെങ്കിൽ പ്രദേശം, ബന്ധപ്പെട്ട ദേശീയ പദ്ധതികളും മുൻഗണനകളുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണം. ഈ ചർച്ചയിൽ എല്ലാ പങ്കാളികളെയും ഉൾപ്പെടുത്തണം. വിഭവങ്ങളോ അംഗീകാരമോ അല്ലെങ്കിൽ ഇവ രണ്ടിന്റെയും സംയോജനമാണ് ജനങ്ങൾ തേടുന്നത്, അതിന്റെ പ്രോജക്റ്റ് ഡിസൈൻ അല്ലെങ്കിൽ നിർദ്ദേശം അതിന്റെ ചർച്ചാ ഉപകരണമായി വർത്തിക്കുന്നു. ഒരു കമ്മ്യൂണിറ്റി മൊബിലൈസർക്ക് ചർച്ചകൾ ഫലവത്തായി നടത്താനുള്ള വൈദഗ്ധ്യം ഉണ്ടായിരിക്കണം.

### (xvi) നടപ്പാക്കൽ ആരംഭിക്കുന്നു (Implementation Begins)

ഈ ഘട്ടത്തിൽ, സമൂഹവും അതിന്റെ നേതാക്കളും ചെയ്യുന്ന പ്രവർത്തനങ്ങളിലും ഫലങ്ങളിലും (ഉദാ. കുളിസ്, ജലവിതരണം, ക്ലിനിക്ക് അല്ലെങ്കിൽ സ്കൂൾ എന്നിവയുടെ നിർമ്മാണം) കൂടുതൽ ശ്രദ്ധാലുക്കളാകേണ്ടതാണ്. കൂടാതെ നിരീക്ഷണവും റിപ്പോർട്ടിങ്ങും പ്രവർത്തനത്തോടൊപ്പം ഒരേ സമയം നടത്തണമെന്ന് അവരെ ഓർമ്മിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. പ്രവർത്തനം (പ്രത്യേകിച്ച് അതിന്റെ സാമ്പത്തികം) സുതാര്യമാകണം. സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും പൂർണ്ണമായി മനസ്സിലാകുന്നില്ലെങ്കിൽ, സമൂഹത്തിന്റെ ആവേശം കുറയുകയോ നശിപ്പിക്കപ്പെടുകയോ ചെയ്യുന്ന ഘട്ടമാണിത്. സമൂഹത്തിന്റെ പ്രാഥമിക ലക്ഷ്യം പൂർത്തിയാക്കുക എന്നതൊരു ലക്ഷ്യമാണെങ്കിലും, മൊബിലൈസറിന്റെ പ്രാഥമിക ലക്ഷ്യം, സമൂഹത്തിന്റെ ശക്തിയും ശേഷിയും വർദ്ധിപ്പിക്കുക എന്നതാണ്. അതിനാലാണ് നിരീക്ഷണത്തിനും റിപ്പോർട്ടിങ്ങിനും മുൻഗണന നൽകുന്നത് (വാക്കാലുള്ളതും രേഖാമൂലമുള്ളതും). കൂടാതെ, പ്രവർത്തനവുമായി ബന്ധപ്പെട്ട കഴിവുകളിൽ (ധന ഇടപാടുകളുടെ കണക്ക് കൃത്യമായി രേഖപ്പെടുത്താനുള്ള അക്കൗണ്ടിങ്ങ് കഴിവുകൾ, റിപ്പോർട്ട് എഴുതൽ, സാങ്കേതികവൈദഗ്ധ്യം) കൂടുതൽ പരിശീലനത്തിന്റെ ആവശ്യകതയെ കുറിച്ച് സമൂഹം ബോധവാന്മാരാകുന്നതും ഇവിടെയാണ്.



FRA Handbook inner_New_V6.indd 145 02-09-2024 17:26:10

### (xvii) തുടർ നിരീക്ഷണവും റിപ്പോർട്ടിങ്ങും

ക്രമീകരണങ്ങൾ വരുത്തുന്നതിനും ട്രാക്കിൽ (ഉദ്ദേശ്യ ദിശയിൽ) തന്നെ തുടരുന്നതിനും പ്രാധാന പങ്ക് പ്രവർത്തന നിരീക്ഷണത്തിനും റിപ്പോർട്ടിങ്ങിനുമുണ്ട്. കൂടുതൽ ആഴത്തിലുള്ള വിലയിരുത്തലും മൂല്യനിർണ്ണയവും അവയ്ക്ക് അനുബന്ധമാണ്. പ്രവർത്തനത്തിന്റെ അനന്തരഫലം വിലയിരുത്തുന്നതും അത് എങ്ങനെ നടത്തി, അത് നടപ്പിലാക്കണമായിരുന്നോ, പകരം എന്താണ് ആസൂത്രണം ചെയ്യേണ്ടത് എന്നതിനെക്കുറിച്ചുള്ള മൂല്യനിർണ്ണയം നടത്തുന്നതും ഇതിൽ ഉൾപ്പെടുന്നു. ഇത്, ചാക്രികത്വം (cycle) ആവർത്തിക്കാൻ അനുവദിക്കുന്നു.

### (xviii) സുതാര്യത

പ്രോജക്ട് സംബന്ധമായ പ്രവർത്തനങ്ങൾ നടക്കുമ്പോൾ, മോബിലൈസർ നിരീക്ഷണം നടത്തേണ്ടതാണ് (പ്രത്യേകിച്ച് സമൂഹത്തിലെ അംഗങ്ങൾക്കും മറ്റ് ഏതെങ്കിലും പങ്കാളികൾക്കും). സമൂഹത്തിന്റെ താൽപ്പര്യവും അതിന്റെ ഭരണ സംവിധാനത്തിലുള്ള വിശ്വാസവും സംരക്ഷിക്കുന്നതിന്, പ്രത്യേകിച്ച് ഏതെങ്കിലും തുക അടയ്ക്കണമെങ്കിൽ അതിനെ സംബന്ധിച്ച് സുതാര്യത ആവശ്യമാണ്.

### (xix) ഔദ്യോഗിക സമാപന ചടങ്ങ്

സമാപന ചടങ്ങ് ഒരു പൊതു പരിപാടി സൃഷ്ടിക്കുന്നതിനും കമ്മ്യൂണിറ്റി പങ്കാളിത്തത്തിന്റെ പ്രചാരണം, ശാക്തീകരണം, പദ്ധതി എന്നിവയെ കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കുന്നതിനും അവസരമൊരുക്കുന്നു. കലാ-സാംസ്കാരിക വിനോദങ്ങൾ അവതരിപ്പിക്കുന്ന സമാപന പരിപാടിയിൽ, സമാഹരിച്ച പ്രോജക്റ്റ് അവലോകനം ചെയ്യുകയും അവരുടെ അടുത്ത ലക്ഷ്യം തീരുമാനിക്കുകയും വേണം. അങ്ങനെ മൊബിലൈസേഷൻ ചക്രം പുനരാരംഭിക്കണമെന്ന് സമൂഹത്തിലെ അംഗങ്ങൾക്ക് ഇതൊരു ഓർമ്മപ്പെടുത്തൽ കൂടിയാകും.



FRA Handbook inner_New_V6.indd 146 02-09-2024 17:26:10

### (xx) സൈക്കിൾ ആവർത്തിക്കുന്നു/ ചക്രം തുടരുന്നു

ഇത് ഒറ്റയടിക്ക് ചെയ്യാവുന്ന പ്രവൃത്തിയല്ല. ഇതൊരു സാമൂഹികമാറ്റ (വികസന) പ്രക്രിയയാണ്, അത് നിലനിർത്തേണ്ടതുണ്ട്. ഇതിനായി മൊബിലൈസർ ഒരു പകരക്കാരനെ പരിശീലിപ്പിക്കണം, കൂടാതെ മൊബിലൈസർമാരുടെ നൈപുണ്യങ്ങൾ സമൂഹത്തിനുള്ളിൽ നിന്ന് തിരിച്ചറിയണം. മൊബിലൈസേഷൻ ചക്രത്തിന്റെ ഓരോ ഘട്ടവും അതിന് മുമ്പുള്ളതും പിന്തുടരുന്നതുമായ ഘട്ടങ്ങളിലേക്കും അതുപോലെ തന്നെ മോബിലൈസേഷൻ ചക്രവുമായി മൊത്തത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. ഘട്ടങ്ങൾ യുക്തിസഹവും പ്രവർത്തനപരവുമായ ക്രമം പിന്തുടരുന്നു. ഓരോ തവണയും പ്രവർത്തനങ്ങൾ ആവർത്തിക്കുമ്പോൾ, മുമ്പത്തെ പ്രവർത്തനങ്ങളേയും വിലയിരുത്തലുകളുടെ ഫലങ്ങളെയും അടിസ്ഥാനമാക്കിയാണ് ചെയ്യേണ്ടത്.

**അവലംബം:**

Community Mobilizer: Participant Handbook: Course Offered by Additional Skill Acquisition Programme



FRA Handbook inner_New_V6.indd 147 02-09-2024 17:26:10



# യൂണിറ്റ് III: സമൂഹവനവിഭവ മേഖല പരിപാലനത്തിനാവശ്യമായ നൈപുണ്യ പരിശീലനം (ഭാഗം–1)

## വിഷയം 2: GIS ഉപയോഗം

### III.2.A ആമുഖം

വനാവകാശ നിയമത്തിന്റെ നടത്തിപ്പ് സുഗമമാക്കാൻ ജി.ഐ.എസ് (GIS) അഥവാ ജിയോഗ്രാഫിക് ഇൻഫോർമേഷൻ സിസ്റ്റം/ഭൂമിശാസ്ത്ര വിവര സംവിധാനം (Geographical Information System) എന്ന സാങ്കേതിക വിദ്യ വളരെ സഹായകമാകും. അവകാശങ്ങളും, അതുമായി ബന്ധപ്പെട്ട് വനത്തിന്റെ അതിർത്തികളും കൃത്യമായി ഒരു ഭൂപടത്തിൽ രേഖപ്പെടുത്തുന്നതിനും, അത് സൂക്ഷിക്കുന്നതിനും ഇത് ആവശ്യമാണ്. ഊരുകൂട്ടങ്ങൾക്കും വനാവകാശ സമിതിക്കും ഇങ്ങനെയുള്ള മാപ്പുകൾ അവകാശങ്ങൾ കൈവരിക്കുന്നതിനായി തെളിവായി സമർപ്പിക്കുന്നതിനും സാധിക്കും. കൂടുതൽ സുതാര്യമായി വനാവകാശങ്ങളുടെ നിർണ്ണയം ഇതിനാൽ സാധ്യമാകും. ഈ രീതിയിലുള്ള സാങ്കേതിക വിദ്യയുടെ പൊതുവായ ഒരു അവബോധം നൽകുവാനും, അതിന്റെ പല സാധ്യതകളെ പരിചയപ്പെടുത്തുവാനുമായിട്ടാണ് ഈ പാഠഭാഗം ക്രമീകരിച്ചിരിക്കുന്നത്.

### III.2.B എന്താണ് ഭൂപടം?

ഭൂപ്രതലത്തിന്റെ ലളിതമായ ഒരു രൂപരേഖയാണ് ഭൂപടം. ത്രിമാനത്തിലുള്ള ഭൂപ്രതലത്തിന്റെ ദ്വിമാന



FRA Handbook inner_New_V6.indd 148 02-09-2024 17:26:10

ചിത്രീകരണത്തെയാണ് ഭൂപടത്തിൽ കാണിക്കുന്നത്. ഭൂപട നിർമാണത്തെ കുറിച്ചുള്ള ശാസ്ത്രശാഖ കാർട്ടോഗ്രഫിയെന്നാണ് (Cartography) അറിയപ്പെടുന്നത്. ആദ്യകാലത്ത് ഭൂമിശാസ്ത്രജ്ഞർ പാർപ്പിടങ്ങളെയും കൃഷിയിടങ്ങളുടെ വിവരങ്ങളും ചെറിയ വരകൾ ഉപയോഗിച്ചായിരുന്നു സൂചിപ്പിച്ചിരുന്നത്. ത്രിമാനത്തിൽ ഉള്ളതിനെ ദ്വിമാനമായി മാറ്റുന്നതിനെ പ്രോജെക്ഷൻ (Projection) എന്നാണ് പറയുന്നത്.



ത്രിമാനം (3D)




ദ്വിമാനം (2D)

**ചിത്രം 9: വിവിധ തരത്തിലുള്ള ഭൂപടങ്ങൾ**

### III.2.C മാപ്പിന്റെ സവിശേഷതകൾ

**(i) ശീർഷകം**

ഒരു ഭൂപടം എന്തിനെ സംബന്ധിക്കുന്നതാണെന്ന് കാണിക്കുവാനാണ് ശീർഷകം ഉപയോഗിക്കുന്നത്.



FRA Handbook inner_New_V6.indd 149 02-09-2024 17:26:10




**ചിത്രം 10: ഭൂപടത്തിലെ ശീർഷകം**

**(ii) ദിശ**


ഭൂപടത്തെ യഥാർത്ഥ ഭൂമിയുമായി ബന്ധിപ്പിക്കാൻ ദിശയാണ് ഉപയോഗിക്കുന്നത്.




**ചിത്രം 11: ഭൂപടത്തിലെ ദിശ**

### (iii) സ്കെയിൽ (scale)

ഭൂപടത്തിലെ അളവുകൾ ഭൂമിയിലെ യഥാർത്ഥ അളവുകളുമായി ബന്ധപ്പെടുത്താൻ ഉപയോഗിക്കുന്നതാണ് സ്കെയിൽ.




**ചിത്രം 12: ഭൂപടത്തിലെ സ്കെയിൽ**

### (iv) സൂചികകൾ

ഓരോ നിറവും ചിഹ്നവും എന്തിനെ സൂചിപ്പിക്കുന്നു എന്നത് സൂചിക നോക്കിയാൽ മനസിലാകും.




**ചിത്രം 13: ഭൂപടത്തിലെ സൂചികകൾ**

### (v) രേഖാംശവും അക്ഷാംശവും

ഭൂമിയിലെ ഒരു സ്ഥലത്തിന്റെ സ്ഥാനം ഭൂമദ്ധ്യരേഖയുടെ കിഴക്കോ പടിഞ്ഞാറോ ആയി സൂചിപ്പിക്കുന്നത് രേഖാംശം (longitude). ഭൂമദ്ധ്യ രേഖക്ക് വടക്കോ തെക്കോ ആയി സ്ഥിതി ചെയ്യുന്നതിനെ അക്ഷാംശം (latitude) കൊണ്ട് സൂചിപ്പിക്കുന്നു.

ഉദാ: ഒരു ഊര്, പഞ്ചായത്തിന്റെ ഏതു ഭാഗത്ത് സ്ഥിതി ചെയ്യുന്നു എന്നത് രേഖാംശവും അക്ഷാംശവും ഉപയോഗിച്ച് അറിയാൻ സാധിക്കും.


9° 57’ N · 76° 17 E

### (vi) ചരിവ് (Slope)

ഒരു പ്രദേശത്തിന്റെ ചരിവ് സൂചിപ്പിക്കുന്നത് ഉപരിതലത്തിന്റെ ഉയരത്തിലുള്ള ഏറ്റക്കുറച്ചിലുകളെയാണ്. ഓരോ സ്ഥലത്തിന്റെയും ചരിവ് വിഭാഗങ്ങളെ രേഖപ്പെടുത്തുമ്പോൾ അവിടുത്തെ ചരിവിന്റെ മാനം, രൂപം, സങ്കീർണ്ണത, വ്യാപ്തി എന്നിവയും കണക്കിലെടുക്കേണ്ടതുണ്ട്. ചരിവിന്റെ മാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രസ്തുത ഉപരിതലം നിരപ്പായ പ്രതലവുമായി പരസ്പരം ഛേദിക്കുമ്പോൾ ഉണ്ടാകുന്ന കോണിന്റെ ഒരു രൂപമാണ്. രണ്ട് ബിന്ദുക്കൾ തമ്മിലുള്ള ഉയരവ്യത്യാസത്തെ ആ ബിന്ദുക്കൾ തമ്മിലുള്ള അകലത്തിന്റെ ശതമാനമായിട്ടാണ് രേഖപ്പെടുത്തുന്നത്. ഓരോ പ്രദേശത്തുമുണ്ടാകുന്ന ഭൂഗർഭജല റീച്ചാർജിങ്, മണ്ണൊലിപ്പ് എന്നിവ ചരിവിന്റെ സങ്കീർണ്ണതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഉപരിതലത്തിൽ ഏത് ദിശയിലായാണ് ചരിവ് എന്നതാണ് ചരിവിന്റെ രൂപം കൊണ്ട് ഉദ്ദേശിക്കുന്നത്. സാധാരണ ഗതിയിൽ ചരിവ് വർദ്ധിക്കുന്നതനുസരിച്ച് മണ്ണൊലിപ്പ് വർദ്ധിക്കാൻ സാധ്യതയുണ്ട്.



FRA Handbook inner_New_V6.indd 153 02-09-2024 17:26:15





**ചിത്രം 14: ഭൂമിയുടെ ചരിവ് സൂചിപ്പിക്കുന്ന ഭൂപടം**

### (vii) ഭൂവിനിയോഗം (Land Use Land Cover- LULC)

ഭൂമിയുടെ ഉപരിതലത്തിൽ കാണപ്പെടുന്ന എല്ലാ മനുഷ്യനിർമ്മിത, പ്രകൃതിദത്ത വസ്തുക്കളും ഭൗമഘടകങ്ങളും ഇതിൽ ഉൾപ്പെടുന്നു.


നീർത്തടപ്രദേശത്തിലെ വ്യത്യസ്ത ഭൂവിനിയോഗരീതികൾ, അവയുടെ വ്യത്യാസം എന്നിവ പ്രതിപാദിക്കുന്ന ഭൂപടമാണിത്. ഓരോ ഭൂവിനിയോഗരീതിയും വ്യത്യസ്ത ചിഹ്നങ്ങളുടെ സഹായത്താൽ രേഖപ്പെടുത്തിയിരിക്കുന്നു. വയലുകൾ, നിർമ്മിതി പ്രദേശങ്ങൾ, വനഭൂമി, ജലാശയങ്ങൾ, മിച്ചഭൂമി, പഞ്ചായത്ത് അതിർത്തി മുതലായവ ഈ ഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.




**ചിത്രം 15: പ്രദേശത്തെ ഭൂവിനിയോഗം സൂചിപ്പിക്കുന്ന ഭൂപടം**

### (viii) മണ്ണ് (Soil)

അപചയ പ്രക്രിയയിലൂടെ ശിലകൾ പൊടിഞ്ഞും ജൈവാവശിഷ്ടങ്ങൾ ജീർണിച്ച് ചേർന്നും അതിദീർഘകാലത്തെ പ്രക്രിയകൾ വഴിയാണ് ഇന്ന് കാണുന്ന മണ്ണ് രൂപം കൊണ്ടിട്ടുള്ളത്. ഒരിഞ്ച് കനത്തിൽ മണ്ണ് രൂപപ്പെടാൻ ആയിരത്തിലധികം വർഷങ്ങൾ വേണ്ടിവരും. മണ്ണിന്റെ രൂപീകരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ് ഭൂപ്രകൃതി, കാലാവസ്ഥ, സസ്യങ്ങളും ജന്തുക്കളും, മാതൃശില, സമയം തുടങ്ങിയവ. ഭൂപ്രകൃതി, കാലാവസ്ഥ തുടങ്ങിയവയിലുള്ള അന്തരങ്ങൾ മൂലം വ്യത്യസ്തങ്ങളായ മണ്ണിനങ്ങൾ രൂപപ്പെടുന്നു.




**ചിത്രം 16: പ്രദേശത്തെ മണ്ണിനെ കുറിച്ചുള്ള ഭൂപടം**



FRA Handbook inner_New_V6.indd 156 02-09-2024 17:26:20

സ്കെയിലിന്റെ അടിസ്ഥാനത്തിൽ ഭൂപടത്തെ രണ്ടായി തരംതിരിക്കാം:

1. ലാർജ് സ്കെയിൽ മാപ്പ് (Large scale map)
2. സ്മാൾ സ്കെയിൽ മാപ്പ് (Small scale map)

**ലാർജ് സ്കെയിൽ മാപ്പ് (Large Scale Map)**

ഒരു ചെറിയ പ്രദേശത്തെ കാണിക്കാൻ ലാർജ് സ്കെയിൽ മാപ്പ് ഉപയോഗിക്കും.

ഉദാ : പഞ്ചായത്ത് മാപ്പ്




**ചിത്രം 17: അട്ടപ്പാടിയുടെ പഞ്ചായത്ത് ഭൂപടം**

**സ്മാൾ സ്കെയിൽ മാപ്പ് (Small Scale Map)**

ഒരു വലിയ പ്രദേശത്തെ കാണിക്കാൻ സ്മാൾ സ്കെയിൽ മാപ്പ് ഉപയോഗിക്കും

ഉദാ : ഇന്ത്യയുടെ ഭൂപടം




**ചിത്രം 18: ജില്ലാ ഭൂപടത്തിൽ അട്ടപ്പാടി**

### III.2.D കഡസ്ട്രൽ മാപ്പ് (Cadastral Map)

ഒരു സ്ഥലത്തെ ഭൂതലത്തിന്റെ അളവുകളുടേയും അതിരുകളുടേയും സമഗ്രമായ റെക്കോർഡിങ്ങാണ് കഡാസ്റ്റൽ. ഒരു കഡസ്ട്രൽ മാപ്പിൽ ഇത് ഒരു ചിത്രത്തിന്റെ രൂപത്തിൽ പ്രതിനിധീകരിക്കുന്നു.




**ചിത്രം 19: കഡസ്ട്രൽ ഭൂപടം**

### III.2.E ജി. ഐ. എസ്സ് (GIS)

ഭൂമിശാസ്ത്രപരമായ വിവരങ്ങൾ ശേഖരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള സാങ്കേതിക വിദ്യയാണ് ജിയോ ഇൻഫോർമാറ്റിക്സ് (Geo Informatics).

1. ജി. ഐ. എസ്സ് (GIS)
2. ജി. പി. എസ് (GPS)
3. വിദൂര സംവേദനം (Remote sensing)

### (i) ജി. ഐ. എസ്സ് (Geographical Information System/GIS)

ഭൂപടങ്ങളിൽ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തനങ്ങൾ ചിത്രീകരിക്കുന്നതിനാണ് ഭൂവിവരവ്യവസ്ഥ എന്ന് വിശേഷിപ്പിക്കുന്നത്. അതായത് ഒരു വിവരത്തിന്റെ അല്ലെങ്കിൽ ഒരു സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുക, വിശദീകരിക്കുക, ചിത്രീകരിക്കുക. ഇതാണ് GIS പ്രക്രിയ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

ഭൂമിയുടെ ഉപരിതല സവിശേഷതകളെ ഒരു സെർവറിൽ ഭൂപടങ്ങളായി സംഭരിച്ച സൂക്ഷിച്ചാൽ ഈ ഡാറ്റാബേസ് (database) ആവശ്യാനുസരണം മാറ്റം വരുത്താൻ സാധിക്കും. GIS പ്രവർത്തനങ്ങളെ രണ്ടായി തിരിക്കാം:

- വിവരങ്ങളുടെ ശേഖരണവും ഭൂപട നിർമ്മാണവും
- വിവരങ്ങളുടെ അപഗ്രഥനവും ചിത്രീകരണവും

ഭൂമിസർവേ, ഫോറം മുഖേന വിവര ശേഖരണം, GPS, ഉപഗ്രഹചിത്രങ്ങൾ തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് GIS വിവരങ്ങൾ ശേഖരിക്കുന്നത്. ഈ വിവരങ്ങൾ ഡാറ്റാബേസിലേക്ക് ശേഖരിക്കുകയും വിവിധ മാപ്പ് ലേയറുകളുകളായി ഉപയോഗിക്കുകയും ചെയ്യാം.

1. വിഭവ മാപ്പിംഗ്
2. നീർത്തട മാപ്പിംഗ്
3. ആസ്തി മാപ്പിംഗ്

### III.2.F ഗ്ലോബൽ പൊസിഷനിങ്ങ് സിസ്റ്റം (GPS)

ഭൂമിയിൽ എവിടെ നിന്നുകൊണ്ടും ഏതു സമയത്തും ഏതു കാലാവസ്ഥയിലും സ്ഥാനവും സമയവും GPS പ്രദാനം ചെയ്യുന്നു. ഇതിനായി നാലോ അതിലധികമോ നേർക്കാഴ്ചക്ക തടയില്ലാത്ത GPS ഉപഗ്രഹം ആവശ്യമാണ്. GPS ആഗോള തലത്തിൽ സൈനികം, വാണിജ്യം എന്നീ പ്രവർത്തനങ്ങളിൽ അത്യന്താപേക്ഷിതമാണ്. GPS സാമ്പത്തിക വളർച്ചക്കും തൊഴിൽ വർദ്ധനവിനും ആക്കം കൂട്ടിയിട്ടുണ്ട്. മുഖ്യമായ മൂന്ന് ഉപഘടകങ്ങളാണ് GPS സാങ്കേതികവിദ്യയുടെ നെടുംതൂണായി വർത്തിക്കുന്നത്:

1. സ്പേസ് വിഭാഗം
2. നിയന്ത്രണ വിഭാഗം
3. ഉപയോഗ വിഭാഗം

**(i) സ്പേസ് വിഭാഗം**

GPS ഉപകരണത്തിൽ വിവരങ്ങൾ ഏർപ്പാടാക്കുന്ന ഉപഗ്രഹ കൂട്ടായ്മ സ്പേസ് വിഭാഗത്തിൽ ഉൾപ്പെടുന്നു.

**(ii) നിയന്ത്രണ വിഭാഗം**

GPS ഉപഗ്രഹങ്ങളെ മാത്രം അടിസ്ഥാനമാക്കിയുള്ള ഒരു സാങ്കേതിക വിദ്യയല്ല. ഉപഗ്രഹങ്ങളോടൊപ്പം ഭൗമോപരിതലത്തിൽ സ്ഥിതി ചെയ്യുന്ന നിയന്ത്രണ കേന്ദ്രങ്ങൾ ഈ സാങ്കേതിക വിദ്യയുടെ ഒരു പ്രധാനപ്പെട്ട ഭാഗമാണ്.

**(iii) ഉപയോഗ വിഭാഗം**

GPS സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന ഉപകരണം, ഉപഭോക്താവ് എന്നിവ ഉപയോഗ വിഭാഗത്തിന്റെ കീഴിൽ വരുന്നു.

**(iv) GPS കൊണ്ടുള്ള പ്രയോജനങ്ങൾ**

GPS സാങ്കേതിക വിദ്യയുടെ ചില ഉപയോഗങ്ങൾ താഴെ

വിവരിച്ചിരിക്കുന്നു:

1. ഒരു വസ്തുവിന്റെ അല്ലെങ്കിൽ വ്യക്തിയുടെ നിലവിലെ സ്ഥാനം അടയാളപ്പെടുത്തുക

2. യാത്രകളുടെ വിവരങ്ങൾ ഭൂപടത്തിൽ രേഖപ്പെടുത്തുക
3. രണ്ട് സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന, എളുപ്പത്തിൽ സഞ്ചാര യോഗ്യമായ പാത നിർദ്ദേശിക്കുക
4. രണ്ട് സ്ഥലങ്ങൾക്കിടയിലുള്ള യാത്രയ്ക്ക് എടുക്കുന്ന സമയം പ്രസ്താവിക്കുക

### III.2.G വിദൂര സംവേദനം (Remote Sensing)

ഒരു വസ്തുവിനെയോ സംഭവത്തെയോ കുറിച്ചുള്ള വിവരങ്ങൾ, ആ വസ്തു/സംഭവവുമായി പ്രത്യക്ഷ ബന്ധമില്ലാതെ ശേഖരിക്കുന്ന ശാസ്ത്രശാഖയാണ് വിദൂര സംവേദനം എന്ന് അറിയപ്പെടുന്നത്. പ്രായോഗികമായി, കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള കാമറകൾ, വിമാനങ്ങളിൽ ഘടിപ്പിച്ച കാമറകൾ, മറ്റ് സംവേദഗങ്ങൾ തുടങ്ങിയ സങ്കേതിക വിദ്യകളുപയോഗിച്ച് വിവര ശേഖരണം നടത്തുന്നതിനെയാണ് വിദൂരസംവേദനം എന്ന് വിളിക്കുന്നത്. പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കി വിദൂര സംവേദനത്തെ മൂന്നായി തിരിക്കുന്നു:

1. ഭൂതല ഛായാഗ്രഹണം (Terrestrial Photography)
2. ആകാശീയ വിദൂര സംവേദനം (Aerial Remote Sensing)
3. ഉപഗ്രഹ വിദൂര സംവേദനം (Satellite Remote Sensing)





**ചിത്രം 20: വിദൂര സംവേദനം**



FRA Handbook inner_New_V6.indd 161 02-09-2024 17:26:21

### III.2.H ജിയോ ടാഗിംഗ് (Geo-tagging)

ഒരു ഡിജിറ്റൽ ഫോട്ടോയുടെ അല്ലെങ്കിൽ വീഡിയോയുടെ രേഖാംശവും അക്ഷാംശവും രേഖപ്പെടുത്തുന്നതിനെയാണ് ജിയോ ടാഗിംഗ് എന്ന് പറയുന്നത്.




**ചിത്രം 21: ജിയോ ടാഗിങ്ങ്**

### III.2.I GISന്റെ വനാവകാശ നിയമത്തിലുള്ള സാധ്യതകൾ

**(i) വനാവകാശ നിയമത്തിന് കീഴിൽ തെളിവ് സമർപ്പിക്കുവാൻ**

വനാവകാശ നിയമത്തിന്റെ കീഴിൽ വ്യക്തിഗത അവകാശങ്ങളും, സാമൂഹിക അവകാശങ്ങളും കൈവരിക്കുന്നതിനായി



FRA Handbook inner_New_V6.indd 162 02-09-2024 17:26:21

തെളിവായി ഭൂപടങ്ങൾ സമർപ്പിക്കാവുന്നതാണ്. ഇതിന് ഏറ്റവും ഉചിതമായ ഒരു സംവിധാനമാണ് GIS മുഖേന തയ്യാറാക്കിയ ഭൂപടങ്ങൾ. സാധാരണയായി കൈ കൊണ്ടു വരയ്ക്കുന്ന ഭൂപടങ്ങളും തെളിവായി സമർപ്പിക്കാമെങ്കിലും കൂടുതൽ കൃത്യതയോടെ തയ്യാറാക്കാവുന്നതും, മാറ്റങ്ങൾ വരുന്നതനുസരിച്ച് എളുപ്പത്തിൽ വ്യത്യാസങ്ങൾ രേഖപ്പെടുത്താൻ സാധ്യമാക്കുന്നതുമായ ഒരു സംവിധാനമാണ് GIS. ജിയോ ടാഗിങ്ങ് (Geo tagging) മുഖേനയും, GPS മുഖേനയും ഇത് കൂടുതൽ ഫലപ്രദമാക്കാൻ സാധിക്കും.

**(ii) പ്രകൃതി വിഭവ പരിപാലനം**

ഭൂവിനിയോഗം സംബന്ധിച്ച് വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി GIS ഉപയോഗിക്കാം. വിവിധ തരം ഭൂവിനിയോഗ രീതി വ്യത്യസ്ത ചിഹ്നങ്ങളുടെ സഹായത്താൽ രേഖപ്പെടുത്താവുന്നതാണ്. കാടിന്റെ അതിർത്തി, കുളങ്ങൾ, അരുവികൾ, കുടിലുകൾ, കൃഷി ഇടങ്ങൾ, മിശ്രിത വിളകൾ, മുതലായവ ഈ ഭൂപടത്തിൽ രേഖപ്പെടുത്താം. അതിനു എന്തെല്ലാം ഭൂവിനിയോഗങ്ങളാണോ ഉള്ളത് അതെല്ലാം ജിയോ ടാഗിങ്ങ് (Geo-tagging) ചെയ്തു സൂക്ഷിക്കാം.




**ചിത്രം 22: പ്രകൃതി വിഭവ മാപ്പിങ്ങ്**



FRA Handbook inner_New_V6.indd 163 02-09-2024 17:26:21

### (iii) സാമൂഹിക നീതി ഉറപ്പാക്കൽ

GIS ഉപയോഗിച്ച് ഊരുകൾ രേഖപ്പെടുത്താവുന്നതാണ്. വനാവകാശ നിയമത്തിന്റെ നടത്തിപ്പിനെ കൂടുതൽ ശക്തിപ്പെടുത്താൻ ഈ രീതിയിലുള്ള ഇടപെടലുകൾ സഹായിക്കും. ഊരുകളിലെ ജനനം, മരണം, രോഗങ്ങൾ, രോഗങ്ങളിലെ വ്യത്യാസം, വരുമാനം, ചെലവുകൾ, ലഭ്യമായ വിഭവങ്ങൾ, ആസ്തികൾ, വരുമാനം, വിദ്യാഭ്യാസ നിലവാരം, ആശുപത്രികളുടെ സ്ഥാനങ്ങൾ, പ്രധാന സേവന മേഖലകൾ എന്നിവയെ ആശ്രയിച്ച് ജനങ്ങളുടെ പ്രായവും ലിംഗ ഭേദവും സാമ്പത്തികശേഷിയും കണക്കിലെടുത്ത് കൊണ്ട് തന്നെ ഒരു പ്രദേശത്തെ സുപ്രധാന ഭൂവിനിയോഗ തീരുമാനങ്ങൾ എടുക്കാൻ സഹായിക്കും. ഇത് ഊരിന്റെ സുദീർഘമായ അതിജീവന ക്ഷമത വർദ്ധിപ്പിക്കുവാൻ സഹായകമാകും.

**അവലംബം:**

Burrough, P. A. (1990). Principles of Geographical Information Systems for land resources assessment. Clarendon Pr.

Laurini, R., & Thompson, D. (1996). Fundamentals of Spatial Information Systems. Acad. Press.

Leick, A. (2003). GPS Satellite Surveying. Wiley.



# യൂണിറ്റ് III: സമൂഹവനവിഭവ മേഖല പരിപാലനത്തിനാവശ്യമായ നൈപുണ്യ പരിശീലനം (ഭാഗം-1)

## വിഷയം 3: അക്കൗണ്ടൻസി- അത്യാവശ്യമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

### III.3.A അക്കൗണ്ടിംഗ് എന്താണ്?

ദൈനംദിന സാമ്പത്തിക ഇടപാടുകളെ ഒരു അംഗീകൃത മാതൃകയിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും, അവയെ തിയ്യതി, ഇനം, ഇടപാടിന്റെ ഘടന, സ്വഭാവം എന്നിവ നോക്കി വേർതിരിച്ച് ക്രോഡീകരിച്ച് അവയുടെ സംക്ഷിപ്ത രൂപം തയ്യാറാക്കുന്ന ഒരു കല ആണ് അക്കൗണ്ടിംഗ്. ഒരു സ്ഥാപനത്തിന്റെ ആസ്തി-ബാധ്യതകൾ തിട്ടപ്പെടുത്തുന്നതിന് വേണ്ടിയാണ് ഇപ്രകാരം സാമ്പത്തിക ഇടപാടുകളെ രേഖപ്പെടുത്തി സൂക്ഷിക്കുന്നത്.

**ഉദാഹരണം:**

ഊരുകൂട്ടത്തിന് 100000 രൂപ മുടക്കി ഒരു ഇക്കോഷോപ്പ് തുടങ്ങണം.എങ്ങനെ ഇത് കണക്ക് ബുക്കിൽ രേഖപെടുത്താം.

### III.3.B അക്കൗണ്ടിങ്ങുമായി ബന്ധപ്പെട്ട ചില പ്രധാന പദങ്ങൾ

രസീത്, ബില്ല്, വൗച്ചർ, നാൾവഴി, പേരേട്, ചെക്ക്, അഡ്വാൻസ്, പർചേസ്, കാപിറ്റൽ, അസറ്റ് (asset)/ആസ്തി, ബാധ്യതകൾ, സ്റ്റോക്ക്, സാമ്പത്തിക വർഷം, നികുതികൾ, നിക്ഷേപം.



FRA Handbook inner_New_V6.indd 165 02-09-2024 17:26:21

### (i) രസീത്

എന്തൊക്കെ ഉണ്ടാകണം: സ്ഥാപനത്തിന്റെ പൂർണ്ണ മേൽവിലാസം, മെഷീൻ നമ്പർ, തിയ്യതി, പണം തന്നെയാളുടെ പൂർണ്ണ മേൽവിലാസം, എന്താവശ്യത്തിന് പണം നൽകി, തുക (അക്കത്തിലും അക്ഷരത്തിലും എഴുതണം), കൈപ്പറ്റിയ വ്യക്തിയുടെ പേരും, ഔദ്യോഗിക സ്ഥാനവും, ഒപ്പും വേണം. ഓരോ രസീതും ഇരട്ടിപ്പിൽ അച്ചടിക്കണം.

### (ii) നാൾവഴി

എന്താണ് നാൾവഴി? എന്തിനാണ് ഇത് സൂക്ഷിക്കുന്നത്? എങ്ങനെ ഒരു നാൾ വഴി എഴുതും?

നാൾവഴി എഴുതുമ്പോൾ ഓരോ ഇടപാടുകളും (Transactions) രേഖപ്പെടുത്തുന്നതിനു മുൻപ് അവ ഏതു തലക്കെട്ടിൽ (Head of Accounts) ആണ് വരുന്നത് എന്ന് തിരിച്ചറിയണം. അങ്ങനെ ഒരേ തലക്കെട്ടിൽ വരുന്ന ഇടപാടുകളെ എപ്പോഴും അതേ തലക്കെട്ടിനു കീഴിൽ മാത്രമേ ചേർക്കാവൂ. ഇപ്രകാരം എല്ലാ വരവുകളെയും (Receipts) വരവ് കോളത്തിലും, എല്ലാ ചെലവുകളെയും (Payments) ചെലവു കോളത്തിലും രേഖപ്പെടുത്തി ദൈനംദിന ക്യാഷ് നീക്കിയിരിപ്പും എഴുതി സൂക്ഷിക്കുന്ന രജിസ്റ്ററിനെയാണ് നാൾവഴി എന്ന് പറയുന്നത്.

### (iii) പേരേട്

നാൾവഴിയിലെ ഓരോ തലക്കെട്ടുകൾക്കും ഓരോ പ്രത്യേക പേജ് എടുത്ത് ആ പേജിന്റെ മുകളിൽ ആ തലക്കെട്ടു രേഖപ്പെടുത്തി, ആ പ്രത്യേക തലക്കെട്ടോടു കൂടി നാൾവഴിയിൽ രേഖപ്പെടുത്തിയിട്ടുള്ള ഇടപാടുകളെ എല്ലാം ദിവസ ക്രമത്തിൽ അതേ പേജിൽ ക്രമമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനെ ആണ് പേരേട് ചേർക്കൽ എന്ന് പറയുന്നത്. ഇങ്ങനെ ഓരോ പേജുകളിലും എഴുതി തയ്യാറാക്കുന്ന രജിസ്റ്ററിനെയാണ് പേരേട് എന്ന് വിളിക്കുന്നത്.



FRA Handbook inner_New_V6.indd 166 02-09-2024 17:26:21

**(iv) എങ്ങനെ ഒരു ട്രയൽ ബാലൻസ് എടുക്കാം?**

ഏത് ദിവസം വരെയുള്ള വരവ്-ചെലവ് കണക്കുകളുടെ വിവരങ്ങളാണോ നമുക്ക് അറിയേണ്ടത്, അന്ന് വരെയുള്ള പേരേട് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന ഉറപ്പു വരുത്തിയ ശേഷം പേരേടിലെ ഓരോ പേജും കൂട്ടി നോക്കി നീക്കിയിരിപ്പ് രേഖപ്പെടുത്തണം. അതിനു ശേഷം ഓരോ പേജും ക്രമമായി എടുത്ത് ഓരോ പേജിലെയും നീക്കിയിരുപ്പ് മനസ്സിലാക്കി വരവ് കോളത്തിൽ അന്നേ ദിവസം വരെയുള്ള നീക്കിയിരുപ്പുകളെ വരവ് ഭാഗത്തും, ചെലവു കോളത്തിലെ നീക്കിയിരുപ്പുകളെ ചെലവ് ഭാഗത്തും, നാൾവഴിയിലെ അന്നേ ദിവസത്തെ ക്യാഷ് നീക്കിയിരുപ്പ് ചെലവ് ഭാഗത്തും എടുത്തെഴുതി, ഇരുഭാഗത്തെയും ആകെ തുക തുല്യമാണെങ്കിൽ നമ്മുടെ അക്കൗണ്ട് കുറ്റമറ്റ രീതിയിലാണെന്ന് ഉറപ്പാക്കാം. അന്ന് വരെയുള്ള സാമ്പത്തികമായ എല്ലാ ഇടപാടുകളുടെയും കൃത്യമായ അവസ്ഥ വ്യക്തമായി മനസ്സിലാകുകയും ചെയ്യും.

**(v) രജിസ്റ്ററുകൾ/ രേഖകൾ**

ഒരു സംഘടന എന്ന നിലയിൽ സൂക്ഷിക്കേണ്ടതായ പ്രധാന രേഖകളും രജിസ്റ്ററുകളും സംബന്ധിച്ച് വ്യക്തമായി അറിഞ്ഞിരിക്കണം.

**രജിസ്റ്ററുകൾ:**

- അംഗത്വ രജിസ്റ്ററേഷൻ
- മിനുറ്റ്സ് ബുക്ക്- പൊതുയോഗം
- മിനുറ്റ്സ് ബുക്ക്- എക്സ്ക്യൂട്ടീവ് കമ്മിറ്റി
- നാൾവഴി
- പേരേട്
- സ്റ്റോക്ക് രജിസ്റ്റർ
- ആസ്തി രജിസ്റ്റർ

**രേഖകൾ:**

- രജിസ്റ്ററേഷൻ സർട്ടിഫിക്കേറ്റ്
- ബാങ്ക് പാസ്സ് ബുക്കുകൾ
- ചെക്ക് ബുക്കുകൾ മുതലായവ



FRA Handbook inner_New_V6.indd 168 02-09-2024 17:26:21



# യൂണിറ്റ് III: സമൂഹവനവിഭവ മേഖല പരിപാലനത്തിനാവശ്യമായ നൈപുണ്യ പരിശീലനം (ഭാഗം–1)

## വിഷയം 4: മീറ്റിംഗുകൾ

### III.4.A നോട്ടീസ്

യോഗ ദിവസത്തിന് 15 ദിവസം മുൻപ് ഗ്രാമസഭയിലെ എല്ലാ അംഗങ്ങൾക്കും നോട്ടീസ് നൽകേണ്ടതും, നോട്ടീസ് കൈപ്പറ്റിയ രസീത് വാങ്ങുകയും ചെയ്യണം. (ഒരു നോട്ട് ബുക്കിൽ എഴുതി അംഗങ്ങളെ കൊണ്ട് ഒപ്പിട്ടു വെച്ചാൽ മതിയാകും)

### III.4.B ക്വാറം

നിയമാനുസൃതമുള്ള ക്വാറം ഓരോ യോഗത്തിലും ഉണ്ടെന്ന് ഉറപ്പാക്കിയതിന് ശേഷമേ യോഗം തുടങ്ങാവൂ.

### III.4.C അജണ്ട

ഒരു യോഗം എന്തിന് വേണ്ടിയാണ് പ്രധാനമായും (ഉദ്ദേശ്യം) വിളിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കി അവയെ ക്രമപ്രകാരം നോട്ടീസിൽ രേഖപ്പെടുത്തുന്നതാണ് അജണ്ട.

### III.4.D യോഗങ്ങൾ

യോഗങ്ങൾ പലതരത്തിലുണ്ട്. പൊതുസമ്മേളനങ്ങൾ, പൊതു യോഗങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ എന്നിവയാണ് പ്രധാനമായും നടത്താറുള്ള യോഗങ്ങൾ.



FRA Handbook inner_New_V6.indd 169 02-09-2024 17:26:21

പൊതുസമ്മേളനങ്ങൾ: ഏതെങ്കിലും ചില വിഷയങ്ങൾ/ പ്രശ്നങ്ങൾ പൊതു സമൂഹത്തിന്റെ ഇടയിൽ എത്തിക്കുന്നതിനായി ഒരു പ്രദേശത്തെ ജനങ്ങളെ ആകമാനം പങ്കെടുപ്പിക്കുന്നതിനായി ലക്ഷ്യമിട്ടു ചേരുന്ന യോഗങ്ങളാണ് ഇവ. ഇത്തരം യോഗങ്ങൾക്കു ക്വാറം ആവശ്യമില്ല. സാധാരണ എഴുതാറുള്ളത് പോലെ മിനുട്ട്സ് ബുക്കിൽ ഹാജർ രേഖപ്പെടുത്തുക, മിനുട്ട്സ് രേഖപ്പെടുത്തുക എന്നിവ ഇത്തരം യോഗങ്ങളിൽ ആവശ്യമില്ല. എന്നിരുന്നാലും യോഗത്തിൽ ഉയർന്നു വരുന്ന പ്രധാന പ്രഖ്യാപനങ്ങൾ, നിർദ്ദേശങ്ങൾ എന്നിവയും പങ്കെടുക്കുന്നവരുടെ വിശദാംശങ്ങളും ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് തയ്യാറാക്കി ഒരു ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

പൊതുയോഗങ്ങൾ: ഒരു സംഘടനയിൽ അംഗമായിട്ടുള്ളവരെ മാത്രം ക്ഷണിച്ച് ഒരു യോഗം സംഘടിപ്പിക്കുന്നതിനായാണ് പൊതു യോഗങ്ങൾ (General Body Meeting) എന്ന് പറയുക. ഇതിനു നിയമാവലി പറയുന്നതു പ്രകാരമുള്ള ക്വാറം ഉറപ്പാക്കേണ്ടതാണ്. നിശ്ചിത ദിവസത്തെ നോട്ടീസ് നൽകി വേണം യോഗം വിളിക്കേണ്ടത്.

എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ: ഒരു സംഘടനയുടെ നിയമാവലി അനുശാസിക്കും പ്രകാരം തിരഞ്ഞെടുക്കുന്ന എക്സീക്യൂട്ടിവ് കമ്മിറ്റിയുടെ യോഗത്തെയാണ് എക്സിക്യൂട്ടിവ് കമ്മിറ്റി യോഗം എന്ന് പറയുന്നത്. നിശ്ചിത ദിവസത്തെ നോട്ടീസ് നൽകി ക്വാറം ഉറപ്പാക്കി വേണം യോഗം നടത്തുവാൻ.

അടിയന്തര യോഗങ്ങൾ : അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 24 മണിക്കൂർ കാലയളവിലെ നോട്ടീസ് നൽകി വിളിക്കുന്ന യോഗങ്ങളാണ് അടിയന്തര യോഗങ്ങൾ. ഇവയ്ക്കു ക്വാറം അനിവാര്യമല്ല.

**(i) യോഗ നടപടികൾ**

അദ്ധ്യക്ഷൻ: സാധാരണ ഗതിയിൽ പ്രസിഡന്റായിരിക്കും യോഗാദ്ധ്യക്ഷൻ. അല്ലാത്ത പക്ഷം ബൈ ലോയിൽ പറയുന്ന



FRA Handbook inner_New_V6.indd 170 02-09-2024 17:26:22

പ്രകാരം അദ്ധ്യക്ഷനെ തിരഞ്ഞെടുക്കണം. യോഗം നയിക്കുന്നത് അദ്ധ്യക്ഷനായിരിക്കും. അദ്ധ്യക്ഷന്റെ അനുവാദം ഇല്ലാത്ത വിഷയങ്ങൾ യോഗത്തിൽ ഉന്നയിക്കപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തണം.

കാര്യപരിപാടി: യോഗത്തിലേക്ക് അംഗങ്ങളെ സ്വാഗതം ചെയ്തു കൊണ്ടാണ് യോഗം ആരംഭിക്കുന്നത്. സാധാരണയായി കാര്യപരിപാടി താഴെ പറയുന്ന ക്രമത്തിലാണ് ഉണ്ടാകാറ്.

1. സ്വാഗതം
2. അദ്ധ്യക്ഷ പ്രസംഗം (ഉപക്രമം)
3. റിപ്പോർട്ടിംഗ്
4. അജണ്ട ഇനങ്ങൾ
5. ചർച്ചകൾ
6. ഉപസംഹാരം
7. കൃതജ്ഞത

യോഗം ആരംഭിക്കുന്നതിന് മുൻപ് കാര്യ പരിപാടികൾ വായിച്ച് അംഗീകാരം തേടേണ്ടതാണ്.

മിനിട്ട്സ്: യോഗ ആരംഭം മുതൽ അവസാനം വരെയുള്ള നടപടികൾ റിപ്പോർട്ട് ചെയ്യുന്നതാണ് മിനിട്ട്സ്. സാധാരണയായി സെക്രട്ടറിയോ അല്ലെങ്കിൽ ഇതിനായി പ്രത്യേകം നിയോഗിക്കുന്ന വ്യക്തിയോ ആണ് മിനിട്ട്സ് എഴുതുന്നത്. ഹാജരും പ്രധാന പോയിന്റുകളും തീരുമാനങ്ങളും മാത്രമേ മിനിട്ട്സിൽ രേഖപ്പെടുത്തേണ്ടതായുള്ളൂ. തീരുമാനങ്ങൾ രേഖപ്പെടുത്തുമ്പോൾ തീരുമാനം നമ്പർ/തിയ്യതി എന്ന രീതിയിൽ ചേർക്കണം. ഉപസംഹാരത്തിന്റെ ഭാഗമായി മിനിട്ട്സ് വായിച്ച് യോഗത്തിന്റെ അംഗീകാരം നേടേണ്ടതും മിനിട്ട്സ് അവസാനിപ്പിച്ച് അദ്ധ്യക്ഷനും മിനിട്ട്സ് എഴുതിയ വ്യക്തിയും ഒപ്പിടേണ്ടതാണ്.



FRA Handbook inner_New_V6.indd 171 02-09-2024 17:26:22

മിനിട്ട്സ് എഴുതാനുള്ള മാതൃക

1. മീറ്റിംഗ് നടക്കുന്ന സ്ഥലം, തീയതി, സമയം
2. അദ്ധ്യക്ഷൻ
3. അജണ്ട
4. ഹാജർ (ഓരോരുത്തരും വരുന്ന മുറയ്ക്ക്)
5. തീരുമാനങ്ങൾ (നമ്പർ നൽകണം)
6. മിനിട്ടസ് തയ്യാറാക്കുന്ന ആളുടെ പേരും ഒപ്പും തിയ്യതിയും

Note:-

1. യോഗം ആരംഭിച്ച് ഒന്നോ രണ്ടോ തീരുമാനങ്ങൾ രേഖപ്പെടുത്തി കഴിഞ്ഞാണ് ഒരാൾ വരുന്നതെങ്കിൽ മുകളിൽ ഹാജർ എത്ര വരെയാണോ എഴുതിയിട്ടുള്ളത് അതിന്റെ തുടർ നമ്പറായി തീരുമാനങ്ങൾ എഴുതിയിരിക്കുന്നതിന്റെ അടിയിൽ വേണം ഒപ്പിടേണ്ടത്.
2. ഓരോ അജണ്ട വിഷയങ്ങളിലും നടക്കുന്ന ചർച്ചകളിൽ പങ്കെടുക്കുന്നവരുടെ പേരും അവർ പറഞ്ഞ പ്രധാന വിഷയവും മാത്രം രേഖപ്പെടുത്തി, ഒടുവിൽ ആ വിഷയത്തിൽ ഉണ്ടായ പൊതു തീരുമാനം നമ്പർ കൊടുത്തു രേഖപ്പെടുത്തണം.

റിപ്പോർട്ടിംഗ്: മുൻയോഗത്തിന്റെ മിനിട്ട്സും മുൻയോഗത്തിനും നടപ്പ് യോഗത്തിനുമിടയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയാണ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. യോഗത്തിൽ അവതരിപ്പിക്കുന്ന റിപ്പോർട്ട് ചർച്ചകൾക്കും, മറുപടികൾക്കും വിധേയമാക്കേണ്ടതും, യോഗത്തിന്റെ അംഗീകാരം നേടേണ്ട തുമാണ്. യോഗം അംഗീകരിച്ച് കഴിഞ്ഞാൽ അദ്ധ്യക്ഷൻ "റിപ്പോർട്ട് യോഗം അംഗീകരിച്ചു" എന്ന് രേഖപ്പെടുത്തി ഒപ്പിടണം.



FRA Handbook inner_New_V6.indd 172 02-09-2024 17:26:22



# യൂണിറ്റ് III: സമൂഹവനവിഭവ മേഖല പരിപാലനത്തിനാവശ്യമായ നൈപുണ്യ പരിശീലനം (ഭാഗം–1)

## വിഷയം 5: സമൂഹവനവിഭവ മേഖല പരിപാലന പ്ലാനിന് ആവശ്യമായ ജൈവ വൈവിധ്യ നിരീക്ഷണവും വിലയിരുത്തലും

### III.5.A ജൈവവൈവിധ്യം – സൂക്ഷ്മനിരീക്ഷണം, പരിപാലനം: ആശയവും പ്രായോഗിക വിധികളും

വനാവകാശ നിയമത്തിലെ വകുപ്പ് അഞ്ചു പ്രകാരം, ഏതെങ്കിലും തരത്തിലുള്ള വനാവകാശം ലഭിച്ചിട്ടുള്ള വനാവകാശികൾ തങ്ങളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ നടപ്പിലാക്കുവാൻ ബാധ്യസ്ഥരാണ്. തങ്ങൾക്ക് വനാവകാശമായി ലഭിച്ച വനമേഖല പരമ്പരാഗതമായ അറിവുകൾ ഉപയോഗപ്പെടുത്തി പരിപാലിക്കുന്നതിനും, സംരക്ഷിക്കുന്നതിനും, പുനഃരുജ്ജീവനം ചെയ്യുന്നതിനും നിയമപരമായി അവകാശമുള്ളവരാണ് വനാവകാശികൾ. എന്നാൽ, ഇത്തരം കാര്യങ്ങൾ നടപ്പിലാക്കണമെങ്കിൽ തങ്ങളുടെ വനമേഖലയെപ്പറ്റി വിശദമായും, ശാസ്ത്രീയമായും മനസ്സിലാക്കിയേ തീരൂ. വളരെ ലളിതമായ രീതിയിൽ, പരിസ്ഥിതി, ആവാസവ്യവസ്ഥ, വനം, വന്യജീവികൾ, സസ്യവർഗ്ഗങ്ങൾ, ജൈവവൈവിധ്യം, വനവിഭവങ്ങൾ (മലഞ്ചരക്കുകൾ), വനമുൾക്കൊള്ളുന്ന ആവാസവ്യൂഹത്തിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ, വിവിധ നിരീക്ഷണ രീതികൾ തുടങ്ങിയവയെപ്പറ്റി വിശദീകരിക്കുന്ന പാഠഭാഗമാണ് ഇത്. സുസ്ഥിരമായ രീതിയിൽ വനാവകാശ

മേഖല എങ്ങനെ പരിപാലിക്കാം എന്നുള്ളത് ഈ പാഠഭാഗത്ത് നിന്ന് മനസ്സിലാക്കാൻ സാധിക്കും.

### (i) വന്യജീവി വൈവിധ്യം – പ്രധാനപ്പെട്ട ജീവികൾ, വ്യത്യസ്ത സാങ്കേതിക വിദ്യകൾ, പരമ്പരാഗത വിജ്ഞാനം സമന്വയിപ്പിച്ച് കൊണ്ടുള്ള ലളിതമായ ശാസ്ത്രീയ രീതികൾ

**എന്തിന്:** വനാവകാശ മേഖലയിലെ പ്രധാന വന്യജീവികൾ, അവയുടെ എണ്ണം, പ്രാധാന്യം, അവ നേരിടുന്ന ഭീഷണികൾ, അത്തരം ഭീഷണികൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ മുതലായ വിഷയങ്ങളിൽ വനാവകാശികൾക്ക് ചുരുങ്ങിയ രീതിയിലെങ്കിലും പരമ്പരാഗതമായവയും, അല്ലാതെയും ഉള്ള അറിവുകൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. വനാവകാശം നേടുന്നതിനും നിലനിർത്തുന്നതിനും പരിപാലന പ്രവർത്തനങ്ങൾ നടത്താനും ഇത്തരം അറിവുകൾ വളരെയധികം സഹായകമാകും.

വനാവകാശം ലഭിച്ച മേഖലയിൽ സ്ഥിരമായി കാണുന്ന വന്യജീവികൾ, അവയുടെ ആവാസവ്യവസ്ഥ, അവ നേരിടുന്ന ഭീഷണികൾ മുതലായ കാര്യങ്ങൾ നിരീക്ഷിച്ച് വന്യജീവി സംരക്ഷണത്തിൽ വനംവകുപ്പിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിന് വനാവകാശികൾക്ക് സാധിക്കും. വനാവകാശം തേടുന്നവരുടെ പൂർവികർ പരമ്പരാഗത അറിവുകൾ ഉപയോഗിച്ച് നടപ്പിലാക്കിയിരുന്ന വിവിധ സംരക്ഷണ പ്രവർത്തനങ്ങൾ പുതുതലമുറയിലേക്ക് പകർന്നു ലഭിക്കേണ്ടതിന് ആവശ്യമായ പദ്ധതികൾ ഊരുകൂട്ടത്തിന് തീരുമാനിക്കാവുന്നതാണ്. പരമ്പരാഗത അറിവുകൾക്കൊപ്പം ലളിതമായ ശാസ്ത്ര-സാങ്കേതിക വിദ്യകളും കൂടി ഉപയോഗിച്ച് വനാവകാശ മേഖലയിലെ വന്യജീവി നിരീക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാം. ഇക്കാര്യത്തിൽ വനം വകുപ്പിന്റെയും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളുടേയും, സ്വകാര്യ സ്ഥാപനങ്ങളുടേയും സഹായം തേടാവുന്നതാണ്. താഴെ നൽകിയിരിക്കുന്ന മാതൃക സൂക്ഷ്മനിരീക്ഷണം നടത്താനായി ഉപയോഗിക്കാവുന്നതാണ്.

കാട്ടിൽ പോയി വന്നതിനുശേഷം, നിരീക്ഷിച്ച കാര്യങ്ങൾ ഒരു റജിസ്റ്ററിൽ മേല്പറഞ്ഞ മാതൃകയിൽ രേഖപ്പെടുത്താവുന്നതാണ്.



FRA Handbook inner_New_V6.indd 174 02-09-2024 17:26:22

ഇത്തരം വിവരങ്ങൾ ഊരുകൂട്ടങ്ങളിൽ ചർച്ച ചെയ്യേണ്ടത് അത്യാവശ്യമാണ്.

### (ii) പരമ്പരാഗത അറിവുകളുടെയും സാങ്കേതിക വിദ്യകളുടെയും ഉപയോഗം

**എന്തിന്:** പല പരമ്പരാഗത അറിവുകളും പുതുതലമുറകളിലേക്ക് പകർന്നു കൊടുക്കാതിരിക്കുകയോ, നിലവിലുള്ള അറിവുകൾ കൃത്യമായി ഉപയോഗിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. ഈ സാഹചര്യങ്ങൾക്ക് മാറ്റം വന്നാലേ വനാവകാശം നേടാനും വനാവകാശ മേഖല കൃത്യമായി പരിപാലിക്കുവാനും സാധിക്കൂ.

വനസംരക്ഷണം, വനവിഭവങ്ങൾ, അവയുടെ ഉപയോഗം, പരിപാലനം, സുസ്ഥിരത, ആവാസവ്യവസ്ഥ, വന്യജീവി സംരക്ഷണം മുതലായ കാര്യങ്ങളിൽ പരമ്പരാഗത അറിവുകളും, രീതികളും മികച്ച രീതിയിൽ രേഖപ്പെടുത്തുകയും പുതു തലമുറയിലേക്ക് കൈമാറുകയും, അതോടൊപ്പം ലളിതമായ ശാസ്ത്ര-സാങ്കേതിക വിദ്യകൾ മേൽപറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യാൻ വനാവകാശികൾക്ക് സാധിക്കണം. ഇക്കാര്യത്തിൽ വനം വകുപ്പിന്റെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളുടേയും സ്വകാര്യ സ്ഥാപനങ്ങളുടെയും സഹായം ഗ്രാമസഭയിലൂടെ തേടാവുന്നതാണ്.

### III.5.B സുസ്ഥിരമായ വനവിഭവ ഉപയോഗവും പരിപാലനവും – ആശയങ്ങളും പ്രവർത്തി പരിചയവും

വനാവകാശികൾ തങ്ങളുടെ വനാവകാശ മേഖലയിലെ (തടിയേതര) ലഘുവിഭവങ്ങൾ (മലഞ്ചരക്കുകൾ) സുസ്ഥിരമായ രീതിയിൽ ശേഖരിക്കുകയും, ഉപയോഗിക്കുകയും ചെയ്യേണ്ടതുണ്ട്. മലഞ്ചരക്കുകളുടെ ലഭ്യത, ശേഖരണ രീതികൾ, ശേഖരിക്കേണ്ട അളവ്, പുനഃരുജ്ജീവന പ്രവർത്തനങ്ങൾ, വിഭവങ്ങൾ നേരിടുന്ന ഭീഷണികൾ, അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, മൂല്യവർദ്ധന രീതികൾ, മലഞ്ചരക്കുകളിൽ നിന്നു

# വന്യജീവി നിരീക്ഷണ രജിസ്റ്ററിന്റെ മാതൃക

തിയ്യതി- സമയം-

പാതയുടെ പേരും സ്ഥലവും- നിരീക്ഷകരുടെ പേരും ഊരും

| ക്രമ നമ്പർ | വന്യജീവി ഇനം | നിരീക്ഷിച്ച മൃഗങ്ങളുടെ ആകെ എണ്ണം | നേരിട്ട് കണ്ടവ, എണ്ണം | പരോക്ഷമായ കാഴ്ചകൾ (പോറലുകൾ/ കടുവയുടെ കാൽ പാടുകൾ/ ചാണകം/ കാഷ്ടം/ ഒച്ച ശബ്ദങ്ങൾ/ കൂടുകൾ) | മൃഗത്തിന്റെ അവസ്ഥ, നിരീക്ഷിക്കാനാകുമെങ്കിൽ (പരിക്കേറ്റവർ/മരിച്ചവ/ പ്രായം/ ലിംഗം) | കൂടുതൽ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | | | | | | |
| 2 | | | | | | |
| 3 | | | | | | |
| 4 | | | | | | |
| 5 | | | | | | |



FRA Handbook inner_New_V6.indd 176 02-09-2024 17:26:22

സുസ്ഥിരമായ വരുമാനം ഉറപ്പുവരുത്താനുള്ള കാര്യങ്ങൾ എന്നിവ വനാവകാശികൾ ശ്രദ്ധിച്ച് മനസ്സിലാക്കേണ്ട കാര്യങ്ങളാണ്.

**(i) സസ്യങ്ങൾ എങ്ങനെ തിരിച്ചറിയാം – ആവാസ വ്യവസ്ഥകളിലെ സൂചക വർഗ്ഗങ്ങളെ അടിസ്ഥാനമാക്കി പരിസ്ഥിതിയെ വിലയിരുത്തൽ.**

**എന്തിന്:** നമ്മൾ ആശ്രയിക്കുന്ന/ഉപയോഗിക്കുന്ന സസ്യങ്ങൾ/മരങ്ങൾ മാത്രം സംരക്ഷിച്ചാൽ പോരാ എന്നുള്ള തിരിച്ചറിവിനാണ് ഇവിടെ പ്രസക്തിയുള്ളത്. ഒരു ആവാസവ്യവസ്ഥയെ അതിന്റെ തനതു രീതിയിൽ നിലനിർത്തുന്നതിന് സഹായിക്കുന്ന വിവിധ തരം മരങ്ങൾ, ജീവജാലങ്ങൾ എന്നിവയെ തിരിച്ചറിഞ്ഞു രേഖപ്പെടുത്തുകയും അവയുടെ പ്രാധാന്യം മനസ്സിലാക്കി സംരക്ഷിക്കുകയും ചെയ്യുക എന്നുള്ളത് വനാവകാശികളുടെ ഉപജീവനവും ആവാസസുരക്ഷയും ഉറപ്പാക്കാൻ ആവശ്യമാണ്.

ഇത്തരം-കാടിനെക്കുറിച്ചും, മലഞ്ചരക്കുകളെക്കുറിച്ചും, ജീവജാലങ്ങളെക്കുറിച്ചുമൊക്കെ-അറിവുകൾ ഊരിലെ പ്രായമായ ആളുകളോട് ചോദിച്ച് മനസ്സിലാക്കേണ്ടതും, അവ കൃത്യമായി രേഖപ്പെടുത്തി ഈ തലമുറയുടെ ഉപയോഗത്തിനും വരുംതലമുറകൾക്കും കൂടി ആധുനിക വിവര-സാങ്കേതിക വിദ്യകളുപയോഗിച്ച് സൂക്ഷിച്ച് വെക്കാം. ഇക്കാര്യത്തിൽ വനം വകുപ്പിന്റെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളുടേയും സ്വകാര്യ സ്ഥാപനങ്ങളുടെയും സഹായം ഗ്രാമസഭയിലൂടെ തേടാവുന്നതാണ്.

**(ii) സുസ്ഥിര ശേഖരണത്തിനുള്ള പെരുമാറ്റച്ചട്ടം – ആമുഖം, പ്രാധാന്യം, പരിശീലനം, നടപ്പിൽ വരുത്തൽ**

കാടും, വനവിഭവങ്ങളും, ആവാസവ്യവസ്ഥയും എല്ലാം സുദീർഘമായ ഭാവിയിൽ നമ്മുടെ ആവശ്യങ്ങൾക്കനുസരിച്ച് വേണ്ട വിധത്തിൽ ഉപയോഗിക്കണം എന്ന ധാരണയിലാണ് വനാവകാശ നിയമം എഴുതപ്പെട്ടിരിക്കുന്നത്. ഉപയോഗത്തിന് വേണ്ടുന്നത്ര വിഭവങ്ങൾ കാട് കരുതി വെച്ചിട്ടുണ്ട് എന്ന വിശ്വാസവും പരക്കെ നിലനില്ക്കുന്നു. എന്നാൽ, ഈ

വിശ്വാസം എത്രമാത്രം സത്യമാണെന്നും, കാടിന്റെ ഈ കരുതൽ ശേഖരം എത്ര നാളത്തേക്ക് ഉണ്ടാകുമെന്നും പലരും ചിന്തിച്ചു തുടങ്ങിയിട്ടില്ല. ഇപ്പോഴത്തെ ഉപയോഗ ശീലങ്ങൾ തുടർന്ന് പോയാൽ, ഭാവിയിൽ ആവശ്യമുള്ള വിഭവങ്ങൾ ലഭ്യമാകുമോ എന്നതു പലരും ആലോചിക്കുന്നില്ല. അത്തരമൊരു അവസ്ഥയിലേക്ക് പോകാതിരിക്കാൻ കാടിനെ ആശ്രയിക്കുന്ന, പ്രത്യേകിച്ച് വനാവാസികളായ ആദിവാസി സമൂഹങ്ങൾ ശ്രദ്ധിക്കേണ്ടതായ ചില കാര്യങ്ങളുണ്ട്.

**(iii) ഊരുകൂട്ടം ഉറപ്പാക്കേണ്ട കാര്യങ്ങൾ (പൊതുവായ നിർദ്ദേശങ്ങൾ / suggestions)**

1. വിവിധ മലഞ്ചരക്കുകളുടെ ശേഖരണ കാലയളവ് ഊരുകൂട്ടം തീരുമാനിച്ചു രേഖപ്പെടുത്തി ഈ കാലയളവ് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക.
2. ഓരോ ഊരിനും വനാവകാശ പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള മലഞ്ചരക്ക് ശേഖരണ അതിർത്തിക്കുള്ളിൽ തന്നെ തങ്ങളുടെ വിഭവശേഖരണം നടത്താൻ ശ്രദ്ധിക്കുക. മറ്റ് ഊരുകളുടെ മേഖലയിലെ പരിപാലന നിയമങ്ങളും ചട്ടങ്ങളും അവിടെയുള്ളവർ നോക്കി നടത്തുന്നതായിരിക്കുമല്ലോ.
3. ഒരോ ശേഖരണ കാലയളവിലും മലഞ്ചരക്കുകളുടെ ലഭ്യത കണക്കെടുക്കേണ്ടതും, ലഭ്യതയ്ക്കനുസരിച്ച് ശേഖരണ അളവിൽ മാറ്റങ്ങളും നിയന്ത്രണവും ഉറപ്പുവരുത്തുക.
4. കാടിനും വിഭവ സ്രോതസ്സുകൾക്കും ക്ഷതം വരുത്തുന്ന ഉപകരണങ്ങളും, ശേഖരണ രീതികളും ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക.
5. ലഭ്യത കുറഞ്ഞു വരുന്ന മലഞ്ചരക്കുകൾ ഏതൊക്കെയാണെന്ന് കാലാകാലങ്ങളിൽ വിലയിരുത്തുകയും, അതിന്റെ കാരണങ്ങൾ മനസ്സിലാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുകയും, ആവശ്യമായ നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
6. ശേഖരണത്തിന് പാകമാകാത്ത മലഞ്ചരക്കുകൾ ശേഖരിക്കുന്നില്ല എന്നു ഉറപ്പുവരുത്തുക.



FRA Handbook inner_New_V6.indd 178 02-09-2024 17:26:22

7. മലഞ്ചരക്ക് ശേഖരണത്തിൽ ഗ്രാമസഭ/ഊരുകൂട്ടം എടുക്കുന്ന തീരുമാനങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നു ഉറപ്പ് വരുത്താനുള്ള സംവിധാനങ്ങൾ ആവിഷ്കരിക്കുക.

**(iv) ലഘു വന വിഭവങ്ങളുടെ സുസ്ഥിര ശേഖരണത്തിനുള്ള പെരുമാറ്റച്ചട്ടം**

**(a) സുസ്ഥിരമല്ലാത്ത രീതിയിൽ തേൻ ശേഖരിക്കുന്നതിന്റെ പ്രത്യാഘാതങ്ങൾ:**

1. അട മുഴുവനായും എടുക്കുന്നത് തേനീച്ച കുഞ്ഞുങ്ങളുടെ നാശത്തിനും, പ്രത്യുൽപ്പാദനത്തിലെ കുറവിനും കാരണമാകും.
2. തീ ഉപയോഗിച്ചുള്ള തേൻ ശേഖരണം തേനീച്ചകളെ കൊല്ലുന്നു, അപ്പോൾ പുതിയ അടകൾ കാട്ടിൽ കുറഞ്ഞു വരും.
3. തേനീച്ചകളുടെ മേൽ ഉണ്ടാകുന്ന സമ്മർദ്ദങ്ങൾ പുതിയ തലമുറയിലെ ഈച്ചകൾ ദുർബലമാകുന്നതിനു കാരണമാകും.
4. മുകളിൽ സൂചിപ്പിച്ച പോലെയുള്ള ശേഖരണരീതികൾ തേനിന്റെ ലഭ്യത കുറയുന്നതിന് ഇടയാക്കും.
5. തേനീച്ചകളുടെ എണ്ണത്തിൽ കുറവ് വരുന്നത് പരാഗണ പ്രക്രിയയെയും അതുവഴി പരാഗണം ആവശ്യമുള്ള അനേകം വനവിഭവങ്ങളെയും കാർഷിക വിളകളെയും പ്രതികൂലമായി ബാധിക്കും.

**(b) സുസ്ഥിരമായി തേൻ എടുക്കുന്നതിനുള്ള പെരുമാറ്റചട്ടങ്ങൾ (വൻതേൻ, കുറുന്തേൻ, ചെറുതേൻ):**

1. തേനീച്ചകളുടെ വാസസ്ഥലങ്ങൾ, അവയുടെ കൂട് ഉള്ള സ്ഥലങ്ങൾ, തേൻ ശേഖരിക്കുന്ന സ്ഥലങ്ങൾ എന്നിവ നശിപ്പിക്കാതിരിക്കുക.
2. തേൻ പാകമായതിന് ശേഷം മാത്രം എടുക്കുക – തേൻ നിറഞ്ഞിരിക്കുന്ന അടയുടെ ഭാഗത്തു നിന്ന് മാത്രം എടുക്കുക.



FRA Handbook inner_New_V6.indd 179 02-09-2024 17:26:22

3. തേനീച്ചക്കൂട്ടുകൾ കൂട്ടമായി നിലനില്ക്കുന്ന പ്രദേശങ്ങളിൽ നിന്ന് ഒരു നിശ്ചിത ശതമാനം അടയിൽ നിന്ന് മാത്രം തേൻ എടുക്കുക. എല്ലാ കൂടുകളിൽ നിന്നും തേൻ എടുക്കുന്നതു ഒഴിവാക്കുക.

4. വൻ തേനീച്ചയുടെ തേൻ എടുക്കുമ്പോൾ, കൂട് പരിപൂർ- ണ്ണമായി മുറിക്കുന്നതിന് പകരം ഒരു 'L' ആകൃതിയിൽ മുറിക്കുന്നത് കുറച്ചു കൂടി ഫലപ്രദമായിരിക്കും.

5. കുറുന്തേൻ എടുക്കുമ്പോൾ, മുഴുവൻ അടയിൽ നിന്ന് തേൻ എടുക്കാതെ കുറച്ച് അടയിൽ നിന്ന് തേൻ എടുക്കാനായി ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിൽ ചെയ്യുന്നത് തേനീച്ചകൾക്ക് അവരുടെ കൂടിനെ തിരിച്ച് പഴയ അവസ്ഥയിലേക്ക് എളുപ്പത്തിൽ കൊണ്ടുവരാൻ സഹായിക്കും.

6. തേനീച്ചക്കൂട്, കറ ഇല്ലാത്ത ഇലകൾ കൊണ്ട് മാത്രം മിതമായി പുകയ്ക്കുക.

7. കാട്ടുതീ ഉണ്ടാക്കുന്ന സാഹചര്യങ്ങൾ പരിപൂർണ്ണമായും ഉപേക്ഷിക്കുക.

8. കൂട്ടിൽ നിന്ന് തേൻ എടുക്കുമ്പോൾ തേനീച്ചകൾക്ക് അപായം വരാത്ത രീതിയിൽ എടുക്കുക.

9. കത്തി ഉപയോഗിക്കുന്നതിന് മുമ്പായി തേൻ ശേഖരിക്കുന്ന ആൾ നിർബന്ധമായും കത്തി വൃത്തിയാക്കേണ്ടതാണ്. കത്തിയിൽ പറ്റിപ്പിടിച്ചിരിക്കാൻ സാധ്യതയുള്ള മാംസം, മീൻ, മറ്റു വസ്തുക്കൾ എന്നിവയുടെ മണം പരിപൂർണമായും പോകുന്നതിനാണ് ഇത് ചെയ്യുന്നത്.

10. തേനീച്ചകളെ കൂടിനോട് ചേർന്ന് കൂട്ടമായി കണ്ടാൽ അതിനർത്ഥം അവരുടെ യഥാർത്ഥ കൂട്ടിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സമോ അല്ലെങ്കിൽ ഉപദ്രവമോ ഉണ്ടായിട്ടുണ്ട് എന്നാണ്. ഈ സമയങ്ങളിൽ തേൻ എടുക്കുന്നത് ഒഴിവാക്കുന്നതായിരിക്കും ഉചിതം.

11. തേൻ അരിച്ചെടുക്കുന്നതിനായി അട തിരശ്ചീനമായി (ഇടത്തുനിന്നു വലത്തേക്കോ തിരിച്ചോ) മുറിച്ചതിനു



FRA Handbook inner_New_V6.indd 180 02-09-2024 17:26:22

ശേഷം ഒരു തുണിയരിപ്പയിൽ ഇട്ടുവക്കുക. അട പിഴിഞ്ഞെടുക്കുന്നത് ഒഴിവാക്കണം.

12. പല തരത്തിലുള്ള തേൻ (വൻതേൻ, കുറുന്തേൻ, ചെറുതേൻ) ഒരുമിച്ച് കൂട്ടി കലർത്താതിരിക്കുക.
13. മഴ ഇല്ലാത്ത ദിവസങ്ങളിൽ മാത്രം തേൻ എടുക്കുക, ഇതുവഴി തേനിൽ വെള്ളം കലരുന്നത് ഒഴിവാക്കാൻ സാധിക്കും.
14. തേൻ ശേഖരിക്കുന്നവർ ഓരോ സീസണിലെയും തേൻ എടുക്കുന്നതിനുള്ള അവസാന തിയ്യതിയെ കുറിച്ചുള്ള വിവരം ഗ്രാമസഭയിൽ എത്തിക്കുക.
15. തേൻ വൃത്തിയുള്ളതും, ഭക്ഷ്യയോഗ്യമായതും ആരോഗ്യ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള നിലവാരം ഉള്ളതുമായിരിക്കണം.
16. തേൻ എടുക്കുന്നതിനുള്ള പ്രാദേശികമായ ആചാരങ്ങളേയും ചടങ്ങുകളേയും ബഹുമാനിക്കുക.

**(c) കിഴങ്ങുകൾ, വേരുവർഗ്ഗങ്ങൾ എന്നിവയുടെ സുസ്ഥിരമല്ലാത്ത ശേഖരണത്തിന്റെ പ്രത്യാഘാതങ്ങൾ:**

1. അമിതമായി ശേഖരിക്കുന്നത് കിഴങ്ങുകളുടെയും വേരുകളുടെയും ലഭ്യത കുറയുന്നതിന് കാരണമാകും.
2. ആവശ്യത്തിനനുസരിച്ചുള്ള പുനഃരുജ്ജീവന രീതികൾ അവലംബിച്ചില്ലെങ്കിൽ കിഴങ്ങുകളുടേയും വേരുവർഗ്ഗങ്ങളുടെയും ഗുണനിലവാരം കുറയുന്നതിന് കാരണമാകും.
3. മണ്ണൊലിപ്പിനും മണ്ണിടിച്ചിലിനും സാധ്യതകൾ വർദ്ധിക്കും.

**(d) സുസ്ഥിരമായ ശേഖരണത്തിനുള്ള പെരുമാറ്റചട്ടങ്ങൾ (മഞ്ഞക്കൂവ, ഇഞ്ചി, കസ്തൂരിമഞ്ഞൾ, നറുനീണ്ടി മുതലായവ):**

1. വേരുകൾ, കിഴങ്ങുകൾ എന്നിവയുടെ സ്വാഭാവിക ആവാസസ്ഥാനങ്ങൾ നശിപ്പിക്കാതിരിക്കുക.
2. വേരുകൾ, കിഴങ്ങുകൾ എന്നിവ പാകമായതിന് ശേഷം മാത്രം ശേഖരിക്കുക.

3. ഏറ്റവും ഉചിതമായ, സുസ്ഥിരത ഉറപ്പുവരുത്തുന്ന ശേഖരണ രീതികൾ മാത്രം ഉപയോഗിക്കുക.

4. ഏതു ഇനത്തിലുള്ള വേരുവർഗ്ഗങ്ങൾ ശേഖരിക്കണം എന്ന് കൂട്ടായ തീരുമാനം എടുക്കുക. കഴിവതും വേരുകൾ പിഴുതെടുക്കാതിരിക്കുവാൻ ശ്രമിക്കുക.

5. ഒറ്റയ്ക്ക് നില്ക്കുന്ന ചെടികളിൽ നിന്ന് വേരുകൾ ശേഖരിയ്ക്കുന്നത് കുറയ്ക്കുക. ചെടി മുഴുവനായും പിഴുതെടുക്കുന്നത് ഒഴിവാക്കുക. മുഴുവൻ ചെടിയും പിഴുതെടുക്കുകയാണെങ്കിൽ, വീണ്ടും ചെടികൾ നടുന്നത് പ്രോത്സാഹിപ്പിക്കുക. കാരണം, ചില ചെടികൾ വീണ്ടും നട്ടുപിടിപ്പിച്ചാൽ അതിന് അതിജീവിക്കാനും വളരാനും കഴിയും. ഒരു ചെടിയിൽ നിന്ന് തന്നെ മുഴുവൻ വേരും നീക്കം ചെയ്യാതിരിക്കുക. ചെടികൾക്ക് വെള്ളവും പോഷകങ്ങളും ലഭിക്കാനും ഊർജ്ജം സംഭരിക്കാനും ഉറച്ചുനിൽക്കാനും മണ്ണിനു താഴെയുള്ള ഭാഗങ്ങൾ ആവശ്യമാണ്. ചെടിയുടെ ഭൂരിഭാഗം വേരുകൾക്കും കേടുപാടുകൾ സംഭവിച്ചാൽ ചെടി നിലനിൽക്കില്ല.

6. അനുയോജ്യമായ ശേഖരണ ക്രമം ഗ്രാമസഭ കൂടി നിർണ്ണയിക്കുക. ഒരു തവണ ഒരു പ്രദേശത്ത് നിന്നു ശേഖരിച്ച ശേഷം ഒരാൾ പിന്നീട് വീണ്ടും ശേഖരണത്തിനായി അതേ പ്രദേശത്തേക്ക് പോവുന്നതിനായുള്ള കാലപരിധിയും നിർണ്ണയിക്കേണ്ടതാണ്.

7. ചെടികളുടെ പുനരുൽപ്പാദനത്തിന് ആവശ്യമായ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടത് അനിവാര്യമാണ്. വേരിന്റെ നാശത്തെത്തുടർന്ന് വീണ്ടും നന്നായി വിത്ത് വിതയ്ക്കാനോ വീണ്ടും മുളയ്ക്കാനോ കഴിയുന്ന മരങ്ങൾ/ചെടികൾ വേരിന്റെ ശേഖരണത്തിനെതിരെ കൂടുതൽ പ്രതിരോധശേഷിയുള്ളതായിരിക്കും. ഈ കഴിവില്ലാത്ത മരങ്ങൾ/ചെടികൾ വേരിന്റെ ശേഖരണത്തിനെതിരെ ദുർബലമായ പ്രതിരോധശേഷിയുള്ളതും, പുനരുൽപ്പാദനത്തിനു ശേഷി കുറവുള്ളതും

ആയിരിക്കും. സാവധാനത്തിൽ വളരുന്ന, വിത്തുൽപ്പാദനം കുറവുള്ള മരങ്ങൾ/ചെടികൾ അമിതമായ ശേഖരണത്തിന് അനുയോജ്യമല്ല.

8. സമയവും ഋതുഭേദവും ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. ഒരു ചെടിയുടെ പുനരുൽപ്പാദനം നടക്കുന്നതുവരെ ശേഖരണം വൈകിക്കുന്നതാണ് ശരിയായ രീതി. ശേഖരണം മൂലമുള്ള നാശം കുറച്ചൊക്കെ സംഭവിച്ചാലും പുനരുൽപ്പാദനത്തിന്റെ നിരക്കിൽ സ്ഥിരത കൈവരിക്കാൻ സഹായിക്കും.

9. ശേഖരണത്തിനു ശേഷം കുഴി മൂടുക.

10. വിത്ത് ഉത്പാദിപ്പിക്കുന്ന (വിത്തുകൾ ഉപയോഗിക്കാത്തവയാണെങ്കിൽ) വളർച്ച എത്തിയ ചെടികൾ നിലനിർത്തുക.

11. കൂവ പോലുള്ള മലഞ്ചരക്കുകളുടെ ശേഖരണത്തിനുശേഷം കുറച്ചു കിഴങ്ങുകൾ പുനരുൽപ്പാദനത്തിനായി ചുറ്റുപാടും വിതറിയിടേണ്ടതാണ്.

12. വേരുകൾ, കിഴങ്ങുകൾ എന്നിവയുടെ വിളവെടുപ്പുമായി ബന്ധപ്പെട്ട പ്രാദേശിക ആചാരങ്ങളെയും വിശ്വാസങ്ങളെയും മാനിക്കുക.

**(e) മരത്തിന്റെ പുറംതൊലി സുസ്ഥിരമല്ലാത്ത പുറംതൊലി ശേഖരണത്തിന്റെ പ്രത്യാഘാതങ്ങൾ:**

1. ചെത്തിയെടുത്ത/മുറിവുണ്ടാക്കിയ ഭാഗത്തുകൂടി വെള്ളത്തിന്റെ അംശവും ധാതുക്കളും ചോർന്നു പോവാനുള്ള സാധ്യത.

2. ചെത്തിയെടുത്ത/മുറിവുണ്ടാക്കിയ ഭാഗത്തുകൂടി കീടങ്ങളും പൂപ്പലും മറ്റ് രോഗങ്ങളും ബാധിക്കാനുള്ള സാധ്യത.

3. പുനഃരുജ്ജീവന ശേഷിയേയും വിത്തുൽപാദന ശേഷിയേയും മുകളിൽ പറഞ്ഞ കാര്യങ്ങൾ പ്രതികൂലമായി ബാധിക്കാം.



FRA Handbook inner_New_V6.indd 183 02-09-2024 17:26:22

**(f) സുസ്ഥിരമായ പുറംതൊലി (ഇഞ്ച) ശേഖരണത്തിനുള്ള പെരുമാറ്റചട്ടങ്ങൾ:**

1. ബന്ധപ്പെട്ട മറ്റ് മലഞ്ചരക്ക് സസ്യങ്ങളെയും അവയുടെ ആവാസവ്യവസ്ഥയും ദുർബലമാക്കരുത്.
2. മൂപ്പെത്തിയതിനു ശേഷം മാത്രമേ പുറംതൊലി ശേഖരിക്കാവൂ.
3. സുസ്ഥിരത ഉറപ്പുവരുത്തുന്ന അനുയോജ്യമായ ഉപകരണങ്ങളും രീതികളും ശേഖരണത്തിനായി ഉപയോഗിക്കുക.
4. ഇഞ്ച ശേഖരണത്തിന്റെ സുസ്ഥിരത നിലനിർത്തു-ന്നതിനായി ശേഖരണത്തിന്റെ തോതും ഇടവേളകളും കുറഞ്ഞ തലത്തിൽ നിലനിർത്തുന്ന രീതികൾ ഗ്രാമസഭ കൂടി ആവിഷ്കരിക്കുക.
5. പുറംതൊലി ആഴത്തിൽ മുറിക്കുന്നതിനേക്കാൾ സുസ്ഥിരമാണ് മരത്തിന്റെ പുറംതൊലിയുടെ പുറംഭാഗം മാത്രം എടുക്കുന്നത്.
6. വിത്ത് ഉത്പാദിപ്പിക്കുന്ന മുതിർന്ന മരങ്ങളിൽ നിന്നു തൊലി എടുക്കരുത്. വിത്തിൽ നിന്ന് മുളച്ച് വളരുന്ന മരങ്ങളുടെ തൊലി, കേടു കൂടാതെ ഇരിക്കേണ്ടത് വളരെ പ്രധാനമാണ്.
7. അനുയോജ്യമായ ശേഖരണ സമയം ഗ്രാമസഭ നിർണ്ണയിക്കുക. മരങ്ങളുടെ പുനരുൽപ്പാദന രീതി, വളർച്ചാ നിരക്ക്, ആവശ്യമായ പുറംതൊലി ഉത്പാദനം എന്നിവ അനുസരിച്ച് ശേഖരണ സമയം വ്യത്യാസപ്പെടുത്തണം.
8. മരങ്ങളെപ്പറ്റിയും കാലാവസ്ഥയെ പറ്റിയും ശ്രദ്ധി-ക്കേണ്ടത് അനിവാര്യമാണ്.
9. ശക്തിയോടെ മുളയ്ക്കാൻ കഴിവുള്ള മരങ്ങൾ, ദുർബലമാ-യതോ അത്തരം കഴിവുകൾ ഒട്ടുമില്ലാത്തതോ ആയ മരങ്ങളെ അപേക്ഷിച്ച് പുറംതൊലി ശേഖരണത്തിന് കൂടുതൽ യോജ്യമാണ്. അതിനാൽ, വൃക്ഷങ്ങളുടെ പുനരുൽപ്പാദന രീതികളെ കുറിച്ച് അറിഞ്ഞിരിക്കേണ്ടത് പ്രധാനമാണ്.

10. വലുപ്പം, ഗുണനിലവാരം നോക്കി തൊലി എടുക്കാനുള്ള മരം തിരഞ്ഞെടുക്കുന്നത് നല്ല പരിപാലന രീതിയാണ്.
11. പുറംതൊലി ശേഖരണവുമായി ബന്ധപ്പെട്ട പ്രാദേശിക ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ബഹുമാനിക്കുക.

**(g) മരക്കറ (തെള്ളി) സുസ്ഥിരമല്ലാത്ത മരക്കറ ശേഖരണത്തിന്റെ പ്രത്യാഘാതങ്ങൾ:**

1. മരക്കറയുടെ ഉത്പാദനം കുറയുന്നു.
2. തടിയുടെ മുറിച്ച ഭാഗങ്ങളിലൂടെ ചിതലുകൾ പെരുകി മരത്തെ ആക്രമിക്കുന്നു.
3. ദുർബലമായ തടി കാരണം മരങ്ങൾ വളരെ നേരത്തെ തന്നെ കടപുഴകി വീഴുന്നു.
4. പൂവിടലും വിത്തുൽപ്പാദനവും മന്ദഗതിയിലാകുന്നു.
5. പുനരുൽപ്പാദനത്തിന്റെ തോത് കുറയുന്നു.

**(h) സുസ്ഥിരമായ മരക്കറ (തെള്ളി) ശേഖരണത്തിനുള്ള പെരുമാറ്റച്ചട്ടങ്ങൾ:**

1. തെള്ളി ശേഖരിക്കുന്ന പ്രദേശങ്ങളിലെ ആവാസവ്യവസ്ഥയെ ദുർബലമാക്കാതിരിക്കുക.
2. അനുയോജ്യമായ സുസ്ഥിര ശേഖരണ ഉപകരണങ്ങളും രീതികളും ഉപയോഗിക്കുക.
3. ചെറിയ മരങ്ങളിൽ നിന്ന് മരക്കറ ശേഖരിക്കുന്നത് ഒഴിവാക്കുക.
4. മരക്കറ ശേഖരിക്കുമ്പോൾ തീയുടെ ഉപയോഗം ഒഴിവാക്കുക.
5. കാട്ടുതീ ഉണ്ടാക്കുന്ന സാഹചര്യങ്ങൾ പരിപൂർണമായും ഉപേക്ഷിക്കുക.
6. പുറംതൊലിയിൽ മുറിവുണ്ടാക്കുമ്പോൾ മൂർച്ചയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുക, മുറിവുകൾ തിരശ്ചീനമായി (ഇടം-വലം ദിശയിൽ) ഉണ്ടാക്കുക.



FRA Handbook inner_New_V6.indd 185 02-09-2024 17:26:22

7. മരങ്ങളെപ്പറ്റിയും കാലാവസ്ഥയെ പറ്റിയും ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. ശേഖരണം നടത്തുന്നവർ, വിലനിലവാരവും പുറംതൊലി നീക്കം ചെയ്യാനുള്ള എളുപ്പം എന്നിവ മാത്രം ആധാരമാക്കി തൊലി ശേഖരിക്കുന്നത് ആപത്താണ്. ഇലകൾ തളിർക്കുന്നതിനു മുൻപോ, പൂവിടുന്നതിനു മുൻപോ, അല്ലെങ്കിൽ ആ കാലയളവിലോ ഉള്ള ശേഖരണം ഒഴിവാക്കിയില്ലെങ്കിൽ, കുറച്ചു നാൾക്കകം തൊലി ശേഖരിക്കാനുള്ള മരങ്ങൾ വളരെ കുറഞ്ഞുപോകും.
8. ഒരേ സീസണിൽ ഒരേ മരത്തിൽ നിന്ന് ഒന്നിലധികം തവണ ശേഖരിക്കാതിരിക്കുക.
9. ശേഖരണം നടത്തുമ്പോൾ ചില മരങ്ങൾ ശേഖരിക്കാതെ വിടുക, അതിലൂടെ അവയ്ക്ക് പുന:രുജ്ജീവനത്തിനായി നല്ല ഗുണമേന്മയുള്ള വിത്തുകൾ ഉത്പാദിപ്പിക്കാൻ കഴിയും.
10. തെള്ളി വിളവെടുപ്പുമായി ബന്ധപ്പെട്ട പ്രാദേശിക ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും മാനിക്കുക.

**(i) കായ്കൾ, പഴങ്ങൾ, പൂക്കൾ, മുകുളങ്ങൾ എന്നിവയുടെ സുസ്ഥിരമല്ലാത്ത ശേഖരണത്തിന്റെ പ്രത്യാഘാതങ്ങൾ:**

1. പുന:രുജ്ജീവന ശേഷിയെ ബാധിക്കുകയും, വളർന്നു വരുന്ന പുതിയ ചെടികൾ ശേഷി കുറഞ്ഞതായി തീരുവാൻ കാരണമാവുകയും ചെയ്യുന്നു
2. പരാഗണ പ്രക്രിയയെ ബാധിക്കുന്നു.
3. വിത്തുൽപാദനത്തിൽ കുറവ് സംഭവിക്കുന്നു.
4. ശാഖകൾ നശിപ്പിക്കുന്നത് പൂക്കളുടെയും പഴങ്ങളുടെയും ഉത്പാദനത്തെ ബാധിക്കുന്നു.
5. പഴങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന പക്ഷി-മൃഗാദികളുടെ ഭക്ഷണ ലഭ്യതയെ ബാധിക്കുന്നു.



FRA Handbook inner_New_V6.indd 186 02-09-2024 17:26:23

**(j) കായ്കൾ, പഴങ്ങൾ, പൂക്കൾ, മുകുളങ്ങൾ എന്നിവയുടെ സുസ്ഥിരമായ ശേഖരണത്തിനുള്ള പെരുമാറ്റച്ചട്ടങ്ങൾ:**

1. പഴങ്ങൾ, പൂക്കൾ, മുകുളങ്ങൾ എന്നിവയുടെ സസ്യ/വൃക്ഷ ഇനങ്ങളുടെ ആവാസവ്യവസ്ഥ ദുർബലപ്പെടാതെ നോക്കുക.
2. കായ്കളും, പഴങ്ങളും, പൂക്കളും, മുകുളങ്ങളും മൂപ്പെത്തിയതിനു ശേഷം മാത്രമേ ശേഖരിക്കാവൂ (പഴുക്കുന്നതിന് മുൻപ് കഴിക്കാനെടുക്കുന്ന കായ്കൾ ഒഴിച്ച്).
3. അനുയോജ്യമായ സുസ്ഥിര ശേഖരണ ഉപകരണങ്ങളും രീതികളും ഉപയോഗിക്കുക.
4. ഫലം കായ്ച്ച് നിൽക്കുന്ന മരങ്ങളും ചെടികളും ആരോഗ്യത്തോടെ സൂക്ഷിക്കുക.
5. കായ്കളും, പഴങ്ങളും, പൂക്കളും, മുകുളങ്ങളും ശേഖരിക്കുന്നതിനായി സസ്യങ്ങളും മരങ്ങളും നശിപ്പിക്കുകയോ കേടുപാടുകൾ വരുത്തുകയോ ചെയ്തിട്ടില്ലെന്ന് ഉറപ്പാക്കുക.
6. പൂക്കളോ മുകുളങ്ങളോ ശേഖരിക്കുമ്പോൾ, ഒരു ചെടിയിൽ കുറഞ്ഞത് ഒരു ശതമാനമെങ്കിലും പൂക്കളോ മുകുളങ്ങളോ ശേഖരിക്കാതെ വിടുകയോ ചെയ്യുക. അല്ലെങ്കിൽ ആ പ്രദേശത്തെ അത്തരം ചെടികളുടെ ഒരു ശതമാനം ശേഖരിക്കാതെ വിടുകയോ, കാട്ടിൽ ഇത്തരം ചെടികളുള്ളതിൽ ഒരു ശതമാനം മുകുളങ്ങളോ, പൂക്കളോ എടുക്കാതെ വിടുകയോ ചെയ്യണം. പാകമാകാത്ത പഴങ്ങളുടെ ശേഖരണത്തിനുള്ള നിയന്ത്രണങ്ങളും ഇങ്ങനെ ആസൂത്രണം ചെയ്യേണ്ടതുണ്ട്.
7. പക്ഷിമൃഗാദികൾക്ക് തിന്നാനും വിത്തുകൾ മുളക്കാനും ആവശ്യമായ പഴങ്ങൾ എപ്പോഴും മരത്തിൽ ബാക്കി വയ്ക്കണം.
8. പഴത്തിന്റെ പാകം, വലുപ്പം, നിറം എന്നിവ നോക്കി ശേഖരണം നടത്താനാകുമോ എന്നു നിശ്ചയിക്കാൻ പഠിക്കുക. വിത്തുകളുടെ ശേഖരണത്തിനുള്ള നിയന്ത്രണങ്ങളും ഇങ്ങനെയാവാം.



FRA Handbook inner_New_V6.indd 187 02-09-2024 17:26:23

9. പഴങ്ങളുടെ ശേഖരണത്തിന് ശാഖകൾ വെട്ടിമാറ്റേണ്ടി വരുന്ന സാഹചര്യം ഉണ്ടാവുകയാണെങ്കിൽ, ഇത് ഒഴിവാക്കാനായി പഴം പറിക്കുന്ന ഉപകരണങ്ങൾ രൂപകല്പന ചെയ്യാം. അല്ലെങ്കിൽ മുറിക്കാൻ അനുവദിക്കുന്ന ശാഖകളുടെ വലുപ്പം സംബന്ധിച്ച് അനുയോജ്യമായ തീരുമാനങ്ങൾ ഗ്രാമസഭ കൂടി കൂട്ടായി എടുക്കാവുന്നതാണ്.

10. കായ്കൾ, പഴങ്ങൾ, പൂക്കൾ, മുകുളങ്ങൾ എന്നിവയുടെ ശേഖരണവുമായി ബന്ധപ്പെട്ട പ്രാദേശിക ആചാരങ്ങ-ളെയും അനുഷ്ഠാനങ്ങളെയും മാനിക്കുക.

**(k) സുസ്ഥിരമല്ലാത്ത ഇല ശേഖരണത്തിന്റെ പ്രത്യാഘാതങ്ങൾ:**

1. ഇലകളിലൂടെ ഊർജ്ജം ലഭിക്കാനുള്ള ചെടിയുടെ ശേഷിയെ ബാധിക്കുന്നു.
2. ഇലകൾ നഷ്ടപ്പെടുന്നത് കാരണം ചെടികളുടെ എണ്ണം കുറയുന്നു.
3. സസ്യഭുക്കുകളായ മൃഗങ്ങളുടെ ഭക്ഷ്യ ലഭ്യതയെ ബാധിക്കും.
4. അധിക തോതിലുള്ള ഇലശേഖരണം ചെടിയുടെ പുനഃരുജ്ജീവനം മന്ദഗതിയിലാക്കുന്നു.
5. പുനഃരുജ്ജീവനം മന്ദഗതിയിലാക്കുമ്പോൾ വളർന്നു വരുന്ന ഇലകൾ മുൻപ് ഉണ്ടായ ഇലകളെക്കാൾ ദുർബലമാകും. അത്തരം ചെടികൾക്ക് കാലാവസ്ഥാ വ്യതിയാനം, രോഗങ്ങൾ, കീടങ്ങൾ തുടങ്ങിയ ഭീഷണികളെ ചെറുക്കാൻ കഴിയാതെ വരുന്നു.

**(l) സുസ്ഥിരമായ ഇല ശേഖരണത്തിനുള്ള പെരുമാറ്റച്ചട്ടങ്ങൾ:**

1. ശേഖരിക്കേണ്ട ഇലവർഗ്ഗങ്ങളുടെ ആവാസവ്യവസ്ഥ ദുർബലമാക്കരുത്.
2. മൂപ്പെത്തിയ ഇലകൾ മാത്രം ശേഖരിക്കുക.
3. ചെടികൾക്ക് കേടുവരുത്താത്ത അനുയോജ്യമായ ഉപകരണങ്ങളും ശേഖരണ രീതികളും ഉപയോഗിക്കുക.

4. വളർച്ചയെയും പ്രത്യുൽപ്പാദനത്തെയും പ്രതികൂലമായി ബാധിക്കാതിരിക്കാൻ എപ്പോഴും ധാരാളം ഇലകൾ ചെടിയിൽ തന്നെ നിലനിർത്തുക.

5. സാധ്യമാകുമ്പോഴെല്ലാം, (വിത്ത് ഉണ്ടായതിന് ശേഷവും), ഇലകൾ ഏറ്റവും കൂടുതലായിരിക്കുമ്പോൾ മാത്രം ശേഖരണം നടത്തുക.

6. പാരിസ്ഥിതിക സാഹചര്യങ്ങൾ മോശമായിരിക്കുമ്പോൾ ശേഖരണം കുറയ്ക്കുക, അല്ലെങ്കിൽ പാടെ മാറ്റി വയ്ക്കുക.

7. ഇലയുടെ വലുപ്പമോ, വിത്തുൽപാദനമോ അല്ലെങ്കിൽ ചെടിയുടെ തന്നെ വലുപ്പമോ കുറയുന്നത് സമ്മർദ്ദത്തെ സൂചിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ ശേഖരണം കുറയ്ക്കുക.

8. കന്നുകാലി മേച്ചിൽ, തീ അല്ലെങ്കിൽ ചെടികളെ പ്രതികൂലമായി ബാധിച്ചേക്കാവുന്ന മറ്റ് സാഹചര്യങ്ങളിൽ നിന്ന് ചെടികൾക്ക് കനത്ത സമ്മർദ്ദം ഏറ്റിട്ടുണ്ടെങ്കിൽ ശേഖരണം കുറയ്ക്കുക.

9. പുന:രുജ്ജീവനം നന്നായി നടക്കാനും, ശേഖരിക്കുന്ന ഇലകളെ ആശ്രയിക്കുന്ന മറ്റ് ജീവികൾക്ക് അവ ലഭ്യമാകാനും, ചില പ്രദേശങ്ങളിൽ അത്ര സുലഭമല്ലാത്ത ചെടികളിൽ ശേഖരണം നടത്താതെ വിടുക. ശേഖരണ സ്ഥലങ്ങൾ മാറി മാറി തിരഞ്ഞെടുക്കുക.

10. ഇലകൾ ദീർഘായുസ്സുള്ളതാണോ എന്ന് നിരീക്ഷിക്കുക. അവ ദീർഘായുസ്സുള്ളവയല്ലെങ്കിൽ ശേഖരണം മിതമാക്കുക. പൊതുവേ കട്ടിയുള്ള ഇലകൾ നീണ്ട ആയുസ്സ് സൂചിപ്പിക്കുന്നു. അങ്ങനെയുള്ള ചെടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള വഴികൾ നോക്കുക (നടീൽ, പറിച്ചുനടൽ മുതലായവ).

11. ചില ചെടികളുടെയോ മരങ്ങളുടെയോ ഇലകൾക്ക് സ്വാഭാവികമായും കൊഴിഞ്ഞുപോകുന്ന ഒരു കാലമുണ്ടാകാം. ഇത് മനസ്സിലാക്കേണ്ടത് പ്രധാനമാണ്. ഇലകളുടെ സ്വാഭാവിക കൊഴിഞ്ഞു പോക്കിന്റെ സമയത്ത് മറ്റു മലഞ്ചരക്കുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാവുന്നതാണ്.



FRA Handbook inner_New_V6.indd 189 02-09-2024 17:26:23

12. ഇലകളുടെ ശേഖരണവുമായി ബന്ധപ്പെട്ട പ്രാദേശിക ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും മാനിക്കുക.

**(m) മുഴുവൻ ചെടികളുടെ (സമൂലം) സുസ്ഥിരമല്ലാത്ത ശേഖരണത്തിന്റെ പ്രത്യാഘാതങ്ങൾ:**

1. വിത്ത് വ്യാപിക്കുന്നതിന് മുമ്പ് ശേഖരിച്ചാൽ അത് ചെടിയുടെ പുനഃരുജ്ജീവനത്തെ ബാധിക്കുന്നു.
2. ഈ ചെടികൾ വിരളമായി വരുന്നത്, ലഭ്യത കുറയുന്നതിന് കാരണമാകുന്നു.
3. സസ്യഭുക്കുകളായ മൃഗങ്ങളുടെ ഭക്ഷ്യലഭ്യതയെ ബാധി-ക്കുന്നു.
4. ചെടികൾ പൂർണമായി ശേഖരിച്ചാൽ, അവശേഷിക്കുന്നവ ദുർബലമായ ചെടികളായിരിക്കും. ഇത് ജനിതക മാറ്റങ്ങളോടെ ദുർബലമായ ചെടികൾ ഭാവിയിൽ കൂടുതലായി വളർന്നു വരുന്നതിന് കാരണമാകും.

**(n) മുഴുവൻ ചെടികളുടെ (സമൂലം) സുസ്ഥിരമായ ശേഖരണത്തിനുള്ള പെരുമാറ്റചട്ടങ്ങൾ:**

1. ശേഖരിക്കേണ്ട സസ്യവർഗ്ഗങ്ങളുടെ ആവാസവ്യവസ്ഥ ദുർബലമാക്കരുത്.
2. ചെടി മൂപ്പെത്തിയതിനു ശേഷം മാത്രമേ ശേഖരിക്കാവൂ.
3. അനുയോജ്യമായ സുസ്ഥിര ശേഖരണ ഉപകരണങ്ങളും രീതികളും ഉപയോഗിക്കുക.
4. സാധിക്കുമെങ്കിൽ, ചെടികൾക്ക് ഫലം കായ്ക്കാനും വിത്ത് വിതരണത്തിനും അവസരം ലഭിച്ചതിന് ശേഷം ശേഖരിക്കുക.
5. പുനഃരുജ്ജീവനം നന്നായി നടക്കാനും, ശേഖരിക്കുന്ന ചെടികളെ ആശ്രയിച്ചേക്കാവുന്ന മറ്റ് ജീവജാലങ്ങൾക്ക് അവ ലഭ്യമാകാനും ചില പ്രദേശങ്ങളിൽ വിരളമായി

കാണുന്ന ചെടികൾ ശേഖരിക്കാതെ വിടുക. ശേഖരണ പ്രദേശങ്ങൾ മാറി മാറി തിരഞ്ഞെടുക്കുക.

6. അടുത്ത തലമുറയ്ക്ക് വിത്ത് ചെടികളായി നിലനിർത്താനുള്ള സസ്യങ്ങളുടെ അനുപാതം, ഒന്നും ശേഖരിക്കാതെ വിടേണ്ട ജനുസ്സിലുള്ള ചെടികളുടെ എണ്ണം നിർണ്ണയിക്കാൻ ശ്രമിക്കുക. വ്യത്യസ്ത സാഹചര്യങ്ങളിൽ വളർന്നു വന്ന സസ്യങ്ങൾ മുളയ്ക്കുന്ന നിരക്കിലും വിത്തുകൾ ഉത്പാദിപ്പിക്കുന്ന നിരക്കിലും ഒക്കെ വ്യത്യാസപ്പെട്ടിരിക്കും. ഈ അനുപാതം വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്ത ഇനങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കും.
7. നിലവിൽ ലഭ്യമായ ചെടികളിൽ, അവയുടെ വലുപ്പമോ മറ്റ് അഭികാമ്യമായ സ്വഭാവങ്ങളോ കുറയുകയാണെങ്കിൽ ശേഖരണം കുറയ്ക്കുക.
8. ഒരു ജനുസ്സിലുള്ള ചെടികൾ ഒരു പ്രദേശത്ത് ധാരാളമായി ഉണ്ടെങ്കിൽ അവ ആവശ്യത്തിനു മാത്രം ശേഖരിക്കുക (കൂടുതൽ ഉണ്ടെന്നു കരുതി അമിതമായി ശേഖരിക്കരുത്, എന്നു സാരം).
9. കന്നുകാലി മേച്ചിൽ, തീ, അല്ലെങ്കിൽ ചെടികളെ പ്രതികൂലമായി ബാധിച്ചേക്കാവുന്ന മറ്റ് സാഹചര്യങ്ങളിൽ നിന്ന് കനത്ത സമ്മർദ്ദം ചെടികൾ അനുഭവിക്കുന്നു എന്നു കണ്ടാൽ ശേഖരണം കുറയ്ക്കുക.
10. ഓരോ തരം ചെടിയും ഏറ്റവും നന്നായി വളരുന്നത് ഏത് തരത്തിലുള്ള അവസ്ഥയിലാണ് (വെളിച്ചം, മണ്ണ് മുതലായവ) എന്ന് കണ്ടെത്താൻ ശ്രമിക്കുക. കൂടാതെ, ചെടികളുടെ എണ്ണം പരിപാലിച്ച് ഈ അവസ്ഥകളുടെ നല്ല വശങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരാൻ ശ്രമിക്കുക.
11. മുഴുവൻ ചെടികളുടെ (സമൂലം) ശേഖരണവുമായി ബന്ധപ്പെട്ട പ്രാദേശിക ആചാരങ്ങളെയും അനുഷ്ഠാനങ്ങ-ളെയും മാനിക്കുക.



FRA Handbook inner_New_V6.indd 191 02-09-2024 17:26:23

**(o) സുസ്ഥിരമല്ലാത്ത മത്സ്യബന്ധനത്തിന്റെ പ്രത്യാഘാതങ്ങൾ:**

1. മത്സ്യവർഗ്ഗങ്ങളുടെ പുനരുൽപാദനത്തെ ബാധിക്കുന്നു.
2. ചെറിയ കണ്ണികൾ ഉള്ള വലകൾ ഉപയോഗിക്കുമ്പോൾ മീൻ കുഞ്ഞുങ്ങൾ നശിക്കുന്നു.
3. മീൻ കുഞ്ഞുങ്ങളെ പിടിക്കുമ്പോൾ, ഭാവിയിൽ, ആ മീനിന്റെ ലഭ്യതയിൽ സമീപ ഭാവിയിൽ തന്നെ കുറവുണ്ടാകും.
4. വിദേശ മീനുകളുടെ സംഭരണവും കൃഷിയും തദ്ദേശീയ ജീവികളുടെ നിലനിൽപ്പിന് ഭീഷണിയായേക്കാം.

**(p) സുസ്ഥിര മത്സ്യബന്ധനത്തിനുള്ള പെരുമാറ്റചട്ടങ്ങൾ:**

1. മത്സ്യ ഇനങ്ങളുടെ ആവാസവ്യവസ്ഥ ദുർബലമാക്കരുത്.
2. അനുയോജ്യമായ സുസ്ഥിര മത്സ്യബന്ധനത്തിനുള്ള ഉപകരണങ്ങളും രീതികളും ഉപയോഗിക്കുക.
3. മൺസൂൺ ആരംഭിച്ച് 20 ദിവസത്തേക്കെങ്കിലും മത്സ്യബന്ധനം നിർത്തി വെക്കുക.
4. മീൻ കുഞ്ഞുങ്ങളെ പിടിക്കുന്നത് ഒഴിവാക്കുന്നതിനായി വലയുടെ കണ്ണികളുടെ അകലം അനുയോജ്യമായ അളവിൽ ക്രമീകരിക്കേണ്ടതാണ്.
5. വിദേശ ഇനങ്ങളെ, പ്രത്യേകിച്ച് തിലാപ്പിയ പോലുള്ള, പെട്ടെന്ന് പെരുകുന്ന മീനുകളെ, ജലാശയങ്ങളിൽ നിക്ഷേപിക്കുന്നത് ഒഴിവാക്കണം. നൈസർഗികമായി ആ ജലായശത്തിലുള്ള മത്സ്യ വൈവിധ്യം നഷ്ടപ്പെടാൻ ഇത് കാരണമാകും. ഓരോ വർഷവും ഇടവിട്ട് നിക്ഷേപിച്ച് കൊണ്ട് ഇത്തരം മീനുകളുടെ പെരുകൽ നിയന്ത്രിക്കാനാകും.
6. പ്രധാന തോടുകളുടെ ചാലുകൾ/കൈവഴികൾ എന്നിവ മീനുകൾ മുട്ടയിടുന്ന സമയത്ത് ഒരു ദേശാടന പാതയായി വർത്തിക്കുന്നു. പുഴയോര സസ്യവർഗ്ഗങ്ങളെ



FRA Handbook inner_New_V6.indd 192 02-09-2024 17:26:23

നട്ടുപിടിപ്പിച്ച് ഈ ചെറിയ ചാലുകൾ/കൈവഴികൾ പുന:രുജ്ജീവിപ്പിക്കാവുന്നതാണ്. കൂടാതെ, ചെക്ക് ഡാമുകളോ, മറ്റ് തടയണകളോ നീക്കം ചെയ്തുകൊണ്ട് മീനുകളുടെ മുട്ടയിടുന്നതിനുള്ള സ്വാതന്ത്ര്യവും, യാത്രയും സുഗമമാക്കാവുന്നതാണ്.

7. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രാദേശിക ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും മാനിക്കുക.

**അവലംബം:**

WWF-India, Western Ghats Nilgiris Landscape Programme. (n.d.). സുസ്ഥിര മലഞ്ചരക്ക് ശേഖരണത്തിനുള്ള പെരുമാറ്റച്ചട്ടം.

Keystone Foundation. (2009). തടിയിതര വിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള പെരുമാറ്റ ചട്ടം.

**(v) മലഞ്ചരക്ക് വിഭവങ്ങളുടെ നിരീക്ഷണം-വിഭവ വിനിയോഗത്തിന്റെ രേഖപ്പെടുത്തൽ, അളവ് മുതലായവ. (ഫൈറ്റോസോഷ്യോളജി (Phytosociology) വിഭവങ്ങളുടെ അളവ് നിർണ്ണയിക്കാൻ), പരിസ്ഥിതി, വനം തരം എന്നിവ അടിസ്ഥാനമാക്കി പ്രദേശത്തെ തരംതിരിക്കുക.**

വനാവകാശികൾ തങ്ങളുടെ ഉപജീവനത്തിനും, ഭക്ഷണത്തിനും, ചികിത്സക്കും മറ്റും ഉപയോഗിക്കുന്ന മലഞ്ചരക്കുകൾ, അവയുടെ ലഭ്യത, ശേഖരിക്കുന്ന അളവ്, ലഭ്യതയിൽ ഉണ്ടാകുന്ന കുറവ്, ലഭ്യതക്കുറവിനുള്ള കാരണങ്ങൾ, ശേഖരിക്കുന്ന പ്രദേശങ്ങൾ, വിപണിയിൽ നിന്നു ലഭിക്കുന്ന വില, ഊരുക്കൂട്ടം ശേഖരണത്തിന്റെ അളവിൽ എടുക്കുന്ന തീരുമാനങ്ങൾ മുതലായ കാര്യങ്ങൾ രേഖപ്പെടുത്തി വെക്കേണ്ടത് അത്യാവശ്യമാണ്. ഭാവിയിൽ മലഞ്ചരക്കുകളിൽ നിന്ന് പല തരത്തിലുള്ള വരുമാന സാധ്യതകൾ തേടുന്നതിന് നിലവിൽ ലഭ്യമായ, ശേഖരിക്കുന്ന വിഭവങ്ങളുടെ അളവുകളും മറ്റു വിവരങ്ങളും ക്രോഡീകരിക്കേണ്ടതുണ്ട്. ഊരുക്കൂട്ടത്തിൽ ഇത്തരം പ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതകൾ



FRA Handbook inner_New_V6.indd 193 02-09-2024 17:26:23

വനാവകാശികളെ പറഞ്ഞു മനസ്സിലാക്കേണ്ടതും, അനുയോജ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. ഒരു മലഞ്ചരക്ക് രജിസ്റ്റർ ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതും, അതിൽ മലഞ്ചരക്ക് ശേഖരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്താവുന്നതുമാണ്. താഴെ നൽകി-യിരിക്കുന്ന മാതൃക ഇതിനായി ഉപയോഗിക്കാവുന്നതാണ്.

### (vi) സാധാരണയായി ഉപയോഗിക്കുന്ന മലഞ്ചരക്ക് വർഗ്ഗങ്ങളുടെ പുനഃരുജ്ജീവനത്തിന്റെ പ്രാധാന്യം

സാധാരണയായി ഉപയോഗിക്കുന്ന മലഞ്ചരക്ക് സസ്യങ്ങളും, മരങ്ങളും കുറച്ച് കാലങ്ങൾക്ക് ശേഷം നശിച്ചുപോവുകയോ, ആവശ്യത്തിന് പുതിയ തൈകൾ/ചെടികൾ ഇല്ലാതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങൾ ഉണ്ടാവുന്നുണ്ട്. ഇത് മലഞ്ചരക്ക് വിഭവങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന വനാവകാശികളുടെ ഉപജീവനമാർഗ്ഗത്തെ കാലക്രമേണ ദോഷമായി ബാധിക്കും. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി വനാവകാശികൾ സാധാരണയായി ഉപയോഗിക്കുന്ന മലഞ്ചരക്ക് വിഭവങ്ങളുടെ തൈകൾ ആ ദേശത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് വനാവകാശ പ്രദേശങ്ങളിൽ നട്ടുപരിപാലിക്കേണ്ടത് അത്യാവശ്യമാണ്. തങ്ങളുടെ ഉപജീവനമാർഗ്ഗത്തെയും, കാട്ടിലെ സസ്യങ്ങൾ, മരങ്ങൾ, ആവാസവ്യവസ്ഥ എന്നിവയുടെ സന്തുലിതാവസ്ഥയെ നിലനിർത്തുന്നതിനും, പരിപാലിക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കും. ഇതിനായി ആവശ്യമുള്ള തൈകൾ കാട്ടിൽ നിന്ന് ശേഖരിക്കുകയോ, ഊരുകളിൽ നഴ്സറികൾ ഉണ്ടാക്കി തൈകൾ തയ്യാറാക്കുകയോ, വനം വകുപ്പിൽ നിന്നോ മറ്റ് ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നോ ലഭ്യമാക്കുകയോ ആവാം.

### (vi) അധിനിവേശ സസ്യങ്ങൾ പോലെയുള്ള മറ്റ് കാര്യങ്ങളുടെ വിവര ശേഖരണവും രേഖപ്പെടുത്തിവെക്കലും

അധിനിവേശ സസ്യങ്ങളുടെ വ്യാപനം, കാടിന്റെ സന്തുലി-താവസ്ഥ തകർക്കുകയും, മലഞ്ചരക്ക് സസ്യങ്ങളുടെ വളർച്ചയും, ലഭ്യതയും ഇല്ലാതാക്കുകയും, വന്യജീവികളുടെ



FRA Handbook inner_New_V6.indd 194 02-09-2024 17:26:23

## മലഞ്ചരക്ക് ശേഖരണ രജിസ്റ്ററിന്റെ മാതൃക

ശേഖരിക്കുന്ന ആളിന്റെ പേര്: വയസ്സ്:

പുരുഷൻ /സ്ത്രീ:

| തിയ്യതി | സ്ഥലം | ശേഖരിച്ച മലഞ്ചരക്ക് | ഇനം | മരങ്ങളുടെ/ അടയുടെ/ ചെടിയുടെ/ എണ്ണം | കി. ഗ്രാം/ മരം കി. ഗ്രാം/ അട കി. ഗ്രാം/ ചെടി | ശേഖരണ രീതി | ശേഖരിച്ച ദിവസം | വില്പ്പന നടത്തിയ സ്ഥലം | വില/ കി.ഗ്രാം | അഭിപ്രായം/ നിർദ്ദേശം/ അറിയിപ്പ് |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |
| | | | | | | | | | | |

അവലംബം: WWF-India



FRA Handbook inner_New_V6.indd 195 02-09-2024 17:26:23

സ്വൈര്യവിഹാരത്തെ തടസ്സപ്പെടുത്തുകയും, മനുഷ്യൻ-വന്യജീവി സംഘർഷം സൃഷ്ടിക്കുകയും ചെയ്യുന്ന ഒന്നാണ്. ഇത്തരം സസ്യങ്ങളുടെ വിശദമായ രേഖപ്പെടുത്തൽ നടത്തേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് അധിനിവേശ സസ്യങ്ങളുടെ വ്യാപനത്തെ തടയാനുള്ള പ്രവർത്തനങ്ങൾ ചെയ്യേണ്ടതുമാണ്. വനവകാശികൾക്ക് ഇത്തരം കാര്യങ്ങൾ ഊരുകൂട്ടത്തിൽ ചർച്ച ചെയ്ത് വിവിധ സർക്കാർ വകുപ്പുകളുടെയും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളുടേയും, സ്വകാര്യ സ്ഥാപനങ്ങളുടെയും സഹായം ഇതിനായി ഉറപ്പാക്കുകയും ചെയ്യാവുന്നതാണ്.

### III.5.C വനം-വന്യജീവി പരിപാലനവുമായി ബന്ധപ്പെട്ട ചില സാങ്കേതിക പദങ്ങളും അവയുടെ വിശദീകരണവും

വനം-വന്യജീവി പരിപാലനവുമായി ബന്ധപ്പെട്ട ചില സാങ്കേതിക പദങ്ങളും അവയുടെ വിശദീകരണവും ചുവടെ ചേർക്കുന്നു.

#### (i) പരിസ്ഥിതി (Environment)

ഒരു ജീവിയുടെ ചുറ്റിനുമുള്ള എല്ലാ ഘടകങ്ങളും ചേർന്നതാണ് അതിന്റെ പരിസ്ഥിതി. അജൈവവും (Abiotic) ജൈവീകവുമായ (Biotic) ഘടകങ്ങൾ പരിസ്ഥിതിയിലുണ്ട്. മണ്ണും, വായുവും, ജലവും മറ്റ് രാസിക-ഭൗതിക ചുറ്റുപാടുകളും ഉൾപ്പെടുന്നതാണ് അജൈവ ഘടകങ്ങൾ. സസ്യങ്ങളും ജന്തുക്കളും സൂക്ഷ്മജീവികളും (Mirco-organisms) ഉൾപ്പെടുന്നതാണ് ജൈവ ഘടകങ്ങൾ.

#### (ii) ഇക്കോളജി (Ecology)

ജീവികളും അവയുടെ ചുറ്റുപാടും തമ്മിലുള്ള പരസ്പര ബന്ധത്തെപ്പറ്റി പഠിക്കുന്ന ശാസ്ത്ര ശാഖയാണ് ഇക്കോളജി അഥവാ പരിസ്ഥിതി ശാസ്ത്രം. വാസസ്ഥലത്തെ കുറിച്ചുള്ള പഠനം എന്നർത്ഥമുള്ള ഗ്രീക്ക് പദമാണ് 'ഇക്കോളജി (ഇകോസ്-ലോഗോസ്)'. 1866-ൽ എണ്സ്റ്റ് ഹെക്കേൽ (Ernst Haeckel) എന്ന



FRA Handbook inner_New_V6.indd 196 02-09-2024 17:26:23

ജർമ്മൻ തത്ത്വചിന്തകനും കലാകാരനുമായ ശാസ്ത്രജ്ഞനാണ് ഈ പദത്തെ ശാസ്ത്ര ലോകത്തിന് പരിചയപ്പെടുത്തിയത്.

### (iii) ആവാസസ്ഥാനം (Habitat)

ഓരോ ജീവിയും പ്രത്യേക പാരിസ്ഥിതിക ഘടകങ്ങളുടെ സ്വാധീനത്താൽ വ്യത്യസ്തമായ പ്രദേശങ്ങളിൽ ജീവിക്കുന്നതിനുള്ള അനുകൂല സവിശേഷതകൾ ആർജ്ജിച്ചവയായിരിക്കും. അപ്രകാരം ഓരോ ജീവിയും പ്രകൃത്യാ കാണപ്പെടുന്ന സ്ഥലമാണ് അതിന്റെ ആവാസസ്ഥാനം അഥവാ വാസസ്ഥലം.

### (iv) ഇക്കോളജിക്കൽ നിഷ് (Ecological Niche)

ഒരു ആവാസവ്യവസ്ഥയുടെ സന്തുലിതമായ നിലനിൽപ്പിന് അതിലെ ഓരോ ജീവിക്കും അതിന്റേതായ ധർമ്മം നിർവഹിക്കാനുണ്ട്. ഇത്തരത്തിൽ ഓരോ ജീവിയുടെയും തനതായ ധർമ്മ നിർവഹണത്തിനുതകുന്ന സവിശേഷസ്ഥാനത്തെയാണ് ഇക്കോളജിക്കൽ നിഷ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ഒരു ജീവിയുടെ ഇക്കോളജിക്കൽ നിഷ് മറ്റൊന്നിൽ നിന്ന് വ്യത്യസ്തമായിരിക്കും. അഥവാ രണ്ട് ജീവികൾ ഒരു നിഷ് പങ്കിടുന്ന സാഹചര്യത്തിൽ ജീവികൾ തമ്മിൽ മത്സരമുണ്ടാവുകയും ഒന്ന് മറ്റേതിനെ പുറന്തള്ളുകയും ചെയ്യും.

### (v) ആവാസ വ്യവസ്ഥ (Ecosystem)

ഒരു പ്രദേശത്തെ ജൈവവും (സസ്യങ്ങളും ജന്തുക്കളും സൂക്ഷ്മജീവികളും), അജൈവവുമായ ഘടകങ്ങളും അവ തമ്മിലുള്ള പരസ്പര പ്രവർത്തനങ്ങളും പരസ്പരാശ്രിതത്വവും അടങ്ങുന്ന വ്യവസ്ഥയാണ് ആവാസവ്യവസ്ഥ (Ecosystem).

പോഷണവുമായി ബന്ധപ്പെട്ട് ആവാസവ്യവസ്ഥയിൽ ജൈവ ഘടകങ്ങളെ ഉത്പാദകർ (Producers), ഉപഭോക്താക്കൾ (Consumers), വിഘാടകർ (Decomposers) എന്നിങ്ങനെ മൂന്നായി തിരിക്കാം. ഹരിതസസ്യങ്ങളാണ് ഉത്പാദകർ.




FRA Handbook inner_New_V6.indd 197 02-09-2024 17:26:23

പോഷണത്തിനായി മറ്റു ജീവികൾ സസ്യങ്ങളെ ആശ്രയിക്കുന്നു. സസ്യാഹാരികളെ പ്രാഥമിക ഉപഭോക്താവെന്നും (Primary Consumers), അവയെ ആഹാരമാക്കുന്ന ജീവികളെ ദ്വിതീയ ഉപഭോക്താവ് (Secondary Consumers) എന്നും വിശേഷിപ്പിക്കുന്നു. ഉത്പാദകരുടേയും ഉപഭോക്താക്കളുടെയും മൃതശരീരത്തിലും വിസർജ്ജങ്ങളിലും പ്രവർത്തിച്ച് അജൈവ ഘടകമാക്കി മാറ്റുന്ന വിഭാഗമാണ് വിഘടകർ (Decomposers).

### (vi) ഭക്ഷ്യശൃംഖല (Food Chain)

സൂര്യപ്രകാശമാണ് ഭൂമിയുടെ ഊർജ്ജസ്രോതസ്സ്. ഈ ഊർജ്ജം ഉപയോഗിച്ച് ഇലകളിലെ ഹരിതകോശങ്ങളിൽ കാർബൺ ഡൈഓക്സൈഡും ($CO_2$) ജലവും സംശ്ലേഷിപ്പിച്ച് ചെടികൾ ആഹാരം ഉത്പാദിപ്പിക്കുന്നു. ഈ പ്രക്രിയയെ പ്രകാശ സംശ്ലേഷണം (Photosynthesis) എന്നാണ് പറയുന്നത്. ഹരിത സസ്യങ്ങളിൽ മാത്രമേ ഈ പ്രവർത്തനം സാധ്യമാകൂ. അതിനാൽ അവയെ പ്രകൃതിയിലെ ഉത്പാദകർ (Producers) എന്ന് വിശേഷിപ്പിക്കുന്നു. അങ്ങനെ പ്രകാശ സംശ്ലേഷണം ചെയ്തു വളരുന്ന സസ്യങ്ങളുടെ ഇലകളും കായ്കളും മറ്റും ഭക്ഷിച്ച് സസ്യഭുക്കുകൾ (Herbivores) വളരുന്നു. അതായത് സസ്യങ്ങളിൽ അടങ്ങിയിരിക്കുന്ന ഊർജ്ജം മൃഗങ്ങളുടെ ഊർജ്ജമായി മാറുന്നു. ഈ സസ്യഭുക്കുകളെ ആഹരിച്ച് മാംസഭുക്കുകൾ (Carnivores) വളരുന്നു. സസ്യമോ, സസ്യഭുക്കോ, മാംസഭുക്കോ ചത്ത് മണ്ണടിഞ്ഞാലും ഭൂമിക്ക് വളമായി മാറുന്നു. ഇത് സാധ്യമാക്കുന്നത് വിഘടകർ (Decomposers) എന്ന വിഭാഗം ജീവികളാണ്. സൂക്ഷ്മജീവികളും മണ്ണിര പോലെയുള്ള ചില ചെറു ജീവികളും ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു. ആ വളം സസ്യങ്ങൾ വലിച്ചെടുത്ത് സൂര്യപ്രകാശത്തിന്റെ സഹായത്താൽ ഇലയായും, പൂവായും, കായായും മറ്റും രൂപാന്തരപ്പെടുത്തുന്നു. ഇതിൽ ഒരു ചാക്രിക സ്വഭാവം കാണാം. ഇങ്ങനെ കൊന്നും, തിന്നും, കൊല്ലപ്പെട്ടുമുള്ള ഒരു പരസ്പര ബന്ധം ആവാസ വ്യവസ്ഥയിൽ നിലനില്ക്കുന്നു. ഇതിനെ ഭക്ഷ്യശൃംഖല (Food Chain) എന്നോ ഊർജ്ജ ശൃംഖല (Energy Chain) എന്നോ പറയാം.



❶ പച്ചത്തുള്ളൻ ഉത്പാദകരായ സസ്യങ്ങളെ ഭക്ഷിക്കുന്നു

❷ പച്ചതുള്ളനെ എലി ഭക്ഷിക്കുന്നു

❸ എലിയെ പാമ്പ് ഭക്ഷിക്കുന്നു

❹ പാമ്പിനെ പരുന്ത് ഭക്ഷിക്കുന്നു

❺ പരുന്ത് ചത്തൊടുങ്ങുമ്പോൾ, അതിന്റെ ശവത്തിൽ ഫംഗസ് പ്രവർത്തിച്ച് പോഷകങ്ങളായി മാറ്റി, മണ്ണിൽ ലയിക്കുന്നു

❻ മണ്ണിലെ ഈ പോഷകങ്ങൾ സസ്യങ്ങൾ വളരാൻ സഹായിക്കുന്നു


**രേഖാചിത്രം 23: ഭക്ഷ്യശൃംഖല**

### (vii) ഇക്കോളജിക്കൽ പിരമിഡ് (Ecological Pyramid)

ഭക്ഷ്യശൃംഖലയിലെ വിവിധ തലങ്ങളിലെ ജീവികളുടെ എണ്ണം, ജൈവപിണ്ഡം (അഥവാ ഭാരം), ഊർജ്ജ പ്രവാഹം എന്നിവ ചിത്രീകരിക്കുന്നതിനാണ് ഇക്കോളജിക്കൽ പിരമിഡ് ഉപയോഗിക്കുന്നത്. ഉത്പാദന ഘട്ടത്തിൽ നിർമ്മിക്കുന്ന ആഹാരവും, ഊർജ്ജവും, ജൈവപിണ്ഡവും ഓരോ ഘട്ടവും പിന്നിട്ട് തൃതീയ ഉപഭോക്താക്കളുടെ ഘട്ടത്തിൽ എത്തുമ്പോഴേക്കും ഓരോ ഘട്ടത്തിലും സംഭവിക്കുന്ന ഊർജ്ജ നഷ്ടത്തിന്റെ ഫലമായി പിണ്ഡത്തിലും, എണ്ണത്തിലും, ഊർജ്ജത്തിന്റെ അളവിലും ഗണ്യമായ കുറവ് സംഭവിക്കുന്നു. അതിനാലാണ് ഈ പരസ്പര ബന്ധത്തിന് പിരമിഡ് രൂപം കൈവരുന്നത്.



FRA Handbook inner_New_V6.indd 199 02-09-2024 17:26:23



**രേഖാചിത്രം 24: ഇക്കോളജിക്കൽ പിരമിഡ്**

### (viii) ജീവിസഞ്ചയം (Population)

ഒരു വശത്ത് ജീവികൾ പെറ്റു പെരുകാൻ ശ്രമിക്കുന്നു. മറുവശത്ത് പരിസ്ഥിതി സമ്മർദ്ദം അതിനു കടിഞ്ഞാണിടുന്നു. ഈ സംഘർഷത്തിൽ വരുന്ന നീക്കി ബാക്കിയാണ്, ഒരു പ്രത്യേക പ്രദേശത്ത് ഒരു നിശ്ചിത കാലയളവിൽ നിലനില്ക്കുന്ന ഓരോ ജീവിയുടെയും എണ്ണം. ഇതിനെ ജീവിസഞ്ചയം/അംഗസംഖ്യ/ജീവിഗണം എന്ന് പറയുന്നു. ഒരു ജീവിയുടെ അംഗസംഖ്യ, ആവാസ പ്രത്യേകതകൾ, ഉത്പാദനക്ഷമത, പരിസ്ഥിതി സമ്മർദ്ദം മുതലായ ഘടകങ്ങളെ ആശ്രയിച്ചിരിക്കും.

### (ix) നിർണ്ണായക പരിധി (Critical Limit)

വംശനാശത്തിന്റെ ഘട്ടത്തിൽ എത്തിയ ജീവിഗണത്തിന് സ്വാഭാവിക പ്രത്യുല്പാദനം വഴി പഴയ അവസ്ഥയിലേക്ക് പടിപടിയായി വർദ്ധിക്കാൻ കഴിയാതെ വരുന്നു. ആ പരിധിയെ "നിർണ്ണായക പരിധി" എന്നു പറയുന്നു. നിർണ്ണായക പരിധിയിലെത്തിയ ജീവിയുടെ എണ്ണം കുറഞ്ഞാൽ ആ ജീവിയുടെ വംശമറ്റു പോകാനേ സാധാരണ ഗതിയിൽ സാധ്യതയുള്ളു.



FRA Handbook inner_New_V6.indd 200 02-09-2024 17:26:23

### (x) വിഹാരമേഖല (Home Range)

ഓരോ ജീവിക്കും അതിന്റെ ജൈവപരമായ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഒരു നിശ്ചിത ആവാസമേഖല അനിവാര്യമാണ്. ആഹാരം, ജലം, അഭയ(വാസ)സ്ഥാനം എന്നിങ്ങനെ വിവിധ ആവശ്യങ്ങൾ ഈ പ്രദേശത്തെ കേന്ദ്രീകരിച്ചാണ് ജീവി നിറവേറ്റുന്നത്. ഈ പ്രദേശത്തെ ആ ജീവിയുടെ വിഹാര മേഖല എന്നു പറയുന്നു. ഇതിന്റെ വിസ്തൃതി ഓരോ ജീവിയെ സംബന്ധിച്ചും വ്യത്യസ്തമായിരിക്കും.

### (xi) വിഹാര അതിർത്തി (Territory)

അപൂർവ്വം ചില മൃഗങ്ങൾക്ക് സ്വന്തം വിഹാരമേഖലയുടെ ഒരു പരിധിയിൽ സ്വജാതിയിൽപ്പെട്ട മറ്റ് മൃഗങ്ങളെ കയറ്റാതെ കൈയ്യടക്കി വയ്ക്കുന്ന സ്വഭാവമുണ്ട്. ആ പ്രദേശത്തെ ആ ജീവിയുടെ "വിഹാര അതിർത്തി" എന്നാണ് പറയുന്നത്. ഈ സ്വഭാവം വളരെ വ്യക്തമായി പ്രകടമാക്കുന്ന ഒരു ജീവിയാണ് കടുവ. വിഹാരാതിർത്തി പല മാർഗ്ഗങ്ങൾ ഉപയോഗിച്ച് അടയാളപ്പെടുത്തി സ്വജാതിയിൽപ്പെട്ട മറ്റുള്ളവർക്ക് മുന്നറിയിപ്പ് കൊടുക്കുന്ന പതിവുമുണ്ട്. കടുവ സാധാരണയായി സ്വന്തം മൂത്രം ഉപയോഗിച്ച് വിഹാരാതിർത്തി വേർതിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പക്ഷികൾ ശബ്ദം ഉണ്ടാക്കി മറ്റുള്ളവയെ തങ്ങളുടെ സാന്നിധ്യം അറിയിക്കാറുണ്ട്. അടയാളങ്ങളും മുന്നറിയിപ്പും അവഗണിച്ച് വിഹാരാതിർത്തിയിൽ പ്രവേശിക്കുന്ന അതേ വർഗ്ഗത്തിൽപ്പെട്ട ജീവികൾക്ക് കടുത്ത എതിർപ്പുകൾ നേരിടേണ്ടി വരും. പലപ്പോഴും പരസ്പരാക്രമണങ്ങളിൽ ഇത്തരം ജീവികൾ മരിച്ചു വീഴുന്നതും സ്വാഭാവികമാണ്. കൂടുകൂട്ടുന്ന പക്ഷികൾ, ചിലന്തികൾ തുടങ്ങി മറ്റു പല ജീവികളും വിഹാരാതിർത്തി വേർതിരിക്കാറുണ്ട്.

### (xii) ജൈവമണ്ഡലം (Biosphere)

ഭൂഗോളത്തിൽ ജീവൻ നിലനില്ക്കുന്ന പ്രദേശത്തെ ജൈവമണ്ഡലം എന്നു പറയുന്നു. ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് 12 കി.മീ ഉയരെ വരെയും 11 കി.മീ. താഴെ വരെയും മാത്രമെ ജീവികൾക്ക് കഴിയാനാവൂ. വായു, ജലം, മണ്ണ് ഇവയിൽ മൂന്നിലും ജീവൻ നിലനില്ക്കുന്ന ഭാഗങ്ങൾ ബയോസ്ഫിയറിൽ ഉൾപ്പെടും.

### (xiii) ഇടനാഴി (Corridor)

തുടർച്ച നഷ്ടപ്പെട്ട രണ്ടോ അതിലധികമോ ആവാസസ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന താരതമ്യേന സുരക്ഷിതമായതും, അത്ര വിശാലമല്ലാത്തതുമായ അഭയസ്ഥാനങ്ങളാണ് ഇടനാഴികൾ. തുടർച്ച നഷ്ടപ്പെട്ട ചെറിയ തുരുത്തുകളിൽ ഒതുങ്ങുന്ന വന്യജീവികൾ വംശനാശത്തിലേക്ക് നീങ്ങാനുള്ള സാധ്യത കൂടുതലാണ്. ഒരു മേഖലയിൽ നിന്ന് മറ്റൊന്നിലേയ്ക്ക് വന്യമൃഗങ്ങൾക്ക് സഞ്ചരിക്കാൻ ഇടനാഴികൾ വഴിയൊരുക്കുന്നു. വന്യമൃഗങ്ങളുടെ പരമ്പരാഗത സഞ്ചാരപാതയുൾപ്പെടുന്ന പ്രദേശ-ങ്ങൾ ഇടനാഴിയാക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യം. വനമേഖലയുടെ തുടർച്ച നഷ്ടപ്പെട്ടതു മൂലം ആനയെപ്പോലെ വളരെ വിസ്തൃതമായ വിഹാരമേഖല വേണ്ട മൃഗങ്ങളുടെ നിലനിൽപ്പ് തന്നെ അപകടത്തിലാവാം. മാത്രവുമല്ല ചുറ്റും ജീവിക്കുന്ന നാട്ടുകാർക്ക് ഇവയിൽ നിന്നും ഏൽക്കുന്ന അപകട സാധ്യതകൾ ഏറുന്നു. ഇത്തരം വനമേഖലകളെ ഇടനാഴികൊണ്ട് ബന്ധിപ്പിക്കുകയാണ് ഇതിനൊരു പരിഹാരം. ആന സംരക്ഷണ പദ്ധതിയിൽ ഇടനാഴി പുനഃസ്ഥാപനത്തിന് ഉയർന്ന പരിഗണനയാണ് നൽകുന്നത്. വളരെ ശ്രദ്ധയോടെയാവണം ഇടനാഴിയുടെ പരിപാലനം. വേട്ടക്കാർ ഈ പ്രദേശങ്ങൾ പ്രയോജനപ്പെടുത്താൻ സാധ്യതയുള്ളതിനാൽ കൂടുതൽ സംരക്ഷണം ഇവിടെ ഏർപ്പെടുത്തേണ്ടതാണ്.

### III.5.D ആവാസവ്യവസ്ഥയിലെ ചക്രങ്ങൾ (Cycles in Ecosystem)

മുൻപേ കൊടുത്തിരിക്കുന്ന പാഠഭാഗം III.5.C-ക്ക് കീഴിലുള്ള അവസ്ഥവ്യവസ്ഥയിൽ പറഞ്ഞിരിക്കുന്നത് പോലെ ഒരു പ്രത്യേകഭാഗത്ത് സസ്യജാലങ്ങളും ജന്തുക്കളും ഉൾപ്പെട്ട ജീവസമൂഹത്തോടൊപ്പം അജൈവഘടകങ്ങളും ചേരുന്നതാണ് ആ പ്രദേശത്തിന്റെ ആവാസവ്യവസ്ഥ. ആവാസവ്യവസ്ഥയിലെ ഘടകങ്ങളെ പ്രധാനമായി ജൈവഘടകങ്ങൾ (Biotic Factors), അജൈവഘടകങ്ങൾ(Abotic Factors) എന്ന് രണ്ടായി വിഭജിക്കാം.

ആവാസവ്യവസ്ഥയിലുണ്ടാകുന്ന നേരിയ ഇടപെടലുകൾ പോലും അതിന്റെ സന്തുലിതാവസ്ഥയ്ക്ക് മാറ്റം വരുത്താറുണ്ട്. ആവാസവ്യവസ്ഥയെ ദുർബലപ്പെടുത്തുന്നതിന് മനുഷ്യന്റെ



FRA Handbook inner_New_V6.indd 202 02-09-2024 17:26:24

ഇടപെടലുകൾ പലപ്പോഴും കളമൊരുക്കാറുണ്ട്. ഇതിന്റെ ഫലമായി പലതരത്തിലുള്ള സസ്യങ്ങളും ജന്തുക്കളും ഭൂമുഖത്തു നിന്നും അപ്രത്യക്ഷമാകുന്ന സ്ഥിതിവരെ എത്തിയിരിക്കുന്നു.

ആവാസവ്യവസ്ഥയെ മൂന്നായി തിരിക്കാമെന്നും നാം കണ്ടു- ഉത്പാദകർ(Producers), ഉപഭോക്താക്കൾ (Consumers), വിഘാടകർ (Decomposers), എന്നിങ്ങനെ.

### (i) ആവാസവ്യവസ്ഥയിലെ ചക്രങ്ങൾ

ജലചക്രം (Water Cycle), കാർബൺ ചക്രം (Carbon Cycle), ഓക്സിജൻ ചക്രം (Oxygen Cycle), നൈട്രജൻ ചക്രം (Nitrogen Cycle) തുടങ്ങിയവയാണ് ആവാസവ്യവസ്ഥയിലെ പ്രധാന ഊർജ്ജ ചക്രങ്ങൾ. ആവാസവ്യവസ്ഥ നിലനിൽക്കുന്നത് ഈ ചക്രങ്ങളുടെ സ്വാഭാവികമായ പ്രവർത്തനങ്ങളിലൂടെയാണ്. ജീവികളുടെ നിലനിൽപ്പും ഈ ചക്രങ്ങളുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ്.

### (a) ജലപരിവൃത്തി (Water Cycle):

ജീവസന്ധാരണത്തിന് വളരെയേറെ പ്രാധാന്യമുള്ള ഒരു ഘടകമാണ് ജലം. മഴ പെയ്യുമ്പോഴാണ് മണ്ണിലേക്ക് ധാരാളമായി ജലമെത്തുന്നത്. ഭൗമോപരിതലത്തിൽ പലതരത്തിലുള്ള ജലാശയങ്ങൾ ഉൾപ്പെടുന്നതാണ് ജലമണ്ഡലം. ശിലാ മണ്ഡലത്തിന്റെ(lithosphere)[30] ഒരു കിലോമീറ്റർ ആഴം മുതൽ മുകളിലോട്ട് പതിനഞ്ചു കിലോമീറ്റർ ഉയരം വരെയുമുള്ള ജലത്തിന്റെയും ജലബാഷ്പത്തിന്റെയും സാന്നിദ്ധ്യമാണ് ജല ചക്രം. സമുദ്രത്തിന്റെയും, ജലാശയങ്ങളിലേയും ജലം സൂര്യതാപമേറ്റ് ആവിയായി മുകളിൽ വായുവിലേക്കുയരുന്നു. ഇത് കാറ്റിന്റെ ഗതിക്കനുസരിച്ച് നീങ്ങി മഴയായി തീരുന്നു. മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഇത് മേൽമണ്ണിലൂടെ ഒലിച്ച്

---

[30] ശിലാ പദാർത്ഥങ്ങളാൽ നിർമ്മിതമാണ് ശിലാമണ്ഡലം. ഭൂമിയെ പൊതുവെ ഭൂവൽക്കം, മാന്റിൽ, അകക്കാമ്പ് എന്നിങ്ങനെ മൂന്നു മണ്ഡലങ്ങളായി തിരിക്കാം. ഇതിൽ ഭൂവൽക്കവും മാന്റിലിന്റെ ഖര രൂപത്തിൽ സ്ഥിതി ചെയ്യുന്ന ഉപരിമണ്ഡലവും ചേർന്ന ഭാഗമാണ് ശിലാമണ്ഡലം അല്ലെങ്കിൽ സ്ഥലമണ്ഡലം.



FRA Handbook inner_New_V6.indd 203 02-09-2024 17:26:24

ജലാശയങ്ങളിലെത്തുന്നു. ഇതിൽ കുറെ ഭാഗം മണ്ണിൽ താഴ്ന്ന് ഭൂഗർഭ ജലമായി മാറുന്നു. കുറെ ഭാഗം ജീവജാലങ്ങൾ ഉപയോഗിക്കുന്നു. അവയുടെ വിസർജ്ജ്യങ്ങളിൽ നിന്നും വീണ്ടുമത് മണ്ണിലെത്തുന്നു. നദികളിലെത്തി ഈ ഉറവകളെല്ലാം കൂടിച്ചേർന്ന് വൻ ജലാശയത്തിൽ വീണ്ടും എത്തിച്ചേരുന്നു. ഇങ്ങനെയാണ് ഒരു ജല പരിവൃത്തി (Water Cycle) പൂർത്തിയാകുന്നത്.

**(b) കാർബൺ പരിവൃത്തി (Carbon Cycle):**

പ്രകൃതിയിൽ കാർബൺ പരിവൃത്തി ജീവജാലങ്ങളുടെ നിലനിൽപ്പുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. ഓക്സിജൻ പരിവൃത്തിയുടെ ഭാഗം തന്നെയാണ് കാർബൺ പരിവൃത്തിയുമെന്നതിനാൽ ഇവ പരസ്പരാശ്രയത്വം കാണിക്കുന്നു. ജീവികളുടെ ഉച്ഛ്വാസവായുവിൽ ധാരാളം കാർബൺ ഡൈയോക്സൈഡ് ഉണ്ട്. അതു കൂടാതെ ജീവികളും സസ്യങ്ങളുമൊക്കെ ജ്വലനത്തിനു വിധേയമാകുമ്പോൾ വൻതോതിൽ കാർബൺ ഡൈയോക്സൈഡ് രൂപീകൃതമാകുന്നു. സസ്യങ്ങൾ സൂര്യപ്രകാശത്തിന്റെ സാന്നിധ്യത്തിൽ ഇതിനെ ജൈവപിണ്ഡമാക്കി മാറ്റുന്നു. ജീവികളിൽ നിന്നും അന്തരീക്ഷത്തിലേക്ക് ശ്വസനം മൂലവും, ജ്വലനം മൂലവും എത്തുന്ന കാർബൺ ഡൈയോക്സൈഡ് സസ്യങ്ങൾ വലിച്ചെടുത്ത് ജൈവപിണ്ഡമാക്കി(Biomass)മാറ്റിവീണ്ടുംഅത്അന്തരീക്ഷത്തിൽ എത്തുമ്പോൾ കാർബൺ പരിവൃത്തി പൂർത്തിയാക്കപ്പെടുന്നു. കാർബൺ അതിന്റെ ഓക്സൈഡ് രൂപത്തിലാണ് പരിവൃത്തി പൂർത്തിയാക്കുന്നത്.

**(c) നൈട്രജൻ പരിവൃത്തി (Nitrogen Cycle):**

അന്തരീക്ഷത്തിൽ ഏറ്റവും അധികം ഉള്ള വാതകമാണ് നൈട്രജൻ. അന്തരീക്ഷത്തിലുള്ള നൈട്രജനെ, നൈട്രേറ്റുകളുടെ രൂപത്തിലാണ് ചെടികൾ വലിച്ചെടുക്കുന്നത്. നൈട്രജൻ, ഓക്സിജനുമായി ചേരുമ്പോൾ നൈട്രജൻ ഡൈഓക്സൈഡ് രൂപീകൃതമാകുന്നു. മഴയോടൊപ്പം ഇടി-മിന്നൽ ഉണ്ടാകുമ്പോൾ നൈട്രജൻ ഡൈഓക്സൈഡ്, നൈട്രസ് അല്ലം അഥവാ ആസിഡാകുന്നു. മണ്ണിൽ എത്തിച്ചേരുമ്പോൾ ഇത് ലവണങ്ങളുമായി പ്രവർത്തിച്ച് നൈട്രേറ്റുകൾ രൂപം കൊള്ളുന്നു.



FRA Handbook inner_New_V6.indd 204 02-09-2024 17:26:24

നൈട്രേറ്റുകളെ സസ്യങ്ങൾ ആഗിരണം ചെയ്ത് അമിനോ ആസിഡുകളും പെപ്റ്റൈഡുകളും, പ്രോട്ടീനുകളുമായി മാറ്റുന്നു. ഇവയെല്ലാം മനുഷ്യനുൾപ്പെടെ മറ്റ് ജീവികൾക്കു അത്യാവശ്യമുള്ള പദാർത്ഥങ്ങളാണ്. ജീവികൾ ചത്ത് വിഘടനത്തിന് വിധേയമാകുമ്പോൾ ബാക്ടീരിയ ജൈവ തന്മാത്രകളിൽ വിഘടനമുണ്ടാക്കി നൈട്രജൻ വാതകം സ്വതന്ത്രമാക്കും. ചിലയിനം പയറു വർഗ്ഗങ്ങൾക്ക് അവയുടെ വേരുകളിലൂടെയും കാണ്ഡങ്ങളിലൂടെയും അന്തരീക്ഷത്തിലെ നൈട്രജനെ നേരിട്ട് വലിച്ചെടുക്കാനുള്ള കഴിവുണ്ട്.

### (d) ഓക്സിജൻ പരിവൃത്തി (Oxygen Cycle):

പ്രാണവായു എന്ന് അറിയപ്പെടുന്ന ഓക്സിജന്റെ സന്തുലിതാവസ്ഥ ജീവജാലങ്ങളുടെ നിലനിൽപ്പിന് അനിവാര്യമാണ്. ശ്വസന പ്രക്രിയയ്ക്കായി വായുവിലെ ഓക്സിജനെയാണ് ശ്വസകോശങ്ങൾ സ്വീകരിക്കുന്നത്. ഉച്ഛ്വാസ വായുവിലൂടെ ജീവികൾ പുറത്തു വിടുന്ന കാർബൺ ഡൈയോക്സൈഡ് സൂര്യപ്രകാശത്തിന്റെ സാന്നിധ്യത്തിൽ ജലവും ചേരുമ്പോൾ പ്രകാശ സംശ്ലേഷണം നടക്കുന്നു. ഈ സമയത്ത് ഓക്സിജൻ സ്വതന്ത്രമാക്കപ്പെടുന്നു. ഇങ്ങനെ സസ്യങ്ങൾ ഓക്സിജൻ പുറംതള്ളുകയും ജീവികൾ ഓക്സിജൻ ആഗിരണം ചെയ്യുകയുമൊക്കെ ചെയ്യുമ്പോൾ ഓക്സിജൻ പരിവൃത്തി പൂർത്തിയാക്കുന്നു.

### (ii) പ്രകൃതി വിഭവങ്ങൾ (Natural Resources)

മനുഷ്യൻ ജീവിക്കുന്ന ചുറ്റുപാടുകളിലുള്ള രാസപരവും, ജൈവപരവും, സാമൂഹികവുമായ ഘടകങ്ങളുടെ ആകെ തുകയായ പരിസ്ഥിതിയിൽ കാണുന്ന, മനുഷ്യന്റെ ജിവിത നിലവാരം ഉയർത്തുന്ന, അല്ലെങ്കിൽ ക്ഷേമത്തിനുതകുന്ന പ്രകൃതിയുടെ ഭാഗമായ മൂല പദാർത്ഥങ്ങളെ പ്രകൃതി വിഭവങ്ങൾ എന്നു വിളിക്കുന്നു.

### (a) വിഭവങ്ങളുടെ വർഗ്ഗീകരണം:

സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ പുനഃസ്ഥാപിക്കപ്പെടുന്നതും, പുനഃസ്ഥാപിക്കപ്പെടാത്തതുമായ വിഭവങ്ങൾ എന്ന് രണ്ടായി തരം തിരിക്കാം.

**(b) പുനഃസൃഷ്ടിക്കാവുന്ന വിഭവങ്ങൾ (Renewable Resources):**

പുനഃസൃഷ്ടിക്കാവുന്ന വിഭവങ്ങൾ തന്നെ പരമ്പരാഗതവും പരമ്പരാഗതമല്ലാത്തതുമുണ്ട്. വനം, കൃഷി, വന്യജീവികൾ, ജലവിഭവങ്ങൾ മുതലായവ പരമ്പരാഗത വിഭവങ്ങൾക്ക് ഉദാഹരണങ്ങളാണ്. പരമ്പരാഗതമല്ലാത്തതിന് ഉദാഹരണങ്ങളാണ് സൗരോർജ്ജം, കാറ്റ്, തിരമാല, ബയോഗ്യാസ്, അറ്റോമിക ഊർജ്ജം മുതലായവ. പുനഃസൃഷ്ടിക്കാവുന്ന വിഭവങ്ങൾ അമിതമായി ചൂഷണം ചെയ്താൽ അല്ലെങ്കിൽ അതിന്റെ ഉപയോഗം ഒരു പരിധി കഴിഞ്ഞാൽ അതും അസാധ്യമാകും.

**(c) പുനഃസൃഷ്ടിക്കാനാവാത്ത വിഭവങ്ങൾ (Non-Renewable Resources):**

ദശലക്ഷകണക്കിന് വർഷങ്ങളെടുത്ത് രൂപപ്പെടുന്ന വിഭവങ്ങളാണ് പുനഃസൃഷ്ടിക്കാനാവാത്ത വിഭവങ്ങൾ. അതുകൊണ്ട് തന്നെ ഒരിക്കൽ ഉപയോഗിച്ച കഴിഞ്ഞാൽ പുതുതായി ഉത്പാദിപ്പിക്കാൻ സാധ്യമല്ല. ഉദാഹരണത്തിന് പെട്രോളിയം, കൽക്കരി, ധാതുക്കൾ (ഇരുമ്പയിർ, സിമെന്റ് ഉണ്ടാക്കുന്നതിനുള്ള ചുണ്ണാമ്പുകല്ല്, അലുമിനിയം എടുക്കുന്ന ബോക്സൈറ്റ് തുടങ്ങി നാം ഉപയോഗിയ്ക്കുന്ന മിക്ക വസ്തുക്കളും)

**(d) ധാതു വിഭവങ്ങൾ (Mineral Resources):**

മണ്ണിൽ നിന്ന് ഖനനം ചെയ്ത് എടുക്കുന്നതും കാർബണികവും അകാർബണികവും, ലോഹവും, അലോഹവും അടങ്ങുന്ന പ്രകൃതി സംക്ഷേപമാണ് ധാതു വിഭവങ്ങൾ. വ്യവസായശാലകളിലേക്ക് ആവശ്യമായ ലോഹ ധാതുക്കളായ ഇരുമ്പ്, ചെമ്പ്, അലൂമിനിയം, കൽക്കരി, പെട്രോളിയം മുതലായവ ഇങ്ങനെ ഖനനം ചെയ്തെടുക്കുന്നവയാണ്. ധാതു നിക്ഷേപങ്ങൾ അമിതമായി ചൂഷണം ചെയ്യുന്നത് തുടർന്നാൽ ഭാവിയിലെ ഉപയോഗത്തിന് തികയാതെ വരികയും ക്രമേണ അവ തീർന്നു പോകുകയും ചെയ്യും.



FRA Handbook inner_New_V6.indd 206 02-09-2024 17:26:24

**(e) മണ്ണ് (Soil):**

ഭൂമിയിൽ ജീവൻ നിലനിൽക്കുന്നതിനുള്ള അനുകൂല സാഹചര്യമൊരുക്കുന്നത് മണ്ണ് ആണ്. അതായത് സസ്യജന്തുജാലങ്ങളുടെ ജീവന് ആധാരവും ജീവിതോപാധിയുമാണിത്. ആയിരക്കണക്കിന് വർഷങ്ങൾ കൊണ്ടാണ് മണ്ണ് രൂപപ്പെടുന്നത്. പാറകൾ പൊടിഞ്ഞും, കാറ്റുപോലുള്ള വിവിധ കാലാവസ്ഥകൾ, താപവ്യത്യാസം, ഒഴുക്കുവെള്ളം മുതലായവയുടെ പ്രവർത്തനങ്ങളും മൂലമാണ് മണ്ണുണ്ടാവുന്നത്. അതുകൊണ്ടാണ് മണ്ണിനെ പുന:രുജ്ജീവിപ്പിക്കാനാകാത്ത വിഭവം എന്ന് പറയുന്നത്. മനുഷ്യ സംസ്കാരത്തിന്റെ നിലനിൽപ്പ് ഫലപുഷ്ടിയുള്ള മണ്ണിനെ ആശ്രയിച്ചിരിക്കുന്നു എന്നു ചരിത്രം തെളിയിച്ചിട്ടുണ്ട്.

**(iii) പ്രകൃതി വിഭവങ്ങൾ നേരിടുന്ന വെല്ലുവിളികൾ**

പ്രകൃതിയുടെ ഭാഗമായ മനുഷ്യൻ കാലാകാലങ്ങളായി പ്രകൃതിയേയും പ്രകൃതി വിഭവങ്ങളേയും ആശ്രയിച്ചു തുടങ്ങിയിട്ട്. എന്നാൽ ദ്രുതഗതിയിലുള്ള ജനസംഖ്യാ വർദ്ധനവും, നഗരവൽക്കരണത്തിന്റെയും, വൻകിട വ്യവസായശാലകളുടേയും തോത് കൂടി വരുന്നതും, പാരിസ്ഥിതിക മൂല്യങ്ങൾ സംരക്ഷിക്കാതെയുള്ള വികസന പ്രവർത്തനങ്ങളും വിഭവങ്ങളുടെ പുന:രുജ്ജീവനം സാധ്യമാക്കാത്ത വിധത്തിൽ എത്തിച്ചിരിക്കുന്നു.

**(a) വിഭവ വിതരണത്തിലെ ആനുപാതികമല്ലാത്ത അസമത്വം:**

പ്രകൃതി വിഭവങ്ങൾ ഭൂപ്രകൃതിക്ക് അനുസരിച്ചും മണ്ണിന്റെയും പരിസ്ഥിതിയുടെയും സവിശേഷതകൾക്ക് അനുസരിച്ചും മറ്റു ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിന്നിച്ചിതറിക്കിടക്കുന്നു. ഒരു പ്രദേശത്ത് ഇല്ലാത്ത വിഭവങ്ങൾ ഇപ്പോൾ വിദൂരദേശങ്ങളിലേക്ക് കൊണ്ടുപോകാൻ സാധിക്കുന്നു.

**(b) ജനസംഖ്യാ വർദ്ധന:**

ദ്രുതഗതിയിലുള്ള ജനസംഖ്യാ വർദ്ധന മനുഷ്യന്റെ ആവശ്യങ്ങളെയും വിഭവങ്ങളുടെ ആവശ്യത്തെയും വർദ്ധിപ്പിക്കുന്നു.

**(c) വ്യവസായവൽക്കരണം (Industrialization):**

പാരിസ്ഥിതിക മാനദണ്ഡങ്ങൾ നോക്കാതെയുള്ള വ്യാവസായിക വികസനങ്ങൾ വൻതോതിൽ ധാതുവിഭവങ്ങളും ഫോസിൽ ഇന്ധനങ്ങളും, വെള്ളവും, വൈദ്യുതിയും ചൂഷണം ചെയ്യുന്നു. മാത്രമല്ല വ്യവസായ മേഖലകൾ, എസ്റ്റേറ്റുകൾ എന്നിവ വനനശീകരണത്തിനും അതുവഴി ആവാസമേഖലകളുടെ നാശത്തിനും കാരണമായിത്തീരുന്നു.

**(d) മലിനീകരണം (Pollution):**

വ്യാവസായിക സാമ്പത്തിക വികസനത്തിനായുള്ള പ്രകൃതി വിഭവങ്ങളുടെ അമിതമായ ഉപയോഗം, അന്തരീക്ഷ മലിനീകരണത്തിനിടയാക്കുന്നു.

**III.5.E ജൈവവൈവിധ്യം (Biodiversity)**

താരതമ്യേന നൂതനമായ പദപ്രയോഗമാണ് ജൈവവൈവിധ്യം എന്നത്. എന്നാൽ പരിസ്ഥിതി സംരക്ഷണ രംഗത്തും ജൈവവിഭവ സംരക്ഷണ രംഗത്തും ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് ജൈവവൈവിധ്യ സംരക്ഷണം. ജീവജാലങ്ങളിലെ വൈവിധ്യത്തിനെയാണ് പൊതുവായി ജൈവവൈവിധ്യം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ജീവജാലങ്ങളും അവയുടെ നിലനിൽപ്പിനാധാരമായ പരിസ്ഥിതിയും ആവാസവ്യവസ്ഥയും ജീവജാലങ്ങളിലെ വൈവിധ്യവും വൈചിത്ര്യവുമെല്ലാം ഉൾപ്പെടുന്നതാണ് വിശാലാർത്ഥത്തിൽ ജൈവവൈവിധ്യം. മനുഷ്യവംശത്തിന്റെ നിലനിൽപ്പിന് ആധാരമായ ജൈവവൈവിധ്യത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാം.

**(i) ജൈവവൈവിധ്യം- വിവിധ തരം**

ഭൂമിയിലെ വിവിധങ്ങളായ സസ്യങ്ങളും മൃഗങ്ങളും സൂക്ഷ്മജീവികളും എല്ലാം ചേർന്ന ജൈവസമ്പന്നതയുടെ മൂന്ന തലങ്ങളാണ് ജീൻ (ജീവികളുടെ ശരീരത്തിലുള്ള ഏറ്റവും ചെറിയ ജനിതക വസ്തുവാണ് ജീൻ), ജാതി (ജനസ്സ്), ആവാസവ്യവസ്ഥ

അഥവാ ജനിതക വൈവിധ്യം, ജീവജാതി വൈവിധ്യം, ആവാസ വ്യവസ്ഥാ വൈവിധ്യം എന്നിവ.

### (a) ജനിതക വൈവിധ്യം (Genetic Diversity):

ഭൂമിയിലെ ജീവജാലങ്ങൾ തമ്മിലും ഓരോ ജൈവജാതിയിലെ അംഗങ്ങൾക്കിടയിലും ഘടനയിലും സ്വഭാവത്തിലും മറ്റും കാണുന്ന വ്യതിയാനങ്ങൾക്കു കാരണം അവയിലെ ജീനുകളുടെ വ്യത്യാസമാണ്. ഇങ്ങനെ ജീനുകളിൽ കാണുന്ന വൈവിധ്യമാണ് ജനിതക വൈവിധ്യം. ജൈവവൈവിധ്യത്തിന്റെ അടിസ്ഥാനം ജനിതക വൈവിധ്യമാണ്.

ഓരോ ജീവിയും അതിന്റെ തന്നെ വർഗ്ഗത്തിലുള്ള മറ്റൊരു ജീവിയിൽ നിന്നും വ്യത്യസ്തത പുലർത്തുന്നു. കാലാവസ്ഥ വ്യതിയാനങ്ങൾ, രോഗങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ എന്നിവയൊക്കെ അതിജീവിക്കുന്നതിനുള്ള കഴിവ് വ്യത്യസ്ഥമായിരിക്കുന്നതിന് ആധാരം ഈ ജനിതക വൈവിധ്യം ആണ്.

ജനിതക വൈവിധ്യത്തെ വിവിധ രീതികളിൽ ഉപയോഗപ്പെടുത്തി വർദ്ധിച്ച ഉത്പ്പാദനശേഷിയും രോഗപ്രതിരോധ ശക്തിയുമുള്ള സസ്യ-മൃഗാദികളുടെ നൂതന ഇനങ്ങളെ ഇക്കാലത്ത് ബയോടെക്നോളജിയിലൂടെ വികസിപ്പിച്ചെടുക്കുന്നുണ്ട്.

### (b) ജൈവജാതി വൈവിധ്യം (Species Diversity):

ജൈവമണ്ഡലത്തിലാകെയുള്ള ജീവജാലങ്ങളുടെ വൈവിധ്യമാണ് ജൈവജാതി വൈവിധ്യം എന്ന പ്രയോഗം കൊണ്ടുദ്ദേശിക്കുന്നത്. ഇതിന്റെ അടിസ്ഥാന ഘടകം ഇനം അഥവാ സ്പീഷീസ് (Species) ആണ്. ഭൂമുഖത്ത് രേഖപ്പെടുത്തപ്പെട്ട ജൈവജാതി വൈവിധ്യം ഏതാണ്ട് 1.7 ദശലക്ഷം ആണ്. രേഖപ്പെടുത്താത്തവ ഇതിന്റെ പല മടങ്ങാണ്. ആകെയുള്ള ജൈവവൈവിധ്യത്തിന്റെ പകുതിയിലേറെ കാണപ്പെടുന്നത് ഉഷ്ണമേഖലാ വനപ്രദേശങ്ങളിലാണ്.

### (c) ആവാസവ്യവസ്ഥാ വൈവിധ്യം (Ecosystem Diversity):

ജൈവവൈവിധ്യത്തിനാധാരമായിട്ടുള്ളത് അവയ്ക്ക് ജീവിത സാഹചര്യം ഒരുക്കുന്ന ആവാസവ്യവസ്ഥകളാണ്. ഓരോ ജീവിയും



FRA Handbook inner_New_V6.indd 209 02-09-2024 17:26:24

അതിന്റെ ചുറ്റുപാടുള്ള മറ്റു സഹജീവികളുമായും പരിസ്ഥിതി ഘടകങ്ങളായും ബന്ധപ്പെട്ടാണ് ജീവിക്കുന്നത്. ജീവികളും, ജൈവവും അജൈവവുമായ അവയുടെ ചുറ്റുപാടുകളും, ഇവയൊക്കെ തമ്മിലുള്ള സങ്കീർണ്ണമായ ബന്ധപ്പെടലുമാണ് ആവാസവ്യവസ്ഥ എന്നതു കൊണ്ട് വിവക്ഷിക്കുന്നത്. ഓരോ ജീവിയും ഓരോ ആവാസവ്യവസ്ഥയിൽ ജീവിക്കുന്നതിന് യോജിച്ച പ്രത്യേകതകൾ ആർജ്ജിച്ചവയായിരിക്കും. വനങ്ങൾ, പുൽമേടുകൾ, മരുഭൂമികൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ശുദ്ധജലാശയങ്ങൾ, കടൽ എന്നിങ്ങനെ അനേക തരം ആവാസവ്യവസ്ഥകളുണ്ട്. ഓരോ ആവാസവ്യവസ്ഥയും ഘടനാപരവും പാരിസ്ഥിതികവുമായ തലങ്ങളിൽ തനതായ വ്യത്യസ്തത പുലർത്തുന്നു.

വനങ്ങൾ തന്നെ പല തരത്തിലുണ്ട്. നിത്യഹരിത വനങ്ങൾ, അർദ്ധ നിത്യഹരിത വനങ്ങൾ, സമശീതോഷ്ണമേഖലാ വനങ്ങൾ, വരണ്ട ഇലപൊഴിയും കാടുകൾ, ആർദ്ര ഇലപൊഴിയും കാടുകൾ, ചോല വനങ്ങൾ തുടങ്ങിയവ. ഭാരതത്തിൽ മാത്രം പതിനാറു തരത്തിലുള്ള വനവിഭാഗങ്ങളുണ്ട്. ആവാസവ്യവസ്ഥയിലെ വൈവിധ്യത്തിനനുസരിച്ച് ജീവജാതിവൈവിധ്യവും ഉയരും.

### (ii) ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം

മനുഷ്യരാശിയുടെ നിലനിൽപ്പിന് മറ്റ് ജീവജാലങ്ങളുടെ നിലനിൽപ്പും അത്യന്താപേക്ഷിതമാണ്. നമ്മുടെ ആഹാരം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിനോദം, മുതലായ എല്ലാ ആവശ്യങ്ങൾക്കും നാം ജൈവസമ്പത്തിനെ ആശ്രയിക്കുന്നു. അതിനാൽ അവയിൽ പലതും നാശത്തിന്റെ വക്കിൽ എത്തിനിൽക്കുന്നതോ നശിപ്പിക്കപ്പെട്ടു കഴിഞ്ഞതോ ആകുന്നു. അതു കൊണ്ടുതന്നെ നമ്മുടെ ജൈവവൈവിധ്യത്തെ പൂർണ്ണമായും അറിയുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് മനുഷ്യ രാശിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

ജൈവവൈവിധ്യത്തിന്റെ മൂല്യങ്ങളും പ്രാധാന്യവും അവബോധവും, ജൈവവൈവിധ്യ ശോഷണത്തെപ്പറ്റിയുള്ള ഉത്കണ്ഠയുമാണ് 1992-ൽ-ബ്രസീലിലെ റിയോ ഡി ജനീറോയിൽ കൂടിയ ഐക്യരാഷ്ട്ര സഭയുടെ ഭൗമ ഉച്ചകോടി (Earth Summit) സമ്മേളനത്തിനും അവിടെ അംഗീകരിച്ച



FRA Handbook inner_New_V6.indd 210 02-09-2024 17:26:24

അന്തർദേശീയ ജൈവവൈവിധ്യ കരാറിനും (Convention of Biological Diversity-CBD) വഴിതെളിച്ചത്. ജൈവവൈവിധ്യ സംരക്ഷണം, പരിപാലനം, സുസ്ഥിര ഉപയോഗം, അതിന്റെ നീതിപൂർവ്വമായ പങ്കുവയ്ക്കൽ തുടങ്ങിയവയാണ് ജൈവവൈവിധ്യ കരാറിന്റെ ലക്ഷ്യങ്ങൾ.

CBD ഉടമ്പടിയുടെ വ്യവസ്ഥകളിൽ പരമ പ്രധാനം നമ്മുടെ ജനിതക വിഭവങ്ങളുടെ മേലുള്ള രാഷ്ട്രങ്ങളുടെ അവകാശം ഉറപ്പിക്കുകയെന്നതാണ്. മറ്റ് രാജ്യങ്ങൾക്ക് നമ്മുടെ വിഭവങ്ങൾ ഉപയോഗിക്കാൻ സാധിക്കുമെങ്കിലും വിഭവങ്ങളുടെ ഉദ്ഭവ രാജ്യത്തിന്റെ സമ്മതം കൂടാതെ കൈമാറ്റം സാധ്യമല്ല. CBD ഉടമ്പടിയിൽ ഒപ്പു വച്ചിട്ടുള്ള രാജ്യങ്ങൾ ജൈവവൈവിധ്യ സംരക്ഷണത്തിലും, അവയുടെ സുസ്ഥിരമായ ഉപയോഗത്തിലും ജനങ്ങൾക്കുള്ള പങ്ക് ഉറപ്പാക്കേണ്ടതുണ്ട്. ജൈവവൈവിധ്യം ഉപയോഗപ്പെടുത്തി വ്യവസായികാടിസ്ഥാനത്തിൽ ഉത്പാദനം നടത്തിയാൽ അതിൽ നിന്നും കിട്ടുന്ന ആദായം അർഹതപ്പെട്ട ജനവിഭാഗങ്ങളുമായി പങ്ക് വയ്ക്കുകയും വേണം.

### (iii) ജൈവവൈവിധ്യം ഇന്ത്യയിൽ

ലോകത്തിലെ 12 മഹാ ജൈവ സമ്പന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ഭൂപ്രകൃതിയുടെയും കാലാവസ്ഥാപരമായ പ്രത്യേകതകളുടെയും അടിസ്ഥാനത്തിൽ പശ്ചിമഘട്ടമടക്കം 10 ജൈവ ഭൂപ്രകൃതി മേഖലകളായി ഇന്ത്യയുടെ ഭൂതലത്തെ വിഭജിച്ചിരിക്കുന്നു. ഇവയിലൊക്കെ പ്രത്യേക തരം സസ്യ ജന്തുജാലങ്ങൾ കാണപ്പെടുന്നു. വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിൽ ഏകദേശം 45,000 സസ്യങ്ങളും 77,000 ജീവികളും കാണപ്പെടുന്നു. അതായത്, ആഗോള ജൈവവൈവിധ്യത്തിന്റെ ഏഴ് ശതമാനം സസ്യങ്ങളും ആറര ശതമാനം ജന്തുക്കളും കാണപ്പെടുന്നത് വെറും 2.4% ഭൂമി കിടക്കുന്ന ഇന്ത്യയിലാണ്. ഇന്ത്യയിൽ കാണപ്പെടുന്ന പല സസ്യ-ജന്തു ജാലങ്ങളും ലോകത്തിൽ മറ്റെങ്ങും കാണപ്പെടാത്തവയാണ്. ഇന്ത്യയിൽ ഏകദേശം 7,411 ഗണത്തിൽപ്പെട്ട ആൽഗേകളും, 1267 ഇനം പന്നലുകളും (Ferns) ഉണ്ട്. പന്നലുകളിൽ 70 എണ്ണം ഇന്ത്യയിൽ മാത്രം



FRA Handbook inner_New_V6.indd 211 02-09-2024 17:26:24

പ്രാദേശികമായി കാണുന്നവ (എൻഡെമിക്ക്/Endemic) ആണ്[31]. ലോകത്തെ എൻഡെമിക്ക് ആയ നട്ടെല്ലുള്ള ജീവികളിൽ, 159 തരം ഉരഗജീവികളുമായി അഞ്ചാം സ്ഥാനവും, കരയിലും ജലത്തിലും ജീവിക്കുന്ന ഉഭയ ജീവികളുടെ കാര്യത്തിൽ 110 തരങ്ങളുമായി ലോകത്ത് ഏഴാം സ്ഥാനവും, 69 തരം പക്ഷികളുമായി ലോകത്ത് പത്താം സ്ഥാനവും ഇന്ത്യക്ക് ഉണ്ട്.[32]

ഇന്ത്യയിലെ ജൈവ ഭൂപ്രകൃതി മേഖലകൾ:

1. തണുത്ത, മഞ്ഞുമൂടിയ ട്രാൻസ് ഹിമാലയൻ മേഖല ജമ്മു കാശ്മീരിലെ ലഡാക്ക് മേഖലയിലും ഹിമാചൽ പ്രദേശിലെ ലാഹുൽ സ്പിതിയിലും (Lahul Spiti) വ്യാപിച്ചു കിടക്കുന്നു.
2. ഹിമാലയൻ മലനിരകൾ: വടക്ക് - പടിഞ്ഞാറ്, പടിഞ്ഞാറ്, മധ്യ-കിഴക്കൻ ഹിമാലയ നിരകൾ ഉൾപ്പെടുന്നു.
3. മരുഭൂമി: ഗുജറാത്തിലെ കച്ച് മരുഭൂമിയും, രാജസ്ഥാനിലെ താർ മരുഭൂമിയും ഇതിൽ ഉൾപ്പെടുന്നു.
4. അർദ്ധ വരണ്ട പ്രദേശം: പഞ്ചാബ്, ഗുജറാത്ത്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെടുന്നു.
5. പശ്ചിമഘട്ട മേഖല: മഹാരാഷ്ട്ര, കർണ്ണാടക, ഗോവ, കേരളം എന്നിവിടങ്ങളിൽ നിരന്നു കിടക്കുന്ന മല നിരകൾ.
6. ഡക്കാൺ പീഠഭൂമി
7. ഗംഗാ സമതലങ്ങൾ
8. വടക്കു കിഴക്കൻ ഹിമാലയ സംസ്ഥാനങ്ങൾ
9. കടൽത്തീരങ്ങൾ
10. ആൻഡമാൻ-നിക്കോബാർ ദ്വീപുകൾ, ലക്ഷ ദ്വീപ്

---

31 ബോട്ടണിക്കൽ സർവേ ഓഫ് ഇന്ത്യയുടെ വെബ്സൈറ്റിൽ നിന്നും ലഭിച്ച വിവരങ്ങൾ

32 കോൺവെൻഷൻ ഓൺ ബയോളോജിക്കൽ ഡൈവേഴ്സിറ്റി വെബ്സൈറ്റിൽ നിന്നും ലഭിച്ച വിവരങ്ങൾ



FRA Handbook inner_New_V6.indd 212 02-09-2024 17:26:24

### (iv) ജൈവവൈവിധ്യം കേരളത്തിൽ

ഇന്ത്യയുടെ തെക്ക-പടിഞ്ഞാറൻ ഭാഗത്തു 38,863 ചതുരശ്ര കിലോമീറ്ററിലായി വ്യാപിച്ചു കിടക്കുന്ന സംസ്ഥാനമാണ് കേരളം. അനുകൂലമായ കാലാവസ്ഥയും ഭൂപ്രകൃതിയും കേരളത്തെ ജൈവ സമ്പന്നമാക്കുന്നു. പശ്ചിമഘട്ടത്തിന്റെ നിമ്നോന്നത മേഖലകൾ കേരളത്തിലെ മിക്ക ദിക്കിലും കാണാം. അസംഖ്യം ആവാസവ്യവസ്ഥകളുടെ ഉറവിടമാണ് പശ്ചിമഘട്ട സംസ്ഥാനമായ കേരളം.

### (v) ബൗദ്ധിക സ്വത്തവകാശം (Intellectual Property Rights – IPR)

മറ്റനവധി ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് പുറമേ ആഗോളതലത്തിൽ ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ഒന്നാണ് ബൗദ്ധിക സ്വത്ത് സംബന്ധിച്ച നിയമങ്ങൾ. ഒരു വ്യക്തിയുടെ ബുദ്ധിയിൽ നിന്നും ഉടലെടുത്ത ആശയത്തെ ആധാരമാക്കി ഉപയോഗ സാധ്യതയുള്ള ഒരു നൂതന ഉല്പ്പന്നം ഉണ്ടാക്കുമ്പോൾ അയാളുടെ ആശയത്തിനും, ഉല്പ്പന്നത്തിനുമുള്ള ഉടമസ്ഥാവകാശത്തെയാണ് ബൗദ്ധിക സ്വത്തവകാശം കൊണ്ട് അർത്ഥമാക്കുന്നത്. വ്യക്തിയുടെ അനുമതി ഇല്ലാതെ ഇത് മറ്റുള്ളവർ എടുക്കുകയോ വില്ക്കുകയോ ചെയ്യുന്നതിൽ നിന്നും ഉടമസ്ഥാവകാശം സംരക്ഷണം നല്കുന്നു. അനുമതിയോടെ എടുക്കുകയാണെങ്കിൽ കരാർ പ്രകാരം നല്കാനുദ്ദേശിക്കുന്ന ലൈസൻസ് ഫീസ്, റോയൽറ്റി തുടങ്ങിയ കാര്യങ്ങളിൽ ധാരണാപത്രം ഒപ്പ് വെച്ച് നിയമ സാധുത നേടിയിരിക്കേണ്ടതാണ്. ബൗദ്ധിക സ്വത്തവകാശം താല്ക്കാലികമായി സംരക്ഷിക്കാനുള്ള ഒരു മാർഗ്ഗമാണ് പേറ്റൻറ്. റജിസ്റ്റർഡ് ഡിസൈൻ, ട്രേഡ് മാർക്ക്, പുതിയതായി ഉരുത്തിരിയ്ക്കുന്ന സസ്യ ഇനങ്ങൾ (Plant Varieties), കോപ്പിറൈറ്റ്, ട്രേഡ് സീക്രട്ട് എന്നിവയാണ് അതിനുള്ള മറ്റു മാർഗ്ഗങ്ങൾ. അതാതു രാജ്യങ്ങൾ കാലാകാലങ്ങളിൽ രൂപം നല്കിയിട്ടുള്ളതും അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ നിയമങ്ങളിലധിഷ്ഠിതമായാണ് ഇത്തരം സംരക്ഷണോപാധികൾ നിലനില്ക്കുന്നത്.

സാമൂഹിക വനാവകാശ മേഖലകളിലെ പരമ്പരാഗത വിജ്ഞാനത്തിനും, ഇനിയും കണ്ടുപിടിക്കാനിരിക്കുന്ന ജൈവവിഭവങ്ങളിലും അവയുടെ വിനിയോഗ രീതികളിലും വനാവകാശികളായ ജനവിഭാഗങ്ങൾക്ക് പൊതു സ്വത്തവകാശം തേടാവുന്നതിനുള്ള സാധ്യതകളേറെയാണ്. ഇതിനാവശ്യമായ വിജ്ഞാന സാങ്കേതിക നൈപുണ്യങ്ങൾ വനാവകാശികൾ നേടിയെടുക്കേണ്ടതായിട്ടുണ്ട്.

### III.5.F സംരക്ഷിത മേഖലകളും അവയുടെ പരിപാലനവും

#### (i) സംരക്ഷിത മേഖലകൾ (Protected Areas)

IUCN-ന്റെ (International Union for Conservation of Nature and Natural Resources) നിർവചനം അനുസരിച്ച് സംരക്ഷിത മേഖലയെന്നാൽ പ്രകൃതി വിഭവങ്ങളുടേയും സാംസ്കാരിക പൈതൃകത്തിന്റേയും സംരക്ഷണത്തിനും പരിപാലനത്തിനും നിശ്ചയിക്കപ്പെട്ടിട്ടുള്ള, പ്രത്യേക ഭൂപ്രദേശമോ, സമുദ്രത്തിന്റെ ഭാഗമോ ആണ്. അതായത് ഒരു സ്ഥലത്തെ പ്രകൃതി വിഭവങ്ങളെയും അവയുടെ പാരിസ്ഥിതിക സേവനങ്ങളേയും സാംസ്കാരിക മൂല്യങ്ങളേയും നിയമ വ്യവസ്ഥകളിലൂടെയോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ ദീർഘകാലാടിസ്ഥാനത്തിൽ സംരക്ഷിക്കുന്നതിനായി കൃത്യമായ അതിർത്തി തിരിച്ച് പരിപാലിക്കുന്ന ഒരു പ്രദേശമാണ് സംരക്ഷിത മേഖല.

ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമം 1972-ലെ വകുപ്പ് 2, ഉപവകുപ്പ് 24A-യിലെ നിർവചനമനുസരിച്ച് ദേശീയോദ്യാനം, വന്യജീവി സങ്കേതം, കമ്മ്യൂണിറ്റി റിസർവ്വ് എന്നിവയാണ് സംരക്ഷിത മേഖലകൾ. 2019-ലെ കണക്ക് പ്രകാരം ഇന്ത്യയിലാകെ 1,65,088.10 ച.കി.മീ. വിസ്തൃതിയിലായി 868 സംരക്ഷിത മേഖലകളാണുള്ളത്.

#### (ii) ദേശീയോദ്യാനം (National Park)

വന്യജീവി (സംരക്ഷണ) നിയമത്തിലെ വകുപ്പ് 35(1) (ആദ്യത്തെ വിജ്ഞാപനം), വകുപ്പ് 35(4) (അന്തിമ വിജ്ഞാപനം) എന്നീ വകുപ്പുകളനുസരിച്ച് പ്രഖ്യാപിക്കുന്ന പാരിസ്ഥിതികമോ, ഭൂമിശാസ്ത്രപരമോ, സസ്യ-ജന്തു വൈവിധ്യപരമോ ആയ



FRA Handbook inner_New_V6.indd 214 02-09-2024 17:26:24

പ്രാധാന്യമുള്ള പ്രദേശമാണ് ദേശീയോദ്യാനം. ദേശീയോദ്യാനം സ്ഥിതി ചെയ്യുന്ന സ്ഥലവും അതിന്റെ അതിരുകളും കൃത്യമായി വിജ്ഞാപനത്തിൽ പ്രതിപാദിക്കേണ്ടതാണ്.

### (iii) വന്യജീവി സങ്കേതം (Wildlife Sanctuary)

വന്യജീവി (സംരക്ഷണ) നിയമത്തിലെ വകുപ്പ് 18 (ആദ്യത്തെ വിജ്ഞാപനം), വകുപ്പ് 26A (അന്തിമ വിജ്ഞാപനം) എന്നീ വകുപ്പുകൾ അനുസരിച്ച് സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന പാരിസ്ഥിതികമോ, ഭൂമിശാസ്ത്രപരമോ, സസ്യ-ജന്തു വൈവിധ്യപരമോ ആയ പ്രാധാന്യമുള്ള പ്രദേശമാണ് വന്യജീവി സങ്കേതം. വകുപ്പ് 18(2) പ്രകാരം പ്രസ്തുത വിജ്ഞാപനത്തിൽ വന്യജീവി സങ്കേതം സ്ഥിതി ചെയ്യുന്ന സ്ഥലവും അതിന്റെ അതിരുകളും ഉൾക്കൊള്ളിക്കേണ്ടതാണ്.

വന്യജീവി (സംരക്ഷണ) നിയമത്തിലെ വകുപ്പ് 38 അനുസരിച്ച് കേന്ദ്ര സർക്കാരിനും വന്യജീവി സങ്കേതങ്ങളും ദേശീയോദ്യാനങ്ങളും രൂപീകരിക്കുന്നതിന് അധികാരമുണ്ട്.

### (iv) കമ്മ്യൂണിറ്റി റിസർവ്വ് (Community Reserve)

വന്യജീവി (സംരക്ഷണ) നിയമത്തിലെ വകുപ്പ് 36C അനുസരിച്ച് വന്യജീവി സങ്കേതങ്ങളുടേയോ, ദേശീയോദ്യാനങ്ങളുടേയോ ഭാഗമല്ലാത്ത, സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിയെ ഉടമസ്ഥൻ / ഉടമസ്ഥർ സന്നദ്ധത അറിയിക്കുന്ന പക്ഷം അവിടെയുള്ള സസ്യ-ജന്തു വൈവിധ്യമോ പരമ്പരാഗതമോ സാംസ്കാരികമോ ആയ മൂല്യങ്ങളോ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാരിന് കമ്മ്യൂണിറ്റി റിസർവ്വ് ആയി പ്രഖ്യാപിക്കാം. വന്യജീവി (സംരക്ഷണ) നിയമത്തിലെ വകുപ്പ് 36D അനുസരിച്ച് രൂപീകരിക്കുന്ന ഒരു മാനേജ്മെൻറ് സമിതിക്കാണ് കമ്മ്യൂണിറ്റി റിസർവ്വിന്റെ പരിപാലന ചുമതല. കടലുണ്ടി വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ് (കോഴിക്കോട് /മലപ്പുറം) അത്തരത്തിലുള്ള ഒരു സംരക്ഷിത മേഖലയാണ്.

മേൽ പറഞ്ഞ പട്ടികയിൽ പെടാത്ത റിസർവ്വ് വനങ്ങൾ "ടെറിട്ടോറിയൽ" വനം ഡിവിഷനുകളായി അറിയപ്പെടുന്നു. കമ്യൂണിറ്റി റിസർവിന് സംരക്ഷിത വനമേഖലയുടെ പദവിയാണ്

നൽകുന്നതെങ്കിലും സ്വകാര്യ ഭൂമിയാണ് കമ്മ്യൂണിറ്റി റിസർവുകൾ ആയി സാധാരണ മാറ്റുന്നത് എന്നത് കൊണ്ട് വനാവകാശ നിയമം ഇവിടെ ബാധകമാകില്ല.

### (v) കടുവാസംരക്ഷണ പദ്ധതിയും കടുവാസങ്കേതങ്ങളും (Project Tiger & Tiger Reserves)

വംശനാശ ഭീഷണി നേരിടുന്ന കടുവയുടെ സംരക്ഷണത്തിനായി ദേശീയ തലത്തിൽ 1973 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രോജക്റ്റ് ടൈഗർ. കടുവകളുടെ പ്രധാന ആവാസവ്യവസ്ഥകളെ കടുവാസങ്കേതങ്ങളായി പ്രഖ്യാപിച്ച് ആവാസവ്യവസ്ഥാ പരിപാലനം, സംരക്ഷണം, ഗവേഷണം, വിജ്ഞാന വ്യാപനം, ഇക്കോ ഡവലപ്പ്മെന്റ് തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെട്ട പരിപാലനം ഉറപ്പാക്കുന്നു.

മുൻപേ കൊടുത്തിരിക്കുന്ന "III.5.C- ഭക്ഷ്യശൃംഖല" എന്ന പാഠഭാഗത്ത് പറഞ്ഞത് പോലെ കടുവകൾ ഭക്ഷ്യ ശൃംഖലയിൽ (പിരമിഡിന്റെ) മുകളിൽ സ്ഥിതി ചെയ്യുന്ന ജീവി ആയതു കൊണ്ടു അവയെ സംരക്ഷിക്കാനായി ചെയ്യുന്ന നടപടികൾ ആ ആവാസവ്യവസ്ഥയിലെ എല്ലാ ജീവജാലങ്ങളെയും സംരക്ഷിക്കുമെന്നതാണ് ഇതിന് പിന്നിലുള്ള ആശയം.

ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി കിടക്കുന്ന 925 ച.കി.മീ വിസ്തൃതിയുള്ള പെരിയാർ കടുവാ സങ്കേതത്തിന്റെ 881 ച.കി.മീ "കോർ/Core" ഏരിയയും (ഉൾവനങ്ങൾ അഥവാ കാതലായ വനപ്രദേശം) ബാക്കി (44ച.കി.മീ) "ബഫർ/Buffer" ഏരിയയുമാണ് (കാതലായ ഉൾവനങ്ങൾ സംരക്ഷിക്കാനും വന്യ ജീവികൾ അടുത്തുള്ള ജനവാസ കേന്ദ്രങ്ങളിലേക്ക് കയറാതിരിക്കാനും ആവശ്യമായ വന പ്രദേശം). 777 ച.കി. മീ വിസ്തൃതിയുള്ള പെരിയാർ വന്യജീവി സങ്കേതത്തോടൊപ്പം തൊട്ടടുത്തുള്ള റാന്നി ഡിവിഷനിലെ ഗൂഡ്രിക്കൽ റേഞ്ചിലെ 148 ച.കി.മീ വനപ്രദേശവും ചേർത്താണ് പെരിയാർ കടുവാ സങ്കേതത്തിന്റെ കോർ,ബഫർ ഏരിയകൾ രൂപീകരിച്ചിട്ടുള്ളത്. ശബരിമല ക്ഷേത്രം പെരിയാർ കടുവാ സങ്കേതത്തിന്റെ ബഫറിൽ ആണ് സ്ഥിതി ചെയ്യുന്നത്.



FRA Handbook inner_New_V6.indd 216 02-09-2024 17:26:25

പാലക്കാട്, തൃശ്ശൂർ ജില്ലകളിലായി 643.66 ച.കി.മീ വിസ്തൃതിയിലാണ് പറമ്പിക്കുളം കടുവാ സങ്കേതം സ്ഥിതി ചെയ്യുന്നത്. 285 ച.കി.മീ വിസ്തൃതിയുള്ള പറമ്പിക്കുളം വന്യജീവി സങ്കേതത്തോടൊപ്പം തൊട്ടടുത്തുള്ള നെന്മാറ, ചാലക്കുടി, വാഴച്ചാൽ എന്നീ വനം ഡിവിഷനുകളുടെ ഭാഗങ്ങളും ചേർത്താണ് പറമ്പിക്കുളം കടുവാ സങ്കേതം രൂപീകരിച്ചിട്ടുള്ളത്. കടുവാ സങ്കേതത്തിന്റെ 390.89 ച.കി.മീ core ഏരിയയും ബാക്കി (252.77 ച.കി.മീ) ബഫർ ഏരിയയുമാണ്.

ഇന്ത്യയിലെ കടുവാ സങ്കേതങ്ങളുടെ പരിപാലനം ഉറപ്പാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിനായി 1972-ലെ വന്യജീവി പരിപാലന നിയമം വകുപ്പ് 38L അനുസരിച്ച് ഒരു ദേശീയ കടുവാ സംരക്ഷണ സമിതി (National Tiger Conservation Authority-NTCA) രൂപീകരിച്ചിട്ടുണ്ട്. വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനത്തിനും മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതു പോലെ കടുവ സങ്കേതങ്ങൾക്ക് ടൈഗർ കോൺസർവേഷൻ പ്ലാൻ (വകുപ്പ് 38V) തയ്യാറാക്കണം. കടുവാ സങ്കേതങ്ങളുടെ മെച്ചപ്പെട്ട പരിപാലനത്തിനു വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിനും ജൈവവൈവിധ്യ സംരക്ഷണം, ഇക്കോ ഡവലപ്പ്മെന്റ്, ഇക്കോ ടൂറിസം തുടങ്ങിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഓരോ ടൈഗർ റിസർവിനും ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ (വകുപ്പ് 38X) ഉണ്ടാകണം. ഇതനുസരിച്ച് പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും (PTCF) പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും (PaTCoF) രൂപീകരിച്ചിട്ടുണ്ട്.

### (vi) ബയോസ്ഫിയർ റിസർവ്വുകൾ (Biosphere Reserves)

വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ തുടങ്ങിയ സംരക്ഷിത മേഖലകൾ രൂപീകരിക്കുമ്പോൾ ആ പ്രദേശങ്ങളിൽ നിന്നും വനവിഭവ ശേഖരണത്തിന് നിയമപരമായ തടസ്സങ്ങളുണ്ടാവും. ഇതുമൂലം വനപ്രദേശങ്ങളെ ആശ്രയിച്ച ജീവിക്കുന്നവരിൽ നിന്നും സംരക്ഷണ പ്രവർത്തനങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുക എന്ന ഉദ്ദേശത്തോടെ



FRA Handbook inner_New_V6.indd 217 02-09-2024 17:26:25

ജൈവവൈവിധ്യ സംരക്ഷണവും ഉപജീവനമാർഗ്ഗങ്ങളുടെ സുരക്ഷയും ഒത്തൊരുമിച്ച് കൊണ്ടുപോകാൻ 1970-ൽ ഐക്യരാഷ്ട്രസഭയുടെ വിദ്യാഭ്യാസ, ശാസ്ത്ര, സാംസ്കാരിക സംഘടന (UNESCO) ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതിയാണ് മനുഷ്യനും ജൈവമണ്ഡലവും പദ്ധതി (Man and Biosphere Programme). വനങ്ങൾ, തണ്ണീർത്തടങ്ങൾ, കടൽത്തീരങ്ങൾ തുടങ്ങിയ ആവാസവ്യവസ്ഥകളും ഇതിനോടു ചേർന്ന കിടക്കുന്ന മനുഷ്യ വാസപ്രദേശങ്ങളും ചേർന്ന വലിയൊരു പ്രദേശത്തെ ഒരു ബയോസ്ഫിയർ റിസർവ്വായി പ്രഖ്യാപിച്ച് പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിച്ചു വരുന്നു. ആവാസവ്യവസ്ഥകളുടെ സംരക്ഷണം, പരിപാലനം, സംരക്ഷണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ, ഇക്കോ ഡെവലപ്പമെന്റ് പ്രവർത്തനങ്ങൾ, ഇക്കോ ടൂറിസം, വിജ്ഞാന വ്യാപനം, ഗവേഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് ഇതിൽ ഊന്നൽ നൽകുന്നത്. കേരളത്തിലെ ബയോസ്ഫിയർ റിസർവുകളാണ് നീലഗിരി ബയോസ്ഫിയർ റിസർവ്വും, അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വും.

1986 സെപ്റ്റംബർ 1-ന് രൂപീകരിച്ച നീലഗിരി ബയോസ്ഫിയർ റിസർവ്വാണ് ഇന്ത്യയിലെ ആദ്യത്തെ ബയോസ്ഫിയർ റിസർവ്വ്. തമിഴ് നാട് എന്നീ മൂന്ന സംസ്ഥാനങ്ങളിലായി 5520.40 ച.കി.മി വിസ്തൃതിയാണ് ഇതിനുള്ളത്. കേരളത്തിൽ വയനാട് വന്യജീവി സങ്കേതം, സൈലന്റ് വാലി ദേശീയോദ്യാനം, നിലമ്പൂർ നോർത്ത്, പാലക്കാട്, മണ്ണാർക്കാട്, കോഴിക്കോട്, വയനാട് സൗത്ത് തുടങ്ങിയ ഡിവിഷനുകളിലായി 1455.40 ച.കി.മി വിസ്തൃതിയിൽ ഇത് വ്യാപിച്ചു കിടക്കുന്നു. വനാവകാശ നിയമ പ്രകാരം ഏത് തരം വനങ്ങളിലും അവകാശങ്ങൾ നിക്ഷിപ്തമാക്കാവുന്നതിനാൽ ബയോസ്ഫിയർ റിസർവ്വിനകത്തെ വനഭൂമിയിലും ആദിവാസികൾക്കും മറ്റ് പരമ്പരാഗത വനവാസി സമൂഹങ്ങൾക്കും വനാവകാശം തേടാം.

2001 നവംബർ 12-നു ആണ് അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് നിലവിൽ വന്നത്. കേരളത്തിലേയും, തമിഴ്നാട്ടിലേയും

വനമേഖലകളാണ് റിസർവ്വിലുള്ളത്. ഇതിൽ കേരളത്തിലെ നെയ്യാർ, പേപ്പാറ, ശെന്തുരുണി തുടങ്ങിയ വന്യജീവി സങ്കേതങ്ങളും അച്ചൻകോവിൽ, തെൻമല, കോന്നി, പുനലൂർ, തിരുവനന്തപുരം ഡിവിഷനുകളും ഉൾപ്പെടുന്നു.

### (vii) പ്രോജക്ട് എലിഫന്റ് (Project Elephant)

ഏഷ്യാ ഭൂഖണ്ഡത്തിലെ ആനകളുടേയും അവയുടെ ആവാസവ്യവസ്ഥകളുടെയും സംരക്ഷണത്തിന് 100% കേന്ദ്ര സഹായ പദ്ധതിയായ പ്രോജക്ട് എലിഫന്റ് 1991 മുതൽ ദേശീയ തലത്തിൽ നടപ്പിലാക്കി വരുന്നു. കേരളത്തിൽ ഇത് 1991-92 മുതൽ നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ ആണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്.

1. ആനയുടെ പ്രകൃത്യായുള്ള ആവാസവ്യവസ്ഥകളുടേയും ആനത്താരകളുടേയും പാരിസ്ഥിതിക പുന:സ്ഥാപനം.
2. ആനകളുടെ പ്രധാന സഞ്ചയങ്ങളുടേയും ആവാസ വ്യവസ്ഥകളുടേയും മെച്ചപ്പെട്ട ശാസ്ത്രീയ പരിപാലനം.
3. ആനകളും മനുഷ്യനും തമ്മിലുള്ള സംഘർഷം കുറയ്ക്കുക.
4. ആനകളുടെ പ്രധാനപ്പെട്ട ആവാസവ്യവസ്ഥകളിന്മേൽ മനുഷ്യന്റെ സമ്മർദ്ദം കുറയ്ക്കുക.
5. ആനകളുടെ മെച്ചപ്പെട്ട പരിപാലനം സംബന്ധിച്ച വിഷയങ്ങളിൽ ഗവേഷണ പഠനങ്ങൾ നടത്തുക.
6. ആനകളുടെ സംരക്ഷണം സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.

ആനകളുടെ ആവാസവ്യവസ്ഥകളായ വനപ്രദേശങ്ങളെ എലിഫന്റ് റിസർവ്വുകളായി തിരിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആകെ 32 എലിഫന്റ് റിസർവ്വുകളാണുള്ളത്. കേരളത്തിൽ 4 എലിഫന്റ് റിസർവുകൾ ഉണ്ട്.



FRA Handbook inner_New_V6.indd 219 02-09-2024 17:26:25

| ക്രമ നം | എലിഫന്റ് റിസർവ്വിന്റെ പേര് | വിസ്തീർണ്ണം (ച.കി.മി) | ജില്ലകൾ | ഉൾപ്പെടുന്ന സംരക്ഷിത മേഖലകൾ | ഉൾപ്പെടുന്ന വനം ഡിവിഷൻ |
|---|---|---|---|---|---|
| 1 | വയനാട് | 1200 | വയനാട്, കണ്ണൂർ, കോഴിക്കോട് | ആറളം വയനാട് | നോർത്ത് വയനാട്, സൗത്ത് വയനാട് കണ്ണൂർ,കോഴിക്കോട് |
| 2 | നിലമ്പൂർ | 1419 | മലപ്പുറം, കോഴിക്കോട്, പാലക്കാട് | സൈലന്റ് വാലി | പാലക്കാട്, മണ്ണാർക്കാട്, നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത്, കോഴിക്കോട് (Part of Thamarassery Range) വയനാട് സൗത്ത് (Part of Meppady Range) |
| 3 | ആനമുടി | 3728 | തൃശ്ശൂർ, പാലക്കാട്, എറണാകുളം, ഇടുക്കി | പറമ്പിക്കുളം, പീച്ചി, ചിന്നാർ, തട്ടേക്കാട്, ചിമ്മിനി, ഇടുക്കി, ഇരവിക്കുളം | നെന്മാറ, ചാലക്കുടി, തൃശ്ശൂർ, വാഴച്ചാൽ, മാങ്കുളം, മൂന്നാർ, മലയാറ്റൂർ, കോട്ടയം (Ayyappankovil and Nagarampara Ranges) |
| 4 | പെരിയാർ | 3742 | ഇടുക്കി, കൊല്ലം, പത്തനംതിട്ട തിരുവനന്തപുരം. | പെരിയാർ ടൈഗർ റിസർവ്വ്, നെയ്യാർ, പേപ്പാറ, ശെന്തുരുണി | റാന്നി, കോന്നി, അച്ചൻകോവിൽ, തിരുവനന്തപുരം |

പട്ടിക 4: കേരളത്തിലെ എലിഫന്റ് റിസർവ്വുകളെ കുറിച്ചുള്ള വിശദാംശങ്ങൾ

### III.5.G വന മേഖലകളുടെ പരിപാലനം

#### (i) മാനേജ്മെന്റ് പ്ലാൻ/വർക്കിങ്ങ് പ്ലാൻ (Management Plan/ Working Plan)

ഓരോ വന മേഖലയുടേയും പരിപാലനം ശാസ്ത്രീയമായും ജന പങ്കാളിത്തത്തോടെയും തയ്യാറാക്കിയ മാനേജ്മെന്റ്/ വർക്കിങ്ങ് പ്ലാനിന്റെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. ഒരു വന മേഖലയുടെ മൂല്യങ്ങളും ലക്ഷ്യങ്ങളും പ്രതിപാദിക്കുന്നതും, പങ്കാളിത്ത വന പരിപാലന ആശയങ്ങൾക്കനുസൃതമായി തയ്യാറാക്കുന്നതുമായ പ്രമാണമാണ് മാനേജ്മെന്റ്/ വർക്കിങ്ങ് പ്ലാൻ. സംരക്ഷണ പരിപാലനത്തിന് 10 വർഷത്തേക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്താണ് ഓരോ വർക്കിങ്ങ് പ്ലാനും തയ്യാറാക്കുന്നത്.

ടെറിട്ടോറിയൽ ഡിവിഷനുകൾക്കും വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനത്തിനും വർക്കിങ്ങ്/മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതു പോലെ കടുവ സങ്കേതങ്ങൾക്ക് ടൈഗർ കൺസർവേഷൻ പ്ലാൻ (Tiger Conservation Plan) തയ്യാറാക്കേണ്ടതുണ്ട്. നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി (NTCA) നിർദ്ദേശിച്ച പ്രകാരം കോർ ഏരിയയ്ക്കും ബഫർ ഏരിയയ്ക്കും പുറമേ ബഫറിനു തുടർച്ചയായുള്ള മേഖലകൾക്കും പ്രത്യേകമായ ടൈഗർ കൺസർവേഷൻ പ്ലാനുകളാണ് തയ്യാറാക്കുന്നത്.

#### (ii) ആവാസസ്ഥലത്തിന്റെ പരിപാലനം (Habitat Management)

സമൂഹവനവിഭവ പരിപാലന പദ്ധതി തയ്യാറാക്കാനായി ആവാസവ്യവസ്ഥയെ കുറിച്ച് പഠിക്കേണ്ടതുണ്ട്. ഒരു ജീവി വസിക്കുന്ന സ്ഥലം അഥവാ മണ്ണ്, ജലം, സസ്യങ്ങൾ, ആ ജീവിക്കാവശ്യമായ ഭക്ഷണ പദാർത്ഥങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പ്രദേശത്തെയാണ് ആ ജീവിയുടെ ആവാസസ്ഥലം എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. ഒരു പ്രത്യേക ജീവിക്ക് ജീവിക്കാനാവശ്യമായ ഭക്ഷണം, മറ്റു സാഹചര്യങ്ങൾ എന്നിവ സൃഷ്ടിക്കുന്ന രീതിയിൽ ഇത്തരം ആവാസസ്ഥലങ്ങളുടെ പരിപാലനം ഉറപ്പാക്കേണ്ടതാണ്. വന്യജീവി സംരക്ഷണാർത്ഥം അവയുടെ ആവാസസ്ഥലത്തെ

ആരോഗ്യകരമായ രീതിയിൽ നിലനിർത്തുന്ന ക്ഷേമ പ്രവർത്തനങ്ങളെ ആവാസസ്ഥല പരിപാലനം എന്ന പറയുന്നു. ഇതിന് സാധാരണ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ താഴെ പറയുന്നു.

**(a) ആഹാര ഉറവിടങ്ങൾ ഉറപ്പാക്കൽ (Ensuring Food/Fodder Availability):**

ജീവികളുടെ നിലനിൽപ്പിന് ആധാരമായ പ്രാഥമിക ഘടകമാണ് ആഹാരം. ആയതിനാൽ ആവാസവ്യവസ്ഥയിൽ ഇതിന്റെ ലഭ്യത ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. സസ്യഭുക്കുകളായ മൃഗങ്ങൾക്ക് വേണ്ടുന്ന സസ്യങ്ങൾ, ഫലങ്ങൾ, തുടങ്ങിയവയുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾ താഴെ പറയുന്നു:

1. ഫലവൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുക
2. നിലവിലുള്ള ഫലവൃക്ഷങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ
3. സസ്യഭുക്കുകൾക്ക് ഉതകുന്ന ആഹാര സസ്യങ്ങൾ വെച്ചു പിടിപ്പിക്കുക
4. കളകൾ ഒഴിവാക്കുക
5. ചിലയിനത്തിലുള്ള പുല്ലുകളുടെ പുനഃരുത്പാദനം ത്വരിതപ്പെടുത്തുന്നതിനായി നിയന്ത്രിത കത്തിക്കൽ നടത്തുക

**(b) ജല ലഭ്യത ഉറപ്പുവരുത്തൽ (Ensuring Water Availability):**

നിലവിലുള്ള കുളങ്ങൾ വൃത്തിയാക്കുക, ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുക, നിലവിലുള്ള ചെക്ക് ഡാമുകൾ വൃത്തിയാക്കുക, പുതിയ ചെക്ക് ഡാമുകൾ നിർമ്മിക്കുക, അരുവികൾ, പുഴകൾ തുടങ്ങിയവയിലേക്ക് മൃഗങ്ങൾക്ക് എത്തിച്ചേരാനുള്ള വഴികൾ നിർമ്മിക്കുക, വർഷത്തിലുടനീളം ജല ലഭ്യത ഇല്ലാത്ത സ്രോതസ്സുകളിൽ ചെറിയ കുഴികളുണ്ടാക്കി ജല ലഭ്യത കൂട്ടുക, മഴവെള്ള സംഭരണികൾ നിർമ്മിക്കുക, ജലദൗർലഭ്യം കൂടുതലാവുന്ന സമയങ്ങളിൽ ടാങ്കറുകൾ വഴി കുളങ്ങൾ യഥാസമയം നിറയ്ക്കുക, വലിയ റിസർവ്വോയറുകളിൽ

നിന്ന് ജല ലഭ്യത കുറഞ്ഞ പ്രദേശങ്ങളിലേക്ക് ചാലുകൾ വഴി വെള്ളമെത്തിക്കുക എന്നിവയാണ് വന്യജീവികളുടെ ആവാസസ്ഥലത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള സാധാരണ നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ.

**(c) വയൽ പ്രദേശങ്ങളുടെ പരിപാലനം (Vayal Maintenance):**

സസ്യഭുക്കുകളായ ജീവജാലങ്ങളുടെ പ്രധാന ആവാസ വ്യവസ്ഥകളാണ് വയൽ പ്രദേശങ്ങൾ. വയൽ പ്രദേശത്ത് നിന്നും വിദേശിയ ഇനം കളകൾ, മരങ്ങളുടെ മുളച്ചു വരുന്ന തൈകൾ എന്നിവ നീക്കം ചെയ്യൽ, നീളം കൂടിയ പുല്ല് വർഗ്ഗങ്ങൾ മുറിച്ചു നീക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തുന്നത്. വയലുകൾക്കു പുറമേയുള്ള മരത്തൈകളും സസ്യങ്ങളും ഒളിസ്ഥലങ്ങളായി (ഇരയെ വേട്ടയാടുന്ന സമയത്ത്) വർത്തിക്കുന്നതിനാൽ ഇവ നീക്കം ചെയ്യാൻ പാടില്ല. യാതൊരു കാരണവശാലും വയലുകളിൽ തീയിടാൻ പാടില്ല.

**(d) താമസസ്ഥലം, ഒളിസ്ഥലം എന്നിവ ഉറപ്പാക്കൽ (Ensuring Shelter and Cover/Hides):**

ഭക്ഷണം, ജലം എന്നിവ പോലെ തന്നെ വന്യജീവികളുടെ നിലനിൽപ്പിന് അത്യന്ത്യാപേക്ഷിതമാണ് അവയ്ക്കുള്ള താമസസ്ഥലവും ഒളിസ്ഥലവും ഉറപ്പാക്കൽ. ശത്രുക്കളായ മൃഗങ്ങളിൽ നിന്ന് രക്ഷ നേടുന്നതിനും മറ്റ് ആവശ്യങ്ങൾക്കും വേണ്ട രീതിയിലുള്ള ഒളിസ്ഥലങ്ങൾ ഓരോ ജീവി വർഗ്ഗത്തിനും വ്യത്യസ്ഥമാണ്. ആവാസ വ്യവസ്ഥയിൽ ഇവ ഉറപ്പാക്കുന്നതിനായി സാധാരണയായി ചെയ്യുന്ന ചില പ്രവർത്തികൾ താഴെ പറയുന്നു:

- സസ്തനികൾ, പക്ഷികൾ തുടങ്ങിയവയ്ക്ക് ഒളിസ്ഥലം ആകുന്ന രീതിയിൽ വലിയ മരങ്ങൾ ആകാത്ത തരത്തിലുള്ള സസ്യങ്ങൾ വച്ചുപിടിപ്പിക്കുക.
- ചെറിയ സസ്തനികൾക്കും, പക്ഷികൾക്കും ഒളിസ്ഥലം ആകുന്ന രീതിയിൽ മരത്തിന്റെ ശാഖകൾ കുറ്റിച്ചെടികൾ എന്നിവ വെട്ടിക്കൂട്ടി ചെറിയ കൂനകളാക്കുക.



FRA Handbook inner_New_V6.indd 223 02-09-2024 17:26:25

- ഇരുമ്പ് വലയോ തടിക്കഷണങ്ങളോ ഉപയോഗിച്ച് ചെറിയ പ്ലാറ്റ്ഫോമുകളും ഇലകളും പുല്ലുകളും കൂട്ടി പക്ഷികൾക്കുള്ള വിശ്രമസ്ഥലങ്ങൾ ഒരുക്കുക.
- പക്ഷികൾക്ക് ചേക്കേറാവുന്ന തരത്തിൽ വലിയ ശാഖകൾ ഉണ്ടാകുന്ന വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക.
- തണ്ണീർത്തട പക്ഷികളുടെ ആവാസവ്യവസ്ഥാ പരിപാലനത്തിനായി ജലാശയങ്ങളിൽ മരക്കുറ്റികൾ സ്ഥാപിക്കുക.
- മരംകൊത്തികൾ, അണ്ണാൻ തുടങ്ങിയവയുടെ ആവാസ-വ്യവസ്ഥാ സംരക്ഷണാർത്ഥം ഉണങ്ങി നിൽക്കുന്ന മരങ്ങളും, വീണു കിടക്കുന്ന മരങ്ങളും നീക്കം ചെയ്യാതിരിക്കുക.

**(e) കളകൾ/അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്യൽ (Removal of Invasive Weeds):**

അരിപ്പൂച്ചെടി/ഉണ്ണിച്ചെടി (*Lantana camara*), കമ്മ്യൂണിസ്റ്റ് പച്ച (*Chromolaena odorata*), മൈക്കീനിയ (*Mikania micrantha*), ആനത്തൊട്ടാവാടി (*Mimosa invisa*), പാർത്തീനിയം (*Parthenium hysterophorus*), മഞ്ഞക്കൊന്ന (*Senna spectabilis*) തുടങ്ങിയ കളകൾ/അധിനിവേശ സസ്യങ്ങൾ കൊണ്ട് മനുഷ്യനോ, മൃഗങ്ങൾക്കോ, പക്ഷികൾക്കോ യാതൊരു വിധ പ്രയോജനവും ഇല്ല എന്നു മാത്രമല്ല ഉപകാരപ്രദമായ സസ്യങ്ങളുടെ വളർച്ചയെ തടസ്സപ്പെടുത്തി ഈ അധിനിവേശ സസ്യങ്ങൾ വനപ്രദേശങ്ങളിൽ വളരെ പെട്ടെന്ന് പടർന്നു പിടിക്കുന്നു. സ്വാഭാവിക സസ്യങ്ങളുടെയും, ചെടികളുടെയും വളർച്ച തടയുന്ന ഇവ, മനുഷ്യൻ-വന്യജീവി സംഘർഷങ്ങൾക്കും, കിഴങ്ങുകൾ, മരുന്നു ചെടികൾ പോലുള്ള മലഞ്ചരക്കുകളുടെ ലഭ്യത കുറയുന്നതിനും കാരണമാവുന്നു. പുൽമേടുകളിൽ വ്യാപിക്കുന്ന ഇത്തരം കളകൾ/അധിനിവേശ സസ്യങ്ങൾ മൂലം അവിടെയുള്ള പുല്ല് വർഗ്ഗങ്ങൾ നിഷ്കാസനം ചെയ്യപ്പെടുകയും, ചതുപ്പുകൾ ഇല്ലാതാവുകയും കുടിവെള്ള സ്രോതസ്സുകൾ വറ്റുകയും ചെയ്യുന്നു. ആയതിനാൽ ഇത്തരം കളകൾ/അധിനിവേശ



FRA Handbook inner_New_V6.indd 224 02-09-2024 17:26:25

സസ്യങ്ങൾ അനുയോജ്യമായ രീതികൾ ഉപയോഗിച്ച് നീക്കം ചെയ്യേണ്ടതാണ്.

**(iii) പശ്ചിമഘട്ടം (Western Ghats)**

ജൈവവൈവിധ്യത്തിന്റെ ഈറ്റില്ലമാണ് പശ്ചിമഘട്ട മലനിരകൾ. മഹാരാഷ്ട്രാ, കർണ്ണാടക, തമിഴ്നാട്, ഗോവ, കേരളം എന്നീ സംസ്ഥാനങ്ങളിലായി ഇത് വ്യാപിച്ച് കിടക്കുന്നു. ഗുജറാത്ത്, മഹാരാഷ്ട്രാ അതിർത്തിക്കടുത്ത് താപ്തി നദിക്ക് തെക്ക നിന്നാരംഭിച്ച് കന്യാകുമാരി വരെ 1600 കി.മീ. നീണ്ടു കിടക്കുന്ന മലനിരകളുടെ ശൃംഖലയാണിത്. ഈ പർവ്വത ശൃംഖലയിൽ നീലഗിരിക്കുന്നുകളെ ആനമല പീഠഭൂമിയിൽ നിന്നു വേർതിരിക്കുന്ന 30 കി.മീ. വ്യാസമുള്ള വിടവ് പാലക്കാട് കാണപ്പെടുന്നു.

പശ്ചിമഘട്ടത്തിലെ ഏറ്റവും വലിയ കൊടുമുടി 2695 മീറ്റർ ഉയരമുള്ള ആനമുടിയാണ്. നമുക്ക് കേരളത്തിൽ മഴ ലഭിക്കുന്നതും ഹരിതാഭമായ ഭൂമി ഉണ്ടാകുന്നതും പടിഞ്ഞാറൻ തീരത്തു നിന്ന് 50 കി.മീറ്ററോളം ഉള്ളിലോട്ടുള്ള മൺസൂൺ മേഘങ്ങൾ ഡക്കാൻ പീഠഭൂമിയുടെ മറു ഭാഗത്തേക്ക് കടക്കാതെ ഈ പർവ്വത ശൃംഖല തടയുന്നതു കൊണ്ടാണ്. കേരളത്തിൽ കിഴക്കോട്ടൊഴുകുന്ന നദികളായ കാവേരി, ഗോദാവരി എന്നിവയും പടിഞ്ഞാറൻ ചരിവുകളിൽ നിന്ന് ഉത്ഭവിച്ച് ലക്ഷദീപ് കടലിൽ പതിക്കുന്ന നൂറുകണക്കിനു കൊച്ചു പുഴകളും പശ്ചിമഘട്ടത്തിന്റെ സംഭാവനയാണ്. ഇന്ത്യയുടെ 40 ശതമാനം ഭൂപ്രദേശവും ഇവയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്.

ലോകത്തിലെ 34 ജൈവവൈവിധ്യ പ്രാധാന്യ മേഖലയിൽ ഒന്നാണിത്. കൂടാതെ ലോക പൈതൃക പട്ടികയിലെ 8 കേന്ദ്രങ്ങളിൽ ഒന്ന് ഇന്ത്യയിലെ പശ്ചിമഘട്ട മലനിരകളാണ്. ഉഷ്ണമേഖല നിത്യഹരിത വനങ്ങൾ, ഉഷ്ണമേഖല അർധനിത്യഹരിത വനങ്ങൾ, ഈർപ്പമുള്ളതും, വരണ്ടതുമായ ഇലപൊഴിയും കാടുകൾ, ചോലവനങ്ങൾ, പുൽമേടുകൾ തുടങ്ങിയവ പശ്ചിമഘട്ടത്തിലെ മഴ ലഭ്യതയെയും അനുയോജ്യമായ താപനിലയെയും, മണ്ണിനങ്ങളെയും ആശ്രയിച്ച് രൂപം കൊണ്ടിരിക്കുന്നവയാണ്.



FRA Handbook inner_New_V6.indd 225 02-09-2024 17:26:25

അപൂർവ്വ സസ്യങ്ങളുടെയും ജന്തുക്കളുടെയും കലവറയായ പശ്ചിമഘട്ടത്തിൽ ഏതാണ്ട് 5,912 ഇനം സസ്യങ്ങൾ, 140 ഇനം സസ്തനികൾ, 458 തരം പക്ഷികൾ, 178 ജാതി ഉഭയജീവികൾ, 334 ഇനം ചിത്രശലഭങ്ങൾ, 191 ഇനം ശുദ്ധജല മത്സ്യങ്ങൾ എന്നിവ കാണപ്പെടുന്നു. കൂടാതെ വംശനാശ ഭീഷണി നേരിടുന്ന 325 ഇനം ജീവികളും ഇവിടെയുണ്ട്. ലോകത്ത് മറ്റൊരിടത്തും കാണാത്ത കുറിഞ്ഞിപ്പൂക്കൾ, വരയാടുകൾ, സിംഹവാലൻ കുരങ്ങുകൾ എന്നിവയുടെ ആവാസ കേന്ദ്രം കൂടിയാണ് പശ്ചിമഘട്ടം. നീലക്കുറിഞ്ഞിയുടെ സംരക്ഷണാർത്ഥം കേരള സർക്കാർ കുറിഞ്ഞിമല ഒരു പ്രത്യേക സംരക്ഷണ മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ലോകത്തുള്ള ആകെ എൻഡെമിക്കുകളിൽ ഏതാണ്ട് 40 ശതമാനം സസ്യങ്ങളും 62 ശതമാനം ഉഭയജീവികളും 5 ശതമാനം പല്ലി വർഗ്ഗങ്ങളും പശ്ചിമഘട്ടത്തിൽ കണ്ടെത്തിയിട്ടുണ്ട്.

അവലംബം:

DC Books. (2012). ശാസ്ത്രം എത്ര ലളിതം.

State Forest Training Institute. (n.d.). Study Materials for the Beat Forest Officer Trainees.

Bharucha, E. (2021). Textbook of Environmental Studies: For Undergraduate Courses. Universities Press (India) Private Limited.



FRA Handbook inner_New_V6.indd 226 02-09-2024 17:26:25



# യൂണിറ്റ് III: സമൂഹവനവിഭവ മേഖല പരിപാലനത്തിനാവശ്യമായ നൈപുണ്യ പരിശീലനം (ഭാഗം–2 )

## വിഷയം 1: പഠിതാക്കളുടെ വാതിൽപ്പുറ പരിശീലനം

### III.1.A (ഭാഗം–2): പഠന യാത്രകൾ

ക്ലാസ്സുകളിൽ പഠിപ്പിച്ച വിഷയങ്ങൾ നേരിട്ട് കണ്ടു മനസ്സിലാക്കാനാകുന്ന വിധത്തിലാണ് പഠന യാത്രകൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്.

#### (i) വനം വകുപ്പ്

ഇപ്പോൾ നിലവിലുള്ള വന പരിപാലന സംവിധാനങ്ങൾ എന്തൊക്കെയെന്നും, വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കാനുമായാണ് വനം വകുപ്പ് സന്ദർശനം. കൂടാതെ പഠിതാക്കൾക്ക് ഉദ്യോഗസ്ഥരോട് ചർച്ച നടത്താനുമുള്ള ഒരു അവസരവും വനം വകുപ്പ് സന്ദർശനത്തിലൂടെ ലഭിക്കുന്നു.

#### (ii) CFR മേഖലാ സന്ദർശനം

CFR അവകാശം എന്നാൽ എന്താണ് എന്നും, CFR അവകാശം ലഭിച്ച് കഴിഞ്ഞാൽ അവകാശികൾക്ക് എന്തെല്ലാം ഗുണങ്ങൾ ലഭിക്കുമെന്നും ഊരിലെ ജനങ്ങൾക്കതിനുള്ള ചുമതലകളെന്താണെന്നും നേരിട്ട് മനസിലാക്കാനുള്ള അവസരം ഒരുക്കുന്നതിനായാണ് CFR വന മേഖലാ സന്ദർശനം. CFR അവകാശം ലഭിച്ച പ്രദേശവാസികളോട് അവർ അവകാശം ലഭിക്കാനായും, CFR മേഖലാ പരിപാലനം നടത്തുന്നതിനായും



FRA Handbook inner_New_V6.indd 227 02-09-2024 17:26:25

നേരിടുന്ന വെല്ലുവിളികൾ ചർച്ച ചെയ്യാനും ഈ പഠന യാത്ര സഹായകമാണ്. 2023-ലെ കോഴ്സിന്റെ ഭാഗമായി വാഴച്ചാലിലേക്കാണ് ഈ പഠനയാത്ര നടത്തിയത്.

### (iii) വന ഗവേഷണ സ്ഥാപനം (KFRI)

ഇന്നത്തെ തലമുറയിലെ ആദിവാസി യുവാക്കൾക്ക് അവരുടെ കാട്ടുകളിൽ എന്തെല്ലാം തരം ചെടികൾ ആണ് ഉള്ളതെന്നും, അവയുടെ ഉപയോഗങ്ങൾ എന്തൊക്കെയാണെന്നതിനെ കുറിച്ചും ധാരണ കുറവാണ്. ആയതിനാൽ കാല ക്രമേണ അവരുടെ മുൻതലമുറക്കാരുടെ പക്കൽ ഉണ്ടായിരുന്ന അറിവ് നഷ്ടമാകാൻ സാധ്യത കൂടുതലാണ്. ഈ സാഹചര്യം മറികടക്കാനായി ഒരു ഹെർബേറിയം ഉണ്ടാക്കി കൃത്യമായി സൂക്ഷിക്കുന്നത് സഹായകമാകും. KFRI-ൽ വച്ച് ഹെർബേറിയം ഉണ്ടാക്കുന്ന രീതി പഠിപ്പിച്ചു കൊടുക്കുന്നതാണ്. CFR അവകാശം നടപ്പിലാക്കുമ്പോൾ ഈ അറിവ് വളരെ ഉപയോഗപ്രദമാകും.

കൂടാതെ വിവിധ തരം മുളകളെ കുറിച്ചും അവയുടെ വിപണന സാധ്യതകൾ മനസ്സിലാക്കാനും അവിടെയുള്ള, നഴ്സറി, ബാംബൂസെറ്റം എന്നിവ സന്ദർശിക്കും. KFRI-ലെ മണ്ണ് മ്യൂസിയവും ഈ പഠനയാത്രയുടെ ഭാഗമാണ്. മണ്ണിന്റെ പ്രാധാന്യം, വൈവിധ്യം, വന നശീകരണം മൂലം മണ്ണ് എങ്ങനെ നശിക്കുന്നുവെന്നും അത് ആവാസവ്യവസ്ഥയ്ക്ക് എങ്ങനെ ഭീഷണി ആകുന്നുവെന്നും മനസ്സിലാക്കാൻ മ്യൂസിയം സന്ദർശനം ഫലപ്രദമാണ്.

### (iv) വനശാസ്ത്ര കലാലയം, കാർഷിക സർവ്വകലാശാല

ഇപ്പോൾ വന വിഭവങ്ങൾ കുറഞ്ഞു വരുന്നത് കൊണ്ട് തന്നെ പല വന വിഭവങ്ങളും തിരിച്ചറിയാൻ ഊരുകളിൽ ധാരണ കുറവാണ്. വനശാസ്ത്ര കലാലയത്തിലെ വിപുലമായ ലഘു വന വിഭവ മ്യൂസിയം സന്ദർശനം വഴി ലഘു വന വിഭവങ്ങൾ എന്തെല്ലാം ഉണ്ടെന്നതിനെ കുറിച്ചും, ഇവ എങ്ങനെ സൂക്ഷിച്ചു വയ്ക്കാം എന്നതും മനസ്സിലാക്കുന്നത് വഴി CFR അവകാശം ലഭിക്കുമ്പോൾ തങ്ങളുടെ ഊരുകളിലും



FRA Handbook inner_New_V6.indd 228 02-09-2024 17:26:25

അവിടെ കാണപ്പെടുന്നതും, കുറഞ്ഞു വരുന്നതുമായ വന വിഭവങ്ങൾ ശേഖരിച്ച് സംരക്ഷിക്കാൻ ഈ അറിവ് സഹായകമാകും. അങ്ങനെ ചെയ്യുന്നത് കൊണ്ട് ഊരിലെ എല്ലാവർക്കും തങ്ങളുടെ CFR മേഖലയിൽ എന്തെല്ലാം വന വിഭവങ്ങൾ ഉണ്ടെന്നും അവയുടെ നിലവിലുള്ള അവസ്ഥ എന്തെന്നും, അവയുടെ ഉപകാരങ്ങളെ കുറിച്ചും മനസ്സിലാക്കാം. വനശാസ്ത്ര കലാലയത്തിന്റെ തന്നെ കീഴിലുള്ള വന നഴ്സറിയും, ചന്ദനത്തിരി നിർമ്മാണ യൂണിറ്റും പഠന യാത്രയുടെ ഭാഗമാണ്. ഇത് കൂടാതെ വനശാസ്ത്രം എന്ന മേഖലയെ കുറിച്ചും അതിന്റെ സാധ്യതകളെ കുറിച്ചും അധ്യാപകരോട് ചോദിച്ച് മനസ്സിലാക്കാനുള്ള അവസരവും ഈ പഠന യാത്ര നൽകുന്നു. വനശാസത്ര പഠനത്തിലേർപ്പെട്ടിരിക്കുന്നവരിൽ വനവാസി സമൂഹങ്ങളിൽ നിന്നുള്ള പ്രാതിനിധ്യം വളരെ കുറവാണ്.

### (v) പഞ്ചായത്ത് കാര്യാലയ സന്ദർശനം

വനാവകാശ നിയമം നടപ്പാക്കുന്നതിൽ പഞ്ചായത്തുകൾക്ക് വളരെ പ്രധാനപ്പെട്ട ഒരു ചുമതലയുണ്ട്. പഞ്ചായത്ത് കാര്യാലയ സന്ദർശനം വഴി ഈ ചുമതലകൾ പഞ്ചായത്തുകൾ നിർവഹിക്കുന്നുണ്ടോ എന്ന് അധികാരികളോട് നേരിട്ട് സംസാരിച്ച് പഠിതാക്കൾക്ക് മനസ്സിലാക്കാവുന്നതാണ്. കൂടാതെ ആദിവാസി സമൂഹത്തിന് സഹായമാകുന്ന പല തരം പദ്ധതികൾ പഞ്ചായത്തുകൾ വഴി നടപ്പിലാക്കപ്പെടുന്നുണ്ട്. അവ ഏതൊക്കെയാണെന്നും, അവയെ എങ്ങനെ ഉപയോഗപ്പെടുത്താം എന്ന് മനസ്സിലാക്കാനും ഈ സന്ദർശനം സഹായകമാകും.

### (vi) പട്ടികവർഗ്ഗ കാര്യാലയ സന്ദർശനം

വനാവകാശം കാര്യക്ഷമമായി നടപ്പാക്കുന്നതിനായുള്ള നോഡൽ ഏജൻസിയാണ് പട്ടികവർഗ്ഗ വികസന വകുപ്പ്. വനാവകാശ നിയമം നടപ്പാക്കുന്ന അധികാരികളോട് നേരിട്ട് സംസാരിച്ച് കാര്യങ്ങൾ മനസ്സിലാക്കാൻ അവസരമൊരുക്കുന്ന രീതിയിലാണ് ഈ സന്ദർശനം രൂപകല്പന ചെയ്തിട്ടുള്ളത്.

### III.1.B (ഭാഗം-2) ജൈവവൈവിധ്യം, സൂക്ഷ്മനിരീക്ഷണം, പരിപാലനം: ആശയവും പ്രായോഗിക വിധികളും

ജൈവവൈവിധ്യം പഠിതാക്കളെ നേരിട്ട് പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യമാണ് ഈ ഭാഗത്തിന്. ജൈവവൈവിധ്യമുള്ള വന മേഖല തെരഞ്ഞെടുത്ത് വിഷയത്തിൽ ഗ്രാഹ്യമുള്ള ശാസ്ത്രജ്ഞരുടെ കൂടെ "transect walk" നടത്തുന്നതാണ്. പ്രദേശത്തെ ജൈവവൈവിധ്യം മനസ്സിലാക്കാനും, അവ നേരിടുന്ന ഭീഷണികൾ മനസ്സിലാക്കാനും, ഇത്തരം ഭീഷണികൾ തനതായ അറിവുകൾ ഉപയോഗിച്ച് എങ്ങനെ തരണം ചെയ്യാമെന്നമെല്ലാം ചർച്ചകൾ നടത്താനും ഈ സന്ദർശനങ്ങൾ കൊണ്ട് സാധ്യമാണ്. പഠിതാക്കൾക്ക് തങ്ങളുടെ CFR മേഖലയിൽ എങ്ങനെ ഇത്തരം "transect walk" സംഘടിപ്പിക്കാം എന്നും ഈ പ്രവർത്തിയിലൂടെ മനസ്സിലാക്കാവുന്നതാണ്.

### III.1.C (ഭാഗം-2) GIS ഉപയോഗം

നൈപുണ്യ പരിശീലനത്തിന്റെ ഭാഗമായി GIS എന്താണെന്നും, വനാവകാശം നേടിയെടുക്കാനായി GIS എങ്ങനെ ഉപയോഗിക്കാമെന്നും പ്രായോഗികമായി പഠിതാക്കളെ പരിചയപ്പെടുത്താനായാണ് ഈ പ്രവർത്തി. പഠിതാക്കൾ ചെറു സംഘങ്ങളായി തിരിഞ്ഞ് തെരഞ്ഞെടുത്ത വന മേഖലയുടെ അതിരുകൾ GIS ഉപയോഗിച്ച് രേഖപ്പെടുത്തേണ്ടതാണ്. ശേഷം GIS മുഖേന ലഭിച്ച വിവരങ്ങൾ വച്ച്, ഗൂഗിൾ എർത്ത് എന്ന കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഭൂപടങ്ങൾ എങ്ങനെ തയ്യാറാക്കാമെന്നതും ഈ പ്രായോഗിക പരിശീലനം വഴി പഠിതാക്കൾ സ്വായത്തമാക്കും.

### III.1.D (ഭാഗം-2) വ്യക്തിഗത ഫീൽഡ് പ്രോജക്റ്റ്

കോഴ്സിന്റെ ഭാഗമായി പഠിച്ച ആശയങ്ങൾ പ്രായോഗികമായി മനസ്സിലാക്കാനും പ്രയോജനപ്പെടുത്താനുമായി അവസരം നൽകുന്നതിനാണ് വ്യക്തിഗത ഫീൽഡ് പ്രോജക്റ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. CFR ഫലപ്രദമായി നടപ്പിലാക്കുന്നതിലെ വെല്ലുവിളികൾ തിരിച്ചറിയുന്നതിനും, വെല്ലുവിളികളെ അതിജീവിക്കുന്നതിന് അനുയോജ്യമായ ഇടപെടലുകൾ



FRA Handbook inner_New_V6.indd 230 02-09-2024 17:26:25

ആവിഷ്കരിക്കുന്നതിനും വിദ്യാർത്ഥികളെ സജ്ജരാക്കുക എന്നതാണ് പഠന ലക്ഷ്യം.

മൂന്നാഴ്ചത്തെ ഫീൽഡ് പ്രോജക്റ്റ് രണ്ട് ഘട്ടങ്ങളായാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഫീൽഡ് വർക്കിന്റെ ആദ്യ ഭാഗം ഒരാഴ്ചയായിരിക്കും. ഓരോ വിദ്യാർത്ഥിയും തിരഞ്ഞെടുത്ത പ്രദേശത്ത് വനാവകാശം നടപ്പിലാക്കുന്നതിലുള്ള വെല്ലുവിളികൾ തിരിച്ചറിയുകയാണ് ഈ ഘട്ടത്തിൽ ചെയ്യേണ്ടത്. ശേഷം, ഈ ഘട്ടത്തിലെ പുരോഗതി വിലയിരുത്തിക്കഴിഞ്ഞ്, കണ്ടെത്തിയ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന് ഉചിതമായ ഇടപെടൽ രൂപകൽപ്പന ചെയ്ത് അത് നടപ്പാക്കുന്നത് ആരംഭിക്കുകയും ആണ് അടുത്ത ഘട്ടം. രണ്ടാം ഘട്ട ഫീൽഡ് വർക്ക് രണ്ടു ആഴ്ചയാണ് നീണ്ടു നിൽക്കുന്നത്. ഫീൽഡ് വർക്കിന് മുമ്പും ശേഷവും ആവശ്യമായ സഹായങ്ങൾ അധ്യാപകർ ക്ലാസ്സുകളിൽ നൽകുന്നതാണ്.



FRA Handbook inner_New_V6.indd 231 02-09-2024 17:26:25

# CFR course: Photos



**വനാവകാശ നിയമപ്രകാരമുള്ള സാമൂഹിക അവകാശങ്ങൾ – ഗോത്ര വിഭാഗങ്ങളിലെ യുവജനങ്ങൾക്കായുള്ള പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർ**



**ഗോത്ര വർഗ്ഗ കാര്യ മന്ത്രി അർജ്ജുൻ മുണ്ഡയുമായി നടത്തിയ കൂടിക്കാഴ്ചയിൽ നിന്ന്**



FRA Handbook inner_New_V6.indd 232 02-09-2024 17:26:26



**വനാവകാശ നിയമപ്രകാരമുള്ള സാമൂഹിക അവകാശങ്ങൾ**
**– ഗോത്ര വിഭാഗങ്ങളിലെ യുവജനങ്ങൾക്കായുള്ള**
**പരിശീലനത്തിലെ വിവിധ ക്ലാസ്സുകളിൽ നിന്നുള്ള ഫോട്ടോകൾ**




FRA Handbook inner_New_V6.indd 233 02-09-2024 17:26:30



വനം വകുപ്പ് സന്ദർശനം



CFR മേഖല സന്ദർശനം





വന ഗവേഷണ സ്ഥാപനം സന്ദർശനം



വ്യക്തിഗത ഫീൽഡ് പ്രോജക്റ്റ് അവതരണം



വ്യക്തിഗത ഫീൽഡ് പ്രോജക്റ്റ് അവതരണം



വന ശാസ്ത്ര കലാലയം, കാർഷിക സർവ്വകലാശാല സന്ദർശനം